എ.കെ. ചാത്തുക്കുട്ടി നമ്പ്യാർ
(അപ്പനു)
1910-1974

DJ FLAP (BACK)

Hunting Memoirs / Environmental History / Kerala

"അപ്പനു ഒന്നാംതരം ഒരു ശിക്കാറിയാണ്
പ്രകൃതി നിരീക്ഷകനാണ്; എഴുത്തുകാരനാണ്
പട്ടാളക്കാരനാണ്; കൃഷിക്കാരനാണ്
സംഭാഷണചതുരനാണ്; സാഹിത്യരസികനാണ്
ജ്യോതിഷം, ആയുർവ്വേദം,
വിഷവൈദ്യം എന്നിവയും
ആവശ്യത്തിലധികം സ്വാധീനമായിട്ടുണ്ട്.
എല്ലാം തമപ്രത്യയം ചേർത്തുതന്നെ പറയണം.
കൂട്ടുകാരോടുകൂടി അല്പം 'രസികത്തം'
വേണമെങ്കിൽ അതിനും മുമ്പൻതന്നെ."

സി.എച്ച്. കുഞ്ഞപ്പ 'സ്മരണകൾ മാത്രം'

Malabar
Open Archives
കൊട്ടുക്കങ്ങോറുമേറിട്ടം

malabaropenarchives@gmail.com

DJ COVER (BACK)

നായാട്ട് അനുഭവകഥകൾ | എ.കെ. ചാത്തുക്കുട്ടി നമ്പ്യാർ

MOA

SPINE

SEPIA IMPRINTS

Malabar
Open Archives
കൊട്ടുക്കങ്ങോറുമേറിട്ടം

നായാട്ട് അനുഭവകഥകൾ

എ.കെ. ചാത്തുക്കുട്ടി നമ്പ്യാർ

DJ COVER (FRONT)

MOA

DJ FLAP (FRONT)

SEPIA IMPRINTS

General Editor KT Rammohan

നായാട്ട്

അനുഭവകഥകൾ

എ.കെ. ചാത്തുക്കുട്ടി നമ്പ്യാർ

Malabar
Open Archives
കൊട്ടുക്കുന്തോറുമേറിടും

Licensors:
Meena Ravindranath (Stories)
KT Rammohan (Foreword)
T Prasadan (Illustrations)

This book is available for download in free academia sites

Sepia Imprints seeks to bring out manuscripts, documents, private papers, monographs, transcripts of oral narratives, drawings, paintings, photographs, maps and other historical material that are not generally available in official archives. Each text is prefaced by an introductory note that elucidates its context and significance. No restrictions are placed on uploading, printing or sharing the material in the present format. Partial reproductions except for the use of brief quotations or reproductions with additional material or involving change in format mandate prior permission from the licensors.

Nambiar, AK Chathukutty (1910-1974)
Nayattu Anubhava Kathakal
(Hunting: Real-life Stories)

Hunting Memoirs/Environmental History/Kerala

First published 2022

Cover Design & Illustrations: T Prasadan
Book Design: V Vinayakumar
Typeset: Anand Balan
Printer: SB Press, Thiruvananthapuram 695 001, Kerala, India

Publisher

MOA

Malabar Open Archives
'Sreepuram', Edayannur (Post), Kannur 670 595, Kerala, India

Email: malabaropenarchives@gmail.com

കൊടുക്കുന്തോറുമേറിടും

കേരളചരിത്രരചനകളുടെയും രചനാസാമഗ്രികളുടെയും തുറന്ന ശേഖരമാണ് മലബാർ ഓപ്പൺ ആർക്കൈവ്സ്. ആർക്കൈവ്സിന്റെ സീപിയ ഇംപ്രിന്റ്സ് പരമ്പരയിലെ ആദ്യപുസ്തകമാണിത്. ഔദ്യോഗിക രേഖാലയങ്ങളിൽ ലഭ്യമല്ലാത്ത അല്ലെങ്കിൽ വിലക്കുകളോടെ മാത്രം ലഭ്യമാകുന്ന കൈയെഴുത്തുപ്രതികൾ, പ്രമാണങ്ങൾ, സ്വകാര്യരേഖകൾ, വാമൊഴികളുടെ ലിഖിതരൂപങ്ങൾ, ലഘുലേഖകൾ, ചിത്രങ്ങൾ, ഭൂപടങ്ങൾ തുടങ്ങിയവയാണ് സീപിയ ഇംപ്രിന്റ്സ് പുറത്തുകൊണ്ടുവരിക; അവ ഓരോന്നിന്റെയും സന്ദർഭവും പ്രാധാന്യവും വ്യക്തമാക്കുന്ന ആമുഖപഠനത്തോടെ. ഈ പുസ്തകങ്ങൾ യഥേഷ്ടം പകർപ്പെടുക്കുകയും പങ്കുവയ്ക്കുകയും ചെയ്യാം. ഭാഗികമായോ കൂട്ടിച്ചേർക്കലുകളോടെയോ രൂപമാറ്റത്തോടെയോ പുനഃപ്രസിദ്ധീകരിക്കുന്നുവെങ്കിൽ ലൈസൻസറുടെ അനുമതി വേണമെന്നുമാത്രം.

മലബാർ ഓപ്പൺ ആർക്കൈവ്സ്

കടപ്പാട്

കൈയെഴുത്തുപ്രതി
പ്രിയദർശിനി അരുൺകുമാർ
കെ.ടി. വിപിനചന്ദ്രൻ, കെ.ടി. ജയപ്രകാശ്

രേഖാചിത്രങ്ങൾ
പ്രസാദൻ ടി.

അവതാരികയിലെ ചിത്രങ്ങൾ
പി.കെ. ഗിരീഷ് മോഹൻ, കെ.ടി. കൃഷ്ണപ്രസാദ്
മഹേഷ് മംഗലാട്ട്

വാമൊഴി ചരിത്രം
കെ.ടി. ഹരിശ്ചന്ദ്രൻ നമ്പ്യാർ, കെ.ടി. സുധാകരൻ
കെ.ടി. കുഞ്ഞികൃഷ്ണൻ, സി. ശശികുമാർ
കെ.ടി. ഗോപാലകൃഷ്ണൻ, കെ.ടി. ശരത്ത്

സഹായക സംഭാഷണങ്ങൾ
വി. വിനയകുമാർ, ഉണ്ണി ആർ.
കെ.ജി.എസ്

ഉള്ളടക്കം

അവതാരിക

കാട്, കഥ, കല്യാട്

കെ.ടി. റാംമോഹൻ 11

കഥകൾ

1. മാമൂ മാഹിഷം 41
2. വാരാഹേ്യാദന്തമാഖ്യാസെ ശ്രീ.മാ.ഭൂ.പ. പ്രചോദിതം 59
3. സംശയാത്മാവിനശ്യതി 77
4. ആനക്കാര്യം 91
5. വൃകവധം 109
6. എന്റെ കൈ 125
7. പന്നിയുടെ പക 139
8. അവളുടെ നോട്ടം 147
9. മല്ലയുദ്ധം 169
10. ആനവരാഹം 187
11. നന്തനാരുടെ പതനം 199
12. പാണ്ഡോദന്തം (1) 213
13. പാണ്ഡോദന്തം (2) 229

അവതാരിക

കാട്, കഥ, കല്യാട്

കെ.ടി. റാംമോഹൻ



"അപ്പനു ഒന്നാംതരം ഒരു ശിക്കാറിയാണ്; പ്രകൃതിനിരീക്ഷക നാണ്; എഴുത്തുകാരനാണ്; പട്ടാളക്കാരനാണ്; കൃഷിക്കാരനാണ്; സംഭാഷണചതുരനാണ്; സാഹിത്യരസികനാണ്; ജ്യോതിഷം, ആയുർവ്വേദം, വിഷവൈദ്യം എന്നിവയും ആവശ്യത്തിലധികം സ്വാധീ നമായിട്ടുണ്ട്. എല്ലാം തമപ്രത്യയം ചേർത്തുതന്നെ പറയണം. കൂട്ടു കാരോടുകൂടി അല്പം 'രസികത്തം' വേണമെങ്കിൽ അതിനും മുമ്പൻ തന്നെ."

എ.കെ. ചാത്തുക്കുട്ടി നമ്പ്യാർ എന്ന അപ്പനുവിനെക്കുറിച്ച് അദ്ദേ ഹത്തിന്റെ ഉറ്റമിത്രവും പത്രപ്രവർത്തകനുമായിരുന്ന സി.എച്ച്. കുഞ്ഞപ്പ 'സ്മരണകൾ മാത്രം' എന്ന സ്വജീവിതകഥയിൽ സൂചിപ്പി ക്കുന്ന ഈ കാര്യങ്ങളിൽ പലതിന്റെയും തെളിവ് ഇവിടെ സമാഹരി ച്ചിട്ടുള്ള നായാട്ടനുഭവങ്ങളിൽ കാണാം.

1940 കളുടെ പകുതി തൊട്ട് 1960 കളുടെ അവസാനം വരെയാണ് ഈ കഥകളുടെ രചനാകാലം. അവയിൽ ഒന്നൊഴികെയുള്ളവ എഴു തിയ കാലത്തുതന്നെ ആനുകാലികങ്ങളിൽ, പ്രത്യേകിച്ച് മാതൃഭൂമി വാരാന്തപ്പതിപ്പിൽ എ.കെ. എന്ന തൂലികാനാമത്തിൽ, പത്രാധിപരുടെ വെട്ടിച്ചുരുക്കലോടെ പ്രസിദ്ധീകരിച്ചിരുന്നു. അവ പൂർണരൂപത്തിലും, പ്രസിദ്ധീകരിക്കാത്ത ഒരു കഥയും ചേർന്നതാണ് ഈ സമാഹാരം. കൈയെഴുത്തുപ്രതിയാണ് ഇതിന് ആധാരം. വേറെയും കഥകൾ അദ്ദേഹം എഴുതിയിട്ടുണ്ടാവുമെന്നതിന്റെ സൂചന അവസാനം ചേർത്തിട്ടുള്ള കഥയുടെ രണ്ടാം ഭാഗത്തിൽ കാണാം: "സലാം ശ്രീമൻ. നമസ്കാരം ശ്രീമതി. മൂന്നാം ഭാഗം പ്രതീക്ഷിക്കുക." എന്നാൽ മറ്റു ഭാഗങ്ങളോ കഥകളോ കണ്ടെടുക്കാനായിട്ടില്ല.

നായാട്ടുകഥ:

പന്നിയുടെ പക

എ. കെ.

ചിത്രം 1. മാതൃഭൂമി വാരാന്തപ്പതിപ്പിൽ നിന്ന്

അപ്പനുവിന്റെ കഥകൾ പുസ്തകരൂപത്തിലാകുന്നത് ഇതാദ്യമായാണെങ്കിലും അതിനുള്ള ശ്രമത്തിന് അരനൂറ്റാണ്ടിലേറെ പഴക്കമുണ്ട്. കഥാകാരൻ തന്നെയാണ് അതിന് തുടക്കമിട്ടത്. പത്രാധിപന്മാരുടെ തിരുത്തലിലും ചിട്ടപ്പെടുത്തലിലുമുള്ള അതൃപ്തിയാണ് ഈ ദിശയിൽ ചിന്തിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. സമാഹാരത്തിലെ അവസാനത്തെ കഥ പത്രാധിപർ തിരിച്ചയച്ചതാണ്. അതിന് കഥാകാരൻ ചേർത്ത പിൻകുറിപ്പിൽ "പന്ത്രണ്ട് കഥകൾക്ക് പച്ചക്കൊടി വീശിയ മഹാത്മാവിന് ഇക്കഥയോട് ഇത്ര വൈരാഗ്യം തോന്നാനുള്ള കാരണ"മെന്തെന്ന് അത്ഭുതം കൂറുന്നു, മേലിൽ കഥകൾ പ്രസിദ്ധീകരണത്തിന് അയക്കേണ്ടതില്ലെന്നു തീരുമാനിക്കുന്നു. "ഇക്കഥയോടു കൂടി അക്കഥ അവസാനിക്കുന്നു. ഇനിയുള്ളത് എനിക്ക് തോന്നുന്ന പോലെ എനിക്കു വേണ്ടി ഇപ്പുസ്തകത്തിനു വേണ്ടി എഴുതിയതാണ്. തൊപ്പിക്ക് പാകമാവാൻ വേണ്ടി തല ചെത്തി മിനുസപ്പെടുത്തേണ്ട ഗതികേട് ഇനിയില്ലെന്ന മെച്ചമുണ്ടല്ലൊ."



ചിത്രം 2. അപ്പനുവിന്റെ കൈപ്പട – പതിമൂന്നാമത്തെ കഥയുടെ പിൻകുറിപ്പ്

അപ്പനുവിന്റെ കഥകൾ വായിക്കാൻ അവസരമുണ്ടായവർ അവ പുസ്തകരൂപത്തിൽ വന്നാൽ നായാട്ടുസാഹിത്യത്തിന് മുതൽക്കൂട്ടാകുമെന്ന് അക്കാലത്തുതന്നെ അഭിപ്രായപ്പെട്ടിരുന്നു. അദ്ദേഹത്തിനൊപ്പം രണ്ട് നായാട്ടുകളിൽ ചേർന്ന എസ്.കെ. പൊറ്റെക്കാട് അപ്പനുവിന്റെ മരണശേഷം അതിന് ഉത്സാഹിക്കുകയുമുണ്ടായി. എന്നാൽ കയ്യെഴുത്തുപ്രതി കണ്ടെത്താനാകാത്തതിനാൽ അന്നത് ഫലവത്തായില്ല.


S. K. POTTEKKATT

Phone : 74900
"Chandrakantham"
Calicut-673 004

കോഴിക്കോട്
11-7-78

പ്രിയപ്പെട്ട ശ്രീ വിപിനചന്ദ്രൻ,
9-ാം൹യിലെ കത്ത് കിട്ടി; വളരെ നന്ദി.
കത്തു കിട്ടിയപ്പോൾ ഇരുപതോളം
[illegible], അപ്പുനമ്പ്യാരുമായി ഒരു കണ്ടുമുട്ടലും
[illegible] എന്റെ ഓർമ്മയിൽ ഉണർന്നു. എന്റെ
"വിഷകന്യക"യുടെ ഉറവിടമായിരുന്നു
ആ കണ്ടുമുട്ടൽ.
അപ്പുനമ്പ്യാരുടെ കൂടെ ഞാൻ
രണ്ടു തവണ നായാട്ടിനു പോയിട്ടുണ്ടായിരുന്നു.
എന്നാൽ, അദ്ദേഹം കുറെ നായാട്ടുകഥകൾ
എഴുതിയിട്ടുണ്ടെന്ന് അടുത്ത കാലത്താണ്
അറിയാനിടയായത്. കുറച്ചു ദിവസം മുമ്പ്
കോഴിക്കോട് പോലീസ് സൂപ്രണ്ടാഫീ
സിനു സമീപം താമസമാക്കിയ ശ്രീ.
സി. എച്ച്. കുഞ്ഞപ്പയെ കണ്ടപ്പോൾ
അദ്ദേഹവും ഇക്കാര്യം പറയുകയുണ്ടായി.
ആ കഥകളുടെ കട്ടിംഗ്സ്
ശേഖരിച്ചു അയച്ചുതന്നാൽ, ഞാൻ
ആ ഗ്രന്ഥം സാഹിത്യ പ്രവർത്തക സഹ
കരണ സംഘത്തിലൂടെ പ്രസിദ്ധപ്പെ
ടുത്താൻ വേണ്ടതു ചെയ്യാം.
ശ്രീ അപ്പുനമ്പ്യാരുടെ സ്മരണയ്ക്കു
പ്രണാമമർപ്പിച്ചുകൊണ്ട്,
സ്നേഹപൂർവ്വം,
നിങ്ങളുടെ,
S. K. Pottekkatt

ശ്രീ. കെ. ടി. വിപിനചന്ദ്രൻ,
നമ്പ്യാലകൻ,
[illegible] ഹൈസ്കൂൾ.

ചിത്രം 3. അപ്പനുവിന്റെ മകന് പൊറ്റെക്കാടിന്റെ കത്ത്

നായാട്ടുകഥകളുടെ പശ്ചാത്തലം കല്യാടും ചുറ്റുവട്ടവുമാണ്. വടക്കെ മലബാറിലെ ചിറയ്ക്കൽ താലൂക്കിന്റെ തെക്ക്-കിഴക്ക്, കോട്ടയം താലൂക്കിന്റെ വടക്ക്-കിഴക്ക് മൂലകൾ ചേരുന്നിടമാണത്. കിഴക്ക് പശ്ചിമഘട്ടത്തിന്റെ കീഴ്ക്കുന്നുകളും, പടിഞ്ഞാറും വടക്കും ശ്രീകണ്ഠപുരം പുഴയും, തെക്ക് ആയിപ്പുഴയും അതിരിടുന്ന ചെങ്കൽ പീഠഭൂമി. ഇവിടത്തെ ആവാസചരിത്രം മഹാശിലായുഗത്തിലേക്ക് നീളുന്നു.

ചിത്രം 4. കല്യാടെ ചെങ്കല്ലറ

കല്യാട് നിന്ന് അധികം അകലെയല്ലാതെ രണ്ട് പുഴയോര അങ്ങാടികളുണ്ട്. മൂന്ന് നാഴിക തെക്ക്-പടിഞ്ഞാറ് ഇരിക്കൂറും ആറു നാഴിക വടക്ക്-പടിഞ്ഞാറ് ശ്രീകണ്ഠപുരവും. രണ്ടും അറബിവ്യാപാരകാല പ്പഴക്കമുള്ള മലഞ്ചരക്ക് കേന്ദ്രങ്ങളാണ്. കല്യാടിലെയും അയൽദേശങ്ങളിലെയും കുരുമുളകും കുടകിൽനിന്നുള്ള വനവിഭവങ്ങളുമായിരുന്നു പ്രധാന വ്യാപാരം. കിഴക്കൻ മലകളിൽ നിന്ന് കാളവണ്ടിപ്പാ

തകളും ഒറ്റയാൾവഴികളും ഈ അങ്ങാടികളിലേക്കു നീണ്ടു. അവിടെനിന്ന് ചരക്കുതോണികളും ചങ്ങാടം കെട്ടിയ മരത്തടികളും വളപട്ടണം നദീമുഖത്തെത്തി. ഇരിക്കൂറിൽ ആയിപ്പുഴ കുറുകെ കടന്നാൽ കണ്ണൂർ, തലശ്ശേരി എന്നീ തുറമുഖ പട്ടണങ്ങളിലേക്കുള്ള പൊതിക്കാളവഴിയും തുടർന്ന് കാളവണ്ടിപ്പാതയുമായി. കുടകിൽ നിന്ന് നെല്ലും മറ്റു ധാന്യങ്ങളും ഈ പട്ടണങ്ങളിലേക്കും തിരിച്ച് ഉപ്പും ഉണക്കമീനും കുടകിലേക്കും ഇതുവഴി കടന്നുപോയി.

ഇരിക്കൂർ, ശ്രീകണ്ഠപുരം അങ്ങാടികളുടെ ചുക്കാൻ പിടിച്ചത് സമ്പന്നരായ മാപ്പിള വ്യാപാരികളായിരുന്നു. അവർ ചരക്ക് കൈമാറിയത് തീരദേശപട്ടണങ്ങളിലെ കേയിമാപ്പിളമാർക്കായിരുന്നു. സ്വന്തമായി പത്തേമാരികളുണ്ടായിരുന്ന കേയിമാരുടെ കമ്പോളം മദ്ധ്യേഷ്യ മുഴുവൻ വ്യാപിച്ചിരുന്നു. കോലത്തിരി അടക്കമുള്ള നാടുവാഴികൾക്ക് കടം കൊടുക്കാൻ പോലും കെൽപ്പുണ്ടായിരുന്നു കേയിമാർക്ക്. പിന്നീട് ഇംഗ്ലീഷ് കമ്പനിക്കായി ചരക്ക് എത്തിക്കുന്നതിലും അവർ പങ്ക് വഹിച്ചു.

കേവലം വ്യാപാരകേന്ദ്രം മാത്രമായിരുന്നില്ല ഇരിക്കൂർ. വടക്കെ മലബാറിന്റെ സൈനിക, കലാപചരിത്രങ്ങളിലും ഈ പ്രദേശത്തിന്റെ അടയാളമുണ്ട്. മൈസൂർ ഭരണാധികാരികളെ പ്രതിരോധിക്കാനായി കണ്ണൂരിൽ നിന്നുള്ള ഇംഗ്ലീഷ് പട്ടാളം 1791 ൽ ചുരത്തിലേക്ക് നീങ്ങിയത് ഇതുവഴിയായിരുന്നു. പഴശ്ശിസമരത്തിന്റെ ശക്തികേന്ദ്രങ്ങളിലൊന്നായിരുന്നു ഈ പ്രദേശം. സമരനേതൃത്വം നമ്പ്യാർജന്മികൾക്കായിരുന്നുവെങ്കിലും മാപ്പിളവ്യാപാരികൾ കുരുമുളകിനു പകരം വെടിമരുന്നും ധാന്യവും നൽകി അവരെ സഹായിച്ചു. കലാപകാരികൾക്ക് താക്കീതായി 1801 ൽ അവരിൽ രണ്ടുപേരെ ഇംഗ്ലീഷ് ഭരണാധികാരികൾ ഇരിക്കൂറിൽ പരസ്യമായി തൂക്കിലേറ്റി. സമരത്തെ നേരിടാനായി 1200 കോൽക്കാരടങ്ങുന്ന നാട്ടുസൈന്യമുണ്ടാക്കി, 100 പേരെ ഇരിക്കൂറിൽ മാത്രം നിയോഗിച്ചു. 1850 കളുടെ തുടക്കത്തിൽ കാർഷിക സമരം വടക്കോട്ടു വ്യാപിച്ചപ്പോൾ ഇരിക്കൂറിലെ വ്യാപാരികൾ

അതിനെ പിന്തുണച്ചു. കോട്ടയം താലൂക്കിൽ നിന്നെത്തിയ ചെറുകൂട്ടം മാപ്പിള കുടിയാന്മാരായിരുന്നു കലാപകാരികൾ. 1940 കളിൽ തദ്ദേശീയ കുടിയാന്മാർ കർഷകസംഘത്തിന്റെ നേതൃത്വത്തിൽ അണിനിരന്നു, ഇരിക്കൂറിന് ചുവന്ന ഫർക്ക എന്ന പേര് വന്നു.

കല്യാടിലെയും സമീപപ്രദേശങ്ങളിലെയും കൃഷി-വനഭൂമിയുടെ വലിയൊരു ഭാഗം കല്യാട് താഴത്തുവീട് എന്ന നമ്പ്യാർ കുടുംബത്തിന്റെ ജന്മാധികാരത്തിൻ കീഴിലായിരുന്നു. ഇരിക്കൂർ അങ്ങാടി നിലകൊള്ളുന്ന സ്ഥലത്തിന്റെ ഏറിയ പങ്കും താഴത്തുവീടിന് ഊരാൺമയുള്ള മാമാനിക്കുന്ന് അമ്പലത്തിന്റേതും. താഴത്തുവീടിനായിരുന്നു പാരമ്പര്യമായി അംശാധികാരവും. കുന്നുകളും പുഴകളും വേലികെട്ടിയ നാടായതിനാൽ കൂടിയാവണം ഈ കുടുംബത്തിന് കോലത്തിരി, കോട്ടയം രാജാക്കന്മാരിൽനിന്ന് ആപേക്ഷിക സ്വാതന്ത്ര്യമുണ്ടായിരുന്നു. സമരകാലത്ത് താഴത്തുവീട്ടുകാർ പഴശ്ശിക്കൊപ്പം നിന്ന് ഇംഗ്ലീഷുകാരെ എതിർത്തു. കുടിയാന്മാരിൽനിന്ന് വ്യാപകമായി 'നികുതി' പിരിച്ച് പഴശ്ശിക്ക് കൊടുക്കുകയും പ്രാദേശികസമരത്തിന് നേതൃത്വം നൽകുകയും ചെയ്തു. 1804 ൽ സബ്കലക്ടർ ബാബർ കല്യാടെത്തി, പട്ടാളമേധാവികളായ ഗ്രേയും മോൺട്രിസോറും രണ്ടു ദിശകളിൽ നിന്നായി പ്രദേശം വളഞ്ഞു. ഏറ്റുമുട്ടലിനൊടുവിൽ കലാപകാരികളെ നിരായുധരാക്കാനും താഴത്തുവീട് കാരണവരെ കോട്ടയത്തേക്ക് തുരത്താനും ഇംഗ്ലീഷുകാർക്ക് കഴിഞ്ഞു.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ പകുതിയോടെ അധികാരസമവാക്യങ്ങൾ മാറി, കർഷകകലാപകാരികൾക്കെതിരെ കമ്പനിയും കല്യാട് കുടുംബവും കൈകോർത്തു. 1852 ജനുവരി 8ന് താഴത്തുവീട് ആക്രമിച്ച പ്രക്ഷോഭകാരികളെല്ലാം കൊല്ലപ്പെട്ടു. പ്രതിരോധം തീർത്ത കുടുംബാംഗങ്ങളെ കമ്പനി വീരവള നൽകി ആദരിച്ചു.

ചിത്രം 5. കല്യാട് താഴത്തുവീട്

അപ്പനുവിന്റെ ജനനം 1910 ൽ. കല്യാട് താഴത്തുവീട്ടിൽ ചാത്തുക്കുട്ടി നമ്പ്യാരുടെയും ആയില്യത്ത് കുറ്റേരി ശ്രീദേവി അമ്മയുടെയും മകൻ. പ്രാഥമിക വിദ്യാഭ്യാസം മക്രേരിയിലും പെരളശ്ശേരിയിലും. തുടർന്ന് അന്ന് മിഷൻ സ്കൂൾ എന്ന നാട്ടുപേരിൽ അറിയപ്പെട്ടിരുന്ന തലശ്ശേരി ബി.ഇ.എം.പി. ഹൈസ്കൂളിൽ. മംഗലാപുരം സെയിന്റ് അലോഷ്യസ് കോളേജിൽ ഇന്റർമീഡിയറ്റിന് ചേർന്നെങ്കിലും പഠനം പൂർത്തിയാക്കാതെ കല്യാടേക്ക് മടങ്ങി.

അച്ഛന്റെ പെങ്ങൾ കല്യാട് താഴത്തുവീട്ടിൽ നാരായണി അമ്മയുടെയും കൂടാളി താഴത്തുവീട്ടിൽ കുഞ്ഞികൃഷ്ണൻ നമ്പ്യാരുടെയും മകൾ കാർത്യായനിയെ അപ്പനു ഇഷ്ടപ്പെട്ടു, വിവാഹം കഴിച്ചു. കാർത്യായനിയുടെ താവഴിവീടായ കമ്മാരത്ത് അടക്കം പലയിടങ്ങളിൽ അപ്പനു താമസിച്ചു. കൃഷിയും നായാട്ടുമായി തന്തോടും പടിയൂരും, പലതരം വ്യാപാരവും വ്യവഹാരവുമായി തലശ്ശേരിയിലും.

ഇടയ്ക്ക് കുറച്ചുകാലം ടെറിട്ടോറിയൽ ആർമിയിൽ സേവനമനുഷ്ഠിച്ചു. ഇന്ന് ഹയർ സെക്കണ്ടറി സ്കൂളായ ഇരിട്ടിയിലെ വിദ്യാലയം സ്ഥാപിക്കാൻ മുൻകൈയെടുത്തു, അതിന്റെ നിർവ്വഹണസമിതിയുടെ അദ്ധ്യക്ഷനായി. പ്രജാസോഷ്യലിസ്റ്റ് പാർട്ടി സ്ഥാനാർത്ഥിയായി മത്സരിച്ചുവെന്നും കേൾക്കുന്നു. എന്തായാലും നിറമാർന്ന വ്യക്തിത്വം എന്നതിൽ സംശയമില്ല.

ചിത്രം 6. കമ്മാരത്ത് താവഴി വീട്

തന്തോട് ബങ്കളാവിൽ അപ്പനു ഒറ്റയ്ക്കായിരുന്നു താമസം. എന്നാൽ അതിഥികൾ ഒഴിഞ്ഞ നേരമില്ല. തന്റെ 'വിഷകന്യക'യുടെ ഈറ്റില്ലമായിരുന്നു തന്തോടെ കളപ്പുരയെന്ന് പൊറ്റെക്കാട് രേഖപ്പെടുത്തി. എകെജിയുടെ അച്ഛൻ വെള്ളുവക്കണ്ണോത്ത് രൈരുനായർ മുതൽ അഖിലേന്ത്യാ സോഷ്യലിസ്റ്റ് നേതാവായ അശോക മേഹ്ത്തയ്ക്കുവരെ ഈ വസതി ആതിഥ്യമരുളി. അപ്പനുവിന്റെ ലെറ്റർഹെഡിൽ തന്തോടിന്റെ രസകരമായ മൊഴിമാറ്റം കാണാം – സെൽഫ് ബ്രൂക്ക്.

അപ്പനു നല്ല വായനക്കാരനായിരുന്നു. തലശ്ശേരി ഹിഗിൻബോതംസിലെ പതിവുകാരൻ. മംഗലാപുരത്തു നിന്ന് മടങ്ങിവരിക കെട്ടുകണക്കിനു പുസ്തകങ്ങളും തോക്കിൻതിരകളുമായാണ്.

പുസ്തകങ്ങളും മാസികകളും തപാലിലും വരുത്തും. തന്തോട് ബങ്കളാവിലും കമ്മാരത്തും അദ്ദേഹത്തിന് വലിയ ഗ്രന്ഥശേഖരങ്ങളുണ്ടായിരുന്നു, വിഷചികിത്സാ താളിയോലകളടക്കം. ഉറങ്ങുന്ന അപ്പനുവിനെ ഉണർത്താൻ ബുദ്ധിമുട്ടില്ല, പക്ഷെ വായിക്കുന്ന അപ്പനുവിനെ ആവില്ല എന്നായിരുന്നു നാട്ടുമൊഴി. അപ്പനു ഒറ്റയാൾ ചീട്ടിലോ ഏകാംഗചതുരംഗത്തിലോ മുഴുകിയാലും അങ്ങനെതന്നെ.

കല്യാട് താഴത്തുവീട് കാരണവരെന്ന നിലയിൽ അപ്പനുവിന്റെ അച്ഛന്റെ ഔദ്യോഗിക ആസ്ഥാനമായിരുന്നു പടിയൂരെ പത്തായപ്പുര. അതിന്റെ ഒരു കവാടം തിമിംഗലത്തിന്റെ താടിയെല്ലുകൊണ്ട് ഉണ്ടാക്കിയതായിരുന്നു. അത് ലക്ഷദ്വീപിലെ കച്ചവടക്കാർ സമ്മാനിച്ചതാണെന്നു പറയപ്പെടുന്നു. കൃഷിമേൽനോട്ടം വഹിച്ച് ഇവിടെ താമസിക്കവെയാണ് 19-ാമത്തെ വയസ്സിൽ അപ്പനു ആദ്യമായി നായാട്ടിൽ ഏർപ്പെടുന്നത്.

ചിത്രം 7. പടിയൂരെ പത്തായപ്പുര

അപ്പനുവിന്റെ കാലത്ത് നാടും കാടും ഇടകലർന്നതായിരുന്നു. കുന്നും കൊക്കയും ചതുപ്പും പടർപ്പും പറമ്പും പൊയിലും പാറയും പൊന്തയും ഒന്നിച്ചു. വലിയ കാടുകൾ അകലെയായിരുന്നില്ല. അവ അവിടവിടെ തെളിച്ച് പുനംകൃഷി ചെയ്തിരുന്നു. ഒരിക്കൽ കൃഷി ചെയ്താൽ ഏറെ വർഷം വെറുതെയിടുന്നതിനാൽ അവിടം വീണ്ടും പച്ചപിടിക്കും. കാട്ടിലെ ഈ കൃഷിയിടങ്ങളിലേക്ക് ഒറ്റയാൾ വഴികളുണ്ടായിരുന്നു. ഇറങ്ങിക്കേറാൻ കഴിയാത്ത അരുവികൾക്ക് കുറുകെ മുളമ്പാലങ്ങളും ചെറുവെള്ളച്ചാട്ടങ്ങൾ കടക്കാൻ നിരത്തിയിട്ട ഉരുളൻ കല്ലുകളും. പറമ്പുകളെ കുണ്ടനിടകൾ വേർതിരിച്ചു. അവ കുറുക്കന്മാരുടെയും പാമ്പുകളുടെയും വഴികൾ കൂടിയായിരുന്നു. മഴക്കാലത്ത് അവ നീർച്ചാലുകളായി.

കാട്-നാട് കലർപ്പ് വെളിപ്പെടുത്തുന്നതാണ് അപ്പനുവിന്റെ നായാട്ടുവിവരണങ്ങളും. "ഞങ്ങളുടെ ബങ്കളാവ് നിൽക്കുന്നതിന്റെ വടക്കു കിഴക്കേ കോണിലുള്ള... നൂറ്റിയമ്പതുവാര മാത്രം അകലെ കിടക്കുന്ന ഒരു കുന്നാണ് നായാടുന്ന കാട്." വേറൊരു വിവരണം ഇങ്ങനെ: "നായാടുന്ന കാടിന്റെ കിഴക്കും പടിഞ്ഞാറും ധാരാളമാളുകൾ പാർക്കുന്ന ഗ്രാമങ്ങളാണ്. രണ്ടു ഗ്രാമങ്ങളെയും ബന്ധിപ്പിക്കുന്ന ഒരൂടു വഴി ആ കാട്ടിൽ കൂടിയുണ്ട്." മറ്റൊരിടത്ത് കൃത്യം കണക്ക് കാണാം. "പിലാവിന്റെ നേരെ കിഴക്ക് അമ്പതുവാരയോളം വീതിയുള്ള വയലാണ്. അതിന്റെ വടക്കു പടിഞ്ഞാറെ കോണിൽ ഇരുപത്തഞ്ചുവാര ദൂരെയാണ് വെളിച്ചപ്പാടന്റെ വീട്. വീടിന്റെ തെക്ക് ഇരുപതുവാര ദൂരെയും പടിഞ്ഞാറ് നാൽപതുവാര ദൂരെയും കാടാണ്."

കുട്ടിക്കാലം മുതൽ കല്യാട് വീട്ടിലെ വിരുന്നുകാരനായിരുന്ന സി.എച്ച്. കുഞ്ഞപ്പ കല്യാടിനെക്കുറിച്ച് പറയുന്നു: "അന്നൊക്കെ വലുതും ചെറുതുമായ കാട്ടുകോഴികളെ ധാരാളം കാണാം. ആ കാട്ടിൽത്തന്നെ നരിയും പുലിയും പന്നിയും എല്ലാം ഉണ്ടായിരുന്നു. വല്യെജമാനൻ താമസിച്ചിരുന്ന ചെറിയ വീടിന്റെ (പടിയൂരെ പത്താ

യപ്പുര) വളപ്പിൽനിന്നു പശുവിനെ നരി പിടിച്ചിട്ടുണ്ട്. പന്നിയെ വെടി വച്ചിട്ടുമുണ്ട്."

അപ്പനുവിന്റെ നായാട്ടു ഗുരുക്കന്മാർ കരിമ്പാലസമുദായക്കാരായിരുന്നു. ചന്തിരൻ, ചാമൻ, അമ്പു എന്നിവരോടുള്ള കടപ്പാട് അപ്പനു പ്രത്യേകം രേഖപ്പെടുത്തുന്നു. "മൂന്നു പേരും എണ്ണം പറഞ്ഞ വെടിക്കാരും കാടിനെയും കാട്ടുമൃഗങ്ങളെയും കുറിച്ച് അസാധാരണമായ അനുഭവജ്ഞാനമുള്ള അതിധീരന്മാരും ആയിരുന്നു." കാട്ടിൽ വഴികാട്ടിയിരുന്നത് പ്രധാനമായും മാവിലരും പണിയരുമായിരുന്നു. എല്ലാവരും അപ്പനുവിന്റെ അച്ഛന്റെ കൃഷിയിടങ്ങളിൽ പണിയെടുത്തിരുന്നവർ.

ഇവരെക്കൂടാതെ അപ്പനുവിന്റെ നായാട്ടുസഹചാരികൾ മമ്മതും കൃഷ്ണനും കുട്ട്യപ്പനമ്പ്യാരുമായിരുന്നു. മമ്മത് ആനപ്പാപ്പാൻ, കൃഷ്ണൻ ഇടത്തരം കർഷകൻ, കുട്ട്യപ്പ നമ്പ്യാരുടെ തൊഴിൽ എന്തെന്നു വ്യക്തമല്ല. മൂവരും തോക്കുകാർ. മമ്മത് മലമാൻവേട്ടയിൽ പാമ്പുകടിയേറ്റ് മരിച്ചു. പാളിപ്പോയ നരിനായാട്ടിനെ തുടർന്ന് കൃഷ്ണനും ഒറ്റയാൻ പന്നിയുടെ ആക്രമണത്തിൽ കുട്ട്യപ്പ നമ്പ്യാരും കൊല്ലപ്പെട്ടു.

"നായാട്ടുസംഘത്തിൽ ചേർന്നുകഴിഞ്ഞാൽ അവിടെപ്പിന്നെ ഉച്ചനീചത്വങ്ങൾക്ക് സ്ഥാനമില്ല" എന്നൊരു വെടിപൊട്ടിക്കുന്നുണ്ട് അപ്പനു. എന്നാൽ നാട്ടിലെ അധികാരബന്ധങ്ങൾ കാട്ടിലും പ്രതിഫലിക്കാതിരിക്കില്ല. അപ്പനുവിന്റെ കഥകളിൽ അതിനു തെളിവുണ്ട്. നായാട്ടു നേതാക്കളുടെ ഭക്ഷ്യപേയങ്ങൾ ചുമക്കുന്നത് പണിയരാണ്. "ലഞ്ചിനുള്ള വക ഒരു ചൂരൽപ്പെട്ടിയിൽ നിന്ന് ചാത്തിയുടെ തലയോട്ടിന്റെ ബലം പരിശോധിക്കുന്നുണ്ട്." തോക്കുകാരുടെ സ്ഥാനം തെളിക്കാർക്കു മീതെയാണ്. കാട്ടിൽത്തന്നെയും അധികാരശ്രേണിയുണ്ട്. കരിമ്പാലർക്ക് കീഴെയാണ് പണിയർ. കരിമ്പാലരിൽ തോക്കുകാരുണ്ട്. പണിയരെന്നും തെളിക്കാരാണ്.

മാത്രമല്ല, തികച്ചും അധ്വാനത്തിന്റെയോ നൈപുണ്യത്തിന്റെയോ അടിസ്ഥാനത്തിലല്ല നായാട്ടിന്റെ ഫലവിതരണം. വെടിയിറച്ചി അല്ലെങ്കിൽ കൊറവ് ഭാഗിക്കുന്നതിൽ പ്രാദേശിക വ്യത്യാസവുമുണ്ട്. കല്യാട് അതിങ്ങനെ. നായാടിയ കാടിന്റെ ജന്മിയുടെ അവകാശമാണ് വേട്ടമൃഗത്തിന്റെ ഒരു കാല്. വെടിവച്ച് വീഴ്ത്തിയ ആൾക്ക് അല്ലെങ്കിൽ ആദ്യംകൊണ്ട വെടിവച്ചയാൾക്ക് തലയും ഒരു തോളിറച്ചിയും ഒരു കാലും. മൃഗം വീഴാൻ രണ്ടാമതൊരു വെടി വച്ചിട്ടുണ്ടെങ്കിൽ അയാൾക്ക് ഒരു കൈ. ഒരാൾ തന്നെയാണ് രണ്ടു വെടിയും വച്ചതെങ്കിൽ രണ്ടാം വെടിയുടെ അവകാശം അയാൾക്ക് ഉണ്ടാവില്ല. രണ്ടിലധികം വന്ന വെടിയുടെ അവകാശം എല്ലാ തോക്കുകാർക്കും തുല്യമാണ്. മൃഗത്തിന്റെ ചങ്ക് ചുട്ടത് മുത്തപ്പൻ ദൈവത്തിന്. ഇതെല്ലാം കഴിഞ്ഞ് ബാക്കിവരുന്നത് സംഘാംഗങ്ങൾ തുല്യമായെടുക്കും. ഒരോഹരി പോലീസ് സ്റ്റേഷനിൽ 'കൈമടക്ക്'. പുഴകടന്നാണ് നായാടിയതെങ്കിൽ മറ്റൊരോഹരി തോണിക്കാർക്ക് 'സന്തോഷം'. നായാട്ടംഗങ്ങൾ ഒത്തുചേരുന്ന വേട്ടയ്ക്കൊരുമകൻ കാവിനടുത്ത് എത്തുന്ന നാട്ടാർക്കും കിട്ടും ഒരു പങ്ക്.

അനുഭവത്തിലൂടെ കൈവരുന്നതാണ് നായാട്ടറിവ് എന്നാണ് അപ്പനുവിന്റെ പക്ഷം. "'ചാരുകസേലാശാസ്ത്രജ്ഞാനം' കൊണ്ട് ശിക്കാറിക്ക് വിശേഷിച്ച് പ്രയോജനമൊന്നുമില്ല. അവന്റെ ദീർഘായുസ്സിന് അതു വളരെയൊന്നും ഉപകരിക്കുകയുമില്ല. വെറും പുസ്തകജ്ഞാനവും കൊണ്ട് കാട് കയറുന്ന ശിക്കാറി മടങ്ങിവരുന്നത് - ഒത്തെങ്കിൽ - പല്ലക്കിലായിരിക്കാനാണ് കൂടുതൽ സാധ്യത."

തന്റെ നായാട്ടുഗുരുക്കന്മാരായ ആദിവാസികളെ അപ്പനു വിശേഷിപ്പിക്കുന്നത് കാടിന്റെ ഭൂമിശാസ്ത്രജ്ഞർ എന്നാണ്. കാടിന്റെ ഭൂപടം അറിയുക എന്നാൽ ജന്തുസഞ്ചാരവഴികൾ മനസ്സിലാക്കുക എന്നതുകൂടിയാണ്. ചളിയിലും ചതുപ്പിലുമുള്ള മൃഗച്ചുവടുകൾ കാണാൻ ബുദ്ധിമുട്ടില്ല. എന്നാൽ അവയിൽനിന്ന് മൃഗം ചെറുതോ വലുതോ, ഒറ്റയ്ക്കോ കൂട്ടമോ, ഏതു ദിശയിലേക്കാണ് പോയത്

എന്നൊക്കെ പറയാൻ കരിമ്പാലർക്കും മറ്റ് ആദിവാസികൾക്കുമേ കഴിയൂ. ഉറച്ച നിലത്തും പാറപ്പുറത്തുതന്നെയുമുള്ള നേർത്ത കുളമ്പടയാളങ്ങളും നഖപ്പാടുകളും അവർ കാണും. മരത്തിന്റെ മുരട് മാന്തിയത് ശ്രദ്ധിക്കും. അല്പം ഇളകിയ മണ്ണും നീങ്ങിയ ചെറുകല്ലുകളും കടിച്ചിട്ട ഇലകളും അവർക്ക് വിലപ്പെട്ട തെളിവുകൾ. അവരുടെ നടത്തത്തിനുമുണ്ട് പ്രത്യേകത. ശബ്ദം കേൾക്കാത്തവിധം, മൃഗങ്ങളെ അകറ്റാത്തവണ്ണം മൃദുവായ കാൽവയ്പ്പ്. തങ്ങളുടെ നിരീക്ഷണങ്ങൾ അനുസരിച്ച് അവർ തോക്കുകാർക്ക് സൂചന നൽകും.

മരത്തിന്മേൽ പറം കെട്ടി കാത്തിരുന്നും കഴുത്തോളമുള്ള കുഴിയിൽ ഒളിച്ചും ചിലപ്പോൾ ഇഴഞ്ഞുനീങ്ങിയും അപൂർവ്വമായി നേർക്കുനേരെയുമാണ് അപ്പനു നായാടുന്നത്. കൂടുതലും തെളിനായാട്ട്. ആർപ്പുവിളികളോടെയോ കല്ലുകൊണ്ട് ഓരോ മരത്തിലും തട്ടിയോ ചെറുകമ്പുകൊണ്ട് ഇലകളിൽ അടിച്ചുകൊണ്ടോ ഒരുവശത്തുനിന്ന് കാട് അനക്കിക്കൊണ്ട് തെളിക്കാർ മുന്നേറും. കടവുകൾ (പാറക്കെട്ടുകൾക്കും വള്ളിപ്പടർപ്പുകൾക്കും ഇടയിലുള്ള വിടവുകൾ, കാടിന്റെ മൃഗകവാടങ്ങൾ; കല്യാട് ഇവയ്ക്ക് വില്ല് എന്നും പറയും) വഴി മൃഗങ്ങൾ പുറത്തേക്ക് വരുമ്പോൾ അവിടെ പതിയിരിക്കുന്ന തോക്കുകാർ വെടിവയ്ക്കും. വെടി കഴിഞ്ഞാൽ അവർ വിളിച്ചറിയിക്കും. വെടി കൊണ്ടിട്ടും വീഴാത്ത മൃഗങ്ങളുണ്ടെങ്കിൽ അവയെ തെരഞ്ഞ് കുറച്ച് തോക്കുകാരും തെളിക്കാരും ഉൾക്കാട്ടിലേക്ക് പോകും. ഹിംസ്ര മൃഗങ്ങളെങ്കിൽ ജാഗ്രതവേണ്ട പ്രവൃത്തിയാണത്. പരിചയസമ്പന്നരേ അതിനു മുതിരുകയുള്ളൂ; അവരെയേ അനുവദിക്കൂ.

രണ്ട് തോക്കുകാരും മൂന്ന് തെളിക്കാരും മുതൽ മുപ്പതിലേറെ തോക്കുകാരും എഴുപതിലധികം തെളിക്കാരുമുള്ള നായാട്ടുകൂട്ടങ്ങൾ അപ്പനുവിനെ അനുഗമിച്ചിരുന്നു. ഒറ്റരാത്രി അല്ലെങ്കിൽ പകൽ നായാട്ടാണ് അധികവും. ദിവസങ്ങൾ നീളുന്നവയുമുണ്ട്. ഏറെ ഒരുക്കത്തോടെ ചെയ്തവയും പെട്ടെന്ന് ഇറങ്ങിപ്പുറപ്പെട്ടവയുമുണ്ട്. നായ്ക്കളെ കൂട്ടിയും അല്ലാതെയുമുള്ള വേട്ടയുണ്ട്.

കാട്ടിൽ പോകുന്നതിലെ ആഹ്ലാദമോ കായികവിനോദത്തിന്റെ വെല്ലുവിളിയോ വെടിയിറച്ചി കഴിക്കാനും ചങ്ങാതിമാരുമായി പങ്കുവയ്ക്കാനുമുള്ള ആഗ്രഹമോ ഇവയെല്ലാം കൂടിയോ ഏതാണ് അപ്പനുവിനെ നായാട്ടിൽ തൽപ്പരനാക്കിയത് എന്ന് പറയാൻ കഴിയില്ല. ബന്ധുക്കളുടെയും നാട്ടാരുടെയും കണ്ണിൽ അദ്ദേഹത്തിന്റെ അന്തസ്സ് ഉയരാൻ നായാട്ട് കാരണമായിട്ടുണ്ട്, എന്നാൽ അതൊരു ലക്ഷ്യമായി എടുക്കാനാവില്ല.

ഒരു കാര്യം തീർച്ച. ആനയെയും നരിയെയും മറ്റ് വൻമൃഗങ്ങളെയും ലാക്കാക്കുന്ന പൊങ്ങച്ച നായാട്ടായിരുന്നില്ല അപ്പനുവിന്റേത്; അദ്ദേഹം വേട്ടയാടിയ കാടുകളിൽ ഈവക മൃഗങ്ങൾ യഥേഷ്ടം ഉണ്ടായിരുന്നെങ്കിലും അവയെ വീഴ്ത്താനുള്ള സാങ്കേതികവിദ്യ അദ്ദേഹത്തിന് സ്വായത്തമായിരുന്നെങ്കിലും. അപ്പനുവിനെ കാട്ടിലേക്ക് നയിച്ചത് സാമ്പത്തിക താൽപ്പര്യവുമായിരുന്നില്ല. ആനക്കൊമ്പോ പുലിത്തോലോ വിറ്റ് പണം നേടുക അദ്ദേഹത്തിന്റെ ലക്ഷ്യമായിരുന്നില്ല.

അപ്പനുവിന്റെ നായാട്ടുകാലത്തുതന്നെ ലാഭേച്ഛയോടെയുള്ള വൻമൃഗവേട്ട ഈ കാടുകളിൽ വ്യാപകമായിരുന്നു. മദിരാശി സർക്കാരിൽ മൃഗഡോക്ടറായിരുന്ന വി.കെ. കുട്ടു 'യുദ്ധനിഴലിലെ ബാല്യകൗമാരങ്ങൾ' എന്ന ആത്മകഥയിൽ നിരീക്ഷിച്ചത് ഇപ്രകാരം: "വെടിവെച്ചു കൊന്ന നരിയെ മരത്തണ്ടിൽ കെട്ടി രണ്ടുപേർ ചുമലിൽ വഹിച്ചു ഇരിട്ടിയിലൂടെ നടന്നുപോകുന്നത് കണ്ടിട്ടുണ്ട്. ഒരു നരിത്തോലിന്റെ വില അവർക്ക് കിട്ടിയിരുന്നത് അഞ്ഞൂറുറുപ്പിക അറുന്നൂറുറുപ്പികവരെയായിരുന്നു." 1950 കളിൽ അത് ചെറിയ തുകയല്ല. കുടിയേറ്റ കർഷകരുടെ നിവൃത്തികേടും ചിലപ്പോഴെങ്കിലും പണക്കൊതിയുമായിരുന്നു ഇത്തരം ലാഭവേട്ടയ്ക്കു പിന്നിൽ. സമ്പന്നജന്മികുടുംബാംഗമായിരുന്ന അപ്പനുവിന് അതിന്റെ ആവശ്യമുണ്ടായിരുന്നില്ലെന്നു മാത്രമല്ല നായാട്ടിനോടുള്ള അദ്ദേഹത്തിന്റെ മനോഭാവം വ്യത്യസ്തവുമായിരുന്നു.

അപ്പനു പ്രധാനമായും നായാടിയത് പന്നി, കാട്ടുപോത്ത്, മല മാൻ, കാട്ടുകോഴി എന്നിവയെയായിരുന്നു. എല്ലാം തന്നെ ഇറച്ചിക്കായി. മറ്റു മൃഗങ്ങളെ കൊന്നിട്ടേയില്ല എന്നല്ല. ചൊട്ടമുതലേ ആനയോട് "മമതയും ബഹുമാനവു"മാണെങ്കിലും നിരന്തരം കൃഷി നശിപ്പിച്ച ഒറ്റക്കൊമ്പനെ നാട്ടാരുടെ ആവശ്യപ്രകാരം കൊല്ലേണ്ടിവന്നത് അദ്ദേഹം വിവരിക്കുന്നു. സമാനസാഹചര്യത്തിൽ വേറെ രണ്ടു പ്രാവശ്യവും ആനയെ കൊന്നിട്ടുണ്ട്. കന്നുകാലികളെ കവർന്ന രണ്ടു നരികളെ കൊന്നിട്ടുണ്ട്. കാട്ടാടെന്ന് തെറ്റിദ്ധരിച്ച് ഒരു ചെന്നായയേയും. ഒരു നായാട്ടുവേളയിൽ ഏറെ മുഷിഞ്ഞു കാത്തിരുന്ന തന്റെ തൊട്ടുമുമ്പിൽ വന്നുപെട്ട മലമാനിനെ ഗർഭിണിയാണെന്നു കണ്ട് വെടിവച്ചില്ല. എന്നാൽ ഭൂതദയയെന്നോ നായാട്ടിലെ സൂക്ഷ്മമര്യാദയെന്നോ ഉള്ള അവകാശവാദം അപ്പനുവില്ല. അവളുടെ നോട്ടം കാരണം ആ നിമിഷം അങ്ങനെ തോന്നിയെന്നു മാത്രം പറയുന്നു.

നായാട്ടനുഭവകഥകൾ എഴുതുന്നതിന് അപ്പനുവിന്റെ പ്രേരണയെന്തായിരുന്നു? സമകാലികർക്കുള്ള വിനോദവായനയല്ല കഥാകാരന്റെ ലക്ഷ്യം. വരാനിരിക്കുന്ന കാലത്തിനായി നായാട്ട് രേഖപ്പെടുത്തുകയാണ്. "നായാട്ടിന്റെ ആയുസ്സ് നിർണ്ണയിക്കപ്പെട്ടുവെന്നു വന്നു. അതൊരാസന്ന ചരിത്രവസ്തുതയായി മാറുകയാണ്. അങ്ങനെ 'ഇങ്ങിനി വരാതവണ്ണം' 'ഭൂതകാലാകാശവീഥിയിങ്കലേ'ക്ക് കുഞ്ചി പിടിച്ച് പുറത്താക്കപ്പെടുന്ന വിനോദമായ നായാട്ടിനെക്കുറിച്ചും അതിന്റെ നിയന്ത്രണ നടപടിച്ചട്ടങ്ങളെക്കുറിച്ചും" അപ്പനു വ്യവഹരിക്കുന്നു. "നായാട്ടുപഴമയുടെ ഒരു റിക്കാർട്ടിരിക്കട്ടെ."

രസിപ്പിക്കാൻ വേണ്ടി എഴുതിയവയല്ലെങ്കിലും കഥനമികവ് ഉള്ളവയാണ് അപ്പനുവിന്റെ രചന. അദ്ദേഹത്തിന്റെ രസകരമായ ആഖ്യാനത്തിന്റെ ഒരംശം: "അതാ വരുന്നു ഒരു മുഴുത്ത കൊമ്പൻ മലമാൻ. രംഗമാകെ മാറി. ഇതികർത്തവ്യതാമൂഢതയിൽ നിർവ്വികാരവും നിശ്ചേഷ്ടവുമായി സ്വാഭാവികപ്രവർത്തനങ്ങൾക്ക് കരുത്തറ്റ്, സ്വപ്നാടനക്കാരനെപ്പോലെ പരിസരബോധമില്ലാതെ ഉഴവൂരമ്പലവാസിയായി

ത്തീർന്നിരുന്ന എന്റെ കണ്ണുകളിൽ കൂടി ആ മലമാനിന്റെ കോലം ഉള്ളിൽ പതിയാൻ സമയം പിടിച്ചു. പക്ഷെ പതിഞ്ഞപ്പോൾ കളക്ടർ സായിപ്പിന്റെ അപ്രതീക്ഷിതമായ ആഗമനത്തിൽ ഹുസൂർ ശിപായി യുടെ കയ്യിലെ പുകയുന്ന ബീഡിക്കുറ്റി പോലെ എന്റെ മനോമൗഢ്യം അപ്രത്യക്ഷമായി.''

ഒരു മാൻവേട്ടയിൽ പങ്കുചേർന്ന ബന്ധുവും സ്നേഹിതനുമായ അനന്തൻ നായരുടെ നായാട്ടറിവിനെക്കുറിച്ച് പറയുന്നത് ഇങ്ങനെ: ''പണ്ടത്തെ പാഠപുസ്തകത്തിലെ 'ചെട്ടി മാനിനെ വെടിവച്ചു' എന്ന ശുദ്ധമേ അസംഭാവ്യപ്രസ്താവം ചെറുപ്പത്തിൽ ഉരുവിട്ടു പഠിച്ചതാണ് വെടിയെക്കുറിച്ചും മാനിനെക്കുറിച്ചും അങ്ങോർക്കുള്ള അഗാധവി ജ്ഞാനത്തിന്റെ ആകെത്തുക.''

പരന്ന വായന പ്രതിഫലിക്കുന്നതാണ് അപ്പനുവിന്റെ നായാട്ടെ ഴുത്ത്. കഥകളിൽ വടക്കൻ പാട്ടുതൊട്ട് മഹാഭാരതം വരെ പരാമർശി ക്കപ്പെടും. എഴുത്തച്ഛനും കാളിദാസനുമുണ്ട്. കുഞ്ചൻ നമ്പ്യാരും ആറ്റൂർ കൃഷ്ണപ്പിഷാരടിയും വി.സി. ബാലകൃഷ്ണപ്പണിക്കരും വള്ള ത്തോളും കടന്നുവരും. ജിം കോർബറ്റും കെന്നത്ത് ആൻഡേഴ്സണും ഒപ്പം കൂടും. എം.പി. ശിവദാസമേനോനെ ''മലബാറിലെ ശിക്കാറിക ളുടെ ഗുരുജി'' എന്ന് ആദരിക്കുന്നതോടൊപ്പം അദ്ദേഹം ''ശുദ്ധ വെടി കൾ റിക്കാർട്ടാക്കുകയും ചെയ്തു'' എന്നു പരിഹസിക്കും.

അപ്പനുവിന്റെ നായാട്ടുകഥനം സംസ്കൃതഉദ്ധരണികളാൽ സമൃ ദ്ധം. ഇംഗ്ലീഷ്, ഹിന്ദി ഭാഷാപ്രയോഗങ്ങൾ ഒട്ടനവധി. ഓൻകോറും മുശായിരയുമുണ്ട്. യുദ്ധശബ്ദതാരാവലിയിലെ പദങ്ങളുണ്ട് - കൗൺസിൽ ഓഫ് വാർ, ഫീൽഡ് ഓഫ് ഫയർ. പ്രാസമൊത്ത പരി ഭാഷയുണ്ട്. ഡെഡ് ലെറ്റർ ഓഫീസിന് ചത്തകത്താപ്പീസ്. സാമൂഹി കവിമർശനമുണ്ട്. യുക്തിവാദികളെ ഒളിയമ്പെയ്യും. കോൺഗ്രസ്സുകാ രെയും കമ്മ്യൂണിസ്റ്റുകളെയും നിർത്തി വെടിവയ്ക്കും. നെഹ്രുവി നെയും പട്ടേലിനെയും മാത്രമല്ല മാവോവിനെയും ക്രൂഷ്ചെവിനെയും വെറുതെ വിടില്ല.

അപ്പനുവിന്റെ നായാട്ടുകാലമാവുമ്പോൾത്തന്നെ കാടിന്റെ വിസ്തൃതി കാര്യമായി കുറഞ്ഞിരുന്നു. "ഇന്ന് കാട് പകുതിയും കാട്ടുമൃഗങ്ങൾ മുക്കാലും നശിച്ചുകഴിഞ്ഞു. ഇക്കഴിഞ്ഞ പത്തുകൊല്ലംകൊണ്ട് സ്വകാര്യവനങ്ങൾ മുക്കാലും കൈയേറിക്കഴിഞ്ഞിട്ടുണ്ട്." തെളിച്ചു പറയുന്നില്ലെങ്കിലും തിരുവിതാംകൂർ കർഷകരുടെ ചെയ്തിയാണ് അപ്പനു പ്രധാനമായും ഉദ്ദേശിക്കുന്നതെന്ന് തോന്നുന്നു.

എന്നാൽ കുടിയേറ്റം മാത്രമല്ല വടക്കെ മലബാറിലെ വനനാശത്തിനു വഴിയൊരുക്കിയത്. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കം മുതലേ ജന്മിമാരും കുടിയാന്മാരും കാടുതെളിച്ച് കൃഷിവിസ്തൃതമാക്കാനുള്ള ശ്രമത്തിലായിരുന്നു. പണത്തിന്റെ ആവശ്യം നാൾക്കുനാൾ വർദ്ധിച്ചുവന്നു. ജന്മികുടുംബങ്ങളുടെ വ്യവഹാരനടത്തിപ്പ് ചെലവുപിടിച്ച ഏർപ്പാടായിരുന്നു. വിദ്യാഭ്യാസവകയിലുള്ള ചെലവും കൂടിക്കൊണ്ടിരുന്നു. തറവാടിന്റെ വരുമാന വർദ്ധനവിനായി കാരണവന്മാർ നേരിട്ടും മരുമക്കളെ പ്രേരിപ്പിച്ചും തെങ്ങിൻതോപ്പുകളും കുരുമുളക് തോട്ടങ്ങളും ഉണ്ടാക്കി. അങ്ങനെ ഒട്ടേറെ പുനംകൃഷിയിടങ്ങൾ സ്ഥിരംകൃഷിയിടങ്ങളായി. ഉത്സാഹികളായ അംഗങ്ങൾ തറവാട്ടിൽ നിന്നു ഭൂമി ചാർത്തി വാങ്ങി സ്വന്തം നിലയ്ക്കും കൃഷി വിപുലമാക്കി. ഇതിന് മദിരാശി കൃഷിവകുപ്പിന്റെ സാങ്കേതിക സഹായവുമുണ്ടായി. മാത്രമല്ല രണ്ടു ലോകയുദ്ധങ്ങളും അവയ്ക്കിടയിൽ സംഭവിച്ച സാമ്പത്തികമാന്ദ്യവും ഉത്പന്നവിലകളെ ഉലച്ചപ്പോൾ വരുമാനം നിലനിർത്താനായി കൂടുതൽ ഭൂമി കൃഷിചെയ്യേണ്ടിവന്നു. കൂട്ടുകുടുംബങ്ങൾ കൂറുപിരിഞ്ഞതോടെ പാർപ്പിടങ്ങളുടെ ആവശ്യമേറി. അതിനായി കാടുകൾ വീണ്ടും തെളിച്ചു.

1930 കളിലെ കാർഷികബന്ധനിയമങ്ങൾ ജന്മിമാർക്ക് കടിഞ്ഞാണിട്ടു. കുടിയാന്മാരിൽനിന്ന് തന്നിഷ്ടപ്രകാരമുള്ള പിരിവ് അസാദ്ധ്യമായി. ഉത്പന്നവിലയുടെ ചാഞ്ചാട്ടം കാരണം മര്യാദപ്പാട്ടം കൊടുക്കാൻ പോലും കുടിയാന്മാർക്ക് ബുദ്ധിമുട്ട് നേരിട്ടു. പാട്ടബാക്കി വന്ന കുടിയാന്മാരെ ജന്മിമാർക്ക് പഴയതുപോലെ എളുപ്പം പുറത്താക്കാ

നാവുമായിരുന്നില്ല. കുടിയൊഴിപ്പിക്കലും മേൽച്ചാർത്തും ചെറുക്കാൻ കർഷകസംഘം മുന്നോട്ടുവന്നു. ജന്മിമാർ തങ്ങൾക്ക് എതിർനിന്ന കുടിയാന്മാർക്ക് പുനംകൃഷി അവകാശം നിഷേധിച്ചതും സ്വന്തമായി അത് ചെയ്യാൻ ശ്രമിച്ചതും സംഘർഷത്തിലേക്ക് നയിച്ചു. ജന്മിത്ത ഉത്പ്പാദനവ്യവസ്ഥ കുഴപ്പത്തിലായതോടെ തറവാട്ടു വരുമാനം കുത്തനെ കുറഞ്ഞു.



ചിത്രം 8. കല്യാട് ജന്മി കൂടാളി ജന്മിക്ക് അയച്ച സ്വകാര്യ കത്ത്

ഈ സാഹചര്യത്തിൽ കാട്ടിലെ മരം മുറിച്ചുവിറ്റും കുടിയേറ്റ കർഷകർക്ക് ഭൂമി വിറ്റുമാണ് പല തറവാടുകളും പണം കണ്ടെത്തിയത്. കൂടാതെ കൈയേറ്റം ഭയന്നും ഭൂമി കൈമാറ്റത്തിനു മുന്നെയും മരങ്ങൾ മുറിച്ചുനീക്കി. തറവാടുകളുടെ ബലക്ഷയത്തിന്റെയും അന്തച്ഛിദ്രത്തിന്റെയും നാളുകളിൽ നിയമപരമായ അധികാരമില്ലാതെയും കാരണവരുടെ അനുവാദമില്ലാതെയും പല അംഗങ്ങളും കുടിയേറ്റകർഷകർക്ക് ഭൂമി കൈമാറി. കാട് കാശാക്കി. ഒട്ടേറെ കർഷകർ വാങ്ങിയ ഭൂമിയെക്കാളേറെ വനഭൂമി കൈവശപ്പെടുത്തുകയും ചെയ്തു. അവ കൃഷിക്കായി തെളിച്ചു.

വന്യമൃഗങ്ങളില്ലാതായത് നായാട്ടു നിമിത്തമാണെന്ന അഭിപ്രായം അപ്പനുവിനില്ല. പത്രങ്ങളുടെ 'ആനവിലാപ'ങ്ങളെ അദ്ദേഹം വിമർശിക്കുന്നു. "മലബാറിൽ ആനവെടി വളരെ കുറവാണ്. ആനപിടി വംശം മുടിഞ്ഞു പോവാൻ മാത്രം സാധാരണവുമല്ല." "ഇന്ന് യഥാർത്ഥത്തിൽ നശിക്കുന്നത് ആനയല്ല കാടാണ്." "വനം അവളുടെ (ആനയുടെ) ആയുധവും ആഭരണവുമാണ്. അതുകൊണ്ട് സംരക്ഷിക്കപ്പെടേണ്ടത് വനമാണ് മൃഗമല്ല." സർക്കാരിന്റെ വനസംരക്ഷണനയത്തിലെ പിഴവുകൾ അപ്പനു ചൂണ്ടിക്കാട്ടുന്നു. "കയ്യേറ്റത്തിന് നിയമസാധുത അനുവദിക്കപ്പെട്ടിട്ടില്ലെങ്കിലും നിരോധനസാധ്യത അങ്ങേയറ്റം കുറച്ചുകൊണ്ടുള്ളതാണ് ഇപ്പോളരങ്ങേറുന്ന നിയമങ്ങൾ. സർക്കാർ വനങ്ങളിൽ കയ്യേറ്റം നടത്തുന്നവർ രക്ഷിക്കപ്പെടുമ്പോൾ സ്വകാര്യവനങ്ങളിൽ കയ്യേറുന്നവരെ ശിക്ഷിക്കാൻ ആരാണൊരുമ്പെടുക?"

മൃഗയാവിനോദത്തെ കൊണ്ടാടുകയല്ല തങ്ങൾ ഏറെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന മുൻഗാമിയുടെ സാഹിത്യസംരംഭത്തെ വെളിച്ചത്തിലേക്ക് എത്തിക്കുകയെന്ന ലക്ഷ്യത്തോടെയാണ് കുടുംബാംഗങ്ങൾ ഈ പുസ്തകം പ്രസിദ്ധീകരിക്കുന്നത് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതിലുപരി ഈ നായാട്ടുകഥനത്തിന്റെ പ്രാധാന്യമെന്താണ്?

നായാട്ടുചരിത്രത്തിന്റെ ഉപാദാനമാണ് വ്യക്തികളുടെ നായാട്ടോർമ്മ കൾ. വിസ്തൃതവനമുള്ള ഒരു ദേശത്തിന്റെ നായാട്ടു ചരിത്രം പാരി സ്ഥിതിക-സാമൂഹികചരിത്രത്തിന്റെ അവിഭാജ്യഘടകമാണ്. അതു കൊണ്ടുതന്നെ അനുഭവകഥകൾ എന്നതിനപ്പുറം ചരിത്രരചനയുടെ പ്രമാണസാമഗ്രിയെന്ന നിലയ്ക്ക് നായാട്ടുസ്മരണകൾക്ക് പ്രസക്തി യുണ്ട്.

മലയാളത്തിൽ നായാട്ടനുഭവകഥകൾ ഏറെയുണ്ടെങ്കിലും നായാട്ടുചരിത്രരചന ഒട്ടുംതന്നെ സമ്പന്നമല്ല. ആദ്യകാല എഴുത്ത് പ്രധാനമായും നായാട്ടുരീതികൾ, ചടങ്ങുകൾ, നായാട്ടു സംബന്ധി യായ പഴയ ഗ്രന്ഥങ്ങൾ എന്നിവയുടെ വിവരണമായിരുന്നു. സമീപ കാലരചനകളിലാകട്ടെ നായാട്ട് അധിനിവേശപ്രത്യയശാസ്ത്രത്തിന്റെ പ്രകാശനവും പുരുഷാധിപത്യത്തിന്റെ വിളംബരവുമാണെന്ന സാമാന്യ അറിവിന്റെ ആവർത്തനമാണ് കൂടുതലും കാണുന്നത്. അതു ശരിയല്ലെന്നല്ല. പക്ഷെ വൈവിധ്യമാർന്ന ഉപാദാനങ്ങളുടെ സൂക്ഷ്മവിശകലനത്തിന് പകരമാവില്ലത്. അന്വേഷണങ്ങളുടെ തട്ടകമാകട്ടെ മധ്യതിരുവിതാംകൂറിൽ ഒതുങ്ങുന്നു.

പുതിയ രചനകൾ നായാട്ടും ജാതിവ്യവസ്ഥയുമായുള്ള ബന്ധം പരിശോധിക്കുന്നുണ്ട്. എന്നാൽ ആദിവാസികൾ നിലനിൽപ്പിനായി വേട്ടയാടിയ നിഷ്കളങ്കരും കുടിയേറ്റകർഷകർ മൃഗങ്ങളെയാകെ കൊന്നൊടുക്കിയ ക്രൂരന്മാരുമായിരുന്നു എന്ന കാഴ്ചപ്പാടാണ് അവ മുന്നോട്ടുവയ്ക്കുന്നത്. മനോഭാവങ്ങൾ രൂപപ്പെടുന്നത് എങ്ങനെയെന്ന് അന്വേഷിക്കാനുള്ള വിമുഖതയാണ് വ്യത്യസ്ത സാമൂഹികവിഭാഗ ങ്ങളിൽ സഹജഭാവം കെട്ടിയേൽപ്പിക്കുന്ന ഇത്തരം ധൃതിപിടിച്ച തരം തിരിവ് സമീപനത്തിനു കാരണം. ഇന്ത്യയടക്കമുള്ള ദക്ഷിണേഷ്യ യിലെ വന്യജീവിവ്യാപാരത്തിൽ പല ഗോത്രവിഭാഗങ്ങളും ഏർപ്പെടുന്നുണ്ട്.

നിശ്ചലമല്ല നായാട്ടിന്റെ ചരിത്രം. നായാട്ടിന്റെ ചരിത്രസന്ദർഭം, ഭൂപ്രകൃതിയും ജീവജാലവൈവിധ്യവും, ജനസംഖ്യ, വ്യത്യസ്ത

സമൂഹങ്ങളുടെ സാമ്പത്തികനിലവാരം, സാങ്കേതികവിദ്യയുടെ ലഭ്യ ത, കാർഷികരീതി, ഉത്പാദനബന്ധങ്ങൾ, വിപണിവികാസം, ഗതാ ഗതസൗകര്യം തുടങ്ങിയ ഘടകങ്ങളിലെ വ്യത്യാസങ്ങൾ പരിഗണി ക്കുക പ്രധാനം. നായാട്ടുചരിത്രമെഴുത്തിന്റെ ഉപാദാനമെന്ന നിലയിൽ അപ്പനുവിന്റെ അനുഭവകഥകൾ ഇത് നമ്മെ ഓർമ്മിപ്പിക്കുന്നു.

1974 ൽ 64-ാമത്തെ വയസ്സിൽ അപ്പനു വിടവാങ്ങി. അദ്ദേഹം നായാടിയ കാടുകളും താണ്ടിയ തോടുകളും നടന്ന കുണ്ടനിടവഴി കളും ഇന്നില്ല. കുന്നുകൾ പറമ്പുകളായി, വയലുകൾ വാസസ്ഥല ങ്ങളായി, ഊടുവഴികൾ വാഹനം ഇരമ്പുന്ന റോഡുകളായി. ഭൂപരി ഷ്കാരം പ്രാബല്യത്തിൽ വന്നതോടെ ഭൂമിയുടെ മേലുള്ള ജന്മിമാ രുടെ കുത്തക അവസാനിച്ചു. ഇടനില കുടിയാന്മാർ ഭൂവുടമകളായി, വെറുംപാട്ട കുടിയാന്മാർ തുണ്ടുഭൂമികളുടെ ഉടമസ്ഥരായി, പുതുതായി താമസയിടം സ്വന്തമായ കുടികിടപ്പുകാർ സ്വതന്ത്ര തൊഴിലാളി കളായി. പക്ഷെ ആദിവാസികൾ കോളനികളിൽ തളച്ചിടപ്പെട്ടു. കല്യാടും കാണാം പണിയക്കോളനികൾ.

സംസ്ഥാനത്തെ കെട്ടിടനിർമ്മാണപ്പെരുപ്പം കല്യാടിന്റെ ഭൂപ്രകൃതിയെ മാറ്റിമറിച്ചു. അവിടത്തെ മികച്ചയിനം ചെങ്കല്ലിന് തെക്കൻ കേരളത്തിൽനിന്നുപോലും ആവശ്യക്കാരുണ്ടായതോടെ കപ്പണകളിൽ പെരുതേരിയുടെ കന്മഴു യന്ത്രത്തിനു വഴിമാറി. ചെങ്കൽകരാർമുതലാളിമാരും പ്രാദേശികരാഷ്ട്രീയനേതാക്കളും തദ്ദേ ശസ്ഥാപനാധികാരികളും ചേർന്ന അധികാരവ്യൂഹം രൂപംകൊണ്ടു. അവർ ഭൂപ്രകൃതിയുടെ അധികാരികളായി. കപ്പണകളിൽ പണിയെടുക്കാനായി നൂറുകണക്കിന് മറുനാടൻ തൊഴിലാളികളെ ത്തി, നാട്ടുകാർ മേലാളരും ഇടനിലക്കാരുമായി.

ഇന്ന് കല്യാടെന്ന പീഠഭൂമിയില്ല. അഗാധഗർത്തങ്ങളാണവിടെ.

ചിത്രം 9. കല്യാടെ ചെങ്കൽഖനനം

അധികവായനയ്ക്ക്

അരുണിമ, ജി. 2003. *ദേർ കംസ് പപ്പ: കൊളോണിയലിസം ആൻഡ് ദി ട്രാൻസ്ഫോർമേഷൻ ഓഫ് മാട്രിലിനി ഇൻ കേരള, മലബാർ, സിർക്ക 1850–1940*. ഹൈദ്രബാദ്: ഓറിയന്റ് ലോങ്മാൻ.

ഇന്നെസ്, സി.എ. 1951 (1908). *മലബാർ* 2 വോള്യങ്ങൾ, മദ്രാസ്: ഗവൺമെന്റ് പ്രസ്സ്.

കാലൊഫ്, ലിൻഡ. 2007. *ലുക്കിങ് അറ്റ് ആനിമൽസ് ഇൻ ഹ്യൂമൻ ഹിസ്റ്ററി*. ലണ്ടൻ: റിയാക്ഷൂൻ ബുക്ക്സ്.

കാർട്ട്മിൽ, മാത്. 1993. *എ വ്യൂ ടു ഡെത്ത് ഇൻ ദ മോണിങ്: ഹണ്ടിങ്ങ് ആൻഡ് നേച്ചർ ത്രൂ ഹിസ്റ്ററി*. മാസാച്ചുസെറ്റ്സ്: ഹാർവേഡ് യൂണിവേഴ്സിറ്റി പ്രസ്സ്.

കുഞ്ഞപ്പ, സി.എച്ച്. 2000 (1981). *സ്മരണകൾ മാത്രം*. തൃശൂർ: കറന്റ് ബുക്സ്.

കുട്ടു, വി.കെ. 2021. *യുദ്ധനിഴലിലെ ബാല്യകൗമാരങ്ങൾ*. തലശ്ശേരി: സ്വന്തം പ്രസാധനം.

കുറുപ്പ്, കെ.കെ.എൻ. 1975. *ദി അലി രാജാസ് ഓഫ് കണ്ണൂർ*. തിരുവനന്തപുരം: കോളേജ് ബുക്ക് ഹൗസ്.

കുറുപ്പ്, കെ.കെ.എൻ. 1988 (1980). *പഴശ്ശിസമരങ്ങൾ*. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ക്ലെഗ്ഹോൺ, ഹ്യൂസ്. 1861. *ദ ഫോറസ്റ്റ്സ് ആൻഡ് ഗാഡെൻസ് ഓഫ് സൗത്ത് ഇൻഡ്യ*. ലണ്ടൻ: ഡബ്ല്യു എച്ച് അലെൻ ആൻഡ് കമ്പനി.

ഗോപിനാഥ്, രവീന്ദ്രൻ. 1991. 'ആസ്പെക്ട്സ് ഓഫ് ദി അഗ്രേറിയൻ ഇക്കോണമി ഓഫ് മലബാർ: മിഡ് നയന്റീൻത്ത് സെൻചറി അപ്ടു ദി എൻഡ് ഓഫ് ദി സെക്കൻഡ് വേൾഡ് വാർ'. ജവഹർലാൽ നെഹ്റു സർവകലാശാലയിൽ സമർപ്പിച്ച പി.എച്ച്.ഡി. പ്രബന്ധം.

ജയകുമാർ, കെ.പി. 2015. 'മുറിവേറ്റ മൃഗം ചരിത്രമെഴുതുന്നു: അധിനിവേശത്തിന്റെ ഛായാപടങ്ങൾ'. *മാധ്യമം ആഴ്ചപ്പതിപ്പ്.* സെപ്റ്റംബർ 24.

നാരായണൻ എം.ടി. 2003. *അഗ്രേറിയൻ റിലേഷൻസ് ഇൻ ലേറ്റ് മിഡീവൽ മലബാർ.* ന്യൂ ഡൽഹി: നോർത്തേൺ ബുക്ക് സെന്റർ.

പോൾ, വിനിൽ. 2021. 'കേരളത്തിൽ അവർ വേട്ടയാടിയ വഴികൾ'. *മാതൃഭൂമി ആഴ്ചപ്പതിപ്പ്.* ജനുവരി 24.

ഫിലിപ്പ്, കവിത. 2003. *സിവിലൈസിങ്ങ് നേച്ചേഴ്സ്: റേസ്, റിസോഴ്സസ് ആൻഡ് മോഡേണിറ്റി ഇൻ കൊളോണിയൽ സൗത്ത് ഇൻഡ്യ*. ഹൈദ്രബാദ്: ഓറിയന്റ് ലോങ്മാൻ.

ബാലകൃഷ്ണൻ നായർ, ചിറക്കൽ ടി. 1959. 'പണ്ടത്തെ നായാട്ട്'. *മാതൃഭൂമി ആഴ്ചപ്പതിപ്പ്.* സെപ്റ്റംബർ 6.

മദ്രാസ് ആർമി. 1879. *റൂട്ട്സ് ഇൻ ദ മദ്രാസ് പ്രസിഡൻസി.* മദ്രാസ്: ക്വാർട്ടർ മാസ്റ്റർ ജനറൽ ഓഫ് ദ മദ്രാസ് ആർമി.

മദ്രാസ് സർക്കാർ. 1863. *കറസ്പോണ്ടൻസ് ഓൺ മാപ്പിള ഔട്ട്റേജസ് ഇൻ മലബാർ ഫോർ ദി ഇയേഴ്സ് 1849–53.* മദ്രാസ്: ഗ്രേവ്സ്, കുക്ക്സൺ ആൻഡ് കമ്പനി.

മന്നാടിയാർ, വി.ഐ. 1959. 'ചരികുമാൻ ചാടിയാൽ'. *മാതൃഭൂമി ആഴ്ചപ്പതിപ്പ്.* ഫെബ്രുവരി 1.

മലയിൽ, അഭിലാഷ്. 2020. 'ലാൻഡ് റെഷീം, അഗ്രിക്കൾച്ചറൽ പ്രൊഡക്ഷൻ ആൻഡ് ദി പൊളിറ്റിക്സ് ഓഫ് ക്രെഡിറ്റ് മണി ഇൻ എയ്റ്റീൻത്ത് സെൻചറി മലബാർ'. ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (മാണ്ടി) യിൽ സമർപ്പിച്ച പി.എച്ച്.ഡി. പ്രബന്ധം.

മുസഫർ അഹമ്മദ്, വി. 2021. 'നായാട്ട്കഥകളിലെ മലബാർ കലാപം'. *പച്ചക്കുതിര.* ഫെബ്രുവരി.

മേനോൻ, ദിലീപ് എം. 1994. *കാസ്റ്റ്, നാഷണലിസം ആൻഡ് കമ്മ്യൂണിസം ഇൻ സൗത്ത് ഇൻഡ്യ: മലബാർ, 1900–1948.* കേംബ്രിഡ്ജ്: കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി പ്രസ്സ്.

രംഗരാജൻ, മഹേഷ് (എഡി.). 1999. *ദി ഓക്സ്ഫഡ് ആന്തോളജി ഓഫ് ഇൻഡ്യൻ വൈൽഡ്ലൈഫ്.* 2 വോള്യങ്ങൾ. ന്യൂ ഡെൽഹി: ഓക്സ്ഫഡ് യൂണിവേഴ്സിറ്റി പ്രസ്സ്.

ലോഗൻ, വില്യം. 1879. *എ കളക്ഷൻ ഓഫ് ട്രീറ്റീസ്, എൻഗേജ്മെന്റ്സ് ആൻഡ് അദർ പേപ്പേഴ്സ് ഓഫ് ഇംപോർട്ടൻസ് റിലേറ്റിംഗ് ടു ബ്രിട്ടീഷ് അഫയേഴ്സ് ഇൻ മലബാർ.* കാലിക്കറ്റ്: എ. മാനുവൽ.

ലോഗൻ, വില്യം. 2000 (1887). *മലബാർ.* 2 വോള്യങ്ങൾ. തിരുവനന്തപുരം: കേരള ഗസറ്റീഴ്സ്.

വിഗ്രം, ഹെർബെട്ട്. 1882. *എ കമന്ററി ഓൺ മലബാർ ലാ ആൻഡ് കസ്റ്റം.* മദ്രാസ്: ഗ്രേവ് കോട്ടൺ ആൻഡ് കമ്പനി.

ശിവദാസമേനോൻ, എം.പി. 2002 (1959). *മലബാറിലെ ശിക്കാറ്.* കോട്ടയം: ഡി.സി.ബുക്സ്.

ശ്രീലത, ബി, പി.കെ. ഗിരീഷ്മോഹൻ. 2017. 'എ ഹിസ്റ്റോറിക്കൽ സ്റ്റഡി ഓഫ് കല്യാട്ട് താഴത്തുവീട് ആൻഡ് കൂടാളി താഴത്തുവീട് തറവാട്സ് ഓഫ് കണ്ണൂർ ഡിസ്ട്രിക്ട്'. കെ.സി.എച്ച്.ആർ-നു സമർപ്പിച്ച റിപ്പോർട്ട്.

ശ്രേഷ്ഠ, സ്വാതി. 2009. 'സാഹിബ്സ് ആൻഡ് ശിക്കാർ: കൊളോണിയൽ ഹണ്ടിംഗ് ആൻഡ് വൈൽഡ്ലൈഫ് ഇൻ ബ്രിട്ടീഷ് ഇൻഡ്യ'. ഡ്യൂക്ക് സർവ്വകലാശാലയിൽ സമർപ്പിച്ച പി.എച്ച്.ഡി. പ്രബന്ധം.

സഖറിയാസ്, ജെയിംസ്, കെ.ടി. റാംമോഹൻ (എഡി.). 'നായാട്ടുകേരളം: തെരഞ്ഞെടുത്ത രചനകൾ, പഠനക്കുറിപ്പുകൾ' (അച്ചടിയിൽ).

സ്കറിയ, ജോസഫ് (എഡി.). 1994. *പഴശ്ശിരേഖകൾ.* ചങ്ങനാശ്ശേരി: കേരളപഠനകേന്ദ്രം, സെയിന്റ് ബർക്ക്മാൻസ് കോളെജ്.

സ്കറിയ, ജോസഫ് (എഡി.), 1996. *തലശ്ശേരി രേഖകൾ.* ചങ്ങനാശ്ശേരി: കേരളപഠനകേന്ദ്രം, സെയിന്റ് ബർക്ക്മാൻസ് കോളെജ്.

1

മാമൂ മാഹിഷം

കൽപിതകഥയും നായാട്ടുകഥയും തമ്മിൽ ഒരു പ്രധാന വ്യത്യാസമുണ്ട്. കൽപിതകഥയിൽ സന്ദർഭത്തിനൊത്തുയരുന്ന കൽപനാശക്തി മാത്രമേ വേണ്ടൂ. നായാട്ടുകഥയിൽ – കഥനയോഗ്യമായ സംഭവമാണെങ്കിൽ – സന്ദർഭത്തിനൊത്തുയരുന്ന പുരുഷൻ തന്നെ വേണം. കാഥികനാണ് ആ പുരുഷനെങ്കിൽ കഥ ആത്മപ്രശംസയായി മുദ്രകുത്തപ്പെടും. കാതലായ ഭാഗം വിട്ടുകളഞ്ഞാൽ കഥ "ഒരു കഥയായി" തരംതാണു പോവുകയും ചെയ്യും. അതുകൊണ്ട് നിങ്ങളെന്തു വിചാരിച്ചാലും അസ്തു; സംഭവിച്ചത് ഇടവും വലവും നോക്കാതെ സത്യസന്ധമായി പകർത്തുകയാണ്. സ്ഥലദാതാവായ പത്രാധിപരുടെ ദാതൃത്വം കു...സു...പ്രസിദ്ധമാണ്. കഥ നീണ്ടുപോയാൽ അദ്ദേഹം മുഖത്തിനൊരു കോട്ടവുമില്ലാതെ "നിർവ്യാജം വ്യസനിച്ചു" കൊണ്ട് സാധനം തിരിച്ചയച്ചേക്കുമെന്ന് ഭയന്ന് പാടുള്ളെടത്തോളം നീളം ചുരുക്കിയേക്കാം.

സാമാന്യം നല്ല നിലയിലേർപ്പാടുചെയ്ത ഒരു നായാട്ട്. ചിറക്കൽ, കോട്ടയം താലൂക്കുകളിലെ ഗോത്രവർഗ്ഗക്കാരായ കരിമ്പാലർ, മാവിലർ മുതലായ കാടന്മാരും "സ്വസ്ഥം, ജന്മി, നായർ" ഇനത്തിൽപ്പെട്ട സ്ഥലത്തെ പ്രധാന ദിവ്യന്മാരും ഒക്കെക്കൂടി 27 തോക്കുകാരും 40 ലധികം കാട്ടുകാരും – കാടിളക്കുന്നവർ – ഉള്ള തകർപ്പൻ നായാട്ട്. നായാട്ടിന്റെ സമ്പ്രദായങ്ങൾ കണ്ടും

കേട്ടും പഠിക്കുവാനാഗ്രഹമുള്ള രണ്ട് "ഗസറ്റഡ്" പാശ്ചിമാത്യ ന്മാരുടെയും അകമ്പടിസേവിക്കുന്ന "അഗസറ്റഡ്" നാടന്മാരു ടെയും പരമരസികനായ രൈരുമാസ്റ്ററുടെയും – എ.കെ.ജിയുടെ അച്ഛൻ – സാന്നിദ്ധ്യത്തിലാണ് സംഭവം നടക്കുന്നത്. ഞങ്ങ ളുടെ ബങ്കളാവ് നിൽക്കുന്നതിന്റെ വടക്കുകിഴക്കേ കോണിലുള്ള "കാക്ക പറക്കുമ്പോലെ അളന്നാൽ" – നിങ്ങൾക്കാ വിദ്യ അറി യുമെങ്കിൽ അളന്നു നോക്കിക്കോളൂ – നൂറ്റിയമ്പതുവാര മാത്രം അകലെ കിടക്കുന്ന ഒരു കുന്നാണ് നായാടുന്ന കാട്. രണ്ടു കു ന്നുകളുടെയും ഇടയിൽ ഒരമ്പതുവാര. മെട്രിക്ക് നിർബന്ധമാ ണെങ്കിൽ കണക്ക് നിങ്ങൾ കൂട്ടണം. എനിക്കാ ദശാംശവ്യവസ്ഥ ഇനിയും പിടികിട്ടീട്ടില്ല. വീതിയുള്ള വയലാണ്.

നായാട്ട് തുടങ്ങി, തലവിളി കൊടുത്തു. തെളിക്കാരുടെ "പിടിച്ചോ ഹോയി, ഹോയി" വിളികൾ മുഴങ്ങി. ഞാനും മാമുവും കാടിന്റെ പടിഞ്ഞാറു ഭാഗത്ത് നല്ല ഓരോ കടവിന് – വില്ലെ ന്നാണ് കടവിനിവിടെ പറയുന്ന പേര്. വില്ലിന് തോക്കോടുകൂടി നിൽക്കുന്നവർ വില്ലന്മാരും – പതിയിരിപ്പുണ്ട്. കാട്ടുകാർ (തെളി ക്കുന്നവർ) കാടിന്റെ ഏതാണ്ട് പകുതി ഭാഗമെത്തുമ്പോഴേക്കും കൂടക്കൂടെ രണ്ടു വെടി വടക്കുഭാഗത്തുനിന്ന് പൊട്ടി. കുറച്ചിട വിട്ട് ഒരു വെടി തെക്കുകിഴക്കേ കോണിൽനിന്നും അലറി. ഒര ഞ്ചുമിനുട്ടിനകം തെളിക്കാർ നിശ്ശബ്ദരായി. നായാട്ടു നിയമപ്ര കാരം "ആൾക്ലിയർ" കൂവൽ കേൾക്കാതെ വില്ലൊടിയാൻ പാ ടില്ലാത്തതുകൊണ്ട് തെളി നിർത്തിയതിന്റെ കാരണമറിയാൻ അക്ഷമരായി ഞങ്ങൾ കാത്തുനിന്നു. കാടിന്റെ പകുതി കഴിഞ്ഞ് കിഴക്കേ ചെരുവിലിറങ്ങിയാൽ ഞങ്ങൾക്ക് ഒരു ശബ്ദവും കേൾക്കാൻ സാദ്ധ്യവുമായിരുന്നില്ല.

കാൽമണിക്കൂറിനുശേഷം "ആൾക്ലിയർ കൂവൽ" കേട്ടു. ഞങ്ങളുടെ ഭാഗത്തുള്ള വെടിക്കാരെല്ലാം വയലിലിറങ്ങി. ബങ്ക

ളാവിൽ നിന്ന് എന്റെ അച്ഛനും അതിഥികളും ഇറങ്ങിവന്നു. കുറച്ചുകൂടി കഴിഞ്ഞപ്പോൾ ഒരു "കുമാരി" പന്നിയേയും ഭേസി മറ്റുള്ള മിക്ക നായാട്ടുകാരും എത്തിച്ചേർന്നു. ആദ്യത്തെ രണ്ടു വെടിക്ക് ആ "നമ്രമുഖി" തന്റെ മാംസം ഞങ്ങളുടെ "ടിഫീനിന്" ദാനം ചെയ്തിരുന്നു. മൂന്നാമത്തെ വെടി ഒരു കാട്ടുപോത്തിനായിരുന്നു. ആറെണ്ണമുള്ള ഒരു സംഘത്തിന്റെ നായകന്. അഞ്ചെണ്ണം കാടുകടന്ന് പുറത്തുപോയിരിക്കുന്നു. നായകൻ വെടിയേറ്റപ്പോൾ നായാടുന്ന കാട്ടിലേക്കു തന്നെ മടങ്ങിപ്പാഞ്ഞിട്ടുണ്ടെന്ന വെടിക്കാരന്റെ വിളിച്ചറിയിപ്പനുസരിച്ച് കാട്ടുകാർ തെളി നിർത്തി പുറത്തിറങ്ങിയതാണ്. വെടിവെച്ചത് കരിമ്പാലൻ ചാമൻ. വെടി നല്ല സ്ഥാനത്ത് കൊണ്ടിട്ടുണ്ടെന്നും ധാരാളം രക്തം പ്രവഹിച്ചിട്ടുണ്ടെന്നും തലയെടുപ്പും തടിമിടുക്കും തികഞ്ഞ ഒരു "ആസന്ന" മെയിജറാണവനെന്നും കുറച്ച് നല്ല കരുതലോടെ മാത്രമേ മൂപ്പരെ സമീപിച്ചുകൂടൂ എന്നും ചാമൻ റിപ്പോർട്ടാക്കി.

ഒരു വട്ടസമ്മേളനത്തിനുശേഷം - മേശ ബങ്കളാവിലായിരുന്നു - വെടികൊണ്ട കാട്ടിയെ തിരഞ്ഞുപോയി അതിനെ "ക്ലോസാ"ക്കിയശേഷം നായാട്ട് തുടരാമെന്ന് എല്ലാവരും തീർച്ചപ്പെടുത്തി. നായാടുന്ന കാട്ടിന്റെ കിഴക്കും പടിഞ്ഞാറും ധാരാളമാളുകൾ പാർക്കുന്ന ഗ്രാമങ്ങളാണ്. രണ്ടു ഗ്രാമങ്ങളെയും ബന്ധിക്കുന്ന ഒരൂടുവഴി ആ കാട്ടിൽ കൂടിയുണ്ട്. തന്നിമിത്തം അങ്ങോരെ സ്വൈരസഞ്ചാരത്തിനു വിടുന്നത് ആപൽക്കരമാണെന്ന അച്ഛന്റെ അഭിപ്രായം എല്ലാവരും ആദരിച്ചു. അച്ഛനും അതിഥികളും പന്നിമാംസപ്രധാനമായ ഒരു "ലഞ്ചിന്റെ" മധുരപ്രതീക്ഷകളോടെ ബങ്കളാവിലേക്കു മടങ്ങി. "അറബിക്കടൽ ബതബ്രാണ്ടിയായ് വരട്ടെ, ഹിമവാൻ പർവ്വതമിഷ്ടമായ് വരട്ടെ" എന്ന് സരസകവി കെ.സി. നാരായണൻ നമ്പ്യാർ പാടിയ കാലമാണ്.

കേവലം നിഷേധാർത്ഥവാചി മാത്രമായ "പ്രൊഹിബിഷൻ" എന്ന ഇംഗ്ലീഷ് വാക്കിന് മദ്യവുമായി യാതൊരു പ്രത്യേക ബന്ധവുമില്ലാത്ത "എ വൺ തെളിഞ്ഞ സൗവർണ്ണകാല"മാണ്. പിന്നെ "ലഞ്ച്"... ഒരു ലഞ്ച് തന്നെയായിരിക്കുമെന്ന് ഊഹ്യം, അല്ലെങ്കിൽ സ്പഷ്ടം.

ഞങ്ങൾ - ഞാൻ, മാമൂക്ക, ചാമൻ, ജ്യേഷ്ഠൻ ചന്തിരൻ - നാലുപേർ കാട്ടുപോത്തിനെ തിരഞ്ഞുപോകാൻ സർവ്വസമ്മതമായി തെരഞ്ഞെടുക്കപ്പെട്ടു. ചാമന്റെ നേതൃത്വത്തിൽ ആദ്യത്തെ വെടിപൊട്ടിയ സ്ഥലത്തേക്ക് ഞങ്ങൾ പുറപ്പെട്ടു.

കാട്ടുപോത്ത് എന്നു കേൾക്കുമ്പോൾ, നിങ്ങളുടെ മനസ്സിൽ ഉദിച്ചുയരുന്നത്, പട്ടണപരിസരങ്ങളിൽ സർവ്വവാഹനങ്ങളെയും മാർഗ്ഗനിരോധംചെയ്ത് വണ്ടിക്കാരുടെ ശകാരവൊക്കാബുലരി - ഡ്രൈവർമാർ ക്ഷമിക്കണം. അവരോട്ടുന്നതും വണ്ടിയാണല്ലോ - മുഴുവൻ കേട്ടുതീർന്നശേഷംമാത്രം അക്ഷോഭ്യനായി മാറിനിൽക്കുന്ന നാടൻപോത്തിന്റെ അല്ലെങ്കിൽ എരുമയുടെ ചിത്രമല്ലേ? മദിരാശിക്കും മംഗലാപുരത്തേക്കും പോകുന്ന പരന്ന് ചുക്കിച്ചുളിഞ്ഞ് വികൃതമായ രണ്ടു കൊമ്പുകളോടും "കാറണിച്ചളി നീളെപ്പുരണ്ട്" വൃത്തികെട്ട് നാറുന്ന മേനിയോടും കണക്കിലധികം അവീൻ ഭക്ഷിച്ചവന്റെ നിസ്സംഗത്വത്തോടും കൂടി "സകലമാനപേരുടെയും" ആട്ടും അടിയും ഏറും വാങ്ങി അനുഭവിച്ച് ആടിയാടി പിച്ചതെണ്ടുന്ന ആ നിസ്സർഗ്ഗ നിസ്തേജന്റെ ചിത്രം തന്നെയല്ലെ? നിങ്ങൾ തിരിഞ്ഞ് നിൽക്കിൻ. അവനവിടെ നിൽക്കട്ടെ. നമുക്ക് ആ കാടനെ ഒന്ന് പരിചയപ്പെടുക.

ഇരുപാർശ്വവും അൽപമൊന്ന് പരന്ന വടിവൊത്തുരുണ്ട "ബ്രാക്കറ്റ്" കൊമ്പുകൾ, നാടനെക്കാളും ചുറ്റളവും നീളവും കൂടിയ ചെവികൾ. ഒട്ടും ചുളിവില്ലാത്ത വിശാലമായ ഫാലസ്ഥ

ലം. കറുത്തിരുണ്ട് രൗദ്രത സ്ഫുരിക്കുന്ന കണ്ണുകൾ. മൂക്കോളം തപസ്സുചെയ്താൽ കൂടി മറ്റൊരു മൃഗത്തിനും കിട്ടാത്ത നീണ്ടുയർന്ന മൂക്ക്. തടിച്ച കരിംചുണ്ടുകൾ. കുറുകിയ കഴുത്ത്. മിന്നിത്തിളങ്ങുന്ന "ബ്ളൂബ്ലാക്ക്" നിറത്തിൽ ഉരുട്ടിക്കെട്ടിയ മാംസളമായ ശരീരം. തനിക്കുതാൻ പോരിമയും കരളുറപ്പും തുള്ളിത്തുളുമ്പുന്ന മുഖഭാവവും ഉറച്ച കാൽവയ്പ്പും.

നടേപ്പറഞ്ഞ ആഭാസനിൽ നിന്നും കണ്ണുകൾ പറിച്ചെടുത്ത് നിങ്ങൾ ഈ വിദ്വാനെ ഒന്നു സൂക്ഷിച്ചു നോക്കിൻ... നോക്കിയോ?... ശരി. എന്നാൽ ഇക്കാണുന്നതാണ് പടച്ചവൻ പടച്ചുവിട്ട സാക്ഷാൽ പോത്ത്. അന്തകന്റെ സവാരിമൃഗം. ഞാൻ പറയുന്ന കാട്ടുപോത്ത്. കാട്ടി. മലബാർ വനങ്ങളിൽ സാധാരണ കണ്ടുവരുന്ന ഈ വിദ്വാൻ ശരിയായ കാട്ടുപോത്തല്ലെന്നും കാട്ടുകാളയാണെന്നും പക്ഷാന്തരമുണ്ടെന്നകാര്യം ഞാൻ വിസ്മരിക്കുന്നില്ല. പക്ഷെ ഇവിടുത്തെ നടപ്പനുസരിച്ച് കാട്ടിയെ കാട്ടുപോത്തെന്നുതന്നെ വിളിക്കുകയാണ്.

മുഖഭാവത്തിൽ രൗദ്രരസം മാത്രമേ കാണുകയുള്ളുവെങ്കിലും കാട്ടി സ്വഭാവത്തിൽ സൗമ്യനാണ്. നല്ല പച്ചപ്പുല്ലും വെള്ളവുമുള്ളേടമാണ് മൂപ്പിലാന്റെ വിഹാരരംഗം. നാടൻ പതിപ്പിനെപ്പോലെ ചളിയിൽത്തന്നെ വീണുരുണ്ട് തനിനിറം നഷ്ടപ്പെട്ട കാടനെ കാണുക പ്രയാസമാണ്. വെയിലിന്റെചൂട് നല്ലവണ്ണം ആറി "അഭ്രഖണ്ഡങ്ങൾ അന്തിച്ചോപ്പോലുന്ന" സമയം മുതൽ തെല്ലൊരു ലജ്ജയുള്ളതുപോലെ ആദിത്യൻ ശുക്രനെ എത്തിനോക്കുന്നതുവരെ അങ്ങോർ ഭക്ഷിക്കും. മദ്ധ്യാഹ്നസമയം ഒന്നു മയങ്ങണമെന്നത് നിർബന്ധമാണ്. അത്താഴംകൊണ്ട് തുടങ്ങി പ്രാതലിലവസാനിപ്പിക്കുന്ന ആ അഖണ്ഡ ഭക്ഷണയജ്ഞത്തിനുശേഷം കാട്ടിലേക്ക് കയറിപ്പോകുന്ന കുളമ്പടി പിന്തുടർന്നു

പോയാൽ മൂപ്പരുടെ മദ്ധ്യാഹ്നനിദ്ര അന്ത്യനിദ്രയായി മാറ്റാൻ വെടിക്കാരന് സാധിക്കും. എത്രയോ തവണ സാധിച്ചിട്ടുണ്ട്.

ഒറ്റതിരിഞ്ഞു ജീവിക്കുന്ന കാട്ടിയെ വളരെ ചുരുക്കമായേ കാണുകയുള്ളൂ. ഇരുപത്തിരണ്ടെണ്ണംവരെയുള്ള സംഘത്തെ ഈ ലേഖകൻ കണ്ടിട്ടുണ്ട്. ഓരോ സംഘത്തിനും ഒന്നും രണ്ടും നേതാക്കന്മാരുള്ളതായി അനുമാനിക്കാൻ വഴിയുണ്ട്. സ്വൈര്യമായി മേയുന്നതിനിടയ്ക്ക് പരിചിതമല്ലാത്ത ശബ്ദം കേൾക്കുകയോ മണമേൽക്കുകയോ ചെയ്താൽ നല്ല വലിപ്പമുള്ള ഒന്നും ചിലപ്പോൾ രണ്ടും ഭവ്യന്മാർ സംഘത്തിൽ നിന്നും വേർവിട്ട് സംശയം തോന്നിയ ഭാഗത്തെ ലക്ഷ്യമാക്കി കുറച്ചടി മുമ്പോട്ടു നടന്ന് കണ്ണും ചെവിയും ആ ഭാഗം നട്ട് നിശ്ചലമായി നിൽക്കും. സംഘത്തിലുള്ള മുഴുവൻ എണ്ണവും ആ സമയം മേയാതെ ഓടാൻ തയ്യാറെടുത്തു നിൽക്കും. നേതാവ് തലതാഴ്ത്തി മേയാൻ തുടങ്ങിയാൽ ബാക്കിയുള്ളവയും അതിനെ അനുകരിക്കുന്നു. അല്ല സംശയം സ്ഥിരീകരിക്കപ്പെടുകയാണ് ചെയ്യുന്നതെങ്കിൽ നേതാവ് തിരിഞ്ഞു തുള്ളാനാരംഭിക്കുമ്പോഴേക്കും ബാക്കിയുള്ളവ അഞ്ചുംആറും ചാട്ടം ചാടിക്കഴിഞ്ഞിട്ടുണ്ടാവും. രാത്രി സെർച്ച്ലൈറ്റിന്റെ വെളിച്ചത്തിൽ പെട്ടുപോയാലും കാട്ടിക്കൂട്ടം ഇപ്രകാരം തന്നെയാണ് പെരുമാറി കണ്ടിട്ടുള്ളത്. സ്വൈരവിഹാരത്തിന് ഭംഗം നേരിടുമ്പോൾ ചെവികൾ വട്ടംപിടിച്ച് തലയുയർത്തി കൊമ്പുകൾ മുതുകിൽ ചായ്ചുവെച്ച് മൂക്ക് അൽപമൊന്ന് വികസിപ്പിച്ച് അധൃഷ്യതയും ആസുരത്വവും ഓളം വെട്ടുന്ന ആ കറുത്തിരുണ്ട കണ്ണുകൾ “ആരെടാ” എന്നു ചോദിക്കും. “ഞാനെടാ” എന്ന് പ്രവചിക്കാൻ കെൽപും കോപ്പുമുള്ള തച്ചോളി കുറുപ്പും മതിലൂർ ഗുരിക്കളും കൂടി ആ അവസരത്തിൽ തന്നത്താനറിയാതെ “റാൻ; അടിയൻ” എന്നുത്തരം പറഞ്ഞു പോവുകയും ചെയ്യും.

തനി ദുർവ്വാസാവ് മോഡൽ അരിശവും വാശിയുമാണ് മുറിയേറ്റ കാട്ടി പ്രദർശിപ്പിക്കുക. വെടിക്കാരനെ വെടി പൊട്ടുന്നതിനുമുമ്പ് ഒരുനോക്ക് കണ്ടുപോയതാണെങ്കിൽ വെടിപൊട്ടുമ്പോഴേക്കും കാട്ടി അവനുണ്ടായിരുന്ന സ്ഥലത്തെത്തും. ഒരു സംഹാരതാണ്ഡവമാടും. ഒന്നുരണ്ടവസരങ്ങളിൽ വെടി ഉദ്ദേശിച്ച സ്ഥാനത്ത് കൊള്ളാതിരുന്നപ്പോൾ ചീറിയടുക്കുന്ന കാട്ടിയിൽനിന്നും രക്ഷപ്പെടാനായി മറഞ്ഞുനിന്ന മരത്തിന്മേൽതന്നെ എങ്ങനെയോ ചാടിക്കയറിപ്പോയിട്ടുണ്ട്. കാട്ടി ആ മരച്ചുവട്ടിൽ കാവലിരിക്കുകയാണ് അപ്പോഴൊക്കെ ചെയ്തത്. മരത്തിന്മേൽനിന്ന് സൗകര്യം കിട്ടി അതിനെ വീണ്ടും വെടിവെച്ചു വീഴ്ത്തുന്നതുവരെ അത് കാട്ടിക്കൂട്ടിയ പരാക്രമം ഇന്നും ഒരു വിറയലോടുകൂടിയല്ലാതെ സ്മരിക്കാൻ സാദ്ധ്യമല്ല. വെടിവച്ചവനെ കാണാൻ സാധിച്ചിട്ടില്ലെങ്കിലും മുറിവേറ്റ ഭാഗത്തേക്ക് ഏതായാലും കാട്ടി പായും. പരിക്കിന്റെ ഏറ്റക്കുറവനുസരിച്ച് കുറേദൂരം പാഞ്ഞ് നല്ല മറവുള്ള സ്ഥാനത്ത് വളരെയധികം സമയം അതൊളിച്ച് കാത്തുനിൽക്കും. കണ്ണുകൊണ്ടു കാണാവുന്നത്ര ദൂരം സുസൂക്ഷ്മം പരിശോധിച്ചുകൊണ്ടേ ഓരോ അടിയും പിന്നാലെ പോകുന്നവൻ വെക്കാവൂ. കാണുന്ന മാത്രയാൽ വിദ്വാൻ ചാടിക്കഴുത്തിൽ വീഴുമെന്നത് തീർച്ചയാണ്. ശരിക്ക് ഭ്രൂമദ്ധ്യത്തിൽ വെടിയേറ്റാലും ആ ഭീകരൻ ഒരു മരണപ്പാച്ചിൽ പായാതിരിക്കില്ല. “തന്നില്ലം കണ്ടുമരിക്കാ”നാഗ്രഹമുള്ള വെടിക്കാരൻ കാട്ടിയെ വെടിവെക്കുന്നുണ്ടെങ്കിൽ ഒരു പാർശ്വത്തിൽനിന്ന് “കൈപ്പലക്ക്” വെടിവെക്കുകയാണ് നല്ലത്. എന്നാൽ അതിന്റെ ശക്തി പകുതി ക്ഷയിക്കും. അസാമാന്യ ഘനമുള്ള ഒരു ജന്തുവായതുകൊണ്ട് “ബാലൻസ്” തെറ്റിയാൽ അതിന്റെ മെയ്സ്വാധീനം പകുതികണ്ട് കുറയും എന്നുവച്ച് അങ്ങോട്ടടു

ക്കുകയുമരുത്. ഇത്രയധികം കുതിരശ്ശക്തി – ആനയൊഴിവാണേ – കയ്യടക്കിവെച്ചിട്ടുള്ള മറ്റൊരു മൃഗമുണ്ടോ എന്നു സംശയമാണ്.

നമുക്ക് കഥ തുടരുക. പത്രാധിപർ "നിർവ്യാജ വ്യസനത്തിന്റെ" വക്കത്തെത്തീട്ടുണ്ടാവും. ചാമന്റെ പിന്നാലെ ഞങ്ങൾ വെടിവെച്ച സ്ഥലത്തെത്തി. വളരെ അടുത്തുനിന്നാണ് വെടി. കവിഞ്ഞാൽ പത്തുവാര. ചാമനെ കാട്ടി കണ്ടിരുന്നില്ല. കാട്ടിക്കൂട്ടം "ട്രൊട്ട്" – നടത്തവുമല്ല ഓട്ടവുമല്ല തുള്ളിത്തുള്ളിപ്പോവുക എന്ന് തർജ്ജമ ചെയ്യാം – ചെയ്തു പോകുന്ന അവസരത്തിൽ കൂട്ടത്തിൽ വലിപ്പമുള്ളതിനെ ലക്ഷ്യമാക്കി ചാമൻ നിറയൊഴിച്ചതാണ്. വെടിയേറ്റ ഉടനെ മുറിവേറ്റ വലത്തുവശം തിരിഞ്ഞ് രണ്ടു ചാട്ടംചാടി ചാമന്റെ വളരെ അടുത്തുനിന്ന് പിന്നെയും വലത്തുവശം തന്നെ തിരിഞ്ഞ് കാട്ടി നായാടുന്ന കാട്ടിലേക്കുതന്നെ മടങ്ങിപ്പായുകയാണ് ചെയ്തത്. ഓരോ ചാട്ടത്തിനും ധാരാളം രക്തം തെറിച്ചുവീണിട്ടുണ്ട്. കാട്ടിയുടെ വലത്തെ കൈക്ക് സ്വാധീനംകുറഞ്ഞിട്ടുണ്ടെന്ന് കുളമ്പടയാളം കൊണ്ട് ഞങ്ങൾക്ക് മനസ്സിലായി.

ഞങ്ങൾ കുളമ്പടിയും രക്തംവീണ പാടും പിന്തുടർന്നു പോയി. ഒരു നൂറുവാര ഉള്ളിൽ പോയപ്പോഴേക്കും രക്തം കാണാതെയായി. കുറച്ചുകൂടി ചെന്നപ്പോൾ കാട്ടിക്കൂട്ടം മദ്ധ്യാഹ്ന വിശ്രമത്തിനൊരുക്കിവെച്ച സ്ഥലത്താണെത്തിച്ചേർന്നത്. അവിടുന്ന് നാലുഭാഗത്തേക്കും അവ പോയിട്ടുണ്ട്. ആ സ്ഥലത്തുതന്നെ വീണ്ടും സമ്മേളിച്ചിട്ടുമുണ്ട്. വെടികൊണ്ട കാട്ടിയുടെ കുളമ്പടി വേർതിരിച്ചറിയാൻ തീരെ അസാദ്ധ്യമായിവന്നു.

കൂട്ടത്തിൽവെച്ച് വെടികൊണ്ടതിന്റേതാവാൻ ഏറ്റവും സാദ്ധ്യതയുള്ള രണ്ട് കാലടിപ്പാടുകൾ ഞങ്ങൾ തിരഞ്ഞെടുത്തു. തെക്കേച്ചെരിവിലേക്ക് പോകുന്നത് ഞാനും ചാമനും, വടക്കെ

ച്ചെരിവിലേക്കുള്ളത് മാമുവും ചന്തിരനും പിന്തുടരാൻ തീർച്ച പ്പെടുത്തി ഞങ്ങൾ രണ്ടു വഴിക്ക് പിരിഞ്ഞു. ആ യാത്രയിൽ വിദ്വാനെ കണ്ടില്ലെങ്കിൽ നാലുപേരും വയലിൽ ചെന്നിറങ്ങാനും ആ കാടുതന്നെ വീണ്ടും തെളിക്കാനുമായിരുന്നു പ്ലാൻ.

രണ്ടു വഴിക്ക് പിരിഞ്ഞ് കാൽമണിക്കൂർ കഴിഞ്ഞില്ല, മാമുവും ചന്തിരനും പോയ വഴിക്കുനിന്ന് അത്യുച്ചത്തിലുള്ള നിലവി ളിയും കൂവലും കേട്ടു. ഞാനും ചാമനും ഒപ്പം തിരിഞ്ഞോടി. ആ ഓട്ടത്തിൽ ഞങ്ങൾക്ക് കാടും മുള്ളും ഒന്നും തടസ്സമായി അനുഭവപ്പെട്ടില്ല. ധരിച്ച കുപ്പായത്തിന്റെയും ഈശ്വരൻ തന്ന കുപ്പായത്തിന്റെയും പല ഭാഗങ്ങളും പല ദിക്കിലുമായി ചിന്നി ച്ചിതറി വീണുകിടപ്പുണ്ടെന്ന് പിന്നീടേ മനസ്സിലായുള്ളൂ. അതി രിക്കട്ടെ. ഒരുതരത്തിൽ ഞങ്ങൾ ചന്തിരന്റെ പിളർന്ന വായക്ക ടുത്തെത്തി. ചന്തിരൻ കാണുന്ന കാഴ്ച ഞങ്ങളും കണ്ടു. അവന്റെ ശബ്ദം മൂന്നുമടങ്ങ് വർദ്ധിക്കുകയും ചെയ്തു.

ഞങ്ങളുടെ പ്രിയപ്പെട്ട മാമൂക്കയുണ്ട് കാട്ടിക്കുട്ടന്റെ തല യിൽ. ഇരിപ്പുറയ്ക്കുന്നില്ല. എന്നാൽ താഴെ വീഴുന്നുമില്ല. ചുമ ട്ടുതൊഴിൽ ശീലമില്ലാത്ത ആ നാൽക്കാലി മെട്രിക്ക് കണക്കിൽ ശരിക്കും ഒരു ക്വിന്റൽ തൂക്കം വരുന്ന അസാധാരണമായ ഒരി ളകുന്ന ചുമട് തലയിൽ പെട്ടുപോയ വെപ്രാളം കൊണ്ട് തല കുലുക്കുകയും കുടയുകയും മുക്രയിട്ട് തുള്ളുകയും ചെയ്യുന്നു. കാട്ടിയുടെ ചലനത്തിനനുസരിച്ച് മാമു ചാഞ്ചാടുകയും ചെരി ഞ്ഞാടുകയും ചെയ്യുന്നു. ചുമടിന്റെ ചഞ്ചലസ്വഭാവം മൃഗത്തെ കൂടുതൽകൂടുതൽ വിറളിപിടിപ്പിച്ച് തുള്ളിക്കുന്നു. ഒപ്പം ചുമടും തുള്ളുന്നു. ധാരധാരയായി പ്രവഹിക്കുന്ന രക്തം കാട്ടിയുടെ കണ്ണിലും മൂക്കിലുമെല്ലാം ഒലിച്ചുചെന്ന് കാഴ്ചയ്ക്കും ശ്വാസ ത്തിനും തടസ്സമുണ്ടാക്കുന്നു. അതിന്റെ മുഖത്തിനുവന്ന വേഷ

പ്പകർച്ച അത്യന്തം ഭയാനകമായിരുന്നു. ഞങ്ങൾ തോക്ക് നീട്ടു ന്നുണ്ടെങ്കിലും വെടിവെക്കാനാവുന്നില്ല. സെക്കന്റിൽ പത്തുപ്രാ വശ്യം കാട്ടിയുടെ ഉടലും തലയും മാമുവും മാറിമാറി മുമ്പിൽ പ്രത്യക്ഷപ്പെടുമ്പോൾ എങ്ങനെ എവിടെ വെടിവെക്കും? ആ ദൃശ്യം ഞെട്ടലോടുകൂടിയല്ലാതെ ഇന്നും സ്മരിക്കുക വയ്യ. മാമു വിന്റെ ഗതിയെന്തെന്ന പരിഭ്രാന്തിയോടൊപ്പം അവനെ രക്ഷ പ്പെടുത്താനുള്ള കഴിവില്ലായ്മയിൽ നിന്നുടലെടുത്ത നിരാശയും കൂടിച്ചേർന്നപ്പോൾ ആത്മരക്ഷാ ചിന്തകൾ പറപറന്നു. ആ മഹി ഷാസുരന്റെ നേരെ തന്നത്താനറിയാതെ ഞങ്ങൾ പാഞ്ഞടുത്തു. ഏകദേശം ഒരഞ്ചുവാര അടുത്തു ചെന്നെത്തിയ ഞങ്ങൾ വെടി വെക്കാൻ പഴുത് നോക്കി ബദ്ധശ്രദ്ധരായി നിന്നു.

കാട്ടിയുടെ കൊമ്പിന്മേൽ കുടുങ്ങി "വട്ടാട്ട"മാടുന്ന മാമു ചുറ്റുപാടുമുള്ള വള്ളികളും മരക്കൊമ്പുകളും എത്തിപ്പിടിക്കാൻ സ്ഥിരപരിശ്രമം നടത്തുന്നത് ഞങ്ങൾക്ക് കാണാമായിരുന്നു. പിടി കിട്ടുന്നതൊക്കെ അടർന്നും പൊട്ടിയും പോവുകയായിരുന്നു. ഭാഗ്യശക്തിയെന്നുതന്നെ പറയട്ടെ കിട്ടിയതൊക്കെ പിടിക്കാ നുള്ള വെമ്പലിൽ എങ്ങനെയോ ഒരു നല്ല മരക്കൊമ്പ് മാമു വിന്റെ വലത്തുകയ്യിൽപ്പെട്ടു. ഇടത്തുകയ്യും അങ്ങോട്ടുതന്നെ ചെല്ലാൻ ഒട്ടും താമസം വേണ്ടിവന്നില്ല. ആ പിടി സാക്ഷാൽ "മർക്കടമുഷ്ടി"യാവാൻ – ആക്കാൻ – ആരുടെയും ഉപദേശമോ പ്രേരണയോ വേണ്ടിവന്നില്ല. കാട്ടിയുടെ പിന്നത്തെ തലകുലു ക്കലിൽ മാമൂക്കയുടെ ആസനം പങ്കുചേർന്നില്ല. കാട്ടി തലയോട്ടി വലിക്കാൻ തുടങ്ങി. ആസനവും കൊമ്പും തമ്മിൽ ഒരു കന ത്ത ബലപരീക്ഷ നടന്നു. പെട്ടെന്ന് ആ അവിഹിതവും വിചി ത്രവും ആയ ബന്ധം അറ്റു. കണക്കിലധികം പരിഭ്രമിച്ച് ബേജാ റായിരുന്ന കാട്ടിക്കുട്ടൻ എങ്ങനെയോ തടിതപ്പിയെന്ന ആശ്വാ

സത്തിൽ പരിസരം മുഴുവൻ ചവിട്ടിക്കുലുക്കിക്കൊണ്ട് കണ്ണും ചിമ്മി നേരെ വടക്കോട്ട് പറപറന്നു. മാമുവതാ മരക്കൊമ്പോടൊപ്പം മെല്ലെമെല്ലെ താണുതാണു വരുന്നു. കൊമ്പു പൊട്ടുന്നതിനുമുമ്പ് ഞങ്ങൾ മൂന്നുപേരും ആ ഭാഗ്യവാനെ താങ്ങി നിലത്തിറക്കി. അതിസാവധാനം ഞങ്ങൾ അവനെ വലത്തുവശം ചെരിച്ച് നിലത്തു കിടത്തി. ചന്തിരൻ ഓടിപ്പോയി ഏതോ ഒരു ചെടിയുടെ ഇല പറിച്ചുകൊണ്ടുവന്നു. അത് തിരുമ്പിപ്പിഴിഞ്ഞു കിട്ടിയ ധാരാളം നീര് മാമുവിന്റെ മുറിവിൽ ഒഴുക്കി. അവിടം മുഴുവൻ ഒരു രക്തപ്രളയം തന്നെയായിരുന്നു.

സംഭവിച്ചതിതാണ്. മാമുവും ചന്തിരനും പത്തുപതിനഞ്ചു വാര അകലത്തിൽ വടക്കെ ചെരിവിൽകൂടി പടിഞ്ഞാറോട്ട് നീങ്ങുകയാണ്. കുന്നിന്റെ മുകൾത്തട്ടിനോടു ചേർന്ന് ചന്തിരനും അവന്റെ വലത്തുഭാഗത്ത് മാമുവും. തന്റെ ഇടത്തുഭാഗം കാട് ചന്തിരന്റെ “ജൂറിസിക്ഷനിൽ” പെടുന്നുവെന്ന് സങ്കല്പിച്ച് മാമു വലത്തുവശം മാത്രം ശ്രദ്ധചെലുത്തി. എന്തോ സംശയം തോന്നി വലത്തോട്ട് തിരിഞ്ഞിരുന്നു താണും ചെരിഞ്ഞും നോക്കുകയായിരുന്നു പുള്ളി. ചന്തിരൻ മുകൾത്തട്ടിനോട് ചേർന്ന് മുന്നോട്ടു നീങ്ങുമ്പോൾ തിങ്ങിവളർന്ന ഏച്ചിൽ ചെടികൾക്കിടയിൽ കാട്ടിയെ കണ്ടു. കാട്ടി വടക്കോട്ട് തലയുമായി ഒരു മരംചേർന്ന് നിൽക്കുകയായിരുന്നു. കാട്ടി മാമുവെ കണ്ടു. ചന്തിരനെ കണ്ടതുമില്ല. ചന്തിരൻ തോക്ക് നീട്ടുമ്പോഴേക്ക് കാട്ടി ചാടിച്ചെന്ന് തലയൊന്ന് താഴ്ത്തി പൊന്തിച്ചപ്പോൾ ഒപ്പം മാമുവും ഉയർന്നു. നല്ല തടിച്ച കാക്കിത്തുണി കൊണ്ടുള്ള “ട്രൗസറും” അമ്മാവനും അമ്മായിക്കും ഒരുപോലെ അണിയാൻ പറ്റുന്ന ആ സമചതുരൻ കുപ്പായവും - ഷർട്ടുമല്ല ജാക്കറ്റുമല്ല. നമുക്കതിനെ “ഷർക്കറ്റ്” എന്നു വിളിക്കാം. ഉൾനാടുകളിൽ അതിസാധാരണമായി കണ്ടു

വരാറുള്ള ഒരു കുപ്പായവിശേഷമാണത് – ആയിരുന്നു മാമുവിന്റെ വേഷവിധാനം. കാട്ടിയുടെ കൊമ്പ് ട്രൗസർ തുളച്ച് ശരീരത്തിൽ തറച്ചു. മാംസവും തുണിയും കെട്ടിപ്പിണഞ്ഞുപോയതുകൊണ്ട് കാട്ടിക്ക് തന്റെ പ്രധാന ആയുധം ഊരിയെടുക്കാൻ സാധിച്ചില്ല. ആ കാക്കിത്തുണിയുടെ ഉറപ്പാണ് യഥാർത്ഥത്തിൽ മാമുവെ രക്ഷിച്ചതും.

അഞ്ചുവാര അടുത്തെത്തിയ ഞങ്ങൾ വെടി പൊട്ടിക്കാതിരിക്കാൻ ജീവൽപ്രധാനമായ രണ്ടു കാരണങ്ങളുണ്ട്. ഒന്ന് ഉദ്ദേശിക്കുന്ന മർമ്മസ്ഥാനത്ത് വെടി കൊള്ളിക്കാനുള്ള വിഷമം. രണ്ട് മുറിവേറ്റ മൃഗം ആക്രമണം നടത്തുന്ന അവസരത്തിൽ വെക്കുന്ന വെടിക്ക് ഉരു നിലം പൊത്തണം. അല്ലെങ്കിൽ അതിന് അരിശം വർദ്ധിക്കുകയും ആക്രമണത്തിന് പതിന്മടങ്ങ് ശക്തി കൂടുകയും ചെയ്യും. അഥവാ ആ വെടി ഹേതുവായി അസാധാരണമായ ചുമടോടുകൂടി കാട്ടി "ഒളിമ്പിക്ക്" ഓട്ടം തുടങ്ങുകയാണെങ്കിൽ ഒരു "സാട്ടോപെക്കിനും" ഒപ്പം ഓടിയെത്തി മാമുവെ തിരിച്ചുവാങ്ങിക്കൊണ്ടു വരാനുമാവില്ല. അങ്ങോരെ പിന്നീട് പെറുക്കിയെടുത്ത് "സ്പെർപാർട്ട്" വിൽപനഷാപ്പിലേക്ക് അയയ്ക്കാൻ പാകത്തിലെത്തിച്ചേ കാട്ടി വിട്ടുപോവുകയുള്ളൂ.

വ്യക്തമായ നിർദ്ദേശങ്ങളോടെ ചാമൻ വയലിലേക്കുപോയി. ഞങ്ങൾ രണ്ടുപേരും മാമുവിന്റെ സമീപം ഇരുന്നു. അവന്റെ ആസനമൊഴിച്ച് ബാക്കി ഭാഗങ്ങൾ സർവ്വോൽക്കർഷേണ വർത്തിക്കുന്നുവെന്ന് മനസ്സിലാക്കാൻ ഞങ്ങൾക്കധികസമയമൊന്നും വേണ്ടിവന്നില്ല. ചില്ലറ ചില പൊള്ളലുകളും പോറലുകളും പല ദിക്കിലുമുണ്ടായിരുന്നത് നിസ്സാരമായിരുന്നു. മാമു ഒന്നും സംസാരിക്കുന്നില്ല. ഒരു വല്ലാത്തസ്തംഭനാവസ്ഥയിലാണ് കിടപ്പ്. ചന്തിരന്റെ മുഖത്ത് നോക്കി ഞാനൊന്ന് കണ്ണുചിമ്മി. അവൻ

അവന്റെ ഭാഷയിൽ ഒരു പ്രഭാഷണം തുടങ്ങി. “ഉംംം. പിന്ന ഇമ്മാപ്ള എന്ത്ക്കണാ ബിജാരിച്ചത്? പൊരക്ക്ന്ന് ബീടറയച്ചതാ കാട്ടീന? കാണുന്നേന് മുമ്പെ തലേക്കേറാൻ? ഏ... മാപ്ളേ... കണ്ടോന്റെ തലേപ്പാഞ്ഞു കേറ്യാ...” വാചകം മുഴുത്തില്ല, മാമു പൊട്ടിച്ചിരിച്ചു. “ചെലക്കാണ്ട് നിക്കെടാ. ആ ചവയ്ക്കാൻ പൊതി യിങ്ങെടുത്താട്ടെ” എന്ന് ഞങ്ങളെ കോരിത്തരിപ്പിച്ചുകൊണ്ട് തന്റെ ആവശ്യം ഉന്നയിച്ചു.

നാടൻ “സ്രെസ്റ്റച്ചറും” ആറു തോക്കുകാരും പിടിപ്പത് അമാ ലന്മാരും കുന്നിന്റെ തെക്കെച്ചെരിവിൽകൂടി മുകൾത്തട്ട് മുറിച്ചുക ടന്ന് ഞങ്ങളുടെ അടുത്തെത്തി. മാമൂക്കയെ എടുത്ത് അതിൽ കിടത്തി ചന്തിരനും മൂന്നു വെടിക്കാരും മുമ്പിലും ഞാനും ചാ മനും മൂന്നു വെടിക്കാരും പിന്നിലും ആയി സുശക്തമായ കാവ ലേർപ്പാടുകളോടെ ഞങ്ങൾ വയലിലേക്ക് പുറപ്പെട്ടു.

“സ്രെസ്റ്റച്ചറോ”ടുകൂടി കാട്ടിൽ നടക്കാനുള്ള ബുദ്ധിമുട്ട് പരി ഗണിച്ച് ഞങ്ങൾ വടക്കാശ്രയിച്ച് ഊടുവഴിക്കു നേരെയാണ് നീങ്ങിയത്. കുറച്ചു ദൂരമേ നടന്നുള്ളൂ. പിന്നിൽ നിന്നെന്തോ ശബ്ദം കേട്ടുവെന്ന് തോന്നി തിരിഞ്ഞു നോക്കിയപ്പോൾ ഏറ്റവും ഒടുവിൽ എന്നെ അകമ്പടി സേവിക്കുകയായിരുന്ന ചാ മൻ കണ്ടത് മുടന്നുമുടന്ന് നടന്നടുക്കുന്ന കാട്ടിക്കുട്ടന്റെ രക്തപ ങ്കിലമായ ഭയങ്കര മുഖമാണ്. കഷ്ടിച്ച് ഇരുപതുവാര അടുത്തെ ത്തിയിരിക്കുന്നു. അവൻ ഒട്ടും താമസിച്ചില്ല. വെടിപൊട്ടിച്ചു. ഒരു സെക്കന്റിനുള്ളിൽ എന്റെ ഇരട്ടക്കുഴൽ തോക്കിലെ രണ്ടുണ്ട കൾ കൂടി ആ മൃഗം വാങ്ങിയനുഭവിച്ചു. എന്നിട്ടും അതിന്റെ പക ശമിച്ചില്ല.

ഞങ്ങളാരും തന്നെ ആ വരവ് പ്രതീക്ഷിച്ചിരുന്നില്ല. “സ്രെസ്റ്റച്ചറും” കൊണ്ട് കുന്നുകയറി നടക്കാനുള്ള ബുദ്ധിമുട്ട് കണക്കിലെടുത്താണ് കാട്ടി ഓടിപ്പോയ ഭാഗമാണെങ്കിലും ഊടു

വഴി ലക്ഷ്യമാക്കി ഞങ്ങൾ പുറപ്പെട്ടത്. വളരെ കരുതലോടെ മാത്രമേ ഓരോ അടിയും വെക്കുന്നുള്ളൂവെങ്കിലും "സ്ട്രെച്ചർ" കൊണ്ടുപോകാനുള്ള സൗകര്യത്തിന് കാട് കുറെയൊക്കെ വെട്ടി ത്തെളിയിക്കേണ്ടതുണ്ടായിരുന്നു. കാട് കൊത്തുന്ന ശബ്ദവും കുറച്ചധികം ആൾക്കാർ കാട്ടിൽകൂടി നടക്കുമ്പോഴുണ്ടാവുന്ന "ഉരപ്പും" കേട്ടപ്പോൾ ആ "ദുർവ്വാസാവ് മോഡൽ" കോപത്തിന്റെ സർവ്വസംഹാരാത്മകമായ പ്രചോദനം ഹേതുവായി ഒരുകൈ കൂടി നോക്കാനുറച്ച് ക്ഷീണവും മെയ്സ്വാധീനക്കുറവും വിസ്മ രിച്ച് മുടന്നുമുടന്നടുക്കുകയായിരുന്നു കാട്ടിക്കുട്ടൻ. എന്റെ തോക്കൊഴിയുമ്പോഴേക്കും ചന്തിരനും കൂട്ടുകാരും വന്നു ചേർന്നു. ആപൽക്കരമാവുന്നത്ര അടുത്തെത്തുന്നതിനനുസരിച്ച് ഓരോ വെടി പൊട്ടിച്ചുകൊണ്ട് കാടും മുള്ളും ഗൗനിക്കാതെ ആവുന്നത്ര വേഗത്തിൽ ഓടാൻ "അമാലന്മാരെ" പ്രോത്സാഹി പ്പിച്ച് ഞങ്ങൾ ഊടുവഴിയിലിറങ്ങി. ഓരോ വെടിക്കും മുട്ടുകു ത്തി വീണുകൊണ്ടിരുന്ന ആ ഭയങ്കര മൃഗം ആ സമയത്തേക്ക് ഒമ്പതുണ്ടകൾ പല സ്ഥലത്തുമായി സമ്പാദിച്ചുവെച്ചിരുന്നു. എന്നിട്ടും പദേപദെ മുക്കുറയിട്ടും തലകുലുക്കിയും ഞങ്ങളെ പിന്തുടരുകയുമായിരുന്നു.

ഞങ്ങൾ വയലിലെത്തി. അച്ഛനും അതിഥികളും ആ പ്രദേ ശത്തുള്ള കുഞ്ഞുകുട്ടിപരാധീനങ്ങളത്രയും അവിടെ സന്നിഹി തരായുണ്ട്. "സ്ട്രെച്ചർ" താഴ്ത്തിവെച്ചപ്പോൾ ആ അത്ഭുതപുരു ഷനെകണ്ട് വന്ദിക്കാൻ നല്ലൊരു ഗുസ്തിമത്സരം തന്നെ നട ന്നു. ഡാക്ടരും എത്തിച്ചേർന്നു. കാട്ടിലെ നിലവിളി കേട്ടയുടൻ ഡാക്ടരെ കൂട്ടിവരാൻ അച്ഛൻ കാറയച്ചിരുന്നു. "വിനഷ്ടാർദ്ധ പൃഷ്ഠ"നായ്പ്പോയെന്നതിൽ കവിഞ്ഞ് മാമുവിനൊരു ചുക്കുമി

ല്ലെന്ന് ഡാക്ടർ വിധിച്ചു. തൽക്കാലം വേണ്ട ശുശ്രൂഷകൾ ചെയ്ത് മാമുവെയും കൂട്ടി അദ്ദേഹം ആസ്പത്രിയിലേക്കു പോവുകയും ചെയ്തു.

ചന്തിരനെയും ചാമനെയും ഓരോ ''സ്റ്റിഫ്പെഗ്ഗ്'' വിസ്കിയും ഈരണ്ട് ബിസ്കറ്റും സമ്മാനിച്ച് കാട്ടിക്കുട്ടനെ "ഭരതവാക്യം" ചൊല്ലിക്കാൻ അച്ഛൻ നിയോഗിച്ചു. വിസ്കിയും കാടിവെള്ളവും തമ്മിലുള്ള വ്യത്യാസമെന്തെന്നറിയാത്ത – "പെഗ്ഗും ഡ്രാമും ഗാലനു"മെല്ലാം പടിഞ്ഞാറൻ കണക്കാണെന്നും അത് ഇവിടേക്ക് പറ്റിയതല്ലെന്നും നമുക്ക് "കോപ്പ"ക്കണക്കാണ് അഭികാമ്യമെന്നും ചായ കുടിക്കുമ്പോഴൊക്കെ യുക്തിയുക്തം സമർത്ഥിക്കാറുള്ള – രൈരുമാസ്റ്റർ സ്വകാര്യം ചെരിച്ചു കൊണ്ടുവന്നു തന്ന വിസ്കിയത്രയും കണ്ണുംചിമ്മി ഒരൊറ്റമോന്തലിന് അകത്താക്കി. ഞാനും അച്ഛനറിയാതെ അവരുടെ കൂടെച്ചേർന്നു.

കാട്ടി എങ്ങട്ടും പോയിരുന്നില്ല. ഊടുവഴിയുടെ വക്കിൽ തന്നെ വയലിൽ നിന്നധികം ദൂരെയല്ലാതെ ഒരുറച്ച സംഹാര താണ്ഡവമാടിക്കൊണ്ട് അങ്ങോർ സർവ്വചരാചരങ്ങളെയും വെല്ലുവിളിക്കുകയായിരുന്നു. നടെപ്പറഞ്ഞ ആത്മപ്രശംസാവാദം ഭയന്ന് പിന്നെത്തെ ചെയ്തികളെക്കുറിച്ച് വിസ്തരിക്കുന്നില്ല. ആ ഭയത്തിൽനിന്ന് തികച്ചും മുക്തനാവാൻ മാത്രമുള്ള "തൊലിക്കട്ടി" ഷഷ്ടിപൂർത്തിയെത്തിയ ഘട്ടമായിട്ടും സംഭരിക്കാൻ സാധിച്ചിട്ടുമില്ല. ചുരുക്കിപ്പറയാം. വെടി പിന്നെയും ഏഴ് വെച്ചു. നാല് എന്റെ വക. കാട്ടി ക്ലോസ്."

ഇതെഴുതിയ കാലത്ത് മാമു ജീവിച്ചിരിപ്പുണ്ടായിരുന്നു. ഒരു കൊല്ലം മുമ്പാണന്തരിച്ചത്. ചാമൻ മരിച്ചിട്ട് ഒമ്പതു കൊല്ലത്തോളമായി. ചന്തിരൻ വയോവൃദ്ധനും ജ്ഞാനവൃദ്ധനുമായി

ഇപ്പോഴും സസുഖം വർത്തിക്കുന്നു. ഞാൻ ജീവിച്ചിരിപ്പുണ്ടെന്നുള്ളതിന് ഈ നീണ്ട "ബോറടി" മതിയായ തെളിവുമാണല്ലോ.

"കാട്ടിക്ക് എനിമ കൊടുക്കാനറിയുമെന്ന് ഞാനിപ്പഴേ മനസ്സിലാക്കിയുള്ളൂ. മാമുവിന് ഇനി ഒരിക്കലും 'കോൺസ്റ്റിപ്പേഷൻ' ഉണ്ടാവില്ല" എന്നു റൈരുമാസ്റ്റർ. ഓൻകോർ. "ഉണ്ടായിട്ടുമില്ല" എന്നു ഞാനും.

2

“വാരാഹ്യോദന്തമാഖ്യാസ്യേ
ശ്രീ.മാ.ഭൂ.പ പ്രചോദിതം”

നിങ്ങൾക്ക് വല്ലതും മനസ്സിലായോ? "പവ്വറി"നു വേണ്ടി തല കുലുക്കേണ്ട. അ; അങ്ങനെ പറയിൻ. ഒന്നും മനസ്സിലായിട്ടില്ല അല്ലേ? എന്നാൽ അതാണ് അതുതന്നെയാണ് എന്റെ ഉദ്ദേശ്യ വും. പന്നി എന്നു തലക്കെട്ടെഴുതിയാൽ ഉച്ചത്തിൽ വായന ശീ ലിച്ചവർ വായിച്ചു തുടങ്ങുമ്പോൾ സമീപസ്ഥർ തെറ്റിദ്ധരിക്കും. "അമ്പു കൊള്ളാത്തവരില്ല കുരുക്കളിൽ" എന്നല്ലെ പ്രമാണം. വാക്കേറ്റമോ ഒരുസമയം അടിപിടി തന്നെയോ നടന്നേക്കും. ഞാൻ നിമിത്തം അതുണ്ടാവരുതെന്ന് കരുതി ഗീർവ്വാണത്തിന്റെ വാല് കടന്നുപിടിച്ചതാണ്. പ്രയോഗം ശരിയല്ലെങ്കിൽ വേണ്ട. ഞാൻ ഒരു "ഒറ്റെൻ" പന്നിയുടെ കഥ അവതരിപ്പിക്കാൻ പോ കുന്നു. പുരാണങ്ങളിൽ റിക്കാർട്ടാക്കിയ അവതാരകഥയല്ല. ഇരു പതാംനൂറ്റാണ്ടിലെ ഒരു സംഭവകഥ.

ഹെൽത്താപ്പീസറുടെ "ഭൃത്യസ്യ ഭൃത്യ പരിചാരക ഭൃത്യ - ഭൃത്യ-ഭൃത്യസ്യ-ഭൃത്യ പരിചാരക ഭൃത്യ ഭൃത്യസ്യ - ഏവം ത്രിവാരം" ഭൃത്യനായി "ഗട്ടറി"ലെ നിത്യനൂതനങ്ങളായ മാംസ്യാം ശങ്ങളും കുപ്പത്തൊട്ടിയിലെ പലവക സസ്യാംശങ്ങളും ബഹു രുചിയോടെ ഭക്ഷിച്ച് "ഗട്ടർ" ഗവേഷകന്മാരുടെ അനഭിഷിക്ത ചക്രവർത്തിയായി ചെട്ടിയുടെ പിൻകുടുമയെ അനുസ്മരിപ്പി ക്കുന്ന വാലുമാട്ടി തത്തിത്തത്തി നടക്കുന്ന "പോർക്കറി"ന്റെ - എന്നുതന്നെ വേണമെന്ന് നിഘണ്ഡു ശഠിക്കുന്നു - നടപ്പിലോ

കിടപ്പിലോ വെറുതെ ഒരു തമാശയ്ക്കായാലും സൗന്ദര്യം കണ്ട ആൾ കവിയല്ല, മഹാകവിയല്ല, മഹാമഹാകക്കവിയായാൽക്കൂടി ആ മനുഷ്യനെ - അദ്ദേഹം കമ്പിത്തൂണോടും കല്ലായിപാല ത്തോടും പ്രോമാഭ്യർത്ഥന ചെയ്യാൻ തുടങ്ങുന്നതിനുമുമ്പ് - ഒരു നല്ല മനശ്ശാസ്ത്രവിദഗ്ദ്ധനെക്കൊണ്ട് പരിശോധിപ്പിക്കണം. അല്ലെങ്കിൽ ആപത്താണ്. അടുത്തപടി അദ്ദേഹത്തിന്റെ ആ തല കാഞ്ഞ സൗന്ദര്യദൃഷ്ടി എങ്ങോട്ടൊക്കെയാണ് പതിക്കുകയെന്ന് "ആരിക്ക് തെരിയും?" ഞാനുദ്ദേശിച്ചെഴുതുന്നത് കാട്ടുപന്നിയെ ക്കുറിച്ചാണ്. മേപ്പടിയാനെക്കുറിച്ചല്ല. അല്ലേയല്ല. രണ്ടും തമ്മി ലുള്ള അന്തരം നിങ്ങൾ നോക്കിൻ.

കാട്ടുപന്നിയും നാട്ടുപന്നിയും തമ്മിൽ സ്വഭാവത്തിൽ വൈജാത്യമേയുള്ളൂ. സ്വരൂപത്തിൽ സാജാത്യമുണ്ടുതാനും. കാട നാണ് നാടനേക്കാളും വലുപ്പം. കാടന് പ്രായാധിക്യമില്ലെങ്കിലും എപ്പോഴും വയറാധിക്യമുണ്ടാവും. ഭൂമിയോട് പറ്റിച്ചേർന്ന ഒരു കരിമ്പാറക്കെട്ട് രാത്രിസമയത്ത് നീങ്ങീനീങ്ങിപ്പോകുന്നതു ക ണ്ടാൽ വെടിക്കാരന് അത് പന്നിയാണ്. മറ്റേതു മൃഗത്തിനും ഭൂമിക്കും വയറിനുമിടയിൽ ഒരു വിടവുണ്ടാകും. കാടൻ സാധാ രണമായി സസ്യഭുക്കാണ്. സദ്യവട്ടമാണെങ്കിൽ നിലത്തിരയോ - ഞാഞ്ഞൂൽ - ഞണ്ടോ പാമ്പോ, നരിയമ്മാൻ സിദ്ധി കൂട്ടി പ ഴുക്കാനോ പുഴുക്കാനോ വെച്ച കന്നുകാലിയോ എന്തെങ്കിലും തരപ്പെടും. നാടനെപ്പോലെ ഇരുപത്തിനാലു മണിക്കൂറും മലി നവസ്തുക്കൾ തേടി തെണ്ടിത്തിരിയുകയില്ല. ഭൂഗർഭഗവേഷണ ഡിപ്പാർട്ട്മെന്റിലെ "ലാസ്റ്റ് ഗ്രെയിഡ്" ജീവനക്കാരനാണ് നാടൻ. അതിലെ ഗസറ്റഡ് ഡയറക്ടർ കാടനും. ഒരൊറ്റ മൺകൂമ്പാ രവും ഉരുളൻ കല്ലും "ഗവേഷിക്കാതെ" കടന്നുപോകുന്ന യാഥാ സ്ഥിതികനല്ല അങ്ങോർ. ഏതു പാമ്പിനെയും വിഴുങ്ങുമെന്നാണ് തോന്നുന്നത്. മാളങ്ങൾ കണ്ടാൽ മണ്ണെണ്ണനാളം പോലുള്ള

തന്റെ മൂക്ക് അതിനോടു ചേർത്തടുപ്പിച്ചുവെച്ച് ഒരൊറ്റ പ്രാണായാമം; പൂരകം; കുംഭകം; രേചകത്തിൽ മാളത്തിലെ ഉള്ളടക്കം വയറ്റിലും കാറ്റ് അനുസ്യൂതമായി പുറത്തും. വെടിവെച്ച പന്നിയുടെ വയറ്റിൽ നാലഞ്ചു പ്രാവശ്യം ഈ ലേഖകൻ പാമ്പിനെ കണ്ടിട്ടുണ്ട്. വേണമെങ്കിൽ “ചിതമ്പലുകൾ” കൃത്യമായി എണ്ണിക്കണക്കാക്കാമായിരുന്നു. പക്ഷെ ആ ജാതി “ചാരുകസാലാ ശാസ്ത്രജ്ഞാനം” കൊണ്ട് “ശിക്കാറിക്ക്” വിശേഷിച്ച് പ്രയോജനമൊന്നുമില്ല. അവന്റെ ദീർഘായുസ്സിന് അത് വളരെയൊന്നും ഉപകരിക്കുകയുമില്ല. വെറും പുസ്തകജ്ഞാനവും കൊണ്ട് കാടു കയറുന്ന “ശിക്കാറി” മടങ്ങിവരുന്നത് - ഒത്തെങ്കിൽ - പല്ലക്കിലായിരിക്കാനാണ് കൂടുതൽ സാദ്ധ്യത.

കുടുംബാസൂത്രണമെന്ന് ഏതുഭാഷയിൽ പറഞ്ഞാലും പന്നിക്ക് മനസ്സിലാവുകയില്ല. ആദ്യത്തെ പ്രസവത്തിൽ പന്ത്രണ്ടു മുതൽ പതിനാറു വരെ കുഞ്ഞുങ്ങളുണ്ടാവുമെന്നും പിന്നെ ഓരോ പ്രസവത്തിലും ഓരോ കുഞ്ഞുവീതം കുറഞ്ഞ് ഒടുവിലത്തെ പ്രസവത്തിൽ ഒറ്റ കുഞ്ഞുമാത്രമേ ഉണ്ടാവുകയുള്ളുവെന്നും ആ കുഞ്ഞാണ് സാക്ഷാൽ ഒറ്റൈൻ പന്നിയെന്നും പഴമക്കാർ പറഞ്ഞു കേട്ടിട്ടുണ്ട്. അത് ശരിയാണെന്ന് ശഠിക്കാൻ ഞാൻ ഒരുക്കമില്ല; എന്നാൽ തെറ്റാണെന്നു പറയുകയുമില്ല. അക്കാര്യത്തിൽ “ഈശ്വരൻ സാക്ഷി”. തെളിവു ഹാജരാക്കാൻ എന്നെക്കൊണ്ടാവില്ല. പ്രസവത്തിന് പന്നിയമ്മ തയ്യാറാക്കുന്ന സൂതികാഗൃഹം കാണേണ്ട കലാസൃഷ്ടിയാണ്. ചുള്ളിക്കൊമ്പും വള്ളിയും പുല്ലും ഒക്കെ മുറുകെ മടഞ്ഞുകെട്ടിയ ഏതാണ്ട് മൂന്നടി വരെ ഉയരവും പതിനഞ്ചടിയോളം ഉൾവിസ്താരവുമുള്ള ഒരു കൊച്ചു പുര തന്നെയായിരിക്കും അത്. അത്തരം കൊച്ചു പുരകൾക്കുള്ള ഒരു പ്രത്യേകത, അവ എല്ലാംതന്നെ നല്ല വടിവൊത്ത വൃത്താകൃതിയിലാണ് നിർമ്മിക്കപ്പെടുക എന്നു

ള്ളതാണ്. "കുടിഞ്ഞിൽ" എന്നാണ് പന്നിയുടെ സൂതികാഗൃഹ ത്തിന്റെ പ്രാദേശിക പേര്. നിരവധി കുടിഞ്ഞിലുകൾ ഞാൻ കണ്ടിട്ടുണ്ട്. എന്നാൽ വൃത്താകൃതിയിലല്ലാതെ മറ്റാകൃതികളിൽ നിർമ്മിക്കപ്പെട്ട ഒരൊറ്റ ഒന്നുപോലും ഞാനിതുവരെ കണ്ടിട്ടി ല്ല. ഉണക്കയിലകളും പുല്ലും ഒക്കെ "ചേരുന്നപടി ചേർത്ത" പട്ടുമെത്തയെക്കാളേറെ മാർദ്ദവമുള്ള കിടക്ക. പുറത്തിറങ്ങാനൊ ത്തില്ലെങ്കിൽ പട്ടിണി പറ്റാതിരിക്കാനുള്ള പലതരം ആഹാര സാധനങ്ങളും കുടിഞ്ഞിലിനുള്ളിൽ കാണാം. കാറ്റല്ലാതെ സൂര്യ രശ്മി പോലും ഉള്ളിൽ കടക്കയില്ല. പ്രവേശനദ്വാരം അതിസ മർത്ഥമായി മറച്ചിരിക്കും. അറിഞ്ഞോ അറിയാതെയോ കുടി ഞ്ഞിലിനെ സമീപിക്കുന്ന മനുഷ്യനടക്കമുള്ള എല്ലാ "പടപ്പു കളും" പന്നിയമ്മയുടെ ശത്രുക്കളാണ്. സ്വഗൃഹത്തിന് ഒരുലച്ചി ലെങ്കിലും തട്ടിച്ചാൽ ശ്രീമതി ആരെയും വെറുതെ വിടുകയുമി ല്ല. ഏതാണ്ട് ഒരു മാസം പ്രായമെത്തിയ പതിനൊന്ന് കുട്ടി കളെ ഊട്ടിപ്പോറ്റുന്ന ഒരു മാന്യമഹതിയെ ഞാൻ കണ്ടിട്ടുണ്ട്. അതിൽ കൂടുതൽ കുട്ടികളെ ഒരേ ഒരമ്മയുടേതാണെന്നു തീർത്തുപറയാൻ സാധിക്കുന്ന സാഹചര്യത്തിൽ കണ്ടിട്ടില്ല.

മുറിവേറ്റ പന്നിയുടെ പെരുമാറ്റത്തെക്കുറിച്ച് ഒരു പൊതു അടിസ്ഥാനം കണ്ടെത്താൻ എനിക്കിതുവരെ സാധിച്ചിട്ടില്ല. വെടി പൊട്ടുമ്പോഴേക്ക് കഴുത്തിൽ ചാടിവീഴുന്ന ഒരു വക. ഉണ്ട കൊ ള്ളുമ്പോൾ അത്യുച്ചത്തിൽ അതിദയനീയമായി നിലവിളിച്ചു കൊണ്ട് ഓടിമറയുന്ന മറ്റൊരു വക. രണ്ടിനെയും കാഴ്ചകൊണ്ട് വേർതിരിച്ചറിയാൻ സാദ്ധ്യവുമല്ല. അടുത്തെത്തുന്നതിന് എത്ര യോ മുമ്പ് നിങ്ങളെക്കൊണ്ട് "ഒളിമ്പിയൻ" ഓട്ടം ഓടിക്കാൻ അതിന് സാധിക്കും. "ബ, ബ്ബ, ബ്ബ, ബ്ബ" എന്ന് താണസ്ഥായിയിൽ തുടങ്ങി ക്രമപ്രവൃദ്ധമായി കഠിന പൊട്ടുംപോലെ പൊട്ടിത്തെ റിക്കുന്ന ഒടുവിലത്തെ "ബ്ബ"യിലെത്തുമ്പോൾ പന്നി ഇരുപത്ത

ഞ്ചു വാര ദൂരെയാണെങ്കിലും കാൽക്കലെത്തിക്കഴിഞ്ഞുവെന്ന പ്രതീതി ശബ്ദത്തിന്റെ ആരോഹണ സ്വഭാവം നിങ്ങളിലുണ്ടാക്കും. തിരിഞ്ഞു നോക്കാതെ ജീവനും കൊണ്ടോടുന്ന നിങ്ങൾ നൂറുവാരയെങ്കിലും ഓടിക്കഴിഞ്ഞതിനു ശേഷമേ വിദ്വാൻ നിങ്ങളെ കളിപ്പിച്ചതാണെന്ന പരമാർത്ഥം ഗ്രഹിക്കുകയുള്ളൂ. മാരകമായ മുറിവേൽക്കാത്ത പന്നി എതിർക്കാതെ ഓടിപ്പോവുകയാണെങ്കിൽ ഏറ്റവും അടുത്തുള്ള ചതുപ്പുനിലത്തേക്കാണത് പോവുക. ചളിമണ്ണ് മുറിവിൽ പറ്റിപ്പിടിക്കുന്നതുവരെ ആ ചളിയിൽ വീണുരുണ്ട് അത് “കൂനിച്ചികിത്സ” നടത്തും. മുറി സാരമായതാണെങ്കിൽ കുറച്ചു ദൂരം മാത്രം ഓടി പിന്തുടരുന്ന നിർഭാഗ്യവാനെ സമുചിതമായ നിലയിൽ സ്വീകരിക്കാനൊരുങ്ങി നിൽക്കും. കഴുത്തിന്റെ അറ്റത്ത് “റിവറ്റ്” ചെയ്തുറപ്പിച്ചതാണ് തല. “ഷോക്ക് അബ്സോർബർ” ഘടിപ്പിച്ചിട്ടുണ്ടോ എന്ന് നിശ്ചയമില്ല. പക്ഷെ തലസ്ഥിതിക്ക് അതത്യാവശ്യമാണ്. ഇരുഭാഗത്തും തിരിച്ചുനോക്കാനല്ലാതെ ഒരിഞ്ചുപോലും ഉയർത്തുവാൻ സാധിക്കാത്ത തലയുള്ള ഒരേയൊരു മൃഗം പന്നിയാണെന്നു തോന്നുന്നു. നാലടി ഉയരത്തിലാണ് ശത്രുവെങ്കിൽ അങ്ങോർ നിസ്സഹായനായി. നരിയമ്മാന് പന്നിയെ ഭയമാണ്. നേരിട്ട് സമരത്തിനൊരുങ്ങുകയില്ല. എന്നാൽ കൊന്ന് “ടിഫിനാ”ക്കുകയും ചെയ്യും. രണ്ടിന്റെയും ശരീരഘടനയിലുള്ള സാരമായ ഒരു പൊരുത്തക്കേടുകൊണ്ടാണ് നരിയമ്മാൻ അത് സാധിക്കുന്നത്. പട്ടിണി പന്നിയുടെ ശേഷിയും ശൗര്യവും കുറയ്ക്കുന്നു. നരിയമ്മാന്റേത് ഇരട്ടിപ്പിക്കുന്നു. ഒരുനിമിഷം പോലും അടങ്ങിയിരിക്കാനോ ആഹാരം കഴിക്കാനോ അനുവദിക്കാതെ വിടാതെ പിന്തുടർന്ന് ചിലപ്പോൾ ഒരാഴ്ചയോളം ഓടിച്ച് ക്ഷീണിപ്പിച്ചതിനു ശേഷമാണ് നരിയമ്മാൻ പന്നിയെക്കൊണ്ട് അടിയറവ് പറയിക്കുന്നത്.

അവതാരിക കുറെ കടന്നുപോയെന്നു തോന്നുന്നു. “മാ.ഭൂ. പ.” പുരികം ചുളിക്കുന്നുണ്ട്. നമുക്ക് നടെപ്പറഞ്ഞ “ഉദന്തം” തുടങ്ങുക. “നൽച്ചെന്തലപ്പാവുള്ളത്തലപൊക്കിനി-ന്നുച്ച ത്തിൽ കൂകി”യ ഒരു കാട്ടു കുക്കുടമാണ് ഇക്കഥയുടെ പേര്. എനിക്കതിനോട് - പേരോടല്ല. കുക്കുടത്തോട് - അടക്കാൻ വയ്യാത്ത അരിശം തോന്നിപ്പോയി. അഞ്ചാറു പ്രാവശ്യം ഞാനതിനെ കാച്ചാൻ “ഐ.എ.എസ്” ശമ്പളം കിട്ടിയാൽ കൂടി മനുഷ്യൻ കയറാൻ മടിക്കുന്ന തിക്കൊടി ദീപസ്തംഭംപോലെ ഒട്ടും ഒടിവുമില്ലാതെ ഉയർന്നു നിൽക്കുന്ന ഒരു കുന്ന് പറ്റിപ്പിടിച്ചു കയറീട്ടുണ്ട്. ആ കഠിനാദ്ധ്വാനത്തിനു ശേഷം വെടിവെക്കാൻ മാത്രം അടുത്തെത്തുമ്പോൾ “കൊ”കാര പ്രധാനമായ ഒരു പരിഹാസച്ചിരിയോടെ കുക്കുടവര്യൻ ഗമിക്കും. പിന്നെ പാഴൂർപടിക്കൽ പോയി ചിന്തിച്ചാലും അവന്റെ നാലാംഭാവത്തെക്കുറിച്ച് ഒരു സൂചനപോലും കിട്ടുകയില്ല. അടുത്ത ദിവസം “ചിക്കെന്നുണർന്നെഴുന്നേറ്റ ഉഷസ്സെന്നവൾ” - ശുക്രനാം കൈവിളക്ക് അധികപ്പറ്റാണ്. വേണമെങ്കിൽ ശുക്രനാം കൈവിളക്കു തന്നെ വേണമെന്നില്ല. മറ്റേതെങ്കിലും തരം കൈവിളക്ക് ഒരു കയ്യിലും മറ്റേക്കയ്യിൽ മാച്ചിലുമായി ഒന്നടിച്ചുവാരി നോക്കിക്കോളൂ - അംബരശാല അടിച്ചുവാരുമ്പോളുണ്ടാവുമെന്ന് മഹാകവി പറയുന്ന കങ്കണക്വാണത്തിൽ - പടച്ചവൻ കണ്ടു. ഗദകബളിതകർണ്ണയുഗ്മനായ മഹാകവിക്ക് പീരങ്കിവെടി ലളിതഗാനം. വിഹംഗമ നാദം കങ്കണക്വാണം - മുന്നിട്ടു നിൽക്കുന്നത് മേപ്പടി കുക്കുടവര്യന്റെ ക്വാണമായിരിക്കുകയുംചെയ്യും.

എന്തായാലും ആ പറവപ്പോലീസുകാരനെ കാച്ചാൻ ഞാനുറച്ചു. തോക്ക്, ടോർച്ച്, ഫ്ളാസ്ക്കിൽ കാപ്പി, റൊട്ടിമുട്ടാദികൾ മുതലായ തയ്യാറെടുപ്പുകളോടുകൂടി രാവിലെ നാലുമണിക്ക് അമ്പുവേയും കൂട്ടി ഞാൻ പുറപ്പെട്ടു. വെടിക്കമ്പം തലയിൽ ക

യറുക. നല്ല ആരോഗ്യവുമുണ്ടായിരിക്കുക. രണ്ടും ഒത്താൽ ഉത്ത രധ്രുവം അയൽവക്കമാണ്.

വ്യക്തിപരമായ ഒരു വിശദീകരണമാവശ്യമാണെന്നു തോന്നുന്നു. എഴുപതിലധികം കാട്ടുജാതിക്കാർ അച്ഛന്റെ സ്ഥിരം പണിക്കാരായുണ്ടായിരുന്നു. ഗണ്യമായ തോതിൽ പുനക്കൃഷിയും ചെയ്യാറുണ്ട്. ആ കാട്ടുവർഗ്ഗക്കാർക്ക് അച്ഛനോടുള്ള സ്നേഹാദരങ്ങൾ അളന്ന് തിട്ടപ്പെടുത്താനുള്ള അളവുകോൽ ഇന്ന് മാർക്കറ്റിൽ സുലഭമല്ല. അവരുടെ പ്രത്യക്ഷ ദൈവമായിരുന്നു അച്ഛൻ. അവരുടെ ക്ഷേമത്തിൽ അച്ഛൻ പ്രദർശിപ്പിക്കാറുണ്ടായിരുന്ന ശ്രദ്ധയും താൽപര്യവും കേളപ്പജി കൂടി പലതവണ സമ്മതിച്ചഭിനന്ദിച്ചിട്ടുള്ളതാണ്. എനിക്കന്ന് പത്തൊമ്പത് വയസ്സാണ്. ആവശ്യമുള്ളപ്പോൾ മേലന്വേഷണത്തിനായി പുനക്കൃഷി സ്ഥലത്തുള്ള താല്ക്കാലിക കളത്തിൽ പോയി അഞ്ചുംപത്തും ദിവസം ഞാൻ താമസിക്കാറുണ്ടായിരുന്നു. അങ്ങനെ ഒരു തവണ പോയപ്പോഴുണ്ടായ സംഭവമാണ് ഇക്കഥ. “ഭക്രാനംഗൽ” മോഡൽ നിരോധനം കൊണ്ടുകൂടി എന്റെ വെടിക്കമ്പത്തെ അടക്കി നിർത്താനാവില്ലെന്ന് അച്ഛൻ മനസ്സിലാക്കി. തെളിച്ചതിലേ നടക്കാത്തവനെ പിടിപ്പത് രക്ഷാ ഏർപ്പാടുകളോടുകൂടി നടന്നതിലേ തെളിക്കുകയാവും ഭേദമെന്ന് ആ വാത്സല്യമൂർത്തി തീർച്ചപ്പെടുത്തി. തനിക്കേറ്റവും വിശ്വാസമുള്ള ആറുപേരെ എന്റെ അംഗരക്ഷകന്മാരായി ചുമതലപ്പെടുത്തി നിയമിച്ചു. അവരിൽ ആരെങ്കിലും ഒരാളെക്കൂടാതെ തോക്കുമെടുത്ത് എവിടെയും പോകരുതെന്ന് എന്നോടും ഞാനെത്രതന്നെ വിരോധം പറഞ്ഞാലും അനുസരിക്കാതെ കൂടെ പൊയ്ക്കൊള്ളണമെന്ന് അവരോടും അച്ഛൻ കൽപിച്ചു. ഞാൻ കളത്തിൽ എത്തിയാൽ, ചന്തിരൻ, ചാമൻ, അമ്പു എന്നിവരിൽ ആരെങ്കിലും ഒരാൾ ബാക്കി പ്രവൃത്തികളൊക്കെ മറ്റാരെയെങ്കിലും ഏൽപിച്ച് നിഴൽപോലെ

എന്നെ പിന്തുടരാറാണ് പതിവ്. ഞാനതിന് തടസ്സം പറയാറുമുണ്ടായിരുന്നില്ല. പറഞ്ഞതുകൊണ്ട് ഒരു കാര്യവുമില്ലതാനും. മൂന്നുപേരും എണ്ണംപറഞ്ഞ വെടിക്കാരും കാടിനെയും കാട്ടുമൃഗങ്ങളെയും കുറിച്ച് അസാധാരണമായ അനുഭവജ്ഞാനമുള്ള അതിധീരന്മാരും ആയിരുന്നു.

അഞ്ചുമണിക്ക് ഞങ്ങൾ ആ കുക്കുടവര്യന്റെ വിഹാരരംഗത്തെത്തി. മൂന്നാമത്തെ "കൊ"കാര കങ്കണക്വാണവും ഒപ്പമായിരുന്നു. "കീഴ്മലച്ചു പിടയാത്ത" കോഴിയെ "കരൾ പൊട്ടാത്ത കാണ്മവ"രായ ഞങ്ങൾ എടുത്ത് സഞ്ചിക്കുള്ളിലാക്കി. "ഫൌൾക്കറി"യുടെ പാകം കടന്നിരിക്കുന്നു. എന്നാലും വയോവൃദ്ധനല്ല. അവന്റെ അഹന്തയടക്കിയെന്ന അഭിമാനത്തോടെ ഞങ്ങൾ കുറച്ചുകൂടിക്കയറി കുന്നിന്റെ മുകൾത്തട്ടിലെത്തി. നാലേക്രയോളം വിസ്തീർണ്ണമുള്ള പരന്ന പാറയാണ് മുകൾത്തട്ട്. ഇടയ്ക്കിടെ ഓരോ മരവും അതിനെ ചുറ്റിച്ചുറഞ്ഞ് കുറെ കാട്ടുചെടികളും നില്പുണ്ട്. അതിലൊന്നിന്റെ ഉള്ളിൽ കടന്നിരുന്ന് ഞങ്ങൾ "ചോട്ടാഹസ്രി" കഴിച്ചു. ആ പാറമേൽ സാധാരണയായി രാവിലെ കാട്ടുകോഴികളുടെ സമൂഹനൃത്തം നടക്കാറുണ്ട്. സമയത്തിനെത്താൻ ഒത്തെങ്കിൽ ഉച്ചഭക്ഷണത്തിന് മൂന്നും നാലും തരപ്പെടാറുമുണ്ട്.

ഏഴരമണിവരെ ഞങ്ങളവിടെ കാവലിരുന്നു. അതികാലത്ത് പൊട്ടിയ വെടിയുടെ ശബ്ദംകേട്ട് ഭയന്നിട്ടോ എന്തോ കാട്ടുകോഴികൾ ഒന്നുംതന്നെ പുറത്തിറങ്ങി കണ്ടില്ല. "മണി ഏഴു കഴിഞ്ഞു മോശമിപ്പണി"യെന്ന് ഞങ്ങൾക്ക് തോന്നിത്തുടങ്ങി. മടങ്ങാൻ തീർച്ചപ്പെടുത്തി. അമ്പു എഴുന്നേറ്റുനിന്ന് കൈ രണ്ടും തലയ്ക്കുമീതെ ഉയർത്തി ബന്ധിച്ച് ഉടൽകൊണ്ട് ഒരു ചില്ലറ ഭരതനാട്യം ആടി. എങ്ങുനിന്നോ ക്ഷണിക്കാതെവന്ന ഒരു കോട്ടുവായും പറയാനുദ്ദേശിച്ച് നാവിന്റെ അടിവാരത്തിലെത്തിയ

“ഞാ...ബ...ബ്ബ...ബ്ര...ആശ്ശ്” എന്ന പരാപരപ്പൊരുളിന്റെ വ്യാഖ്യാനം തേടി ഞാൻ അമ്പുവിന്റെ മുഖത്തു നോക്കി. പെട്ടെന്ന് അവൻ വായ പൊത്തിക്കാണിച്ച് നിശ്ശബ്ദത ആവശ്യപ്പെട്ടുകൊണ്ട് നിലം പറ്റിയമർന്നു. മെല്ലെ കിഴക്കോട്ട് കൈചൂണ്ടിക്കാണിച്ചു. വലയം ചെയ്തിരുന്ന ചെടികൾ സാവധാനത്തിൽ നീക്കി ഞാനങ്ങോട്ട് നോക്കിയപ്പോൾ എന്റെ മനം കുളർത്തു. പാറയുടെ വിടവുകളിൽ പ്രാതലിനുള്ള വക വല്ലതുമുണ്ടോ എന്ന് സനിഷ്ക്കർഷം താറ്റി പരിശോധിച്ചുകൊണ്ട് ആറെണ്ണം പന്നി - കൾ വേണോ? പാണിനിയോടൊന്നന്വേഷിച്ചേക്കണം - ആ...റെ...ണ്ണം ഞങ്ങൾക്കഭിമുഖമായി വരുന്നു. നല്ല ഒരു “ഒറ്റേൻ.” തടിച്ചുകൊഴുത്ത കണ്ടപ്പൻ. തൽ ഏഴാംഭാവം രണ്ട്. കഷ്ടിച്ച് ഒരു വയസ്സു പ്രായമായ കൊച്ചുങ്ങൾ എണ്ണം മൂന്ന്. ആകെ എണ്ണം ആറ്. അവരങ്ങനെ ഇടയ്ക്കിടെ കുശലം പറഞ്ഞും കൊച്ചുങ്ങളെ ശാസിച്ചും നടന്നടുക്കുകയാണ്. ‘‘രണ്ടു കളത്രത്തെ ഉണ്ടാക്കിവെച്ച്’’ ഒപ്പംകൂട്ടി നടക്കുന്ന ആ “തണ്ടുതപ്പിക്ക്” യാതൊരു സുഖക്കുറവുമുള്ളതായി ഞങ്ങൾക്ക് തോന്നിയില്ല. കടൽക്കാറ്റേറ്റ് സുഖിക്കാനോ ഉടൽ കാണിച്ച് കയ്യടി നേടാനോ പതിവായി കടപ്പുറത്തേക്കു പോകുന്ന അഭിനവ മദാമ്മമാരുടെ പ്രസരിപ്പും ഒപ്പം കൂട്ടിനു പോകുന്ന മഹാപരിഷ്കൃതന്റെ മൂന്നാം ക്ലാസ്സ് അഹംഭാവവും ഒന്നും ആ പന്നിക്കൂട്ടത്തിൽ കണ്ടില്ല. അവരങ്ങനെ “നാച്ചറലായി” മന്ദംമന്ദം നടന്നുവരികയാണ്.

ഞാനും അമ്പുവും തോക്കെടുത്ത് റെഡിയായി. ആ ഗൃഹസ്ഥന്റെ ഭ്രൂമദ്ധ്യം ലക്ഷ്യമാക്കി ഞാൻ തോക്കുചൂണ്ടി. ഒരു സംശയവും പന്നിക്കൂട്ടത്തിനില്ലെന്ന് മനസ്സിലാക്കിയതുകൊണ്ട് അവ കുറേക്കൂടി അടുത്തുവരട്ടെ എന്ന് ഞങ്ങളന്യോന്യം ആംഗ്യഭാഷയിൽ പറഞ്ഞു. പതിനഞ്ചുവാരയോളം അടുത്തെത്തിയ ആ മൃഗങ്ങൾ അപ്രതീക്ഷിതമായി പൊടുന്നനെ - മണമേറ്റിട്ടായിരി

ക്കണം – വലത്തോട്ടു തിരിഞ്ഞ് കാട് ലക്ഷ്യമാക്കി എടുത്തുചാടിപ്പാഞ്ഞു. ആ തിരിച്ചലിൽ എന്റെ തോക്കിലെ വലത്തെ കുഴലും ഒഴിഞ്ഞു. അമ്പു വെടിവച്ചില്ല. വെടി പൊട്ടിയപ്പോൾ ഒറ്റെൻ പന്നി ഒന്നു കുതറി. നല്ല ഘനത്തിൽ ഒരു മുക്കുറയും പാസ്സാക്കി. ശബ്ദംകൊണ്ട് വെടിപറ്റീട്ടുണ്ടെന്ന് ഞങ്ങൾ തീരുമാനിച്ചു. പക്ഷെ ഓട്ടത്തിന്റെ വേഗതയോ കാൽവെപ്പിന്റെ ദൃഢതയോ കുറഞ്ഞതായി തോന്നിയതുമില്ല. ആ "ഓഎസിസ്സി"ൽ നിന്നും പുറത്തിറങ്ങി ഞങ്ങൾ പന്നിയെ പിന്തുടർന്നു, രണ്ടുമൂന്നു ചാട്ടത്തിനുശേഷം അൽപാൽപം വീഴാൻ തുടങ്ങിയ രക്തം കാട്ടിലെത്തുമ്പോഴേക്ക് ധാരധാരയായി പ്രവഹിക്കുന്നുണ്ടായിരുന്നു. കാട്ടിൽ കടന്നയുടനെ വീണ്ടും വലത്തോട്ട് – കിഴക്കുഭാഗം – തിരിഞ്ഞ് കുതിച്ചുപായുകയാണ് പന്നി ചെയ്തതെന്ന് കുളമ്പടയാളം കൊണ്ട് വ്യക്തമായി. ആ ഭാഗത്ത് കുന്നിന്റെ അടിവാരത്തിലുള്ള ചതുപ്പുനിലമാണ് പന്നിയുടെ "ഓട്ടോദ്ദേശ"മെന്നും കാടുതാണ്ടി വിഷമിക്കാതെ സൗകര്യമുള്ള വഴിക്ക് അങ്ങോട്ട് ചെന്നാൽ പുള്ളിയെ കണ്ടുകിട്ടുമെന്നും അമ്പു അഭിപ്രായപ്പെട്ടു. ഞാൻ യോജിച്ചു. പന്നിയുടെ വലുപ്പം പ്രമാണിച്ച് ഒന്നുരണ്ടു വെടിക്കാരെക്കൂടി ക്ഷണിക്കാൻ ഞാൻ സ്വന്തമായും തീരുമാനിച്ചു.

ഞങ്ങൾ കളത്തിലേക്കു മടങ്ങി. ചാമനെയും ചന്തിരനെയും വിളിക്കാൻ ആളെ അയച്ചു. പാറപ്പുറത്തെ ലഘുഭക്ഷണം വയറ്റിൽ സൃഷ്ടിച്ച ഒട്ടുകളും ഒടിവുകളും നികത്തി നേരെയാക്കി. ചാമൻ തോക്കുസഹിതം എത്തി. ചന്തിരനെ കണ്ടുകിട്ടിയില്ല. അമ്പുവിന്റെ അഭിപ്രായം ചാമനും ശരിവച്ചു. "കുക്കുടക്കറിക്ക്" വേണ്ട നിർദ്ദേശങ്ങൾ കൊടുത്ത് ഞങ്ങൾ മൂന്നുപേരും സൂകരവധത്തിന് പുറപ്പെട്ടു.

കളത്തിന്റെ തെക്കുപടിഞ്ഞാറായി ഒരു കുട്ടിക്കുന്ന് നിൽപുണ്ട്. “കുക്കുടപ്രശസ്ത”മായ പാറത്തലയന്റെ സന്തതി. അതിന്റെ മുകൾത്തട്ടിൽ നിന്ന് മുമ്പു സൂചിപ്പിച്ച ചതുപ്പുനിലം വ്യക്തമായി കാണാൻ കഴിയും. ഞങ്ങൾ ചാമന്റെ പിന്നാലെ അവിടെ ച്ചെന്ന് നോക്കിയപ്പോൾ അമ്പുവിന്റെ അഭിപ്രായം ശരിയാണെന്നു കണ്ടു. പക്ഷെ ഒറ്റെൻ മാത്രമല്ല, കുഞ്ഞുകുട്ടി പരാധീനങ്ങളും ഒപ്പമുണ്ട്. ചതുപ്പുസ്ഥലത്തിന്റെ തെക്കുകിഴക്കെ കോണിൽ സായ്പും മദാമ്മമാരും കുട്ടികളെ നിലമുഴുവാൻ പഠിപ്പിക്കുകയായിരുന്നു. സായ്പു മാത്രം ഇടയ്ക്കിടെ ചളിയിൽ വീണു പിടയ്ക്കുന്നുണ്ട്.

അതിസമർത്ഥമായും സൂക്ഷ്മതയോടെയും പ്രവർത്തിക്കുന്ന ഒരു ഡസൻ വീതം കണ്ണുകളും കാതുകളും അരഡസൻ മൂക്കും കബളിപ്പിച്ച് അങ്ങട്ടെങ്ങനെ അടുക്കുമെന്ന് ഞങ്ങൾ തല കാഞ്ഞാലോചിച്ചു. ചന്തിരനും എത്തി. താനെത്തുന്നതിനു മുമ്പേ പുറപ്പെട്ടതിലുള്ള ഒരിളം ശുണ്ഠിയും കൂടെക്കൊണ്ടുവന്നിട്ടുണ്ട്. ഞങ്ങൾ പുറപ്പെട്ട് അൽപസമയം കഴിഞ്ഞപ്പോൾ കളത്തിലെത്തിയ വിദ്വാൻ അവിടുന്ന് കിട്ടിയ വിവരത്തിനനുസരിച്ച് തോക്കുമെടുത്ത് ബദ്ധപ്പെട്ട് വന്നതാണ്. പന്നിക്കൂട്ടത്തെ കണ്ടപ്പോൾ ശുണ്ഠി കെട്ടടങ്ങി. അനന്തര കരണീയത്തിലായി ശ്രദ്ധ. രണ്ടു കുന്നുകളുടെയും ഇടയിലുള്ള കാടാണ് പന്നിക്കൂട്ടത്തിന്റെ തറവാടെന്നും അച്ഛനും മക്കളും ആ കാട്ടിലേക്ക് ഓടി രക്ഷപ്പെടാനേ പരിശ്രമിക്കുകയുള്ളുവെന്നും കുടുംബത്തിന്റെ പുനസ്സമാഗമം അത്രവേഗം സാധിച്ചതിൽനിന്നും അവരനുമാനിച്ച് വിധിയെഴുതി. ആ കാടും ചതുപ്പുനിലവും നിത്യപരിചയമുണ്ടെങ്കിലേ വടക്കോട്ടു പാഞ്ഞ “സ്ഥൂലോദരി”കൾക്ക് അത്ര എളുപ്പത്തിൽ കണവനോടൊത്തുചേരാൻ സാധിക്കുകയുള്ളൂവെന്ന യുക്തിസഹമായ വിധിയെഴുത്ത് ഞാനും അംഗീകരിച്ചു.

അങ്ങനെ ചതുപ്പുനിലത്തുനിന്നും കാട്ടിൽക്കടക്കാൻ ഏറ്റവും സാദ്ധ്യതയുള്ള രണ്ടു കടവുകളിൽ ചാമനും അമ്പുവും നിലയുറപ്പിച്ചു. ഞാനും ചന്തിരനും കാട്ടിൽക്കൂടി "പന്നിവിഹാര"ത്തിലേക്കും പുറപ്പെട്ടു. പടിഞ്ഞാറുഭാഗംതന്നെ ആശ്രയിച്ച് ഞങ്ങൾ ആ "ചളപള" ശബ്ദത്തിനുനേരെ വളരെ കരുതലോടെ അടുത്തു. ചളിയിലെ സർക്കസ്സ് കളികൊണ്ട് പന്നിക്കൂട്ടമുണ്ടാക്കിയ ശബ്ദം ചതുപ്പുനിലത്തിന്റെ വക്കത്ത് അവയറിയാതെ എത്താൻ വളരെയധികം സഹായകമായിരുന്നു. ഞാൻ ചന്തിരന്റെ മുഖത്തു നോക്കി. അവന്റെ താടി ലഘുവായി ഒന്നു ചലിച്ചു. ഒറ്റേന്റെ കൈപ്പല ലക്ഷ്യമാക്കി എന്റെ തോക്ക് തീയുണ്ട തുപ്പി.

അലസഗാമിനിവർഗ്ഗം ശീഘ്രഗാമിനികളായി മാറി സന്താനങ്ങളൊപ്പമെത്താൻ കാത്തുനിൽക്കാതെ കാട്ടിലേക്കു പാഞ്ഞു. അമ്പുവിന്റെ വെടിയും പൊട്ടി. ഒറ്റേൻ മൂന്നുചാട്ടം ചാടി ചളിയിൽനിന്ന് കരയ്ക്കുകയറി വീണു. കുറച്ചുസമയം പിടച്ച് ആട്ടവും അനക്കവുമില്ലാതെ കിടന്നു. ഞാൻ കാട്ടിൽനിന്ന് പുറത്തു കടക്കാൻ ഭാവിച്ചപ്പോൾ ചന്തിരൻ വിലക്കി. ശബ്ദമുണ്ടാക്കാതിരിക്കാൻ ആംഗ്യം കാണിച്ചു.

ഇരുകാലികളിൽ ചൈനക്കാരനെപ്പോലെ നാൽക്കാലികളിൽ പന്നിയാണ് ഏറ്റവും വലിയ ചതിയൻ – "ഭായിഭായി"ക്കാർ കയർക്കരുത്. നിങ്ങൾ വലിയ മുൻശുണ്ഠിക്കാരാണെന്ന് അറിയായ്കയല്ല. ചരിത്രരേഖകൾ അമേരിക്കൻ മൂരാച്ചിയുടെ സൃഷ്ടിയാണെന്നു വേണമെങ്കിൽ, നിങ്ങൾ നിർബന്ധിക്കുകയാണെങ്കിൽ വാദത്തിനുവേണ്ടി ഞാൻ സമ്മതിച്ചേക്കാം. എന്നാലും അടുത്തു നടന്ന നൂറുപുഷ്പങ്ങൾ വിരിയലും പഞ്ചശീലപ്പഞ്ചാരവാക്കുകളും ഒക്കെ ചെകുത്താന്റെ പുഞ്ചിരിയായിരുന്നില്ലേ? നിങ്ങൾ തന്നെ പറയിൻ – ചാമൻ കാട്ടിൽക്കൂടിത്തന്നെ ഇറങ്ങി

വന്നു. കഥകളിമട്ടിൽ ഒരു സംഭാഷണം ഞങ്ങൾ തമ്മിൽ നടന്നു. അവന്റെ തോക്ക് ഞങ്ങൾ ഏറ്റുവാങ്ങി. അഞ്ചാറ് നല്ല ഉരുളൻ കല്ലുകൾ ശേഖരിച്ച് അല്പദൂരം വടക്കോട്ടുമാറി ഒന്നായിട്ടുള്ളവരോടെന്നപോലെ എന്തൊക്കെയോ ഉച്ചത്തിൽ സംസാരിച്ചുകൊണ്ട് "ശോണിതവുമണിഞ്ഞ് ധരണിയിൽ വീണുകിടക്കുന്ന" സൂകരവീരന്റെ ഏതാണ്ടിരുപത്വാര വടക്കായി അവൻ ചതുപ്പുസ്ഥലത്ത് വെളിയിലിറങ്ങി. ഒന്നാമത്തെ കല്ല് മൂളിക്കൊണ്ട് "ചത്തകത്താപ്പിസിലേക്കു" പോയി. രണ്ടാമത്തേത് പന്നിയുടെ വളരെ അടുത്തുനിന്ന് നിരപരാധിനിയായ ഭൂമിദേവിയെ നല്ല കണക്കിൽ വേദനിപ്പിച്ചശേഷം എങ്ങോട്ടോ തെറിച്ച് അപ്രത്യക്ഷമായി. മൂന്നാമത്തേത് ചാമന്റെ അസാമാന്യ കായകരബലസമേതം മേൽവിലാസക്കാരൻ തന്നെ കയ്പറ്റി. എറിഞ്ഞ കൈ സ്വസ്ഥാനത്തെത്തിയില്ല. ആ പ്രദേശം മുഴുവൻ ഞെട്ടിവിറച്ച "ബബ്ബബ്ബ"യോടെ പന്നി എഴുന്നേറ്റ് ചാമന്റെ നേരെ ചാടി. ഒന്നാമത്തെ ചാട്ടം കഴിഞ്ഞ് കൈകാലുകൾ ഭൂസ്പർശം ചെയ്യുമ്പോഴേക്ക് എന്റെയും ചന്തിരന്റെയും വെടികൾ ഒപ്പം പൊട്ടി. പന്നി ഒന്നു കുതറി വീണു. വീണ്ടും തല പൊന്തിച്ചപ്പോൾ എന്റെ തോക്കിന്റെ ഇടത്തേക്കുഴലിലെ ഉള്ളടക്കവും അങ്ങോർ കൈപ്പറ്റി. ആ ഭയങ്കരന്റെ ദേഹം കളത്തിലേക്കും ദേഹി വൈകുണ്ഠത്തിലേക്കും – എന്താ ഒരു സംശയം? അങ്ങോട്ടല്ലെ? മാവോവും ചൌവും ബറോഡാ മഹാരാജാവും ക്രൂഷ്ചെവും വല്ലഭഭായിയും ഒക്കെ കക്ഷി വ്യത്യാസമന്യെ അങ്ങോട്ടാണ് അനതിവിദൂര ഭാവിയിൽ പോവുകയെന്ന് ആരോ പറഞ്ഞുകേട്ടു. പിന്നെ പന്നിക്കെന്തുകൊണ്ട് അങ്ങോട്ട് പോയിക്കൂടാ? – യാത്രയായി.

അമ്പുവിന്റെ വിവരമൊന്നുമറിഞ്ഞില്ല. ഞങ്ങൾ മൂന്നുപേരും വീണ്ടും കാടുകയറി അവൻ നിന്ന കടവിലേക്ക് പുറപ്പെട്ടു. മൂപ്പരുടെ കൂവലോ വിളിച്ചറിയിപ്പോ ഒന്നും കേട്ടിട്ടില്ലാത്തതുകൊണ്ട്

വളരെ സൂക്ഷിച്ചും സാവധാനത്തിലുമാണ് മുന്നേറുന്നത്. ഒരു നീർച്ചാലിലാണവനുണ്ടാവേണ്ടത്. ഞങ്ങളാ നീർച്ചാലിനടുത്തെത്തിയപ്പോൾ അതിൽനിന്ന് ചുള്ളിയും ഉണക്കിലകളും ചവിട്ടിപ്പൊട്ടിക്കുന്ന ശബ്ദം കേട്ടു. അമ്പു ഉണ്ടാക്കുന്ന ശബ്ദമാവാൻ തരമില്ല. ഞങ്ങളുടെ വാരിയെല്ലിനുള്ളിൽ എങ്ങുനിന്നോ ഒരു തീക്കനൽ വന്നുവീണു. വളരെക്കൂടുതൽ കരുതലോടെ ഞങ്ങൾ മുന്നോട്ടുനീങ്ങി. ചാമന്റെ അളിയനാണ് അമ്പു. ഉശിരും ചുണയും സത്യസന്ധതയും തികഞ്ഞ സ്നേഹിക്കാൻ കഴിവുള്ള സ്നേഹിക്കപ്പെടാൻ കൊള്ളുന്ന ഇരുപത്തിരണ്ടുകാരൻ കുട്ടിഭീമൻ. ഞങ്ങൾ അടിവെച്ചടിവെച്ച് നീർച്ചാലിനോടടുക്കുകയാണ്. തീക്കനലിന്റെ ചൂടു വർദ്ധിക്കുന്നുണ്ട്. ചന്തിരനാണ് ആദ്യം പന്നിപ്പെണ്ണിനെ കണ്ടത്. തുടർന്ന് ഞങ്ങളും ശ്രീമതിയെ കണ്ടു. വെടിവെക്കാൻ സൗകര്യമില്ല. ആ മാന്യമഹതി അഞ്ചെട്ടടിപൊക്കമുള്ള ഒരു മരത്തിന്റെ ചുവടു മുഴുവനും കടിച്ചുപറിച്ചെടുത്ത് ചവച്ചുതുപ്പിയും നിലം കിളച്ചുമറിച്ചും പകപോക്കുന്നത് ഞങ്ങൾ നോക്കിനിന്നു. ആറു കണ്ണുകൾ അമ്പുവെത്തേടി പരക്കംപാഞ്ഞു. ഞാൻ ആ മരത്തിന്റെ മുകളിലേക്കും ഒന്നു കണ്ണോടിച്ചു. കാട്ടിന്റെ മറവുകൊണ്ട് ഒന്നും കാണുന്നില്ല. തീക്കനൽ കത്തിജ്വലിക്കാൻ തുടങ്ങി. ഞങ്ങൾ അൽപംകൂടി മുന്നോട്ടുനീങ്ങി. കണ്ണെത്തുന്നേടത്തോളം സ്ഥലം പരിശോധിച്ചു. അമ്പു ഇല്ല. പന്നി ഉണ്ട്. മൃഗയാവിനോദം മാനവദുരന്തത്തിലേക്ക് വഴുതിവഴുതിപ്പോവുകയാണ്. തീക്കനൽ സ്ഫുലിംഗങ്ങൾ വാരിവിതറാൻ തുടങ്ങി. ഒരാപാദചൂഡ പരിശോധനയ്ക്ക് ആ മരം വീണ്ടും വിധേയമായി. ആ കഴുവേറി അമ്പു – മരക്കഴുത – ഏഭ്യശിരോമണി – നാ... മോൻ – ആറേഴടി ഉയരത്തിൽ മരത്തിന്റെ കവരിൽ ഇരിപ്പുറപ്പിച്ച് കമ്പുകൾ അടർത്തിയെടുത്ത് പന്നിയമ്മയെ എറിയുക

യാണ്. അവൻ ഞങ്ങളെ കാണുന്നുണ്ട്. ആ പരാപരത്തെണ്ടിയുടെ മുഖത്ത് കളിയാടുന്നത് ഒരു ചെറുപുഞ്ചിരിയുമായിരുന്നു.

ഞാൻ കൂട്ടുകാരുടെ ശ്രദ്ധയാകർഷിച്ച് മരത്തിന്റെ മുകളിലേക്ക് കൈചൂണ്ടി. അവരും കണ്ടു ആ മൊട്ടിട്ടുനിൽക്കുന്ന പുഞ്ചിരി. ഹൃദയാന്തർഭാഗത്തുനിന്ന് പുറപ്പെട്ട് പദേപദേ ശക്തിയാർജ്ജിച്ചുകൊണ്ട് ചുണ്ടിന്മേലോളമെത്തിയ ഒന്നര ടൺ തൂക്കമുള്ള "ഫകാരം" ചന്തിരൻ പുറത്തിറക്കാതെ പണിപ്പെട്ടടക്കി. മൂന്നു തോക്കും ഒപ്പം നീണ്ടു. ഒപ്പം പൊട്ടി. രണ്ടു കല്ല് ചാമൻ അവൾക്കും സമ്മാനിച്ചു. അനക്കമില്ല. "ശത്തു" പോയിരിക്കുന്നു. അനക്കമില്ലാതെ ശവംപോലെ പലപ്പോഴും മുറിവേറ്റ പന്നി കിടക്കും. പക്ഷെ ആ കിടപ്പുകണ്ട് മരിച്ചുവെന്നുറപ്പിച്ച് ഒരിക്കലും അങ്ങോട്ടടുക്കരുത്. കല്ലേറ് എപ്പോഴും പന്നിയെ വിറളി പിടിപ്പിക്കും. ഏറ് കൊണ്ടിട്ടും എഴുന്നേറ്റെതിർക്കുന്നില്ലെങ്കിൽ മാത്രമെ പുള്ളി "ക്ലോസാ"യെന്നുറപ്പിക്കാവൂ.

ആദിമലയാണ്മയിൽ നിർല്ലോഭം, നിരന്തരം ശകാരിച്ചുകൊണ്ട് ഞങ്ങൾ ആ വൃക്ഷാസനസ്ഥനെ സമീപിച്ചു. അവൻ മരത്തിന്മേൽ നിന്നിറങ്ങുന്ന ഭാവമില്ല. കാര്യമെന്തെന്നറിയാൻ മേലോട്ടു നോക്കിയപ്പോഴാണ് പൂച്ച പുറത്തുചാടിയത്. പുള്ളി ദിഗംബരനാണ്. തോക്കും മുണ്ടും ബദ്ധപ്പെട്ട് മരത്തിന്മേൽ പറ്റിപ്പിടിച്ചു കയറുന്നതിനിടയിൽ താഴെ വീണുപോയിരിക്കുന്നു. ചന്തിരൻ മുണ്ടും തോക്കും കയ്യിലാക്കി. "വീട്ടിതോല്ക്കുമുടലിൽ ചുവന്നതാ - മണ്ടർ വേറരയിലൊറ്റനൂലുമായി."

പത്രാധിപർ: മതി, മതി. പന്നിയുടെ കഥ കഴിഞ്ഞില്ലെ? അമ്പുവർണ്ണന അപ്രസക്തമാണ്. ഇറെലവന്റ്. അശ്ലീലം.

ഞാൻ: ക്ഷമിക്കണം സാറെ. പണ്ട് വളരെ പണ്ട് ഒരു വസ്ത്രാപഹരണം നടന്നില്ലെ? അത് ഗദ്യ

ത്തിലും പദ്യത്തിലും ചിത്രത്തിലും പൊടിപ്പും തൊങ്ങലും ചേർത്ത് വാഴ്ത്തപ്പെട്ടത് താങ്കൾ വായിച്ചിട്ടില്ലെ? കണ്ടിട്ടില്ലെ? പിന്നെ ഇപ്പോ ളെന്തിത്ര വേവലാതി?

പത്രാധിപർ: എടോ വേദപുസ്തകം കടംവാങ്ങി വായിച്ച് പത്രവാതിലിന് മുട്ടുന്ന തന്നോടു വാദിക്കാൻ എനിക്ക് സമയമില്ല. ഞാൻ തുറന്നു പറഞ്ഞേ ക്കാം. അമ്പു ഗോപസ്ത്രീയല്ല. ചന്തിരൻ ശ്രീകു ട്ടിക്കൃഷ്ണനല്ല. താൻ ചെറുശ്ശേരിയല്ല. എഴു ത്തച്ഛനല്ല. രവിവർമ്മയുമല്ല. എന്താ മനസ്സി ലായോ?

ഞാൻ: അധിപരെ മാപ്പ്. ഇപ്പോൾ മനസ്സിലായി. അദ്ധ്വാ നിക്കുന്ന ജനവിഭാഗത്തിന് അവിടെയും സീറ്റി ല്ല; അല്ലെ? ഞങ്ങളുടെ പുളിയും പൂക്കും. പൂത്താൽ നിങ്ങളുടെ ഈ വിലക്കധികാര ത്തിൽ പ്രതിഷേധിച്ച് ആയിരത്തിതൊള്ളായി രത്തി അറുപത്തിമൂന്നേകാലെ അരക്കാൽ കോളങ്ങളിൽ അമ്പു വർണ്ണന പരത്തിയെഴുതി അച്ചടിപ്പിക്കും. വായിക്കും. വായിപ്പിക്കും. ഇങ്കി ലാബ്-സിന്ദാബാദ് (ത്രിവാരം).

3

“സംശയാത്മാ വിനശ്യതി”



നരിക്ക് "അമ്മാമ"നെന്ന സ്ഥാനപ്പേര് കൽപിച്ചു കൊടുത്ത തമ്പുരാൻ ഏതു സ്വരൂപത്തിലേതായാലും തികഞ്ഞ ഔചിത്യ ബോധമുള്ള ഒരാളാണ്. കൊമ്പും കുളമ്പുമുള്ളവരുടെ കാരണവരും കൈകാര്യകർത്താവും തന്നെയാണ് നരിയമ്മാമൻ. പാർട്ടീഷ്യൻ കേസ്സ് ഫയലാക്കാൻ ഇന്നല്ല എന്നും ഒരു മരുമകനും ധൈര്യപ്പെടുകയുമില്ല.

മൂന്നുതരം നരികളാണ് മലബാർ വനങ്ങളിൽ സാധാരണമായി കണ്ടുവരുന്നത്. കരിംപുള്ളി; വേങ്ങാപുള്ളി; വരിയൻ അല്ലെങ്കിൽ കടുവ. പേരുകൾ സൂചിപ്പിക്കുന്നതുപോലെ അവയുടെ ശരീരത്തിൽ കാണുന്ന പുള്ളിയും വരയും മാത്രമല്ല ഈ വിഭജനത്തിനടിസ്ഥാനം - മഞ്ഞനിറത്തിൽ അടുത്തടുത്തായി നല്ല കടുംകറുപ്പു നിറത്തിൽ പുള്ളികളുള്ളത് കരിംപുള്ളി. വെളുപ്പു കലർന്ന മഞ്ഞ നിറത്തിൽ ചുവപ്പു ഛായയുള്ള പുള്ളികളുള്ളത് വേങ്ങാപ്പുള്ളി. മുതുകിൽ നിന്ന് അടിയിലോട്ട് അടുത്തടുത്തായി രണ്ടിഞ്ചോളം ഇടവിട്ട് ഏതാണ്ടൊരിഞ്ച് വീതിയുള്ള വരകൾ "പ്രിന്റ്" ചെയ്ത മഞ്ഞനിറമുള്ള വിദ്വാനാണ് വരിയൻ. നല്ല വലിപ്പമുള്ളവയാണ് "മലങ്കടുവ", "ബങ്കാൾ ടൈഗർ" എന്നും മറ്റും പേരുകളുമുണ്ട് - വലുപ്പത്തിലും സ്വഭാവത്തിലും ഇവ തമ്മിൽ വളരെയധികം വ്യത്യാസമുണ്ട്. വരിയന് ഉയരവും വണ്ണവും കൂടും. പുള്ളിവർഗ്ഗത്തിന് മെയ്സ്വാധീനവും വേഗതയുമാണ്

കൂടുതൽ. മനുഷ്യരെ വലിയ ഭയമൊന്നുമില്ലാത്ത മട്ടിലാണ് വരിയന്റെ പെരുമാറ്റം. മഹിളാസമാജത്തിൽ അംഗമല്ലാത്ത ഉൾനാടൻ സാരിധാരിണിയെപ്പോലെ മനുഷ്യനെ കണ്ടുമുട്ടിയാൽ വഴിമാറി നിന്ന് ഒളിഞ്ഞുനോക്കുകയേ പുള്ളിനരി ചെയ്യുകയുള്ളൂ. വരിയൻ തെളിഞ്ഞു നോക്കും. അത്രവേഗത്തിൽ വഴിമാറിത്തരികയുമില്ല. തോലുള്ള മരമാണെങ്കിൽ പത്തുപന്ത്രണ്ടടി ഉയരം വരെ പുള്ളിനരി നിഷ്പ്രയാസം ചാടിക്കയറും. മറ്റതിന് ആ അഭ്യാസം സാദ്ധ്യമാണോ എന്നു നിശ്ചയമില്ല. പക്ഷെ പതിവില്ല. അങ്ങോർ "മരംചാടി, മഹാമൂഢ, മങ്കി, മർക്കട, ഇത്യപി"യെ അനുകരിക്കാൻ മാത്രം അന്തസ്സറ്റവനല്ല. വരിയൻ ഏതാണ്ടെല്ലായ്പോഴും പകലാണ് ഇരയെപ്പിടിക്കുക. പുള്ളിവർഗ്ഗം രാത്രിയിലും. അമ്മാമന്റെ ബങ്കളാവിലെ ദുർഗന്ധം അനുഭവിച്ചറിയാത്തതുകൊണ്ടാണ് സഞ്ജയൻ അന്നും "മാതൃഭൂമി" ഇന്നും കോഴിക്കോട്ട് മുൻസിപ്പാലിറ്റിയിലെ ദുർഗ്ഗന്ധത്തെപ്പറ്റി പരാതിപ്പെട്ടത്. ഈച്ചകളെക്കൊണ്ടുള്ള ശല്യം ഇത്രയധികം അനുഭവിക്കുന്ന മറ്റൊരു മൃഗവുമില്ല. എന്നാൽ അതേ ഈച്ച അമ്മാമന് - പ്രത്യേകിച്ചും നിദ്രാവേളകളിൽ - അനായാസമായി കിട്ടുന്ന വൈറ്റമിൻ ഗുളികയുമാണ്. ഉറക്കം എപ്പോഴും വായ തുറന്നുവെച്ചാണ് പതിവ്. വായ തുറന്നാൽ ക്ഷണനേരം കൊണ്ട് വായ മുഴുവനും ഈച്ചകളെക്കൊണ്ടു നിറയും. ആ ഉറക്കത്തിൽ തന്നെ വായ പൂട്ടി പുറത്തളത്തിലെത്തിയ സന്ദർശകരെ മുഴുവനും കൂടുതൽ വിശാലമായ അകത്തളത്തിലേക്കയച്ച് ഒന്നും സംഭവിച്ചിട്ടില്ലാത്ത മട്ടിൽ അടുത്ത സംഘം സന്ദർശകരെ സ്വീകരിക്കാനായി അമ്മാമൻ വീണ്ടും വായ തുറന്നുവെക്കും.

നാരിയെ ഭയപ്പെടാത്ത നരൻ കൂടി നരിയെ ഭയപ്പെടുന്നു. പൂർവ്വം ധീരതയുടെ അല്ലെങ്കിൽ സമചിത്തതയുടെ ലക്ഷണമാണ്. സ്വൈര്യ ജീവിതത്തിന് സഹായകം. ഉത്തരം തികഞ്ഞ

ഭീരുത്വവും തീരെ അടിസ്ഥാനരഹിതവുമത്രെ. അങ്ങോട്ടാക്രമിച്ച് വേദനപ്പെടുത്തുക, മക്കളെ ഉപദ്രവിക്കുക, അപകടത്തിൽ നിന്നൊഴിഞ്ഞു മാറുമ്പോൾ മാർഗ്ഗതടസ്സമായി നിൽക്കുക എന്നീ മൂന്നു വിഡ്ഢിത്തങ്ങൾ കാണിക്കാതിരിക്കുന്നേടത്തോളം കാലം അമ്മാമൻ സമാധാനവാദിയാണ്; പ്രേമിയാണ് - ചൈനാമോഡലല്ല. യഥാർത്ഥമായ കലർപ്പില്ലാത്ത സമാധാനം. പ്രേമം - നവമ്പർ മുതൽ ഫിബ്രവരി വരെയുള്ള കാലത്ത് പ്രണയനാടകമാടുന്ന കാലത്ത് അതിന് വിഘ്നം വരുത്തിയാലോ, ഉറക്കമുണർത്തിയാലോ, തീരെ അപ്രതീക്ഷിതമായി സംശയകരമായ ചുറ്റുപാടിൽ കണ്ടുമുട്ടിയാലോ, ചിലപ്പോൾ അമ്മാമൻ നിങ്ങളെ ഒന്നു കാര്യമായി ദേഷ്യപ്പെട്ടേക്കും. അതിൽക്കൂടുതൽ ഒന്നും ചെയ്യുകയുമില്ല. കാട്ടിൽക്കൂടി ഊടുവഴിയോ നിരത്തോ ഉണ്ടെങ്കിൽ മൂപ്പർ അതിൽക്കൂടിയല്ലാതെ സഞ്ചരിക്കുകയില്ല. നിങ്ങളും ആ വഴിക്കു തന്നെയാണ് എതിരായി യാത്ര ചെയ്യുന്നതെങ്കിൽ ഉറപ്പിച്ച് നടന്നാൽ മതി. അമ്മാമൻ വഴിമാറിത്തരും. അല്ല നിങ്ങൾ ശബ്ദം കല്പിച്ച്, അർജ്ജുന പര്യായങ്ങൾ ജപിച്ചുകൊണ്ടു തിരിഞ്ഞോടുകയാണെങ്കിൽ അമ്മാമൻ പുച്ഛം പോലും ഒന്നു ചലിപ്പിക്കുകയില്ല. അവിടെത്തന്നെ അമർന്നിരുന്ന് നിന്ദയോടെ, പുച്ഛത്തോടെ, തെല്ലൊരു പരിതാപം സ്ഫുരിപ്പിച്ചുകൊണ്ട് നോക്കി പുഞ്ചിരിതൂകുകയേ ചെയ്യുകയുള്ളൂ.

"നരി നരച്ചാലും കടിക്കു"മെന്ന നാടൻ പഴമൊഴി ആ കാട്ടരചന്റെ സ്ഥിരമായ ക്രൂരസ്വഭാവത്തെക്കുറിക്കുന്നുവെന്ന് കരുതുന്നത് തെറ്റാണ്. വാർദ്ധക്യം ബാധിച്ച് നരച്ച് അവശനായിരുന്നാൽക്കൂടി ജന്മസിദ്ധമായ ശൗര്യത്തിന് ഊനം തട്ടുന്നില്ലെന്നേ ആ ചൊല്ലിനർത്ഥമാക്കേണ്ടതുള്ളൂ. ഇംഗ്ലീഷിൽ "തൊലിയുരിച്ച് തീരുന്നതുവരെ നരി മരിച്ചുവെന്നുറപ്പിക്കരുത്" എന്ന ഒരു ചൊല്ലുണ്ട്. അത്രയും അപകടകാരിയാണ് മുറിയേറ്റ നരി എന്നർത്ഥം.

മരുമക്കൾ അമ്മാമനോടെതിരിടുന്നത് കുറച്ചാലോചിച്ചുതന്നെ വേണം.

തന്നെക്കാളും പത്തിരട്ടി ഘനമുള്ള മൃഗത്തെക്കൂടി അമ്മാമൻ പുറത്തേറ്റി നടക്കും. ഇരയെ അടിച്ചു കൊല്ലുകയാണ് പതിവെന്ന ഒരു പൊതുധാരണ ചിലേടങ്ങളിലുള്ളത് തികച്ചും ശരിയല്ല. അടിക്കും. നല്ല ശക്തിയുള്ള അടിയുമാണ്. പക്ഷെ കഴുത്തിന് തുള്ളിക്കടിക്കുകയാണ് പ്രധാനമായും ചെയ്യുക. വല്ല സംഗതിവശാലും കടി വിട്ടുപോവുകയാണെങ്കിലേ ഒരു മുട്ടുമില്ലാത്ത കൈകൊണ്ടുള്ള പ്രയോഗമുണ്ടാവൂ. അമ്മാമന്റെ കൈകൾക്ക് മുട്ടില്ലെന്നുള്ളത് മൃഗങ്ങളെ സംബന്ധിച്ചിടത്തോളം അങ്ങോരുടെ ഒരു പ്രത്യേകതയുമാണ്.

ജിം കോർബെറ്റ്, എഡ്ഡിനൗൾസ്, ആൻഡെർസൺ എന്നീ ലോകപ്രശസ്തിയാർജ്ജിച്ച നായാട്ടുവീരന്മാരെല്ലാം നരി സ്വാഭാവികമായി നരഭോജിയല്ലെന്ന് തീർത്തു പറയുന്നുണ്ട്. മാത്രമല്ല വിശപ്പടക്കാനാവശ്യമായത്രയല്ലാതെ കണ്ടമാനം മരുമക്കളെ കശാപ്പു ചെയ്യുന്ന സ്വഭാവക്കാരനല്ല അമ്മാമനെന്നും അവരഭിപ്രായപ്പെടുന്നുണ്ട്. രണ്ടു പ്രസ്താവങ്ങളും അക്ഷരംപ്രതി ശരിയാണെന്നാണ് എന്റെ അനുഭവവും. കേരളാ സ്റ്റേറ്റിൽ ചേർന്ന് മേൽവിലാസം നഷ്ടപ്പെട്ട പണ്ടത്തെ മലബാറിൽ കാടും കാട്ടുമൃഗങ്ങളും സുലഭമായിരുന്നു. രണ്ടും ആപത്ത് ക്ഷണിച്ചുവരുത്താത്ത സമ്പത്തുമാണല്ലോ. പക്ഷെ ഇന്ന് കാട് പകുതിയും കാട്ടുമൃഗങ്ങൾ മുക്കാലും നശിച്ചു കഴിഞ്ഞു. ഇക്കഴിഞ്ഞ പത്തു കൊല്ലം കൊണ്ട് സ്വകാര്യവനങ്ങൾ മുക്കാലും കയ്യേറിക്കഴിഞ്ഞിട്ടുണ്ട്. കയ്യേറ്റത്തിന് നിയമസാധുത അനുവദിക്കപ്പെട്ടിട്ടില്ലെങ്കിലും നിരോധന സാദ്ധ്യത അങ്ങേയറ്റം കുറച്ചുകൊണ്ടുള്ളതാണ് ഇപ്പോളരങ്ങേറുന്ന നിയമങ്ങൾ. സർക്കാർ വനങ്ങളിൽ കയ്യേറ്റം നടത്തുന്നവർ രക്ഷിക്കപ്പെടുമ്പോൾ സ്വകാര്യ വനങ്ങളിൽ

കയ്യേറുന്നവരെ ശിക്ഷിക്കാൻ ആരാണൊരുമ്പെടുക? കൈവശാവകാശത്തിന്റെ നിർവ്വചനങ്ങളിലെ ചില പുതുമകൾ അതിനെതിരായുള്ള നടപടികളെ ദുർബ്ബലമാക്കുന്നു. പണ്ഡിറ്റ്ജി മുതൽ പഞ്ചായത്താപ്പീസർ വരെ എടുത്തമ്മാനമാടുന്ന സോഷ്യലിസം തന്നെ നമുക്കും ഭക്ഷിക്കാം. ആ സർവ്വരോഗവിനാശിനീസം സിന്താബാദ് വിളിക്കുക. അപ്പോൾ സ്വകാര്യ സ്വത്തുടമാസമ്പ്രദായം ക്ലോസ്. നിൽ. നഹി. സമ്മതിച്ചു. നിർവ്വാദം, സസന്തോഷം, സമ്മതിച്ചു. പക്ഷെ സ്വകാര്യ ഉടമാസമ്പ്രദായം നിർത്തണമെന്നല്ലാതെ അന്യായമായി കാട് വെട്ടി നശിപ്പിക്കണമെന്ന് ഏത് സോഷ്യലിസ്റ്റാചാര്യനാണുപോൽ വിധിച്ചിട്ടുള്ളത്? കാടും കാട്ടുമൃഗങ്ങളും എന്തു പിഴച്ചു? നാട് കാടാവാതെ സൂക്ഷിക്കുകയും കാട് നാടാവുന്നത് നിയന്ത്രിക്കുകയും ചെയ്യുകയാണ് തുല്യപ്രാധാന്യമുള്ള രണ്ടു കർത്തവ്യങ്ങളെന്ന് നമ്മുടെ ഭ...ഭ... – വേണ്ട. ആ ഘനവും പ്രസരിപ്പും തറവാടിത്തവുമൊക്കെയുള്ള ഭകാരം അവരർഹിക്കുന്നില്ല – വെറും ഭരണാധികാരികളായ കോൺഗ്രസ് മന്ത്രിമാർ എന്നാണാവോ മനസ്സിലാക്കുക? പടച്ചവൻ കണ്ടു. സഭാദ്ധ്യക്ഷനും സഭാനേതാവും “പബ്ലിക്കായി” ശുനകമാർജ്ജാരീയം കഥ ആടുമ്പോൾ നീതിന്യായ പരിപാലനവും സംഘടനയുടെ അസ്ഥിവാരവും ഭിക്ഷാടനമാരംഭിക്കുമെന്ന് ആ മഹാമഹാ – ഒരു പോരായ്മയല്ലെ? ഞാനത്രയ്ക്കായിട്ടുമില്ല – ബുദ്ധിമാന്മാർ ഓർക്കുന്നില്ലല്ലൊ. കഷ്ടം. “കൃഷ്ണോ രക്ഷതു മാം”... ക്ഷമിക്കണം പത്രാധിപരെ. അങ്ങ് പറഞ്ഞുപോയി. അവിടുത്തേക്ക് നല്ല തൃപ്തിയുണ്ടെങ്കിൽ “പബ്ലിഷാ”ക്കിയാൽ മതി. മലബാറിൽ എന്നും ആൾപ്പിടിയൻ നരികളെക്കൊണ്ടുള്ള ശല്യം ഏറെയൊന്നും അനുഭവപ്പെട്ടിട്ടില്ല. ഇനി അതിന് സാദ്ധ്യതയുമില്ല.

കൃഷ്ണൻ നല്ല ഉശിരും ചുണയുമുള്ള ഒരു നായാട്ടുകാരനായിരുന്നു. എപ്പോഴും ചിരിയും തമാശയുമാണെങ്കിലും സന്ദർഭ

ത്തിനനുസരിച്ച് ധീരതയുടെ ഉച്ചിയിൽ കയറിനിൽക്കാൻ കഴിവുള്ള അരോഗദൃഢഗാത്രനായ യുവാവ്. ഒരിടത്തരം ധനിക കർഷകകുടുംബത്തിലെ യഥാർത്ഥ മാനേജരായ അഞ്ചാം അനന്തിരവൻ. പരിചയപ്പെട്ടതു മുതൽ ഞങ്ങൾ പരസ്പരം ആകർഷിക്കപ്പെട്ടു. വെടിയേറ്റ മൃഗത്തിനെ സിദ്ധികൂട്ടുവാൻ ഞാനില്ലാതെ കൃഷ്ണനും കൃഷ്ണനില്ലാതെ ഞാനും പോവുകയില്ലെന്ന ഒരു കരാർ അചിരേണ നിലവിൽവന്നു. തേടിപ്പോയ പന്നിയോ നരിയോ ഒരവസാന സമരത്തിന് മുതിർന്ന് ചീറിയടുക്കുന്ന സന്ദർഭങ്ങളിൽ വെറും ഭാഗ്യംകൊണ്ടുമാത്രം രക്ഷപ്പെട്ട് തിരിഞ്ഞു നോക്കിയപ്പോൾ സവാലനെ അനുകരിച്ച് വൃക്ഷാസനസ്ഥനായി ഇളിഭ്യച്ചിരി ചിരിക്കുന്ന കൂട്ടുകാരന്റെ മുഖം പലപ്പോഴും കാണാനിടവന്നതാണ് മേപ്പടി കരാറിനടിസ്ഥാനം. എട്ടുകൊല്ലക്കാലം സനിഷ്ക്കർഷം പാലിക്കപ്പെട്ടുപോന്ന ഈ കരാർ കൃഷ്ണൻ ലംഘിച്ചു. ഫലമോ? ഒരാജന്മ ശുദ്ധൻ ലോകത്തിന് നഷ്ടപ്പെട്ടു. സുഹൃത്തുക്കൾക്ക് നികത്താനാവാത്ത നഷ്ടം. ലോകത്തിന് സാധാരണ സംഭവം.

നാലു ദിവസം നീണ്ടുനിന്ന വനവാസത്തിനുശേഷം ഞാനും കൃഷ്ണനും തമ്മിൽ പിരിഞ്ഞതായിരുന്നു. ഒരാഴ്ചക്കപ്പുറം മറ്റൊരു വനവാസ പരിപാടിയുടെ ഒരുക്കങ്ങൾ ചെയ്യാൻ അവനെ ഏൽപിച്ച് അഞ്ചു നാഴിക ദൂരെയുള്ള എന്റെ വീട്ടിലേക്ക് ഞാൻ വന്നതാണ്. പക്ഷെ പിറ്റേദിവസം പത്തുമണിയാവുമ്പോഴേക്ക് കൃഷ്ണന്റെ ഒരു പണിക്കാരൻ വീട്ടിലെത്തി. തലേന്ന് രാത്രി സാമാന്യം വലിയ ഒരു വരിയൻ നരിയെ കൃഷ്ണൻ വെടിവെച്ചിട്ടുണ്ടെന്നും ഉടൻ അങ്ങട്ട് ചെല്ലണമെന്നുമായിരുന്നു പറഞ്ഞയച്ച വിവരം. സ്വന്തം നാരിയുടെ “വിറ്റൊ” അവഗണിച്ച് “മന്ദിരത്തൂണാലൊന്നു മറഞ്ഞു നെടുതാം വീർപ്പിട്ടുകൊണ്ടങ്ങനെ”

നിൽക്കാൻ ഒരവസരം കൂടി അവൾക്ക് കൊടുത്ത് വെടിയേറ്റ നരിയെത്തേടി ഞാൻ ദൂതന്റെ കൂടെത്തന്നെ പുറപ്പെട്ടു.

ഞങ്ങൾ പിരിഞ്ഞന്ന് രാത്രി കാട്ടരുകിലുള്ള തന്റെ തൊഴുത്തിലെ പശുക്കളുടെ നിലവിളിയും തുള്ളിച്ചാടലുകളും കേട്ട് കൃഷ്ണൻ തോക്കും ടോർച്ചുമായി അങ്ങട്ട് ചെന്നു. വീട്ടിൽനിന്ന് തൊഴുത്തിലേക്ക് അമ്പതുവാര കഷ്ടിച്ചേ ദൂരമുള്ളൂ. അവിടെ എത്തി ടോർച്ചു കത്തിച്ചു നോക്കിയപ്പോൾ നരിയെക്കണ്ടു വെടിവെച്ചു. കാടും നാടും കുലുക്കിവിറപ്പിച്ച ഒരു അട്ടഹാസവും പാസ്സാക്കി അമ്മാമൻ കാട്ടിലേക്ക് തിരിഞ്ഞുതുള്ളി. പിന്നെ രാത്രി മുഴുവനും തൊണ്ടയനക്കിക്കൊണ്ടിരുന്നു. ഇത്രയും വിവരങ്ങൾ ദൂതനിൽനിന്ന് കിട്ടി. വെടിവച്ചത് കൃഷ്ണനായതുകൊണ്ട് മർമ്മസ്ഥാനത്ത് വെടികൊണ്ടിട്ടുണ്ടോ എന്ന ശങ്കയ്ക്കവകാശവുമില്ല.

ഒരുനാഴിക ദൂരം ലാഭിക്കാൻ വേണ്ടി ഞങ്ങൾ പുഴ നീന്തിക്കടന്ന് കാട്ടിൽക്കൂടിത്തന്നെ ചെന്ന് കൃഷ്ണന്റെ വീട്ടുപറമ്പത്തിറങ്ങിയപ്പോഴാണ് ആദ്യത്തെ ഞെട്ടലനുഭവപ്പെട്ടത്. കോലായും മുറ്റവും ജനനിബിഡമായിരുന്നു. തികഞ്ഞ നിശ്ശബ്ദതയും. ഞാനെങ്ങനെയോ കോലായിൽ ചെന്നുകേറി. കൃഷ്ണൻ ഒരു കട്ടിലിന്മേൽ മലർന്നുകിടക്കുന്നു. ഒന്നുരണ്ടുപേർ വീശുന്നുണ്ട്. ഞാൻ അടുത്തുചെന്ന് കട്ടിലിന്മേലിരിക്കാൻ ഭാവിച്ചപ്പോൾ കൃഷ്ണൻ തടഞ്ഞു. ആരോ ഒരാൾ ഒരിളന്നീർ കൊത്തിനീട്ടി. സുഹൃത്ത് പതിഞ്ഞ സ്വരത്തിൽ പറഞ്ഞു. "ആ ഇളനീര് കുടിച്ച് നേരെപോയി പഹയനെ കാച്ചിവരൂ എന്നിട്ടിരിക്കാം. തൊഴുത്തിന്റെ തെക്കുകിഴക്കെ കോണിൽനിന്നു നോക്കിയാൽ ഒരു വെണ്ടേക്ക് മരം കാണാം. അതിന്റെ കീഴിലാണ് മഹാപാപിയുള്ളത്. ഉം. താമസിക്കരുത്." ആകെ സ്തംഭിച്ചുപോയിരുന്ന എന്റെ നിശ്ചലത കണ്ട് അവൻ തുടർന്നു. "പരിഭ്രമിക്കണ്ട. സാരമില്ല.

പക്ഷെ കഠിന വേദനയുണ്ട്. ആ പെരുംചതിയൻ ചത്തുവെന്ന റിഞ്ഞാൽ വേദനയ്ക്ക് സുഖമുണ്ടാവും. ഡാക്ടരെ കൂട്ടാൻ ആൾ പോയിട്ടുണ്ട്. നരി ചെറുതൊന്നുമല്ല. നന്നെ അവശനായിട്ടുണ്ടെ ങ്കിലും കിടപ്പുകണ്ട് തെറ്റിദ്ധരിക്കരുത്. കാണലും വെടിയും ഒ പ്പമായിരിക്കണം. പിന്നെ എന്റെ തോക്കും അവിടെയെങ്ങാൻ കാണും. അതും ഇങ്ങട്ടെടുക്കണം. ഉം. ഇനി ഒട്ടും താമസിക്കരു ത്." ഒന്നും പറയാതെ ഞാൻ തിരിഞ്ഞുനടന്നു.

മുറ്റത്തിറങ്ങി നേരെ തൊഴുത്തിനടുക്കലേക്ക് ഞാൻ നട ന്നു. ഞാൻ എത്തുന്നതിനൽപം മുമ്പെത്തിയ മറ്റൊരു കൂട്ടുകാ രൻ തോക്കോടുകൂടി എന്നെ അനുഗമിക്കുന്നുണ്ടെന്ന് ഞാൻ അറിഞ്ഞതേയില്ല. തൊഴുത്തു കഴിഞ്ഞ് മുൻപറഞ്ഞ വെണ്ടേക്ക് മരം സമീപിച്ചപ്പോൾ അമ്മാമനെ കണ്ടു. കിടപ്പ് തന്നെ വിദ്വാൻ. "ശത്തുപോയിരിക്കുന്നു" എന്ന് ആരെങ്കിലും ധരിച്ചുപോയിട്ടു ണ്ടെങ്കിൽ അവരെ ഒരുതരത്തിലും കുറ്റപ്പെടുത്താൻ നിവൃത്തി യില്ലാത്ത കിടപ്പാണ്. ഞാൻ ഒരു പരീക്ഷണത്തിനും മുതിർന്നി ല്ല. നല്ല മർമ്മസ്ഥാനം നോക്കി വെടിപൊട്ടിച്ചു. നരി ഒന്നു തല യുയർത്തി. നിഴൽപോലെ എന്നെ അനുഗമിക്കുകയായിരുന്ന കൂട്ടുകാരന്റെ വെടിയും പൊട്ടി. ഒരഞ്ചു സെക്കന്റുനേരം ആപാ ദചൂഢം വിറപ്പിച്ചതിനുശേഷം അമ്മാമന്റെ ജീവൻ മടക്കയാത്ര ആരംഭിച്ചു.

ഞാൻ കൃഷ്ണന്റെ തോക്കും എടുത്ത് മടങ്ങി. കോലായിൽ കേറിയ ഉടനെ നേരെചെന്ന് കട്ടിലിന്മേലിരുന്നു. എനിക്ക് പലതും ചോദിക്കാനും അറിയാനുമുണ്ടായിരുന്നു. പക്ഷേ ഒന്നും ഒരു വാക്കുപോലും ഉച്ചരിക്കാനാവുന്നില്ല. കുറേശ്ശകുറേശ്ശയായി കൃഷ്ണൻ സംഭവം വിവരിച്ചു കേൾപ്പിച്ചു. ഡാക്ടർ എത്തി പരി ശോധിച്ചു. കൈമലർത്തി. ആശുപത്രിയിലെത്തിച്ചാൽ ഒരു പക്ഷെ രക്ഷ കിട്ടിയേക്കുമെന്ന ആശാദീപം കൊളുത്തിവെച്ച്

തന്നാലാവുന്നതും ചെയ്ത് അദ്ദേഹം സ്ഥലംവിട്ടു. ഏറ്റവും അടുത്ത ആശുപത്രിയും ടാക്സികാറുകളും ഉള്ളത് കണ്ണൂര്. ദൂരം നാഴിക ഇരുപത്തേഴ്. എന്റെ കാർ "പാത്തി"ചികിത്സയിലും.

തനിച്ചട്ടമ്പി ചമഞ്ഞതിനുശേഷം തടിയോ ബസ്സോ വേണ്ടതെന്ന സ്വല്പം ഗൗരവമുള്ള പ്രശ്നത്തിൽ തടിയാണ് കാമ്യമെന്ന് സമാധാനംകൊണ്ട ഒരു കണ്ടക്ടറുടെയും ഡ്രൈവറുടെയും കൃത്യവിലോപം രാത്രി ഒമ്പതുമണിക്ക് ഞങ്ങളെ കണ്ണൂര് ആശുപത്രിയിലെത്തിച്ചു. വഴിക്കുവഴിയേ നാലു ഡാക്ടർമാർ പരിശോധിച്ചു. രോഗിയുടെ അടുത്തുതന്നെ നിൽക്കുകയായിരുന്ന എന്നോട് ഒന്നും പറയാതെ അവർ മുറിവിട്ടു. എനിക്ക് സുപരിചിതനായിരുന്ന ആർഎംഒ മാത്രം വിട്ടുപോയില്ല. ഡാക്ടർമാരിലൊരാൾ മടങ്ങിപ്പോകുമ്പോൾ ഞങ്ങളുടെ കൂട്ടത്തിലുണ്ടായിരുന്ന ഒരുവനോട് ഞാനും കൃഷ്ണനും തമ്മിലുള്ള ബന്ധമെന്താണെന്നന്വേഷിക്കുന്നതു കേട്ടു. സാധു ഡാക്ടർ; പാവം; ഞാനും കൃഷ്ണനും തമ്മിലുള്ള ബന്ധം നിർവ്വചിക്കാൻ പടച്ചവൻതന്നെ കുറച്ചധികം ഉഷ്ണിക്കേണ്ടി വരുമെന്ന് അയാളെങ്ങനെ അറിയാനാണ്!

ഞാൻ കൃഷ്ണനോട് ചേർന്ന് കട്ടിലിന്മേലിരുന്നു. "ഹൃദയം വിങ്ങുമ്പോൾ വാക്കുകൾ വിരളമാവുന്നു" എന്ന പഴമൊഴി അക്ഷരംപ്രതി സത്യമത്രെ. സുഹൃത്ത് അധികസമയവും അർദ്ധബോധാവസ്ഥയിലാണ്. പൊലിയാൻ പോകുന്ന ആ ദീപം പത്തുമണിക്കുശേഷം ഒരരമണിക്കൂർ നേരം പൂർണ്ണപ്രഭയോടെ ജ്വലിച്ചുകത്തി. ചില ചുമതലകളെല്ലാമെന്നെ ഏൽപിച്ചു. നിസ്സാരമായ അഭിപ്രായ വ്യത്യാസംമൂലം കല്ല്യാണം കഴിക്കാൻ വിസമ്മതിച്ചതിനെ തുടർന്ന് കണ്ണീരുംകയ്യുമായി കഴിയുന്ന ഒരു യുവതിക്കുള്ള അന്ത്യസന്ദേശവും കൂടി ഞാൻ വഹിക്കേണ്ടിവന്നു. രണ്ടുമണി ഇരുപത്തഞ്ചുമിനുട്ടിന് സുഹൃത്തിന്റെ ആത്മാവ് ഞാൻ വീശിക്കൊണ്ടിരിക്കെ സർവ്വേശ്വരനിൽ വിലയംപ്രാപിച്ചു.

സംഭവിച്ചതിതാണ്. ദൂതനെ അയച്ചശേഷം വെടിവച്ചസ്ഥലം പരിശോധിക്കാൻ കൃഷ്ണൻ പുറപ്പെട്ടു. ഞാനെത്തുമ്പോഴേക്ക് നരി എങ്ങോട്ടാണ് നീങ്ങിപ്പോയതെന്ന് അറിഞ്ഞുവയ്ക്കുക മാത്രമായിരുന്നു ഉദ്ദേശം. കിഴക്കും പടിഞ്ഞാറും മാത്രമേ കാടുള്ളൂ. രണ്ടുഭാഗത്തു പോയാലും നരി എവിടെയാണ് വിശ്രമിക്കുകയെന്ന് അവനസ്സലായറിയാമായിരുന്നു. വെടിയേറ്റ ഉടനെ ഒരു "സമ്മർസാൾട്ടെ"ടുത്ത് നരി വീണു. വീണ ദിക്കിൽ ഒരു പത്തുവാര സ്ഥലം മുഴുവൻ രക്തമയമായും ഉള്ള ചെറുചെടികളത്രയും കടിച്ചുപറച്ചിട്ട് നിലം മാന്തിക്കിളച്ചതായും അവൻ കണ്ടു. നരി മിക്കവാറും ചത്തിട്ടുണ്ടാവുമെന്ന് ന്യായമായും സംശയിക്കാൻ മാത്രമുള്ള തെളിവുകൾ അവിടെയുണ്ട്. വീട്ടുപറമ്പോട് ചേർന്നുനിൽക്കുന്ന കാടാണ്. ഓരോ ഇഞ്ചും കണ്ടുപരിചയമുള്ള സ്ഥലം. ഏതായാലും കുറച്ചുദൂരം വരെ കാട്ടിൽകയറി നോക്കാമെന്നായി പിന്നെത്തെ ആലോചന. കാട്ടിൽ കടന്ന് അൽപദൂരം ചെന്നപ്പോൾ മുൻപറഞ്ഞ വെണ്ടേക്ക് മരത്തിന്റെ ചുവട്ടിൽ നരി കിടക്കുന്നത് കണ്ടു. നായാട്ടുകാരന്റെ അപ്രതിരോദ്ധ്യമായ ജിജ്ഞാസ കൃഷ്ണന്റെ വിവേകത്തെ ജയിച്ചു. അവൻ തോക്കു നീട്ടിപ്പിടിച്ച് മെല്ലെ ഏതാണ്ടൊരു പത്തുവാര വരെ അടുത്തുചെന്നു. അമ്മാമൻ ഒരനക്കവുമില്ലാതെ കിടക്കുകയാണ്. കൃഷ്ണനഭിമുഖമായാണ് തലചായ്ച് വച്ചിട്ടുള്ളത്. ശ്വാസോച്ഛ്വാസം ചെയ്യുന്ന ലക്ഷണമില്ല. കണ്ണിനും ചൈതന്യമില്ല. തിര കിട്ടാൻ വളരെ വിഷമമുള്ള കാലം. കിട്ടുന്നതിനു തന്നെ തീവിലയും. തോക്ക് തനിയെ താണു. വീണ്ടും അതിസൂക്ഷ്മതയോടെ നരിയെ പരിശോധിച്ചു ഒരനക്കവും കണ്ടില്ല. രണ്ടുമൂന്നുവാര പിന്നേയും അടുത്തു. തോക്കു നീട്ടി, താഴ്ത്തി. പിന്നെയും അടുത്തു കുറച്ചുകൂടി. ഏതായാലും ആ തലയ്ക്ക് ഒരുണ്ട കൂടി സമ്മാനിക്കാമെന്നുവച്ച് തോക്കുനീട്ടി ഉന്നം വെച്ചു. പക്ഷെ സുഹൃ

ത്തിന്റെ ഉള്ളിൽകയറി ചാരുകസാല വലിച്ചിട്ട് ഇരിക്കുകയായിരുന്ന സംശയപ്പിശാച് വീണ്ടും തോക്ക് താഴ്ത്തിപ്പിച്ചു. നരി എഴുന്നേറ്റ് ആക്രമിക്കുകയും ചെയ്തു. പിൻകാലുകളിന്മേൽ ഉയർന്ന് രണ്ടുകൈകളും കൃഷ്ണന്റെ നെഞ്ചത്തുവെച്ച് തല എത്തിക്കടിക്കാനാണ് നരി ചാടിപുറപ്പെട്ടത്. കൃഷ്ണൻ ഇടത്തുകൈ മടക്കി കൈത്തണ്ടകൊണ്ട് ഉള്ളത്ര ഊക്കിൽ ഒരടി അടിച്ചു. കൈത്തണ്ട ചെന്നത് നരിയുടെ വായിൽ. നരിയും നരനും പിന്നോട്ടു ചാഞ്ഞ്‌വീണു. തോക്ക് തെറിച്ചുപോയി. നരൻ എഴുന്നേറ്റുനിൽക്കുമ്പോഴേക്ക് നരിയും പിടഞ്ഞെഴുന്നേറ്റു. രണ്ടാമത്തെ ആക്രമണവും നടന്നു. കൃഷ്ണൻ ഇത്തവണ വലത്തു കൈകൊണ്ടും അടിച്ചു. ഇടത്തുകൈ ഉപയോഗശൂന്യമായിരുന്നു. രണ്ടാമത്തെ അടിയിൽ നരിമാത്രം പിന്നോട്ടു മറിഞ്ഞുവീണു. കൃഷ്ണൻ തിരിഞ്ഞോടി കാട്ടിൽനിന്നും പുറത്തു കടന്ന് തൊഴുത്തിനടുത്തായും ചെന്നു വീണു. നരി അത്രയും അവശനായിരുന്നതു കൊണ്ട് പിന്തുടർന്നില്ല. സുഹൃത്ത് വീട്ടിലുള്ളവരെ വിളിച്ചുകൂവി. അവരോടിച്ചെന്ന് അവനെ താങ്ങിയെടുത്ത് വീട്ടിലെത്തിച്ചു. അര മണിക്കൂറിനുള്ളിൽ ഞാനും എത്തി.

സംഭവം മേൽവിവരിച്ച പ്രകാരമാണെന്ന് പരിക്കിന്റെ സ്ഥിതിയും തെളിയിച്ചിരുന്നു. കൃഷ്ണന്റെ രണ്ടു കൈകളും മുട്ടിനുതാഴെ എല്ലടക്കം കടിച്ചു നുറുക്കി പരത്തിയിരുന്നു. നെഞ്ചത്ത് തൊണ്ടമുതൽ പൊക്കിൾവരെ നഖംകൊണ്ട് കീറിയ മൂന്നു വലുതും രണ്ടു ചെറുതും ചാലുകളുണ്ടായിരുന്നു. തലയുടെ പിൻവശത്ത് സാമാന്യം നല്ല ഒരു മുറിയുള്ളത് ആദ്യത്തെ വീഴ്ചയിൽ ഒരു മരക്കുറ്റി കൊണ്ടുണ്ടായതാണെന്ന് അവൻ പറഞ്ഞിരുന്നു. അത് സത്യവുമായിരിക്കണം. ഞങ്ങൾ കണ്ണൂരേക്ക് പുറപ്പെടുമ്പോൾ തന്നെ അവന് ശക്തിയായ പനിയുണ്ടായിരുന്നു. രണ്ടു കൈകളും മുട്ടിനുകീഴെവച്ച് മുറിച്ചാൽ ജീവൻ ര

ക്ഷപ്പെട്ടു കിട്ടുമോ എന്ന് അവസാനക്കയ്യായി ഞാൻ അന്വേഷിക്കാതിരുന്നിട്ടില്ല. പക്ഷെ വൈദ്യസംബന്ധമായി ഇന്ന് സാധാരണ സാധിക്കുന്ന പലതും അന്ന് സ്വപ്നം കണ്ടിട്ടുപോലുമില്ല. ഇന്നും ഓർക്കുന്തോറും മനസ്സ് പിട... ഛെ, ഇതെന്തൊരഭാസം? ചിരിക്കാനല്ലാതെ കരയാനാർക്കെന്തധികാരം? റിട്ടേൺ ടിക്കറ്റ് വാങ്ങി കഴുത്തിൽ കെട്ടിത്തൂക്കിയും കൊണ്ടല്ലെ ഞാനും നിങ്ങളും അവരും എല്ലാം ഇങ്ങട്ട് പോന്നത്? പിന്നെ എന്തിന് ഖേദിക്കണം? പോരാത്തത് "പുനരപി ജഠരെ ശയനം" പടച്ചവന്റെ വേണ്ടുകയാൽ സംഭാവ്യവുമാണ്. കൃഷ്ണാ, സുഹൃത്തേ, കൂപ്പുകൈ, ശേഷം കാഴ്ചയിൽ. ഉടനെ അങ്ങട്ട് വരുന്നുണ്ട്.

4

ആനക്കാര്യം

ഞാൻ ചെറുപ്പം മുതൽക്കേ ഒ"രാനപ്രാന്തനാ"യിട്ടാണ് വളർന്നത്. സഹപോക്കിരികൾ പേടിച്ചോടുമ്പോൾ "ഭംഗമാർന്നൂഴിയിൽ വീണുപോയ" ആ കാർമേഘക്കട്ടയെ സമീപിക്കുകയായിരുന്നു എന്റെ പതിവ്. ആനയോടും വെള്ളത്തോടും തീയോടും കളിക്കരുതെന്ന് എഴുത്തച്ഛൻ പഠിപ്പിക്കായ്കയല്ല. ഞാൻ പഠിക്കായ്കയാണ്. അച്ഛനും അമ്മാമനും എന്നുവേണ്ട, അന്ന് "ഇരുകാൽത്തളിർവെപ്പിലും ധരിത്രി-ത്തിരുമാറിൽ പുളകോദ്ഗമം പരത്തു"കയായിരുന്ന ഇന്നത്തെ സ്വന്തം ദന്തിഗാമിനിയാൾക്കുകൂടി ആനകളുണ്ടായിരുന്നു. പിന്നെ ഞാനെങ്ങനെ "ആനപ്രാന്തന"ല്ലാതിരിക്കും? എന്തിന് അല്ലാതിരിക്കണം?

"ചൊട്ടയിൽ" തുടങ്ങിയ ആനയോടുള്ള മമതയും ബഹുമാനവും ഇന്നും നിലനിൽക്കുന്നു. ഒരു പ്രാവശ്യം അബദ്ധത്തിലും മൂന്നു പ്രാവശ്യം "സുചിരവിഷാദവശേന വേണ്ടിവന്നതി"നാലും ആകെ നാലു പ്രാവശ്യം മാത്രമേ ഞാൻ ആനയെ വെടിവച്ചിട്ടുള്ളു. അബദ്ധത്തിൽ വെടിവച്ചത് മേപ്പടി സ്വന്തം ദന്തിഗാമിനിയുടെ ദന്തിയെത്തന്നെയായിരുന്നു. ഭാഗ്യവശാൽ അത് മരിച്ചില്ല. നാലുമാസത്തെ ചികിത്സ വേണ്ടിവന്നതൊഴിച്ചാൽ കാര്യം വീട്ടിനകത്തും പുറത്തും മംഗളകരമായിത്തന്നെ പര്യവസാനിച്ചുവെന്ന് ഏത് "സ്വ.ലേ"ക്കും ധൈര്യസമേതം റിപ്പോർട്ടു ചെയ്യാം. മറ്റു മൂന്നവസരങ്ങളിലും ആനകൾ "ക്ലോസ്". ഞാൻ ഈ ബോറടി നടത്തുവാൻ ബാക്കിയും.

"മാതൃഭൂമി" ഇതിനിടെ എഴുതിയ ആനവിലാപ മുഖപ്രസംഗവും ഡോക്ടർ മന്നാടിയാരുടെ പ്രത്യാഖ്യാനവും നിങ്ങൾ വായിച്ചിരിക്കും. രണ്ടും ശരിയാണെങ്കിലും പ്രശ്നത്തിന്റെ കാതലായ ഭാഗത്തിന് രണ്ടിലും വേണ്ടത്ര പരിഗണന ലഭിക്കാതെ പോയി. ഇന്ന് യഥാർത്ഥത്തിൽ നശിക്കുന്നത് ആനയല്ല. കാടാണ്. കാട് നശിപ്പിക്കപ്പെടുമ്പോൾ ആന പിന്നേയും കാടുകയറുന്നുവെന്നു മാത്രം. മലബാറിൽ - മുഷിയേണ്ട, കേരളത്തിൽ എന്നുതന്നെ വായിച്ചോളൂ. "ചുപ് പരമണീയ ചാമി ചകായ"ക്കാരുടെ വാലിന്മേൽ തൂങ്ങിയെങ്കിലും കിടന്നു പൊറുക്കാമായിരുന്നു. ആ ചില്ലറ ഭാഗ്യം കൂടി കളഞ്ഞുകുളിച്ച വിരുതന്മാരല്ലെ നാമൊക്കെ? വായിച്ചോളൂ. കേരളത്തിൽ എന്നുതന്നെ വായിച്ചോളൂ - മലബാറിൽ ആനവെടി വളരെ കുറവാണ്. ആന പിടി വംശം മുടിഞ്ഞുപോവാൻ മാത്രം സാധാരണവുമല്ല. കാലാവസ്ഥാ നിരീക്ഷണവും തലകാഞ്ഞ പ്രവചനങ്ങളും സർക്കാറിന്റെ ചുമതലയിലാണെങ്കിലും നിയന്ത്രണം ഇന്നും സൗഭാഗ്യവതി പ്രകൃതിയുടെ മൃദുല ഹസ്തങ്ങളിൽ തന്നെയാണുള്ളത്. മുപ്പതാം പഞ്ചവത്സരപദ്ധതിക്കാലത്തും ആ നിത്യകന്യക അതൊട്ടു വിട്ടുകൊടുക്കുകയുമില്ല. വനം അവളുടെ ആയുധവും ആഭരണവുമാണ്. അതുകൊണ്ട് സംരക്ഷിക്കപ്പെടേണ്ടത് വനമാണ് മൃഗമല്ല. ശിക്കാറികൾക്കുള്ളത്ര തന്നെ പഞ്ഞം ഇന്ന് മൃഗങ്ങൾക്കില്ലതാനും. "രക്ഷിക്ക കാന്താരമെന്നൊരാറക്ഷരം - നക്ഷത്രം പോലതാ തത്ര മിന്നു"ന്നു. മറിയാമ്മാച്ചേട്ടത്തിയെപ്പോലെ "സാരം ഗ്രഹി"ച്ച് പ്രവൃത്തിക്കാതെ വനമഹോത്സവക്കോപ്പിരാട്ടി കൊണ്ട് തൃപ്തിപ്പെടുകയാണെങ്കിൽ അവന്മാരെ - വേണ്ട. ഞാൻ ഒന്നും.... ഒന്നുംതന്നെ പറയുന്നില്ല. അവർ മുഷിയും. അവർ റമ്പ പെരിയവരല്ലവാ?

നിലത്തിര - ഞാഞ്ഞൂൽ - ശ്രീഅനന്തന്റെയും കാളവണ്ടി തീവണ്ടിയുടെയും മരുമക്കളാണെന്ന് നിങ്ങൾ ശഠിക്കുമെങ്കിൽ ആ യുക്തിവാദത്തിന്റെ അടിസ്ഥാനത്തിൽ നാട്ടാനയും കാട്ടാനയും ഒരേ വംശജരാണെന്ന് ഞാനും സമ്മതിക്കാം. വിദൂര ദർശനത്തിൽ കമിഴ്ന്നുവീണ ഭകാരം പോലെയാണാകാരമെന്നല്ലാതെ സ്വഭാവംകൊണ്ട് രണ്ടും രണ്ട് ധ്രുവപ്രദേശങ്ങളിലാണ് ജീവിക്കുന്നത്. നാട്ടാന മിനിമം വെയ്ജസ്സിനോ ബോണസ്സിനോ വേണ്ടി പണിമുടക്കാത്ത, വർഗ്ഗസമരത്തിന്റെ ഫലശ്രുതി കേട്ട് മനംമയങ്ങി ഇങ്ക്വിലാബിന്റെ വാല് കടന്നുപിടിക്കാത്ത ബൂർഷ്വാത്തൊഴിലാളിയാണ്. “പിടിച്ച കടിഞ്ഞാണയച്ചളവ്” അഹംഭാവത്തിലേക്ക് ത്വരിതഗമനം ചെയ്യുന്നതാണ് വ്യക്തിത്വമെങ്കിലും അതടിച്ചമർത്തപ്പെട്ടാൽ “മാളിക മുകളേറേണ്ട മന്നൻ” കൂടി “തോളിൽ മാറാപ്പു”മേറ്റി പഞ്ചപുച്ഛമടക്കി എച്ചിലിലയും തേടി തൂക്കി നടക്കുമെന്നതിന്റെ സജീവോദാഹരണം കൂടിയാണ് മേപ്പടി നിർഭാഗ്യവാൻ. കാടനാണെങ്കിൽ പടച്ചവന്റെ ന്യായവില ഷാപ്പിൽ യഥേഷ്ടം കിട്ടുന്ന സാധനങ്ങൾ വീർപ്പുമുട്ടുന്നതുവരെ ഭക്ഷിച്ച് മുക്രയിട്ടു നടക്കുന്ന മഹാഭാഗ്യവാനും. ചിരഞ്ജീവിലാഭക്കൊതി അയ്യരെക്കൊണ്ട് സൗഭാഗ്യവതി കണ്ഠ്രേട്ടാളമ്മാളെ വേളികഴിപ്പിച്ച് കരിഞ്ചന്തക്കൊച്ചിനെ ജനിപ്പിക്കുന്ന ആനപ്രാന്തനല്ലല്ലോ പടച്ചവൻ.

കാട്ടാനകൾ കൂട്ടുകുടുംബ സമ്പ്രദായക്കാരാണ്. എല്ലാ കുടുംബത്തിലും കാരണവരും കൈകാര്യകർത്താവുമായ ഒരു ഗംഭീരാകാരനുണ്ടാവും. കുടുംബാംഗങ്ങളുമായി സൗഹാർദ്ദം പുലർത്തിപ്പോരാൻ സാധിക്കാതെ വഴക്കും വക്കാണവും എപ്പോഴുമുണ്ടാക്കിത്തീർക്കുന്ന അധികപ്രസംഗിയെ ആനക്കാരണവർ കുത്തിപ്പുറത്താക്കും. അങ്ങനെ പുറത്താക്കപ്പെട്ട വിഡ്ഢി വീരനാണത്രെ ഒറ്റയായി സഞ്ചരിക്കുന്ന ശനിപ്പിഴക്കാരൻ. തൊണ്ണൂറ്

ശതമാനം കുടുംബകലഹങ്ങളും ആനകൾക്കിടയിലും കാമിനി മൂലം തന്നെയാണുണ്ടാവുന്നത്. ആ വക കലഹങ്ങൾ മിക്കവാറും ഒരേകാധിപത്യച്ചുവയോടെയാണ് കാരണവർ തീർക്കുക. ചാർജ്ജ് ഷീറ്റില്ല. തെളിവെടുപ്പുമില്ല. അട്ടഹാസം മൂത്ത് കയ്യാങ്ക ളി തുടങ്ങുന്ന ഘട്ടത്തിൽ കാരണവർ ഇടയിൽ കേറിയങ്ങു നിൽക്കും. ദ്വന്ദ്വയുദ്ധക്കാർ ഒഴിഞ്ഞു പൊയ്ക്കൊള്ളണം. പോകാ തെ, പ്രതിഷേധം റിക്കാർട്ടാക്കാൻ ശ്രമിക്കുന്നവനെ തന്റെ കൊമ്പിന്റെ സ്വാദ് കാരണവർ അനുഭവിപ്പിക്കും. പ്രസവിക്കുന്ന ആനപ്പെണ്ണിന്റെ ചുറ്റും കൂട്ടത്തിലുള്ള മറ്റാനകൾ ഒന്നോടൊന്നു തൊട്ടുചേർന്നുനിന്ന് വേലിയും മറയും ഒരേസമയം സൃഷ്ടി ക്കുമെന്ന് ആഫ്രിക്കൻ ആനകളെക്കുറിച്ച് ആധികാരികമായി പറ യാനർഹതയുള്ള ഒരുയർന്ന ശിക്കാറി രേഖപ്പെടുത്തീട്ടുണ്ട്. സ്വൈരസഞ്ചാരം ചെയ്യുമ്പോൾ മണ്ണിന് മാർദ്ദവമനുഭവപ്പെട്ടാൽ മരക്കൊമ്പുകൾ പൊട്ടിച്ചെടുത്ത് കുത്തിനോക്കി തന്റെ ഭാരം താങ്ങുമെന്നുറപ്പു വരുത്തിയതിനു ശേഷമേ ആന ഒരടിപോലും മുമ്പോട്ടു വയ്ക്കുകയുള്ളൂ. പല പ്രാവശ്യം ഞാൻ കണ്ടറിഞ്ഞ താണ് ഈ സ്വഭാവവിശേഷം. ചതിക്ക് നോബൽ പ്രൈസർഹി ക്കുന്ന നരജീവികൾ കുഴിച്ചുമൂടി വയ്ക്കുന്ന കുഴിയിൽ വീഴാതി രിക്കാൻ ഈ ആത്മരക്ഷാബോധം ആനകളെ വളരെയേറെ സഹായിക്കുന്നുണ്ട്. കൂട്ടത്തിലെ ലോകപരിചയം കുറഞ്ഞ ഉൽപ തിഷ്ണുക്കൾ മാത്രമാണ് കുഴിയിൽ വീണ് കാലശേഷം പട്ടിക ജാതി വർഗ്ഗക്കാരായി നട്ടംതിരിയുന്നത്. ആനകൾ തെണ്ടിത്തി ന്നുന്നവരാണെങ്കിലും തെണ്ടികളല്ല. അഷ്ടിക്കൽപം മുട്ടുണ്ടാ യാലും പരിചിതമായ സ്ഥലങ്ങൾ വിട്ടുപോകാതെ പറ്റിക്കൂടു ന്ന കൂട്ടത്തിലാണ്. താമസസ്ഥല പരിസരങ്ങളുടെ ഭൂമിശാസ്ത്രം മനുഷ്യരേക്കാളും യാഥാർത്ഥ്യബോധത്തോടെ അവ പഠിക്കും. ഏതു ഭാഗത്ത് ഏതു കാലത്ത് രുചികരമായ ആഹാരവും സ്വച്ഛ

ജലവും കിട്ടുമെന്നുള്ളത് സുസൂക്ഷ്മം പഠിച്ച് ഊഴം തെറ്റാതെ തക്കസമയത്ത് ആ സ്ഥലങ്ങളിൽ അവ പ്രത്യക്ഷപ്പെടും. സമതലവാസം തീരെ ഇഷ്ടപ്പെടാത്ത ഗിരിവർഗ്ഗക്കാരാണ് ആനകൾ. പക്ഷെ വായുഭഗവാനെ ഇത്രയധികം ഭയപ്പെടുന്ന മറ്റൊരു ജന്തുവുണ്ടോ എന്നു സംശയമാണ്. വൃശ്ചികം മുതൽ മകരാന്ത്യം വരെ ആഞ്ഞടിക്കുന്ന കാറ്റ് കാട്ടിലുണ്ടാക്കുന്ന വൃക്ഷക്ഷോഭം ആനകളെ സമതലപ്രദേശങ്ങളിലേക്കോടിക്കുന്നു. കാറ്റിന്റെ ശല്യം തീരുന്നതുവരെ വൃക്ഷനിബിഡമായ മേൽത്തട്ടുകളിലേക്ക് അവ മടങ്ങിപ്പോവുകയുമില്ല. കുറുക്കുവഴികൾ കണ്ടുപിടിക്കാനുള്ള ആനകളുടെ സാമർത്ഥ്യം അത്യാശ്ചര്യകരമാണ്. മലയിൽനിന്ന് മലയിലേക്കുള്ള എളുപ്പ വഴി കണ്ടുപിടിക്കാൻ സർവ്വെയറെയും എൻജിനീയറെയും തേടി സമയം പാഴാക്കേണ്ടതില്ല. ആന സാധാരണ പോകുന്ന വഴിയായിരിക്കും ഏറ്റവും ദൂരം കുറഞ്ഞ വഴി. "പൊന്നു കായ്ക്കുന്ന മരമായാലും പുരയ്ക്ക് ചാഞ്ഞാൽ മുറിക്കണമെന്ന" തത്ത്വോപദേശത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ആനയെ ദ്രോഹിക്കുന്നത് സാധൂകരിക്കാനാവൂ. മറ്റവസരങ്ങളിൽ സംരക്ഷണം മാത്രമല്ല "നാളീകശീതളദളവ്യജനങ്ങൾ" സമേതമുള്ള ബഹുമാനം കൂടി അർഹിക്കുന്ന ഒരുൽകൃഷ്ട ജീവിയാണ് ആന.

കോട്ടയം താലൂക്കിന്റെ വടക്കുകിഴക്കെക്കോണിൽ അറ്റത്ത് ആ കൊല്ലം ഒരൊറ്റക്കൊമ്പൻ കാട്ടാനയെക്കൊണ്ടുള്ള ശല്യം ഭയങ്കരമായിരുന്നു. തലശ്ശേരി-കുടക് റോഡിൽ നിന്ന് തെക്ക് പത്തുനാഴിക ദൂരെ അക്കൊല്ലം കൊടുംകാട്ടിനുള്ളിൽ പുനക്കൃഷിയുണ്ടായിരുന്നു. ആ കൃഷികളിൽ ഗണ്യമായ ഒരുഭാഗം അങ്ങോരുടെ വയറ്റിലെത്തുകയും ചെയ്തിരുന്നു. പല കൃഷിക്കാരും അദ്ദേഹത്തിന്റെ ശരീരത്തിൽ പല ഭാഗത്തുമായി നാടൻ തോക്കുകളിൽ നിന്നുള്ള വെടിയുണ്ടകൾ നിക്ഷേപിച്ചിട്ടുമുണ്ടാ

യിരുന്നു. സ്ഥലത്തില്ലാതിരുന്നതുകൊണ്ട് കുറെ വൈകീട്ടേ എനിക്ക് രംഗത്തിറങ്ങാൻ സാധിച്ചുള്ളൂ. തന്നിമിത്തം ഒരു “ഗുഡ്മോർണിങ്ങ്” പാസ്സാക്കാൻ കൂടി എനിക്കവസരം കിട്ടിയില്ല. പരിശ്രമിക്കാത്തതുകൊണ്ടല്ല. ഞാനൊരുങ്ങി പുറപ്പെടുമ്പോഴേക്കും അങ്ങോർ ‘‘ടൂർ കഴിഞ്ഞ് മൈസൂരിലുള്ള ഹെഡ്ക്വാർട്ടേർസിലേക്ക്’’ വണ്ടി കയറിയതുകൊണ്ടാണ് അങ്ങനെ സംഭവിച്ചത്.

അടുത്ത കൊല്ലം വിദ്വാൻ വീണ്ടും മലയിറങ്ങി വന്നു. മുൻകൊല്ലം ആഹാരസമ്പാദനം മാത്രമായിരുന്നു ലക്ഷ്യമെങ്കിലും രണ്ടാമത്തെ വരവിൽ മുമ്പു തന്നെ വെടിവച്ച വർഗ്ഗത്തോട് പകരം ചോദിക്കലും കൂടി പരിപാടിയിൽപ്പെടുത്തീട്ടുണ്ട്. കൃഷിയിലിറങ്ങിയാൽ ആദ്യം കൃഷിരക്ഷയ്ക്കു വേണ്ടി കെട്ടിയൊരുക്കീട്ടുള്ള താൽക്കാലിക കുടിലുകൾ പിഴുതെടുത്ത് ചവിട്ടിപ്പൊട്ടിച്ച് നശിപ്പിച്ചതിനുശേഷമേ അങ്ങോർ “ഡിന്നർ” തുടങ്ങുമായിരുന്നുള്ളൂ. മനുഷ്യവാസമുണ്ടെന്ന് പുള്ളിക്കു തോന്നുന്ന ഒരു പുരയിടവും ആ പ്രതികാരതൃഷ്ണയിൽ നിന്നൊഴിവാക്കപ്പെട്ടിരുന്നില്ല. തത്ഫലമായി അങ്ങോരുടെ ആഗമന വൃത്താന്തം കാട്ടുതീ പോലെ ചുറ്റുപാടും പരന്നു. എന്തായാലും ഒരുകൈ നോക്കാമെന്ന് ഞാനും ഉറച്ചു.

ക്യാപ്റ്റൻ കെ – അദ്ദേഹമൊരു വല്ലാത്ത മുൻശുണ്ഠിക്കാരനാണ്. ഇപ്പോൾ ജീവിച്ചിരിപ്പുമുണ്ട്. നിങ്ങൾ ബത്തയും കിത്തയും ഗ്രാന്റും ഒക്കെ അമേരിക്കൻ മോഡലിൽത്തന്നെ തന്നാലും അദ്ദേഹത്തിന്റെ മുഴുവൻ പേർ സ്വന്തം ആരോഗ്യത്തെ മുൻനിർത്തി ഞാൻ പറയുകയില്ല – ആൾ സുമുഖനാണെങ്കിലും സഹൃദയനല്ല. അല്ലേയല്ല. ഇന്ത്യക്കാരന്റെ പിറവി. യൂറോപ്യന്റെ പദവി. പൂർവ്വജന്മസുകൃതം കൊണ്ട് വെള്ളത്തിനു പകരം കടലാസുപയോഗിക്കാൻ തുടങ്ങീട്ടില്ലാത്ത ഇന്ത്യൻ വെള്ളക്കാരൻ.

യൂറോപ്യൻ സമ്പ്രദായങ്ങളിലലിഞ്ഞുചേർന്ന് ഭാരതീയമായ വ്യക്തിത്വം നഷ്ടപ്പെട്ട കടവാതിൽ. മേപ്പടി കാരണങ്ങൾ കൊണ്ട് സാജാത്യബന്ധം പുലർത്താനാവാതെ ഇടപെടുന്നവരുടെയെല്ലാം അപ്രീതി സമ്പാദിച്ചിട്ടും മനം കുലുങ്ങാതെ കലങ്ങി ജീവിക്കുന്ന സമസ്ത സർക്കാർ ചടങ്ങുകളിലേയും "വിഐപി – പ്രശസ്ത വ്യക്തി; ഇത്യർത്ഥ"...

ഏകദന്തന്റെ പുനരാഗമന വൃത്താന്തവും എന്റെ പരിപാടിയും സന്ദർഭവശാൽ ഞാൻ ക്യാപ്റ്റനോട് പറഞ്ഞു. അദ്ദേഹം എന്റെകൂടെ വരാൻ ധൃതിപ്പെട്ടു. ഒപ്പം കൂട്ടാൻ നിർബന്ധിച്ചു. ഷിക്കാർ പരിചയം കുറവാണെങ്കിലും ഒരു നല്ല തോക്കിന്റെ ജന്മിയായിരുന്നതുകൊണ്ടും അന്ന് ഒരു ലഫ്ടനന്റായിരുന്ന എന്റെ അച്ചടക്കബോധം നിമിത്തവും ഞാൻ നമ്മുടെ കമ്മത്തിയെപ്പോലെ "ബറുമ്പോലെ ബർട്ടെ" എന്ന് സമാധാനിച്ച് സമ്മതിക്കുകയും ചെയ്തു.

അങ്ങിനെ ക്യാപ്റ്റൻ കെ, ലഫ്റ്റനന്റ് ഞാൻ, ആനക്കാർ മമ്മത്, പണിയൻ ചാത്തി എന്നീ നാലു ധീരവീര ശിക്കാറികൾ ഒരു ദിവസം അതിരാവിലെ "ഉത്തരാശാമുഖം നോക്കി" പുറപ്പെട്ടു. "ലഞ്ചി"നുള്ള വക ഒരു ചൂരൽപ്പെട്ടിയിൽനിന്ന് ചാത്തിയുടെ തലയോട്ടിന്റെ ബലം പരിശോധിക്കുന്നുണ്ട്. ബാക്കിയുള്ളവർ സതോക്കന്മാരും. ഏഴുനാഴിക ദൂരെ ഒരു മരക്കച്ചവട പ്രമാണിയുടെ ചാപ്പയുണ്ട്. മരംവെട്ടുകാരും ആനക്കാരും "മിനിസ്റ്റീരിയൽ സ്റ്റാഫും" ഒക്കെ താമസിക്കുന്ന വിശാലമായ നല്ല വൃത്തിയുള്ള പർണ്ണശാല. അവിടെ എത്തിയാൽ "ലെയിറ്റ് ന്യൂസ്" കിട്ടും. ആ ന്യൂസിന്റെ അടിസ്ഥാനത്തിൽ പരിപാടി തയ്യാറാക്കി മുന്നോട്ടു നീങ്ങാനായിരുന്നു പ്ലാൻ. ആനക്കാരൻ മമ്മത് ഒരു നല്ല ആനപാപ്പാനും അതിലും നല്ല ഷിക്കാറിയും വിശ്വസിക്കാൻ കൊള്ളുന്നവനുമാണ്. ചാത്തി ധീരതയിൽ ഒട്ടും താഴെയല്ല.

കൂടാതെ ആ കാട്ടിന്റെ ഭൂമിശാസ്ത്രത്തിൽ എംഎസ്സ്സി ബിരുദം ഒന്നാംക്ലാസ്സിൽ ഒന്നാമനായി നേടിയവനുമാണ്.

സ്വയം "സ്വ.ലേ" ചമഞ്ഞവരിൽ നിന്നു കിട്ടിയ "ചക്കാത്ത്" റിപ്പോർട്ടുകളും മരച്ചാപ്പയിലെത്തിയപ്പോൾ കിട്ടിയ "ലെയിറ്റ് ന്യൂസും" കൂട്ടിക്കലർത്തി പഠിച്ചതിൽ ഞങ്ങളുദ്ദേശിച്ച "ഏകദന്തൻ മഹാകായൻ" തന്നെയാണ് മലയിറങ്ങി വന്നിട്ടുള്ളതെന്നും കണ്ണിൽ പെടുന്നവരെയൊക്കെ യാതൊരു കൂസലുമില്ലാതെ തുരത്തിയോടിച്ച് ഏകച്ഛത്രാധിപതിയായി വാഴുകയാണ് അങ്ങോരെന്നും മനസ്സിലാക്കാൻ സാധിച്ചു. കണ്ടുകിട്ടാൻ ഏറ്റവും സാദ്ധ്യതയുള്ള കുന്നും ഞങ്ങൾ തെരഞ്ഞെടുത്തു.

ചാപ്പയിൽ അധികം താമസിയാതെ മൂന്നു നാഴികയോളം ദൂരത്തുള്ള മേപ്പടി കുന്ന് ലക്ഷ്യമാക്കി ഞങ്ങൾ ചെരിവിൽ ക്കൂടി മേലോട്ടു കയറി. കുന്നിന്റെ ഏതാണ്ട് മുക്കാൽഭാഗമെത്തിയാൽ രണ്ടേക്രയോളം വിസ്തീർണ്ണമുള്ള പുൽമേടും മുളങ്കൂട്ടവും ഉണ്ടെന്നും ആനയെ അവിടെ കണ്ടില്ലെങ്കിൽ മാത്രമെ മലയുടെ മുകൾത്തട്ടിലേക്കുള്ള അതീവ ദുഷ്ക്കരമായ കയറ്റം ആവശ്യമുണ്ടാവുകയുള്ളൂ എന്നും ചാത്ത്യാചാര്യൻ അഭിപ്രായപ്പെട്ടു. പുൽപരപ്പിനടുത്ത് താഴെ എത്തിയപ്പോൾ ആനയുടെ ചെവിയടിശബ്ദവും മുളങ്കമ്പുകൾ പൊട്ടിക്കുന്ന ശബ്ദവും കേൾക്കുന്നുണ്ടെന്ന് മമ്മതും ചാത്തിയും പറഞ്ഞു. അങ്ങട്ട് കയറിച്ചെല്ലാൻ രണ്ടുമൂന്നു വഴികൾ മാത്രമേയുള്ളൂ. ബാക്കിസ്ഥലം മുഴുവനും പത്തും പതിനഞ്ചും അടി ഉയരമുള്ള കിഴുക്കാംതൂക്കമായ പാറക്കെട്ടുകളാണ്. ഞങ്ങളവിടെ കുറച്ചുസമയം വിശ്രമിച്ചശേഷം ഏറ്റവും കിഴക്കേ അറ്റത്തുള്ള വെള്ളച്ചാലിൽക്കൂടി മെല്ലെമെല്ലെ പുൽപരപ്പിലേക്ക് കയറിച്ചെന്നു. ആനയെ കണ്ടു. ഏതാണ്ടിരുന്നൂറുവാര ദൂരെ അക്ഷോഭ്യനായി ലഞ്ച് കഴിക്കുകയാണ് ഏകദന്തൻ. വടക്കുപടിഞ്ഞാറോട്ടാണ് മുഖം.

ഞങ്ങൾ ഒരു ചെറിയ "കൗൺസിൽ ഓഫ് വാർ" നടത്തി. പുൽപ്പരപ്പിൽ നിന്നിറങ്ങി കുറേക്കൂടി പടിഞ്ഞാറോട്ടു മാറി ആനയുടെ ഏതാണ്ടടുത്തായി വീണ്ടും കയറിച്ചെല്ലുകയോ, അല്ല അവിടവിടെയായുള്ള കുറ്റിക്കാടുകളുടെയും മരങ്ങളുടെയും മറവിൽക്കൂടി ആനയെ സമീപിക്കുകയോ ഏതാണ് നല്ലതെന്ന പ്രശ്നമായിരുന്നു ചർച്ചാവിഷയം. കാറ്റ് ഞങ്ങൾക്കെതിരായി വീശുന്നതുകൊണ്ട് സൂക്ഷിച്ചു പോയാൽ അങ്ങോരറിയാതെ വളരെ അടുത്ത് ചെന്നെത്താൻ സാധിച്ചേക്കുമെന്നും താഴോട്ടിറങ്ങിയാൽ ഉദ്ദേശിക്കുന്ന സ്ഥാനത്ത് വീണ്ടും കയറിച്ചെല്ലാൻ വഴി കിട്ടുക പ്രയാസമാണെന്നും മമ്മത് അഭിപ്രായപ്പെട്ടു. ഞാൻ പിന്താങ്ങി.

ഞങ്ങൾ മുന്നോട്ടുനീങ്ങി. അപകടഘട്ടത്തിലെത്തുകയാണെങ്കിൽ ഓരോരുത്തരും എന്തു ചെയ്യണമെന്ന് തീരുമാനിച്ചിരുന്നു. എന്റെയോ മമ്മതിന്റെയോ അനുവാദം കിട്ടുന്നതിനുമുമ്പ് വെടിവെക്കരുതെന്നും വെടിവെക്കേണ്ട മർമ്മസ്ഥാനങ്ങൾ ഏതൊക്കെയാണെന്നും ക്യാപ്റ്റനെ പറഞ്ഞു പഠിപ്പിച്ചിട്ടുണ്ട്. ആദ്യത്തെ വെടിവെക്കാൻ അദ്ദേഹത്തിന് സൗകര്യമുണ്ടാക്കിക്കൊടുക്കാമെന്ന് ഞാനേറ്റിരുന്നു. ചില സ്ഥലങ്ങളിൽ ഇരുന്നു നിരങ്ങിക്കൊണ്ട് പ്രകൃതിയുടെ തിരശ്ശീല തികച്ചും ഉപയോഗിച്ച് ഞങ്ങൾ ഗജപ്രവരനെ സമീപിച്ചു. പുൽപ്പരപ്പിന്റെ ഏതാണ്ട് വടക്കെ അരുചേർന്നാണ് യാത്ര. മുപ്പതുവാരയോളം അടുത്തെത്തിയ ഞങ്ങൾ നിലംതിരിഞ്ഞു നോക്കിയപ്പോൾ അതുവരെ എന്റെ അടുത്ത് പിന്നിലായിരുന്ന ക്യാപ്റ്റൻ അറിഞ്ഞോ അറിയാതെയോ "ഡിപ്രമോഷനായി" മമ്മതിന്റെയും പിന്നിൽ മൂന്നാം കൂറ് തമ്പുരാനായവരോധിക്കപ്പെട്ടതായി കണ്ടു. ആംഗ്യംകൊണ്ട് ഉദ്ദേശ്യം സൂചിപ്പിച്ച് ഇഞ്ചിഞ്ചായി ഞാൻ വലത്തോട്ടു നീങ്ങാൻ തുടങ്ങി. ഏകദേശം അഞ്ചടിയോളമെത്തിയപ്പോൾ പിന്നെ ഒട്ടും

അനങ്ങാൻ പാടില്ലാതെ വന്നു. വളരെ ചെറിയ അനക്കം പോലും കാട്ടിനുണ്ടായാൽ ആന ഞങ്ങളെ കണ്ടേക്കാനുള്ള സാദ്ധ്യത കൂടിക്കൂടി വരികയാണ്. കൂടാതെ ഭാഗ്യത്തിനോ നിർഭാഗ്യത്തിനോ ആനയും അൽപം വലത്തോട്ടു തിരിഞ്ഞിട്ടുമുണ്ടായിരുന്നു. ക്യാപ്റ്റനെ എന്റെ അടുക്കലേക്ക് ക്ഷണിച്ചു വരുത്തുന്നത് ഏറ്റവും അപകടകരമായി പരിണമിച്ചേക്കുമോ എന്ന് ഞാൻ ഭയപ്പെട്ടു. "എക്സ്ക്യൂസ് മി" പറയലും വിശദീകരണവും പിന്നീടാവാമെന്നുവെച്ച് അതിസാവധാനത്തിൽ കാറ്റുകൂടി അറിയാതെ ഞാൻ തോക്കുനീട്ടി. ചട്ട കഷ്ടിച്ച് എന്റെ തോളത്തെത്തീട്ടെ ഉള്ളൂ, പിന്നിൽനിന്ന് വെടിപൊട്ടി. ഉണ്ടയുടെ ചൂട് എന്റെ ഇടത്തെക്കാതിന് തട്ടിയിരുന്നുവെന്ന് ഞാൻ ഇപ്പോഴും ഓർക്കുന്നു. ഒരു ഭയങ്കര കൊലവിളിയോടെ ആന ഞങ്ങളുടെ നേരെ തിരിഞ്ഞോടി. എനിക്കോ മമ്മതിനോ വെടിവെക്കാൻ സൗകര്യമില്ല. സമയവുമില്ല. ഞങ്ങൾ തിരിഞ്ഞോടി. വഴികാട്ടിയായോ "ധൃതികൂട്ടിയായൊ" ക്യാപ്റ്റൻസായ്പിന്റെ അതിമാംസളമായ പിന്നിണിപ്രദേശം ഞങ്ങളുടെ മുമ്പിൽ പറന്നകലുകയായിരുന്നു. പുൽപ്പരപ്പിൽനിന്ന് ഇരുക്കാലി മാന്യന്മാരെപ്പോലെ താഴെയിറങ്ങാൻ വഴി അന്വേഷിച്ചില്ല. അതിനൊട്ടു സമയവുമില്ല. ഓടുന്ന ഓട്ടത്തിൽതന്നെ ഒരാകാശയാത്രയും കഴിച്ച് ഞങ്ങൾ താഴെ ചെരുവിൽ വീണു. ഒരു ചെറിയ നീർച്ചാലിൽക്കൂടി താഴോട്ടിറങ്ങി വരാൻ ആന കുറച്ചു വിഷമിച്ചു. താമസിച്ചു. പക്ഷെ അപ്പോഴേക്കും വീണേടത്തു നിന്നെഴുന്നേറ്റ് ക്യാപ്റ്റനും മറ്റു രണ്ടുപേരും ഓട്ടം തുടർന്നിരുന്നു.

ഞാൻ താഴെ ചാടിവീണപ്പോൾ കുത്തനെയുള്ള ചെരുവിൽക്കൂടി കുറെ പടിഞ്ഞാറോട്ടുരുണ്ടുപോയി. ഒരു പത്തുവാര അടുത്തുകൂടി ആന നേരെ വടക്കോട്ട് കൂട്ടുകാരുടെ പിന്നാലെ പാഞ്ഞുപോകുന്നത് ഒരുനോക്കു കാണാൻ മാത്രമേ എനിക്കൊ

ത്തുള്ളൂ. രണ്ടുമൂന്നുപേരോടുന്ന ശബ്ദവും കാടിളകുന്നതും മാത്രം ശ്രദ്ധിച്ചുകൊണ്ട് കോപാക്രാന്തനായി ഓടുന്ന ആന ഉരുണ്ടെത്തിയ സ്ഥലത്ത് മരത്തടിപോലെ കിടക്കുകയായിരുന്ന എന്നെ കാണാത്തതും എന്നോടഭിമുഖസംഭാഷണത്തിന് വരാതിരുന്നതും എന്റെ ഭാഗ്യം. ആനയുടെ നിർഭാഗ്യവും. ആ രണ്ടു കൂട്ടത്തിനും പുറമേ അത് പടച്ചവന്റെ ഒരു സൗഹാർദ്ദപ്രശ്നം കൂടിയായിരുന്നുവെന്ന് - യുക്തിവാദികൾ മുഷിയും. തീർച്ച. പക്ഷെ മുഷിച്ചിലിനും വേണമല്ലോ യുക്തി - ഞാൻ ഇന്നും വിശ്വസിക്കുന്നു.

ഞാൻ മെല്ലെ എഴുന്നേറ്റിരുന്ന് എന്റെ പരിക്കുകൾ എണ്ണിതിട്ടപ്പെടുത്താൻ ശ്രമിച്ചു. എല്ലുകളെല്ലാം സർവ്വോൽക്കർഷേണ വർത്തിക്കുന്നുണ്ട്. ധരിച്ച കുപ്പായം തോരണം തൂക്കിയപോലെ പല ദിക്കിലും കിടന്നാടുന്നു. പടച്ചവൻ തന്ന അങ്കി നാല്പതു ശതമാനമെങ്കിലും കൃമികീടാദികളുടെ തിരുവോണസ്സദ്യക്ക് പാകത്തിൽ ചിന്നിച്ചിതറി മണ്ണിൽ കിടപ്പുണ്ട്. പല സ്ഥലത്തു കൂടിയും നാടുകാണാൻ കിട്ടിയ അവസരം രക്തം പാഴാക്കിയില്ല. പക്ഷെ കണ്ട കാഴ്ച ദയനീയമായതു കൊണ്ടായിരിക്കണം ക്രമേണ കട്ടപിടിച്ച് പിന്തുടരുന്നവരെ നിരോധിച്ചത്. ഞാനെഴുന്നേറ്റു നിന്ന് പല്ലുകടിച്ച് കയ്യുംകാലും കുടഞ്ഞു. കണ്ണും കാതും പൂർണ്ണ ശക്തിയാൽ പ്രവർത്തിപ്പിച്ച് ആനയെന്നല്ല ഒരു നാൽക്കാലിയും അടുത്തെങ്ങുമില്ലെന്നുറപ്പു വരുത്തി. അരയിൽ തിരുകിയിരുന്ന “കുക്രി” പക്ഷിയായഭിനയിച്ച സ്വസ്വാമിയുടെ മരണവെപ്രാളത്തിൽ പ്രതിഷേധിച്ച് ബന്ധം വേർപെടുത്തിയിരുന്നു. എങ്കിലും ഞാനവനെ വിട്ടില്ല. ക്യാപ്റ്റനെക്കുറിച്ച് എനിക്ക് യാതൊരാശങ്കയുമുണ്ടായിരുന്നില്ല. ആ ധീരസേനാനി യാത്ര പുറപ്പെട്ട “സ്പീഡ്” നിലനിർത്തുകയാണെങ്കിൽ ഒരു മണിക്കൂറിനുള്ളിൽ അദ്ദേഹം സൂയസ്സ്കനാൽ കടന്നു ചാടി ആനരഹി

തമായ പിതൃഭൂമിയിലെത്തുമെന്ന് എന്റെ ഉള്ളിലെ കുടികിടപ്പു കാരനായ കുസൃതി മന്ത്രിക്കുന്നുണ്ടായിരുന്നു. എന്തായാലും വായുഭഗവാനേക്കാളും വേഗത ഗണപതിഭഗവാനില്ലെന്നുള്ളത് ശാസ്ത്രസിദ്ധവുമാണല്ലോ. ചാത്തിയും മമ്മതും ആനയുടെ ആക്രമണത്തിൽ നിന്നൊഴിഞ്ഞുമാറി ക്യാപ്റ്റൻ സായ്പിന്റെ ക്ഷേമവിവരത്തോടുകൂടി എന്നെത്തേടി വരാതിരിക്കില്ലെന്ന് എനി ക്കുറപ്പുമുണ്ടായിരുന്നു.

ഞാൻ കുറെ സാഹസപ്പെട്ടാണെങ്കിലും ആന ഇറങ്ങിവ ന്ന വഴിക്ക് മെല്ലെ പുൽപ്പരപ്പിലേക്ക് കേറിച്ചെന്നു. കൂട്ടുകാരെ കുറേനേരം കാത്തുനിൽക്കാനും അവരെത്തിയില്ലെങ്കിൽ വന്ന വഴി കണ്ടുപിടിച്ച് മടങ്ങാനുമായിരുന്നു ഉദ്ദേശം. സമയം ഉച്ചക ഴിഞ്ഞിരിക്കുന്നു. ക്ഷുൽപിപാസകൾ മുഷ്ടിചുരുട്ടി "ഇങ്കിലാബ്" തുടങ്ങീട്ടുണ്ട്. ഏതായാലും കൂട്ടുകാരെത്തുന്നതിനുമുമ്പു വന്ന വഴി കണ്ടുപിടിക്കാമെന്നുവച്ച് ഞാൻ തിരച്ചിലാരംഭിച്ചു. അതി നിടയിലാണ് ചാത്തിയുടെ ശിരോലങ്കാരമായിരുന്ന ജാംബവാൻ ചൂരൽപെട്ടി യാതൊന്നും സംഭവിച്ചിട്ടില്ലാത്ത മട്ടിൽ നിശ്ചല മായി പബ്ളിക്കായി ഈശ്വരവിചാരം ചെയ്ത് നിൽക്കുന്നതായി കണ്ടത്. ഞാൻ പൊട്ടിച്ചിരിച്ചുപോയി. പെട്ടിക്കുള്ളിൽ "എരി യാ, പൊരിയാ, കുളിരാ, തളരാ"ദി ഗുണസംയുക്തനായ മല നാടൻ മരനീരിന്റെ മറുനാടൻ വിശേഷാൽപ്രതിയായ "ബീർ, ബീർ" എന്ന നാമധേയത്തിലറിയപ്പെടുന്ന മൂപ്പിലാനുണ്ട്. വേണ്ടു വോളം തിന്നാനുള്ള പലചരക്കു സാധനങ്ങളുടെ ജംഗമക്കല വറ കൂടിയായിരുന്നു ആ ചൂരൽപ്പെട്ടി. "യഥാഭീതി സഹസ്രാണി – നിഹന്ത്യേകോപി കുപ്പിബീർ" എന്ന് ഹോരാചാര്യൻ പറയാ ഞ്ഞത് അങ്ങോർക്ക് ആ സാധനത്തെക്കുറിച്ച് ഒരു പിടിയുമില്ലാ ത്തതുകൊണ്ടായിരിക്കണം.

മേപ്പടി "ഏകോപി കുപ്പികളി"ലൊന്ന് കാലിയാവുമ്പോഴേക്ക് മമ്മതും ചാത്തിയും രംഗപ്രവേശംചെയ്തു. ക്യാപ്റ്റൻ സായ്പ് അടിവാരത്തിലെ പുനക്കൃഷിയിൽ മറ്റൊരു ഗജവീരനായി ചാടി യിറങ്ങുന്നതു കണ്ടതിനുശേഷം അവരെന്നെതേടി വന്നതാണ്. ആന പുനം വരെ അവരുടെ പിന്നാലെ വിടാതെ ഓടിയിരുന്നു വെന്നും കാട്ടിലെ ഒളിച്ചുകളി തീരെ അറിയാത്തതുകൊണ്ട് രണ്ടും കൽപിച്ച് നേരെചൊവ്വെ ഓടടാഓട്ടം ഓടുന്ന ഒന്നേകാൽ ക്വിന്റ ലോളം തൂക്കം വരുന്ന ക്യാപ്റ്റനായിരുന്നു ആനയുടെ ശ്രദ്ധ പ്രത്യേകം ആകർഷിച്ചിരുന്നതെന്നും വഴിക്കുവച്ച് തങ്ങൾ രണ്ടു പേരും തെറ്റിമാറി ആനയെ അകമ്പടി സേവിക്കുകയാണ് ചെയ്ത തെന്നും ചാത്തി അസംസ്കൃത പച്ചമലയാണ്മയിൽ വിവരിച്ചു. കൂട്ടത്തിൽ അവരുടെ "ഭീതി സഹസ്രങ്ങളും" മേപ്പടി പ്രമാണ വചനപ്രകാരം "ഹന്തി."

കുറച്ചധികനേരം നീണ്ടുനിന്ന ചർച്ചയ്ക്കു ശേഷം ക്യാപ്റ്റന്റെ അംഗരക്ഷകസ്ഥാനം വഹിച്ച് അദ്ദേഹത്തെ മരച്ചാ പ്പയിലേക്കാനയിക്കാൻ ചാത്തി നിയോഗിക്കപ്പെട്ടു. ആ ധീരപട യാളിയുടെ പടക്കോപ്പുകൾ വഴിയിൽ ചിതറി കിടപ്പുണ്ടെങ്കിൽ അന്വേഷിച്ചു പെറുക്കിയെടുത്ത് ഉടമസ്ഥനെ ഏൽപിക്കാനും അവനെ ചുമതലപ്പെടുത്തി. ആന എന്തായാലും പുൽപരപ്പി ലേക്ക് മടങ്ങി വരാതിരിക്കില്ലെന്ന മമ്മതിന്റെ അഭിപ്രായം ശരി വെച്ച് ഞാനും മമ്മതും ആന കയറിവരാൻ ഏറ്റവും സാദ്ധ്യത യുള്ള വഴിയിൽ കുത്തിയിരുപ്പു സത്യഗ്രഹവും തുടങ്ങി.

ഞങ്ങളുടെ പ്രതീക്ഷയ്ക്ക് വിപരീതമായി ചെരുവിൽകൂടി കയറിവരുന്നതിനു പകരം മുകൾത്തട്ടിൽനിന്ന് കീഴ്പോട്ടിറങ്ങി വരികയാണ് ആന ചെയ്തത്. ആദ്യത്തെ സ്ഥാനത്തുനിന്ന് ഏതാണ്ട് മുപ്പതുവാര പടിഞ്ഞാറോട്ട് മാറി അങ്ങോർ പുൽപരപ്പി ലേക്കിറങ്ങി. ഉടനെ അത്താഴവുമാരംഭിച്ചു. ഞങ്ങളുടെ പ്ലാനിൽ

ചില മാറ്റങ്ങളെല്ലാം വേണ്ടിവന്നു. ഒരിരുപതുവാര അകലത്തിൽ സമാന്തരമായി അതിനെ സമീപിക്കാനും ആദ്യത്തെ വെടി ഒറ്റക്കുഴൽ തോക്കുകാരനായ മമ്മത് പൊട്ടിക്കാനും ആ വെടിയേറ്റ് ആന മമ്മതിന്റെ നേരെ ചാടിയടുക്കുമ്പോൾ ഇരട്ടക്കുഴൽ തോക്കുകാരനായ ഞാൻ അതിനെ വെടിവെച്ചു വീഴ്ത്താനും നിശ്ചയിച്ച് ഞങ്ങൾ മുന്നോട്ടു നീങ്ങി.

നേരത്തെ ഓർക്കാപ്പുറത്തുണ്ടായ അനുഭവം ആനയുടെ സ്വാഭാവികമായ ഉദാസീന ഭാവത്തിന് മാറ്റം വരുത്തീട്ടുണ്ടെന്ന് ഞങ്ങൾക്ക് കാണാൻ കഴിഞ്ഞു. "ചെവിപ്പങ്കയുടെ" ചലനം എണ്ണത്തിലും വണ്ണത്തിലും കുറവായിരുന്നു. ഇടയ്ക്കിടെ തീറ്റ നിർത്തി നിശ്ചലനായി ചുറ്റുപാടും ശ്രദ്ധിക്കുകയും സൂക്ഷ്മാവലോകനം നടത്തുകയും ചെയ്യുന്നുണ്ട്. പക്ഷെ സ്ഥലത്തിന്റെ കിടപ്പും കുറ്റിക്കാടുകളുടെ സമൃദ്ധിയും മുപ്പതുവാര അടുത്തെത്താൻ ഞങ്ങളെ സഹായിച്ചു. അതിലുമധികം ഒരടിപോലും മുന്നോട്ടു വെക്കുന്നത് വൈരക്കല്ല് പതിച്ച പവൻമാറ്റ് വങ്കത്തമായിരിക്കുമെന്ന് എനിക്ക് തോന്നി. ഞാൻ സിഗ്നൽ കൊടുത്തു. മമ്മതിന്റെ വെടിപൊട്ടി. ആന അവന്റെ നേരെ ഓടി. പക്ഷെ നാൽക്കാലി മുക്കാലിയായി മാറിയിരിക്കുന്നു. വലത്തെ കൈമുട്ടിനാണ് വെടി. ആന രണ്ടുചാട്ടം ചാടുമ്പോഴേക്ക് ഞാനും ഒരു സെക്കന്റിനുള്ളിൽ രണ്ടു കുഴലും ഒഴിച്ചു. അങ്ങോർ അന്തംവിട്ട് സംശയഗ്രസ്തനായി തരിച്ചുനിന്നു. ശരീരം ആടുന്നുണ്ടെന്നും ഉടനെ മറിഞ്ഞു വീഴുമെന്നും തോന്നി. ഞാൻ എഴുന്നേറ്റുനിന്ന് തിരമാറ്റി. ബദ്ധപ്പാടിൽ തോക്കടയ്ക്കുമ്പോൾ വേണ്ടത്ര ശ്രദ്ധിച്ചില്ല. തോക്കടയ്ക്കുന്ന ശബ്ദം കേട്ട് ആന എന്റെ നേരെ മുഖം തിരിച്ചു. എന്നെ കണ്ടമാത്രയിൽ ശരംപോലെ പാഞ്ഞടുത്തു. ഒരു പത്തുവാര അടുത്തെത്തിയപ്പോൾ ഞാൻ വീണ്ടും രണ്ടു കുഴലും ഏതാണ്ടൊപ്പം ആ പൂർണ്ണകുംഭത്തിലേക്ക് – ഭ്രൂമദ്ധ്യം

– ഒഴിച്ചു. ഓടിയടുത്ത മമ്മത് ഇടത്തെ കൈമുട്ടും വെടിവെച്ചു പൊട്ടിച്ചു. അങ്ങോർ മുട്ടുകുത്തി സാവധാനത്തിൽ ചെരിഞ്ഞു വീണു. മരണവേദനക്കറുതിവരുത്താൻ ഞാനടുത്തു ചെന്ന് ചെവിക്കുള്ളിലും രണ്ടീയ്യഗുളികകൾ പാസ്സാക്കി. വെടിയുണ്ടകളെക്കാളെറെ "നാളീകശീതളദളവ്യജനങ്ങ"ളർഹിക്കുന്ന ആ ഉൽക്ക്യഷ്ട ജന്തു അതിദയനീയമായ ഒരു നിലവിളി കൊണ്ട് "ഗുഡ്ബൈ" തന്ന് എന്നെന്നേക്കുമായി ഞങ്ങളോട് യാത്രപറഞ്ഞ് പിരിഞ്ഞു.

രാത്രി എട്ടുമണിക്ക് ഞാനും മമ്മതും മരച്ചാപ്പയിൽ മടങ്ങിയെത്തി. ക്യാപ്റ്റനുവേണ്ട ശുശ്രൂഷകൾ സ്ഥലകാല പരിമിതിക്കൊത്തവണ്ണം അവിടുത്തെ അന്തേവാസികൾ ചെയ്തുകൊടുത്തിരുന്നു. ചട്ടത്തൊപ്പിയൊഴിച്ച് ബാക്കി നഷ്ടപ്പെട്ട എല്ലാ സാധനങ്ങളും ചാത്തി കണ്ടെടുത്ത് തിരികെ ഏൽപിച്ചിട്ടുണ്ട്. ഞങ്ങൾ അന്നവിടെ താമസിച്ച് സംസ്കാരകർമ്മങ്ങൾ ഏർപ്പാടുചെയ്ത് പിറ്റേ ദിവസം രാവിലെ നാട്ടിലേക്കുമടങ്ങി.

ഈ സംഭവത്തിനുശേഷം മൂന്നുകൊല്ലം കഴിഞ്ഞ് പാമ്പുകടിയേറ്റ് മമ്മത് മരിച്ചു. മൂന്നു കൂട്ടുകാരോടൊപ്പം അവൻ രാത്രി ശിക്കാറിനു പോയതാണ്. ഒരു മലമാനിനെ വെടിവെച്ചു വീഴ്ത്തി. അത് ശരിക്കും മരിക്കുന്നതിനുമുമ്പ് "ബിസ്മി" കൂട്ടുവാൻ നായാട്ടുകത്തിയുമായി ഓടി അടുക്കുമ്പോഴാണ് പാമ്പുകടിയേറ്റത്. അവൻ ആരോടും ഒന്നും പറഞ്ഞില്ല. മാനിനെ മാംസമാക്കി മാറ്റി തലയിൽ ഭേസി നാലുപേരും താമസസ്ഥലത്തേക്കു മടങ്ങി. നല്ല ഒരുഭാഗം മാംസം പാകംചെയ്ത് എല്ലാവരും മൂക്കറ്റം ഭക്ഷിച്ചു. രണ്ടുമണിക്കുശേഷം ഉറങ്ങാൻ കിടക്കുമ്പോഴാണ് പാമ്പുകടിച്ച വിവരം മമ്മത് കൂട്ടുകാരോട് പറഞ്ഞത്. വിശേഷവിധിയായി യാതൊരു പ്രകൃതിവ്യത്യാസവും കാണാത്തതുകൊണ്ട് ആരും സംഭവം സാരമാക്കിയില്ല. മമ്മതിന്റെ ആ ഉറക്കം പിന്നീടുണർന്നിട്ടില്ല. പകൽ പത്തുമണിയായിട്ടും ഉറക്കം തെളിഞ്ഞെഴുന്നേ

ൽക്കാത്ത മമ്മതിനെ കൂട്ടുകാർ വിളിച്ചുണർത്താൻ ചെന്നപ്പോ ഴാണ് മമ്മത് മരക്കുട്ടയായി മാറിയ വിവരം അവരറിഞ്ഞത്. ചാത്തിയുടെ നേതൃത്വത്തിൽ കെട്ടിയെടുത്ത് അഞ്ചുനാഴിക ദൂ രെയുള്ള എന്റെ എസ്റ്റേറ്റിൽ ഉച്ചകഴിഞ്ഞ് രണ്ടുമണിക്കെത്തിച്ച സാധനം കാഴ്ചയ്ക്ക് മമ്മതായി തോന്നിയെങ്കിലും മമ്മതിനെ അതിലെങ്ങും കണ്ടില്ല. തലയിലെഴുത്തങ്ങുന്നേ, തലയിലെഴു ത്ത്. മമ്മതിന്റെ സ്വഭാവത്തെക്കുറിച്ച് വ്യക്തമായ അറിവു കിട്ടു മെന്നുള്ളതുകൊണ്ടുമാത്രം ഈ സംഭവം എടുത്തുപറഞ്ഞതാ ണ്. ചാത്തി അന്നുമുതൽ ഒരു ചട്ടത്തൊപ്പിയുടെ ഉടമസ്ഥനാ ണ്. ഞാൻ അവന് ഒരു നല്ല ചട്ടത്തൊപ്പി സമ്മാനിച്ചിട്ടുണ്ടെ ന്നാണ് ചാത്തിപ്രണേതമായ ജനശ്രുതി. “വെൺചന്ദ്രികയ്ക്ക് നിറം കൂട്ടുമാറൊന്നു പുഞ്ചിരിക്കൊള്ളുക” മാത്രം ചെയ്യുകയ ല്ലാതെ എന്നെ സംബന്ധിച്ചിടത്തോളം “കരണീയം കിം?” ആറു കൊല്ലം മുമ്പ് ചട്ടത്തൊപ്പി ഇവിടെ ഇട്ടേച്ചുംവെച്ച് ചാത്തിയും പോയി. ഊം... എന്താ നിങ്ങളുടെ മുഖത്ത് ഒരു ചോദ്യചിഹ്നം? ഓഹോ. ശരി, ശരി. ക്യാപ്റ്റന്റെ കാര്യം അല്ലെ? ഞാനും ക്യാപ്റ്റനും തമ്മിൽ അതിനുശേഷം ആനക്കാര്യങ്ങളൊന്നും തന്നെ പറയാറില്ല. ചേനക്കാര്യങ്ങൾ പറയുന്നതിന് പടച്ചവനെ ത്തിച്ച് ഇന്നും ഒരു തടസ്ഥവുമില്ലതാനും. സലാം ശ്രീമൻ. സലാം ശ്രീമതി.

5

വൃകവധം

വലുപ്പം കുറയുമെങ്കിലും കടുപ്പം കൂടുതലുള്ള ഒരു കാട്ടുമൃഗമാണ് ചെന്നായ. നരിയമ്മാമൻ കൂടി ആ അപരിഷ്കൃത ശുനക സമ്രാട്ടുമായി അഭിമുഖ സംഭാഷണത്തിനൊരുങ്ങുകയില്ല. ഒരവസരത്തിൽ നന്നെ വിശന്നു വലഞ്ഞതുകൊണ്ടായിരിക്കാം പത്തിരുപതെണ്ണമുള്ള ഒരു ചെന്നായസംഘത്തിൽ നിന്ന് ഒന്നിനെ ചുളുവിൽ തട്ടിയെടുത്ത് ലഘുഭക്ഷണം കഴിച്ചുകളയാമെന്ന വ്യാമോഹം നരിയമ്മാമനെ "മരംചാടി മഹാമൂഢനാക്കിയ സംഭവം" കാണാനും തുടർന്നുണ്ടായ ശുനകവ്യാഘ്ര സംവാദം കേൾക്കാനും സാധിച്ചിട്ടുണ്ട്. ആക്രമിക്കപ്പെട്ട ചെന്നായസംഘത്തിന്റെ "സ്പഷ്ടാൽ സ്പഷ്ടതരമായ" പഞ്ചശീല പരിത്യാഗം എന്നെയും അന്ന് മറ്റൊരു മരംചാടിയാക്കി മാറ്റി. തോക്ക് കയ്യിലുണ്ടായിരുന്നുവെങ്കിലും ആ അപൂർവ്വ ദൃശ്യവും വാദകോലാഹലവും പാൽവെണ്ണക്കള്ളന്റെ അതിലഘുവായ ബേബി മോഡൽ ആയുധമുപയോഗിക്കാത്ത മദ്ധ്യസ്ഥനായി അരമണിക്കൂറിലധികം എന്നെ അസുഖാസനസ്ഥനാക്കുകയാണുണ്ടായത്. ഇളിച്ചു കാട്ടുന്നതിലും കുരച്ചു കയറുന്നതിലും ആർ ജയിച്ചുവെന്ന് ഇന്നും നിശ്ചയമില്ല. കോഴിക്കോട്ട് റേഡിയോ സ്റ്റേഷൻ ട്യൂൺചെയ്ത് വരുന്നതുവരട്ടെ എന്നു സമാധാനിച്ച് റിസീവറിനടുത്തിരുന്നാൽ നിങ്ങൾ കേൾക്കുന്ന എല്ലാ "അന്തരീക്ഷ ശബ്ദ"ക്കുഴപ്പങ്ങളും പത്തുകൊണ്ടു പെരുക്കി ഒന്നുകൊണ്ടും

ഹരിക്കാതിരുന്നാൽ ആ സംവാദത്തിന്റെ ഏതാണ്ട് നേരിയ ഒരു പ്രതീതി നിങ്ങളിലുണ്ടാവും. സുമാർ മുക്കാൽ മണിക്കൂറിനുശേഷം മരംകേറിയ മഹാമൂഢൻ തോറ്റമ്പിയതായി തീരുമാനിച്ച് അങ്ങോരെ ആ ഉന്നത സ്ഥാനത്തുതന്നെ വിട്ടേച്ചുംവെച്ച് ശുനകസംഘം അവരുടെ പാട്ടിനുപോയി. എന്റെ ചട്ടത്തൊപ്പി തലയുമായുള്ള മൈത്രീബന്ധം വേർപെടുത്തി എന്നേക്കാളും വേഗത്തിൽ താഴെ ഇറങ്ങിയതുകൊണ്ട് നരിയമ്മാമന് അന്ന് മറ്റൊരു ഭീഷണിയെ നേരിടേണ്ടതായി വന്നില്ല. ഒരു കുക്കുടവര്യനെക്കൊണ്ട് ഞാനും തൽക്കാലം തൃപ്തിപ്പെട്ടു.

വേഗത, മെയ്യൊതുക്കം, ശൗര്യം, വാശി എന്നീ ഗുണങ്ങളിൽ ചെന്നായ ഏതു ജീവിയുടെയും പിന്നിലല്ല. അൽപമെങ്കിലും മുമ്പിലാണെന്ന് ആരെന്തു പറഞ്ഞാലും ഞാൻ വാദിക്കുകയും ചെയ്യും. മാംസഭോജിയാണ്. ചില മരങ്ങളുടെ കായ തിന്നുമെന്നു കേട്ടിട്ടുണ്ട്. അനുഭവപ്പെട്ടിട്ടില്ല. പാമ്പിനെ പിടിക്കുന്നതിൽ "ഹാഫ്കിൻ ഇൻസ്റ്റിറ്റ്യൂട്ടു"കാരെക്കാളും വൈദഗ്ദ്ധ്യം അവയ്ക്കു കാണും. ഇൻസ്റ്റിറ്റ്യൂട്ടുകാർ പാമ്പിനെ തിന്നാൻ തുടങ്ങീട്ടില്ലെന്നാണറിവ്. ചെന്നായ പണ്ടേ തുടങ്ങിയിരിക്കുന്നു. പക്ഷെ പാമ്പിന്റെ ഉത്തമാംഗം മദ്ധ്യമമായിക്കൂടി സ്വീകരിക്കുകയില്ലെന്നുമാത്രം. ജന്മവാസനയോ കർമ്മവാസനയോ, അല്ല രണ്ടും കൂടിയോ എന്നു നിശ്ചയമില്ല. തല അപകടകരമാണെന്ന് അവയ്ക്കസ്സലായറിയാം. ചെന്നായ്ക്കളുടെ നായാട്ടു കാണുവാൻ സാധിക്കുന്നത് ഒരു മഹാഭാഗ്യമായി കരുതണം. കാരണം അന്യത്ര കാണാൻ സാധിക്കാത്ത അച്ചടക്കവും സാമർത്ഥ്യവും ചുമതലാബോധവും ആ മൃഗങ്ങളുടെ മൃഗയാവിനോദത്തിൽ കണ്ടുകിട്ടുമെന്നുള്ളതാണ്. കടവുകളിൽ ശേഷിയും ശേമുഷിയുമുള്ള രണ്ടെണ്ണം വീതം ഒളിച്ചിരിക്കും. ബാലന്മാരും വൃദ്ധന്മാരും അബലകളായ അബലകളും കുമാരികളും ഒക്കെക്കൂടി കാടിളക്കും.

കടവിലേക്ക് വഴിതെറ്റാതെ ഇരയെ ഓടിച്ചുകൊണ്ടു ചെല്ലും. ഇരയെ പിടിക്കുമ്പോൾ ആദ്യം കണ്ണുമാന്തിയെടുക്കുമെന്ന് നാട്ടാർ പറയുന്നത് സത്യവുമല്ല, കളവുമല്ല. ചെന്നായ പിടിച്ചു കൊന്ന എല്ലാ മൃഗങ്ങളുടെയും കണ്ണുകൾ ഉടലോടെ നമഃ എന്നാ വുന്നതായിട്ടാണനുഭവം. കണ്ണു കാണാൻ മാത്രമല്ല തിന്നാനും കൊള്ളുന്നതാണെന്ന് ചെന്നായയുടെ ചോടുപിടിച്ച് ഇരുക്കാ ലികൾ മനസ്സിലാക്കാതിരുന്നാൽ നന്നെന്ന് നമുക്കാശിക്കുക. ഒസ്യത്തെഴുതി വെക്കാമെന്നുള്ള കരാറിന്മേൽ അടുത്ത ഭാവി യിൽത്തന്നെ ബാങ്കിൽ നിന്നും ചില്ലറ ക.ണ.പ. വില കിട്ടിയേ ക്കാനിടയുള്ള ഒരു സാധനമായി കണ്ണ് മുന്നേറുകയുമാണല്ലോ.

ഏതു മൃഗത്തെയും ചെന്നായ തടുത്തു നിർത്തും. ചെന്നാ യ്ക്കളുടെ നായാട്ടിൽ തുരത്തിയോടിക്കപ്പെടുന്ന മാനോ പന്നിയോ കടവിൽ നിൽക്കുന്ന നായ്ക്കളെ കണ്ട് ഓടടാ ഓട്ടം നിർത്തിയെങ്കിൽ അവയുടെ പിന്നണിപ്രദേശം എല്ലുപൊടിക്ക മ്പനിക്കാർ വഴി ബ്ലോക്കാപ്പീസിലെത്താനേ പിന്നീടുപകരിക്കു കയുള്ളൂ. മാംസം പിന്തുടരുന്നവരുടെ വയറ്റിലെത്തിക്കഴിഞ്ഞി ട്ടുണ്ടാവും. കണ്ണുംചിമ്മി പാഞ്ഞുപോവുകയാണെങ്കിൽ ഒരുസ മയം പടച്ചവന്റെ വേണ്ടുകയുള്ളപക്ഷം രക്ഷപ്പെടാൻ ചാൻസു ണ്ടെന്ന ആശയ്ക്കെങ്കിലും വഴിയുണ്ട്. പക്ഷെ കടവിൽ നിൽക്കു ന്നവർ എല്ലായ്പോഴും നായാട്ടു സംഘത്തിലെ ഏറ്റവും കരളു റപ്പും തടിമിടുക്കും ഉള്ളവരാവുന്നതുകൊണ്ട് ഇര "ഗുഡ്ബൈ" പറയുകയാണ് പതിവ്. ഇരയെ പിടിക്കുന്ന സമ്പ്രദായം കൊണ്ട് ഏതാണ്ട് പകുതിഭാഗം മാംസം മുമ്പിൽ നിന്നും പിന്നിൽ നിന്നും ആക്രമിക്കുന്നവരുടെ വയറ്റിലെത്തിയതിനു ശേഷമേ സാധു ഇ ര മരിക്കുകയുള്ളു. അതായത് കൊന്നുതിന്നുന്നതിനു പകരം തിന്നുകൊല്ലുകയെന്നതാണ് ചെന്നായ്ക്കളുടെ പതിവെന്നർത്ഥം.

ചെന്നായ്ക്കളെപ്പോലെ അത്രതന്നെ പേടിയും ലജ്ജയും "മാനോടൊത്തു വളർന്ന" മലനാടൻ മങ്കമാർ കൂടി പ്രദർശിപ്പിക്കുകയില്ല. വഴിവക്കിലോ കാട്ടിലോ കണ്ടുമുട്ടിപ്പോയാൽ കുറ്റിക്കാട്ടിന്റെയോ മരത്തിന്റെയോ മറവിൽ ശരീരം ഒളിപ്പിച്ച് തല മാത്രം അൽപം പുറത്തുനീട്ടി ചെരിച്ച് ആ മനോഹര നയനങ്ങൾ നിങ്ങളുടെ നേരെ "വ്യാപാരയാമാസ"യാക്കുന്ന ദൃശ്യം അതികൗതുകകരമായ ഒന്നാണ്. മാൻകണ്ണി എന്ന് ഇന്നത്തെ "ഇമ്മിറ്റേഷൻ" ഉർവ്വശികളെ വിശേഷിപ്പിക്കുന്നത് ഒരതിർത്തിയോളമേ സാർത്ഥകമാവൂ. ദൈന്യത മുറ്റിനിൽക്കുന്ന നിഷ്കളങ്കത മാത്രമേ - മുസ്സോളിനിയുടെ ആക്രമണത്തിന് വിധേയനായപ്പോൾ ഹെയിലിസെലാസ്സി ചക്രവർത്തി നാലുപാടും അയച്ച ദൃഷ്ടികൾ ഉദാഹരണം - മാൻ കണ്ണുകൾ പ്രതിഫലിപ്പിക്കുകയുള്ളൂ. കവിപ്രോക്തങ്ങളായ കസർത്തുകൾ കാണിക്കാൻ മാൻകണ്ണുകൾക്ക് സാമർത്ഥ്യവും ശേഷിയും തീരെ കുറവാണ്. സർവ്വശ്രീ കുഞ്ചമ്മാമന്റെ ചാർത്തു പ്രകാരം "കണ്ണിണകൊണ്ട് കടുകുവറക്കലും" കാളിദാസന്റെ "വ്യാപാരയാമാസ വിലോചനാനിയും" "സസർജ്ജ ദൃഷ്ടിയും" ജിയുടെ "കോപേന കൺമുനക്കൂരമ്പു കൂർപ്പിക്കലും" വി.സി.യുടെ "കടക്കൺ തല്ലും" ഒടുവിലിന്റെ "ചഞ്ചൽ കടമിഴികളിൽപ്പെട്ടു കഷ്ടപ്പെടലും" ഒക്കെ വിധിപോലെ നടക്കേണമെങ്കിൽ, ശ്രീമതി ചെന്നായ്ക്കണ്ണിയായിരിക്കണം. മാൻകണ്ണിയായാൽ പോരാ. പക്ഷെ അങ്ങനെ പരസ്യമായി തീർത്തുപറയാൻ ഞാനൊരുക്കമില്ല. മഹാകവി മഹാദേവിയെക്കൊണ്ട് മഹാദേവനെ "ജ്വലിച്ച കൺകൊണ്ടൊരു നോക്ക്" നോക്കിച്ചെങ്കിലും സന്ദർഭത്തിനൊത്ത് അരൂപിയാവാൻ മിടുക്കനായ അങ്ങോർക്ക് കൂടുതലായി ഒരുണക്കവും സംഭവിച്ചിരിക്കാൻ വഴിയില്ല. അതുപോലെയാണോ സാർ സ്വതവെ വിരൂപിയായ എന്റെ കഥ? "ജ്വലിക്കുന്ന കൺ" കൊണ്ടുള്ള നോട്ട

ങ്ങൾ അനാവശ്യമായി ക്ഷണിച്ചുവരുത്തി അനുഭവിച്ച് ആപ്പീസ് നോട്ടം ഉണക്കമെത്തിക്കഴിഞ്ഞ ഞാൻ എന്തിന് കൂടുതൽ ഉണ ങ്ങണം? മാൻകണ്ണിയെങ്കിൽ മാൻകണ്ണി. ആർക്ക് ചേതം? എന്നാലും മഹാകവികളും വെറും കവികളും ചില്ലറക്കവികളു മൊക്കെ ഈ വിനീത വിധേയന്റെ മേപ്പടി "സജ്ജഷൻ" അനു ഭാവപൂർവ്വം പരിഗണിക്കുമെന്ന് പ്രത്യാശിച്ചുകൊള്ളട്ടെ - കേട്ടോ പത്രാധിപരെ മുഷിയരുത്. സത്യം പറഞ്ഞേക്കാം. നിങ്ങളെ പ്പോലെ പാസ്സും, പ്രസ്സും, പവ്വറും, അരഡസൻ "ഉപ"ന്മാരും ഉള്ളതു കൊണ്ടൊന്നുമല്ല. എന്നാലും ഇയ്യിടെയായി ചിലപ്പോ ഴൊക്കെ അനിയന്ത്രിതമായി ഞാനും അങ്ങനെയൊക്കെ ചെ യ്തുപോകുന്നു. മാത്രമല്ല "പര്യാലോചിക്കാനും," "ഉദ്ബോധി പ്പിക്കാനും," "ആഹ്വാനം ചെയ്യാനും," "നേതൃത്വം കൊടുക്കാൻ" കൂടി വേണ്ടിവരുന്ന പക്ഷം കഴിഞ്ഞേക്കുമെന്ന ഒരധികപ്രസംഗം "മിന്നിയും മങ്ങിയും മാറിമാറി" മനസ്സിൽ കിടന്ന് കുഴപ്പം സൃ ഷ്ടിക്കാനും തുടങ്ങിയിരിക്കുന്നു. വടക്കർ പറയുമ്പോലെ "ഞാനെന്താക്കാനാ." നമുക്ക് കഥ തുടരുക - "ഇരുക്കാലുക ളിൽ ബാലൻസ് ചെയ്തു നിൽക്കുന്ന അഭ്യാസം ഞാനൽപ നേരം കണ്ടുപഠിച്ചോട്ടെ" എന്ന ഒരനുവാദാപേക്ഷയും അൽപ മൊരു "നമ്പൂരിശങ്കയും" സ്ഫുരിപ്പിക്കുന്ന ചെന്നായയുടെ നോട്ടം പാടെ മാറി രൗദ്രതയും ആക്രമണൗത്സുക്യവും പ്രക്ഷേ പിക്കുന്നതാവാൻ ഒരു ചെറിയ കല്ലേറ് നടത്തിയാൽ മതി. തുടർന്നുള്ള കല്ലേറ് നേരിടാൻ നിൽക്കാതെ വിദ്വാൻ ഓടിമറ യുമെങ്കിലും നിങ്ങളെ നല്ലവണ്ണമൊന്നു നോക്കി ഫോട്ടോ എടുത്തതിനു ശേഷമേ ഓട്ടം തുടങ്ങുകയുള്ളൂ. സർവ്വാവയ ങ്ങളും വിജൃംഭിപ്പിച്ച് "നീണ്ടുവളഞ്ഞുള്ള പുച്ഛാഗ്രഭാഗം മെല്ലെ ചലിപ്പിച്ചുകൊണ്ട് നിൽക്കുന്ന" നിൽപിൽ അങ്ങോരെ സമീപി

ക്കരുത്. ആപത്താണ്. കുഞ്ഞുകുട്ടിപരാധീനങ്ങളൊപ്പമുണ്ടെങ്കിൽ പ്രത്യേകിച്ചും.

പട്ടിണിശബ്ദത്തിന്റെ പര്യായമായി ചെന്നായയെ ഇംഗ്ലീഷിൽ സാധാരണ ഉപയോഗിച്ചു കാണുന്നുണ്ട്. അതുപോലെ തന്നെ തീരെ ദീനദയാലുത്വമില്ലാത്ത പെരുമാറ്റത്തേയും ചെന്നായ എന്ന പദംകൊണ്ട് വിവക്ഷിക്കപ്പെടുന്നു. ഇടുങ്ങിയ കണ്ഠനാളത്തിന്റെ പരിമിതികളോർക്കാതെ വായ നിറയെ ഭക്ഷണസാധനങ്ങൾ കുത്തിച്ചെലുത്തി ഒതുക്കിയിറക്കാൻ പരിശ്രമിക്കുന്നവനെ ചെന്നായയെപ്പോലെ തിന്നുന്നവനെന്ന് വിശേഷിപ്പിക്കുകയും ആ ഭാഷയിൽ സാധാരണമാണ്. ഇതര വന്യജീവികളെ അപേക്ഷിച്ച് ആഹാരകാര്യത്തിൽ ചെന്നായയ്ക്കുള്ള ഒരു പ്രത്യേകതയായിരിക്കും ആ വക പ്രയോഗങ്ങളുടെ നിദാനമെന്ന് തോന്നുന്നു. അവയുടെ സംഹാരപരിപാടി ആഹാരസമ്പാദനം മാത്രം ഉദ്ദേശിച്ച് തയ്യാറാക്കപ്പെടുന്നതല്ല. നായാടി, ഓടിച്ച്, തടുത്തു നിർത്തി, പ്രത്യാക്രമണം സധൈര്യം നേരിട്ട് ഇരയെക്കൊണ്ട് അടിയറവു പറയിക്കുന്നത് അവയ്ക്ക് ഏറ്റവും വലിയ വിനോദം കൂടിയാണ്. മിക്കവാറും എല്ലാ മാംസഭുക്കുകളും വിശപ്പടക്കാനേ കൊല്ലുകയുള്ളൂ. ഒന്നിനെക്കൊണ്ട് വിശപ്പടങ്ങിയാൽ വീണ്ടും ആമാശയത്തിൽ തായമ്പകമേളം തുടങ്ങിയാലേ മറ്റൊരു വധത്തിനൊരുങ്ങൂ. പക്ഷെ ചെന്നായ്ക്കൾ അത്ര പിന്തിരിപ്പന്മാരല്ല. തഞ്ചം കിട്ടിയേടത്തോളം കൊല്ലും. വേണ്ടത്ര – മൂക്കറ്റം – തിന്ന് ബാക്കി ഉപേക്ഷിച്ച് പോകുന്ന പോക്കിൽ വല്ലതും തരപ്പെട്ടാൽ യാതൊരാവശ്യവുമില്ലാതെ അതിനെയും സിദ്ധികൂട്ടും.

ഞാൻ അബദ്ധത്തിൽ – കാട്ടാടാണെന്നുള്ള തെറ്റിദ്ധാരണ നിമിത്തം – വെടിവെക്കാനിടയായി. അന്നേക്കു സുമാർ ഇരുപത്തിരണ്ടു കൊല്ലത്തോളം ത്രികാല ഷിക്കാർ പൂജ നടത്തിയതിൽ “കൊന്നാൽ പാപം തിന്നാൽ തീരു”മെന്ന മോചനസി

ദ്ധാന്തത്തിന്റെ പരിധിയിലൊതുങ്ങാത്ത ആദ്യ പാപം ചെയ്തത് അന്നാണ്. കയ്യിലുള്ള തിര മുഴുവൻ ഉന്നം തെറ്റാതെ ചെലവാക്കിയാലും "സ്മരണീയം ചരണയുഗളമംബായാം" എന്ന് നീട്ടി ച്ചൊല്ലി ആത്മരക്ഷ മിസ്സിസ്സ് പടച്ചവനെ ഏൽപിക്കേണ്ടി വരുന്ന ഘട്ടത്തിലെത്തിയത് അന്നുമാത്രമാണ്.

പുന്നമരത്തിന്റെ പഴുത്ത കായ മാനും പന്നിയും അത്യധികം ഇഷ്ടപ്പെടുന്ന ഒരു ഭക്ഷണമാണ്. കാലവർഷം തുടങ്ങുന്നതുവരെ മധുരപ്പുളിയും വർഷം തുടങ്ങിയാൽ വെറും പുളിയുമാണതിന്റെ രസം. മകരാന്ത്യം മുതൽ മിഥുനപ്പാതിവരെ പഴുത്ത പുന്നക്കായി അങ്ങിങ്ങായുണ്ടാവും. റെയിൽവെമാപ്പിൽ സ്റ്റേഷനുകളെന്നപോലെ ഓരോ നാടൻ ഷിക്കാറിയുടെ മനസ്സിലും പുന്നമരങ്ങൾ അടയാളപ്പെടുത്തി വെച്ചിട്ടുണ്ടാവും. നല്ല കായുള്ള പുന്നമരത്തിന്മേൽ തന്നെയോ അടുത്ത മരത്തിന്മേലോ സൗകര്യംപോലെ പറംകെട്ടി കുത്തിയിരുപ്പ് സത്യഗ്രഹം നടത്തിയാൽ ഒന്നോരണ്ടോ ദിവസംകൊണ്ട് മാനോ, പന്നിയോ, കെതുമാനോ - കാട്ടാടിനെപ്പോലെയുള്ള ചെറിയ മാൻ - തരപ്പെട്ടു കിട്ടും. താമസസ്ഥലത്തു നിന്ന് ഒരു നാഴിക ദൂരെ ഒരു പുന്നമരത്തിന്മേൽ സന്ധ്യ മയങ്ങുന്നതിനു മുമ്പ് ഞാൻ അന്ന് ഇരിപ്പുറപ്പിച്ചു.

ചന്ദ്രൻ അന്നെന്തോ തനിക്ക് "ചക്കാത്ത്" കിട്ടിയ പ്രകാശം ചെലവഴിക്കുന്നതിൽ പടുലുബ്ധനായിരുന്നു. മകരാന്ത്യത്തിലെ മഞ്ഞ് അൽപാൽപമെങ്കിലും പുറത്തുവരുന്ന വെളിച്ചം വിഴുങ്ങി കരുതൽ സൂക്ഷിപ്പായി വെക്കുകയുമാണ്. പന്ത്രണ്ടുമണിവരെ ഒന്നും കാണാനും കേൾക്കാനും ഉണ്ടായില്ല. അതിനുശേഷം അടുത്ത മരച്ചുവട്ടിൽനിന്ന് എന്തോ ഒരു ചെറിയ ശബ്ദം കേട്ടു വളരെ സൂക്ഷിച്ചു നോക്കിയപ്പോൾ ഏതൊ ഒരു ചെറിയ വിദ്വാൻ മരച്ചുവട്ടിലുണ്ടെന്ന് തോന്നി. രാവിലെയും വൈകുന്നേരവും

ഈരണ്ട് ചീത് കൂവൽ മാത്രം ചെലവാക്കി പ്രതിഫലമായി കറന്നുകിട്ടുന്ന കഷ്ടിച്ച് ആഴക്ക്പാൽ "കൊണ്ടൊരു വാസരാന്തം" കഴിക്കുന്ന ബഹുമാന്യരായ പശുപാലകന്മാരുടെ നാടാണടുത്തുള്ളത്. മേപ്പടി പാലകന്മാരുടെ അനാസ്ഥയിൽ പ്രതിഷേധിച്ച് ആത്മഹത്യ ചെയ്യാനൊരുങ്ങി നരിയമ്മാമനെ അന്വേഷിച്ചിറങ്ങിയ പശുക്കിടാവ് അവിടെ എത്തിക്കൂടായ്കയില്ല. സൂക്ഷിച്ചേ വെടിവെക്കാനൊക്കൂ. നിരാഹാരവ്രതം കൊണ്ടോ, അമ്മാമന്റെ ഡിന്നർ വകയിലോ, മറ്റ് നൂറുകൂട്ടം പാലനത്തകരാറുകൾ കൊണ്ടോ പശുക്കൾ നഷ്ടപ്പെടുന്നതിൽ തികച്ചും വിധിമതത്തെ പഴിച്ചാശ്വസിക്കുന്നവരാണ് ബഹുഭൂരിഭാഗം നാടൻ പശുപാലകരും. എന്നാൽ അതേസമയം ഷിക്കാറിയുടെയോ, ബസ്സ് ഡ്രൈവറുടെയോ മുമ്പിൽ ചാടിവീണ് വീരചരമം വരിക്കുന്ന തങ്ങളുടെ പശുവർഗ്ഗത്തോട് തങ്ങൾക്കുള്ള മമത ''ക.ണ.പൈ"യിൽ പകർത്തുന്നതിൽ അവർ ബഹുമിടുക്കന്മാരുമാണ്. ആഗതൻ പന്നിയല്ലെന്ന് തീർച്ചപ്പെട്ടു. ഭക്ഷണസമയത്ത് അങ്ങോരുടെ മൂക്കാണ് വായേക്കാളും ശബ്ദമുണ്ടാക്കുക. വലുപ്പം കൊണ്ട് പുള്ളിമാനും മലമാനും ആവാൻ തരമില്ല. സൂക്ഷിച്ചു നോക്കി. പിന്നെയും പിന്നെയും സൂക്ഷിച്ചു നോക്കി ശ്രദ്ധിച്ചു. ഗോകുല ബാലനുമല്ല. കെതുമാൻ – കാട്ടാടിനെയും കെതുമാനെയും രണ്ടിനേയും കണ്ടിട്ടില്ലാത്തവർക്ക് ഏകദേശ സ്വരൂപ നിർദ്ദേശം: കടുത്ത കാക്കിനിറത്തിലുള്ള നാട്ടാട് – ആയിരിക്കണമെന്ന് "നേതിനേതി" സിദ്ധാന്തപ്രകാരം ഞാനുറപ്പിച്ചു. വെടിപൊട്ടിച്ചു.

ഒരു കുര. ഒരു നീണ്ട കരച്ചിൽ. ഒരു ചൂളംവിളി. അതിഥി ചെന്നായയായിരുന്നുവെന്ന് മനസ്സിലായി. പറ്റിയ ബ്ലീച്ച് "കൊന്ന പാപം തിന്നുതീർക്കാൻ" നിവൃത്തിയില്ലാത്ത ഇനത്തിൽപ്പെട്ടതോ ഇരിക്കട്ടെ വെടിപൊട്ടിയതുകൊണ്ട് അന്നത്തെ കുത്തി

യിരുപ്പു സത്യഗ്രഹം ജീപ്പ്ജാഥയെപ്പോലെ ഫലശൂന്യമാണെന്നും വന്നു. ഏതായാലും അന്നു പുറപ്പെട്ടപ്പോൾ എതിരെ വലിഞ്ഞുകേറിവന്ന ശകുനം മുടക്കി അസത്തിനെ അവന്റെ പ്ര-പ്ര-പ്ര-പ്രപിതാമഹൻ മുതൽക്കിങ്ങട്ടുള്ളവരെല്ലാവരെയും അടക്കി അസ്സലായി ശകാരിച്ചു. മടങ്ങിപ്പോകാനുദ്ദേശിച്ച് പറത്തിന്മേൽനിന്ന് താഴെക്കൊമ്പിലേക്ക് ഞാനിറങ്ങിനിന്നു. നിലത്തിറങ്ങുകയെന്ന കല്ലുവെച്ച വങ്കത്തത്തിന്റെ തുടക്കം കുറിച്ചു.

കൊമ്പിന്മേൽ എന്റെ നിൽപുറച്ചതേയുള്ളു നാലുഭാഗത്തുനിന്നും എന്തോ തെരുതെരെ ഓടിവരുന്നുണ്ടെന്ന് ശബ്ദംകൊണ്ട് ഞാൻ മനസ്സിലാക്കി. വന്നവർ വന്നവർ വെടിയേറ്റ വിദ്വാനെ അടുത്തുചെന്ന് മണപ്പിക്കുകയും ചില ഫൂൽക്കാര സീൽക്കാരങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യുകയാണെന്ന് അവ്യക്തമായിട്ടാണെങ്കിലും എനിക്ക് കാണാനും കേൾക്കാനും സാധിച്ചു. ഒരു കൂട്ടുകാരന് അപകടം പിണഞ്ഞിട്ടുണ്ടെന്നല്ലാതെ ഏതു ഭാഗത്തുനിന്ന് എങ്ങനെയാണത് പറ്റിയതെന്ന് ആഗതർക്കൊരെത്തുംപിടിയും കിട്ടിയില്ല. ബോധിവൃക്ഷത്തിന്റെ ചുവട്ടിലല്ലെങ്കിലും ബോധോദയം എന്നിലുണ്ടായി. നിലത്തിറങ്ങിയിരുന്നുവെങ്കിൽ മാർക്കറ്റിൽ വാങ്ങാൻ കിട്ടുന്നതിലും അധികം വടിവൊത്ത നല്ല കഷണങ്ങളായി ശ്രീമാൻ എ.കെ. വിതരണം ചെയ്യപ്പെട്ടിട്ടുണ്ടാവുമായിരുന്നു. ആയുർബ്ബല ചിന്തയിൽ വിവേകത്തിനാണ് ധീരതയേക്കാൾ പ്രാധാന്യമെന്ന് അനുഭവാചാര്യൻ വിധിച്ചിട്ടുള്ളതനുസരിച്ച് മിണ്ടാട്ടമില്ലാതെ ഞാനാ മരക്കൊമ്പിന്മേൽ തന്നെ പതുങ്ങിനിന്നു. കുറെ അധികസമയം അങ്ങനെ നിന്നപ്പോൾ മകരത്തണുപ്പും അടക്കിനിർത്താൻ വയ്യാത്ത അക്ഷമയും എന്നെ സീമാതീതമായി അലട്ടി. ഞാൻ ഒരു സിഗരറ്റ് കൊളുത്തി. തീപ്പെട്ടിക്കോൽ കത്തിത്തീരുന്നതിനുമുമ്പ് വൃകശ്രേഷ്ഠന്മാർ ഞാൻ നിൽക്കുന്ന മരത്തിന്റെ ചുവട്ടിലെത്തി.

പിന്നത്തെ അവയുടെ പരാക്രമങ്ങൾ വർണ്ണിച്ചൊപ്പിക്കുവാൻ ഈ പേനയ്ക്ക് ശേഷി പോരാ. മരത്തിന്മേൽ ചാടിക്കേറാൻ പരിശ്ര മിക്കുന്ന ചില ചോരതിളപ്പൻ വിപ്ലവക്കാർ മൂന്നുംനാലും അടി പാഞ്ഞുകയറുന്നുണ്ട്. മറിഞ്ഞു വീഴുന്നുമുണ്ട്. അവയുടെ ആവ നാഴിയിലെ ശബ്ദശരങ്ങൾ പല സ്ഥായിയിലും ഘനത്തിലും എന്റെ നേരെ എയ്യുന്നുണ്ട്. എന്തുതന്നെയായാലും ഞാൻ നിൽക്കുന്ന കൊമ്പിനടുത്തെങ്ങും എത്താൻ അവയെക്കൊണ്ടാ വില്ലെന്നത് തീർച്ചയാണ്. പിന്നെ എന്തിന് അവ ഇരുട്ടത്ത് കഷ്ട പ്പെടണം? എന്റെ ചട്ടത്തൊപ്പിയെ അലങ്കരിക്കുന്ന "സെർച്ച്ലൈറ്റ്" ഞാൻ "സ്വിച്ച്ഓൺ" ചെയ്തു. ഏഴു സെൽ ലൈറ്റാണ്. മഞ്ഞിനെ ജയിച്ച് വെളിച്ചം പരത്താൻ ശക്തിയുണ്ട്. "മർക്കടസ്യ സുരാപാന"മായിരുന്ന തീപ്പെട്ടിക്കൊള്ളിക്ക് ശേഷം "മദ്ധ്യേ വൃശ്ചികദംശനമായി" സെർച്ച് ലൈറ്റും കൂടിയായപ്പോൾ അവയുടെ "പേക്രാന്ത"ങ്ങൾ പതിന്മടങ്ങ് വർദ്ധിച്ചു. അവ ഏക കണ്ഠമായി എന്നെ എങ്ങനെയെങ്കിലും താഴെ ഇറക്കി കടിച്ചു കീറാൻ തീരുമാനിച്ചു. എന്നാൽ പിന്നെ "തന്മദ്ധ്യേ ഭൂതസഞ്ചാ രവും"കൂടി കിടക്കട്ടെ എന്നുവെച്ച് ഞാൻ ഒരു "എ വൺ" മുൻസി പ്പൽ സൈറൺ മോഡൽ നീണ്ട കൂവലും പാസ്സാക്കി. വൃകവീര ന്മാരുടെ കോപ്പിരാട്ടികൾ അതിന്റെ മൂർദ്ധന്യത്തിലെത്തി. ആ കലികയറ്റം കെട്ടടങ്ങരുതെന്നുവെച്ച് വെളിച്ചം കത്തിച്ചും കെടു ത്തിയും അറിയാവുന്ന നല്ലതും ചീത്തയുമായ എല്ലാ വാക്കുക ളുമുപയോഗിച്ച് കൂടെക്കൂടെ ശകാരിച്ചും ഞാൻ മുഷിച്ചലറിയാതെ നേരം പുലർത്തി.

പുലർന്നു വരുമ്പോഴേക്ക് ഏതാണ്ടെല്ലാ പടയാളികളും ഒന്നു ക്ഷീണിച്ചപോലെ കാണപ്പെട്ടു. "എച്ച്എംവി" ഗ്രാമഫോൺ പ രസ്യത്തിലെപ്പോലെ നിർന്നിമേഷരായി മേലോട്ടു നോക്കി നിൽക്കുന്ന ഒരു കൂട്ടം ചെന്നായ്ക്കളുടെ നടുവിൽ ഉന്നതമായ

സ്ഥാനത്ത് ഞാൻ പറത്തിന്മേലിരിക്കുകയാണ്. പതിനൊന്ന് തിര കയ്യിലുണ്ട്. ഉന്നം തെറ്റാതെ വെടിവെച്ച് ഒന്നിനൊന്ന് കണക്കാക്കി വീഴ്ത്തിയാലും ഏഴു ചെന്നായ് ക്കൾ ബാക്കിയുണ്ടാവും. ഏഴു ചെന്നായകളോടെതിരിട്ട് തിരിച്ച് വീട്ടിലെത്താമെന്നാശിക്കുന്ന ചങ്ങാതിയുടെ തലസ്ഥിതി "ചക്ഷുശ്രവണഗളസ്ഥമാം ദദ്ധുര"ത്തിന്റേതിനേക്കാളും ശോചനീയമായിരിക്കുമെന്ന് പറയേണ്ടതില്ല. പോരാത്തത് കലങ്ങിയതാണെങ്കിലും ചന്തമുള്ള ആ കണ്ണുകളും കൂർത്ത മുഖവും പാത്തിച്ചികിത്സ കഴിച്ച പോലുള്ള മിനുമിനുത്ത് ഒളിചിതറുന്ന അഴകുള്ള മെയ്യും കാണുമ്പോൾ വെടി പൊട്ടിക്കാൻ മനസ്സു വരുന്നുമില്ല. വന്യമൃഗ വാരക്കാരന്റെ ഭൂതദയാ പ്രസംഗം കേട്ട് മനംമയങ്ങിയ നമ്പൂര്യശ്ശനെക്കൂടി വടിയന്വേഷിച്ച് പരക്കം പായിക്കുന്ന രൗദ്രതയും അക്രമാസക്തിയുമാണ് ചെന്നായ്ക്കൾ പ്രദർശിപ്പിച്ചിരുന്നതെങ്കിലും അതിനുമുണ്ടായിരുന്നു മനം കവരുന്ന ഒരു ഭംഗി; ആകർഷകത്വം.

വയറ്റിൽ ചോറില്ലാതായാലും തലയിൽ നിറയെ ചോറുണ്ടാവുന്ന മൂന്നു സേവകന്മാരാൽ അനുഗ്രഹീതനായിരുന്നു അന്ന് ഞാൻ. രാവിലെ പത്തുമണിവരെ മടങ്ങിയെത്തിയില്ലെങ്കിൽ - വിവരമൊന്നുമറിയിച്ചില്ലെങ്കിൽ - അവരെന്നെ അന്വേഷിച്ചുവരും. അതാണ് അലംഘനീയമായ നിയമം. പ്രാതലിനുള്ള വക മടങ്ങിയെത്താൻ കഴിയുന്ന സമയത്തിന്റെ അനിശ്ചിതത്വത്തിനു വിധേയമായി ഞാൻ കയ്യിൽ കരുതാറുണ്ടായിരുന്നു. തനിച്ചായാലും കൂട്ടുകാരുമൊത്തായാലും പോകുന്ന സ്ഥലം അവരെ അറിയിച്ചേ പോവുകയുള്ളൂ. രാത്രിയത്തെ വെടിയും ചെന്നായകളുടെ കണ്ഠക്ഷോഭവും കേട്ടിട്ടില്ലെങ്കിൽതന്നെ കർണ്ണാകർണ്ണികയാ ഉള്ള റിപ്പോർട്ടുകളെങ്കിലും താമസസ്ഥലത്ത് നേരം പുലരുമ്പോഴേക്ക് എത്തുമെന്നും എനിക്കറിയാമായിരുന്നു.

നല്ല പ്രകാശം പരന്നു. മരത്തിന്റെ മുരട് മുഴുവനും കമ്മ്യൂണിസ്റ്റണ്ണന്മാർ പറയുമ്പോലെ "തൊലിയുരിച്ച്" കാണിക്കുന്നതിൽ ചെന്നായകൾ പരിപൂർണ്ണ വിജയം പ്രാപിച്ചിട്ടുണ്ട്. ഒരൊറ്റ ശുനകപ്രവരനും സ്ഥലംമാറ്റ കല്പന കിട്ടിയാലും മാറിപ്പോവുകയില്ലെന്ന വാശിയിൽ ഇരിപ്പാണ്. ഇരട്ടിച്ചാർജ്ജ് വസൂലാക്കപ്പെട്ടേക്കുമെന്ന ഭയം കൊണ്ടായിരിക്കാം അവകൾ സ്ഥലം മാറിയിരിക്കുക കൂടി ചെയ്യുന്നില്ല. മുപ്പത്താറു കണ്ണുകളും പതിനെട്ട് കരളുകളും ഒരു വല്ലാത്ത ഏകാഗ്രതയോടെ എന്റെ അധഃപതനം നേർന്നുകൊണ്ട് കാവലിരിക്കുകയാണ്. മരക്കമ്പ് പൊട്ടിച്ചെറിഞ്ഞും ഒഴിഞ്ഞ തീപ്പെട്ടി, സിഗരറ്റ് പെട്ടി മുതലായവ സമ്മാനിച്ചും ഞാനവർക്ക് തൊഴിലുണ്ടാക്കിക്കൊടുക്കുകയും ചെയ്യുന്നുണ്ട്. ഓരോ സാധനവും നിലം തൊടുമ്പോഴേക്ക് അതു തുള്ളിച്ചാടി കടിച്ചെടുത്ത് കുടഞ്ഞ് തുണ്ടംതുണ്ടമാക്കി വിതറും. വെടിയേറ്റ വിദ്വാൻ പണ്ടെപ്പോഴോ പടച്ചവന്റെ അടുക്കലെത്തി കാപ്പികുടി കൂടി കഴിച്ചിരിക്കുന്നു. ഏതായാലും ആരെങ്കിലും തേടിവരുന്നതുവരെ "വൃക്ഷം ശരണം ഗച്ഛാമി"ക്കാരനായി പടച്ചവന്റെ കുസൃതിപ്പടപ്പുകളിലൊന്നിന്റെ സ്വഭാവവിശേഷങ്ങൾ കണ്ടു രസിക്കുകയേ നിവൃത്തിയുണ്ടായിരുന്നുള്ളൂ.

പതിനൊന്നു മണി കഴിഞ്ഞപ്പോൾ അങ്ങകലെ നിന്ന് കൃഷ്ണന്റെ ചൂളംവിളി അന്തരീക്ഷത്തിൽ മുഴങ്ങി. അപകടസൂചകമായ കൂടെക്കൂടെയുള്ള മൂന്നു ചൂളംവിളികൾ ഞാൻ മറുപടിയായയച്ചു. ആ അപകടസൂചന കിട്ടിയാൽ കാര്യമെന്തെന്നറിഞ്ഞേ ആരും എന്റെ അടുക്കലേക്ക് വരികയുള്ളൂ. അതിനുവേണ്ടി പതിനെട്ടടവും പയറ്റീട്ടും നിഷ്ഫലമാവുകയാണെങ്കിൽ കൃഷ്ണനോ എന്റെ സേവകന്മാർക്കോ എന്നെ സമീപിക്കുന്നതിൽ പടച്ചവന്റെ വിലക്കുകൂടി ഒരു ചിലന്തിവലത്തടസ്സംപോലും സൃഷ്ടിക്കുകയില്ലെന്ന് തീർച്ചയുമാണ്. മുക്കാൽ മണിക്കൂർ കൂടി

കഴിഞ്ഞപ്പോൾ കൃഷ്ണന്റെ തല ഒരമ്പതുവാര ദൂരെ മറ്റൊരു മരത്തിന്മേൽ പ്രത്യക്ഷപ്പെട്ടു. ഞങ്ങൾ തമ്മിൽ ഒരു വാർത്താവിതരണ പ്രക്ഷേപം റേഡിയോ സിലോൺ മോഡലിൽ നടന്നു. ആശ്ചര്യമെന്നു പറയട്ടെ ഒരു തീരാപ്പക കലിതുള്ളിക്കുകയായിരുന്ന ഉഗ്രമൂർത്തികളായ ആ മഹാശുനകപ്പടയിലെ ഒരു വിഭാഗം ഞങ്ങളുടെ സംഭാഷണം കഴിയുമ്പോഴേക്ക് കൃഷ്ണനിരിക്കുന്ന മരവും വളഞ്ഞു. പക്ഷെ എന്തുകൊണ്ടാണെന്നറിഞ്ഞില്ല അവ ആ മരവുമായി ഒരു ബലപരീക്ഷയ്ക്ക് മുതിർന്നു കണ്ടില്ല. കൃഷ്ണന്റെ സമർത്ഥമായ ആസൂത്രണത്തിൽ അവന്റെയും പിന്നിലായി ഏതാണ്ടമ്പതുവാര ഇടവിട്ട് രണ്ടുപേർ വൃക്ഷാസനസ്ഥരായിട്ടുണ്ട്. കൃഷ്ണൻ വഴിയായി കണ്ണിയുടെ അങ്ങേയറ്റത്ത് വിവരമെത്തി. ഒരു മണിയാവുമ്പോഴേക്ക് കല്ല് വടി കത്ത്യാദി ആയുധങ്ങളും അഞ്ചെട്ടു തോക്കും കയ്യിലുള്ള അമ്പതോളം യോദ്ധാക്കൾ, കാലി ടിന്ന്, ചെണ്ട മുതലായ വാദ്യമേളങ്ങളോടെ ഘോഷയാത്രയായി എന്നെ സമീപിച്ചു. കൃഷ്ണനെ ഇറക്കി അവന്റെ നേതൃത്വത്തിൽ ഘോഷയാത്ര മുപ്പതു വാരയോളം അടുത്തെത്തീട്ടും എന്നെ വലയംചെയ്ത ശുനകപ്രവരന്മാർ ഒഴിഞ്ഞുപോയില്ല. ആഗതന്മാരിലെ ഒരുൽപ്പതിഷ്ണു തോക്ക് നീട്ടിയപ്പോൾ കൃഷ്ണൻ അവന് സമ്മാനിച്ച "ഫ"കാരം പോലെ ഘനവും അർത്ഥവൈപുല്യവുമുള്ള മറ്റൊരു ഫകാരം അന്തരീക്ഷത്തിൽ അതിനു മുമ്പുംപിമ്പും വിലയം പ്രാപിച്ചിട്ടുണ്ടാവില്ല. വാദ്യഘോഷവും കല്ലേറും ആർപ്പുവിളിയും കൂടുതൽ ഉഷാറായി നടന്നു. സഹായസൈന്യം അടിവെച്ചടിവെച്ച് മുന്നേറി. ഘോഷയാത്ര ഏതാണ്ട് പതിനഞ്ചുവാര അടുത്തെത്തിയപ്പോൾ മാത്രമെ വൃകവൃകോദരന്മാർ അടിയറവ് സമ്മതിച്ച്, ചത്തവന്റെ ശ്രാദ്ധമൂട്ടി തൃപ്തിയടയാമെന്ന് സമാധാനിച്ച് സ്ഥലംവിട്ടു പോയുള്ളൂ.

മരത്തിന്മേൽ നിന്നിറങ്ങിയ എനിക്ക് കൃഷ്ണൻ ഒരു സിഗ രറ്റ് സമ്മാനിച്ചു. വന്നേക്കാവുന്ന പഞ്ഞം കണക്കിലെടുത്ത് റേഷൻ അടിസ്ഥാനത്തിൽ പുകവലി ക്രമീകരിച്ചിട്ടും എന്റെ കയ്യി ലുള്ള സ്റ്റോക്ക് പത്തുമണിക്കു മുമ്പുതന്നെ തീർന്നിരുന്നു. ഒരു കുപ്പി ബീരും രണ്ട് മുട്ടയും അവൻ പുറത്തെടുത്ത് എന്നെ കാ ണിച്ച് വീണ്ടും അവന്റെ തോളിൽ തൂങ്ങുന്ന സഞ്ചിയിൽ നി ക്ഷേപിക്കാൻ ഭാവിച്ചു. ഒരു ചെറിയ പിടിവലിയോ ദ്വന്ദ്വയുദ്ധമോ അവിടെ നടന്നു. ആരും മദ്ധ്യസ്ഥത്തിനോ അനുരഞ്ജന സം ഭാഷണത്തിനോ വന്നില്ല. ആ സമരം എന്നെ സംബന്ധിച്ചിട ത്തോളം വിജയകരമായി പര്യവസാനിച്ചു. രണ്ടാമതൊരു സിഗ രറ്റു കൂടി ലഘുഭക്ഷണാന്ത്യത്തിൽ കൃഷ്ണൻ സമ്മാനിച്ചു. അത് കത്തിക്കാൻ ഉരച്ചുതന്ന തീപ്പെട്ടിക്കൊള്ളി ചാടിയ ഉടനെ അവൻ എന്റെ പിന്നണിപ്രദേശം ഒന്നു തലോടി. അസാധാരണവും അപ്ര തീക്ഷിതവും അൽപം അശ്ലീലതരവുമായ ആ വാത്സല്യപ്രകട നത്തിന്റെ കാരണമന്വേഷിച്ച് എന്റെ കണ്ണുകൾ അവന്റെ മുഖ ത്തു നട്ടപ്പോൾ ആ ഭയങ്കര പടുവികൃതി അക്ഷോഭ്യനായി പറ യുകയാണ്:- "ഭ്രമിക്ക്വൊന്നും വേണ്ട. വാല് മുളച്ചിട്ടുണ്ടോ എന്നു നോക്ക്യതാണ്. മുളയ്ക്കാൻ മാത്രം സമയമായല്ലൊ, അങ്ങ് കേറി ഇരുന്നിട്ട്."

വായനക്കാർക്ക് സ്തുതി. സലാം. ഇതത്രയും ഒരു വികാര വുമില്ലാതെ, അക്ഷോഭ്യരായി വായിച്ചുതീർത്തുവെന്നു ത ന്നെയല്ലെ നിങ്ങൾ പറയുന്നത്? ഈശ്വരോ രക്ഷ. നിങ്ങൾക്ക് വീണ്ടും സ്തുതി. സലാം.

6

എന്റെ കൈ

അമ്പുവെളിച്ചപ്പാടിനെക്കുറിച്ച് എന്തെങ്കിലും എഴുതുകയെന്നത് ഒരു മഹാപാപമല്ലെ എന്ന് ഭയമുണ്ട്. അത്രയ്ക്കും നിരുപദ്രവിയായിരുന്നു ആ വ്യക്തി. പുതിയ ഭഗവതിയുടെ പ്രതിപുരുഷനായി വിധിപ്രകാരമുള്ള ആടയാഭരണങ്ങളണിഞ്ഞ് നാലഞ്ചു ചെണ്ടകളുടെ തകർപ്പൻ മേളത്തിനൊത്ത് മതിമറന്ന് തുള്ളിച്ചാടി നൃത്തംവെക്കുന്ന അവസരത്തിൽ ചിലപ്പോൾ കയ്യിലെ വാളുമോങ്ങി പ്രേക്ഷകരുടെ നേരെ പാഞ്ഞടുക്കുകയെന്നതിൽ കവിഞ്ഞ ഒരു ക്രിമിനൽ കുറ്റവും വെളിച്ചപ്പാടൻ ചെയ്തതായറിവില്ല. മദ്ധ്യവയസ്ക്കൻ. കളത്രം രണ്ട്. സന്താനം പൂജ്യം. കറുത്ത നിറം. കഷ്ടിച്ച് അഞ്ചരയടി ഉയരം. ഏതാണ്ട് ബ്രാക്കറ്റ് ചിഹ്നം പോലെ വളഞ്ഞ ശരീരം. കാലും കയ്യും ഇതര ഭാഗങ്ങളെ അപേക്ഷിച്ച് ഒരു “സിമ്മട്രി” യുമില്ലാതെ മെലിഞ്ഞു നീണ്ടതാണ്. എണ്ണിത്തിട്ടപ്പെടുത്താൻ കഴിയുന്ന വാർകൂന്തൽ എണ്ണ പുരട്ടി മിനുക്കിക്കെട്ടി ഇടതുചെവിയുടെ മുകളിൽ പൂർണ്ണവിരാമമിട്ടതുപോലെ എപ്പോഴും ഉണ്ടാവും. വളരെ സൂക്ഷിച്ചും വണക്കത്തോടു കൂടിയും മാത്രമേ ആരോടും സംസാരിക്കൂ. വൈകുന്നേരം അസാരം അകത്തായാൽ പിന്നത്തെ വിനയവും വാത്സല്യവും പരിചിതരെ പൊറുതി മുട്ടിക്കും. താൻ പ്രതിനിധീകരിക്കുന്ന രക്ത ബീജതനുജയുടെ പരിചരണത്തിനുള്ള വേതനമായി കയ്യിലുള്ള മൂന്നര ഏക്ര നെൽപാടവും അതിന്റെ പടി

ഞ്ഞാറെക്കരയിലുള്ള മുക്കാൽ ഏക്ര കുരുമുളകുതോട്ടവും കൊണ്ട് അങ്ങോർ സംതൃപ്ത ജീവിതം നയിക്കുകയുമാണ്.

വെളിച്ചപ്പാടന് അതികഠിനമായ ഒരു നഷ്ടം പറ്റി. ഒന്നര വയസ്സുള്ളപ്പോൾ വാങ്ങി പോറ്റിവളർത്തി നല്ല ഒന്നാംതരം ഉഴവുകാളയായി പരിശീലിപ്പിച്ചെടുത്ത "മൈലൻ മൂരിയെ" തന്റെ വളപ്പിൽ വെച്ച് നരിയമ്മാമൻ പിടികൂടി. രാത്രി എട്ടുമണി കഴിഞ്ഞിട്ടേയുള്ളൂ. വെളിച്ചപ്പാടൻ ഒരു തോക്ക് ലൈസൻസുകാരനാണ്. ടിപ്പു സുൽത്താന്റെ കാലം മുതൽ സേവനമനുഷ്ഠിക്കാൻ തുടങ്ങിയ ഒരു നിറത്തോക്ക് കയ്യിലുണ്ട്. ആ തോക്കുമെടുത്ത് വെളിച്ചപ്പാടനും ശബ്ദായുധധാരികളായ കുടുംബാംഗങ്ങളും കാളയുടെ ബഹളം കേട്ടു മുറ്റത്തിറങ്ങി. വെളിച്ചപ്പാടൻ "ആപാത കഠിനം" മാത്രമായ ഒരു വെടി പാസ്സാക്കി. കുടുംബാംഗങ്ങൾ എല്ലാവരും ഒപ്പം ശക്തിക്കൊത്തവണ്ണം കൂവി. ഇത്രയൊക്കെ പേക്രാന്തം കാണിക്കാൻ മാത്രം താനെന്തു ചെയ്തു എന്നു ചോദിച്ചുംകൊണ്ട് നരിയമ്മാമൻ അല്പനേരം അവിടെ തഞ്ചി നിന്നെങ്കിലും ആകപ്പാടെ കാര്യം പന്തിയല്ലെന്ന് ഒടുവിൽ തീരുമാനിച്ച് തൽക്കാലം അവിടുന്ന് പിൻമാറി.

"റെസ്ക്യൂ" പാർട്ടി അടുത്തെത്തുന്നതിനു മുമ്പുതന്നെ "പുനരപി ജഠരേ ശയന"മുദ്ദേശിച്ച് മൈലൻ മൂരി യാത്ര തിരിച്ചിരുന്നു. റാന്തലിന്റെ വെളിച്ചത്തിൽ തന്റെ ഓമനക്കുട്ടനെ - മനഃകൃതം മാത്രമായ മിസ്റ്റിക്കോമനക്കുട്ടനല്ലെ. തെറ്റിദ്ധരിക്കരുത് - കുറേയധിക നേരം വെളിച്ചപ്പാടൻ നോക്കിനിന്നു. നഷ്ടം നികത്താനുള്ള കഴിവുകേടും "ഇഷ്ടകാള"യുടെ "വീണിതല്ലോ കിടക്കുന്നൂ ധരണിയിൽ - ശോണിതവുമണിഞ്ഞയ്യോ ശിവ ശിവ"ക്കിടപ്പും ആ ശുദ്ധഹൃദയനെ കണക്കിലധികം വിഷമിപ്പിച്ചു. അല്പം കണ്ണുനീരും പുറപ്പെടാതിരുന്നില്ല. ഉൽക്കടമായ ഹൃദയവ്യഥ വെളിച്ചപ്പാടനെ ഒരുഗ്ര ശപഥത്തിലെത്തിച്ചു. അമർത്തി ച്ചവിട്ടി അങ്ങോർ വീട്ടിലേക്ക് മടങ്ങി. തോക്കു നിറച്ച് കോലാ

യിൽതന്നെ പുലരുന്നതുവരെ കാത്തിരുന്നു. പക്ഷെ നരിയമ്മാമൻ അന്ന് തിരിച്ചു വന്നില്ല.

എന്റെ താമസസ്ഥലത്തുനിന്ന് കഷ്ടിച്ച് നൂററമ്പതുവാര മാത്രമേ വെളിച്ചപ്പാടന്റെ ശ്രീകോവിലിലേക്കുള്ളൂ. ഞാൻ അന്ന് സ്ഥലത്തുണ്ടായിരുന്നില്ല. പിറ്റേദിവസം ഉച്ചയ്ക്കുശേഷം മടങ്ങിയെത്തിയപ്പോഴാണ് വിവരമറിഞ്ഞത്. വെളിച്ചപ്പാടനെ വരുത്തി സംഭവ റിപ്പോർട്ട് "ഒന്നാംകയ്യായി" - ഫസ്റ്റ്ഹാൻഡ് - വാങ്ങിയതിനുശേഷം അന്നത്തെ "ശ്മശാന വിചാരിപ്പ്" ഏറ്റെടുക്കാൻ ഞാൻ സന്നദ്ധത പ്രകടിപ്പിച്ചു. പക്ഷെ ആ ഈശ്വരി പ്രതിപുരുഷൻ വിട്ടില്ല. "അടി" - അല്ലെങ്കിൽ വേണ്ട. സോഷ്യലിസമല്ലെ ആർത്തിരമ്പിപ്പാഞ്ഞുകേറി വരുന്നത്? ബഹുമാന സൂചകങ്ങളായ പദങ്ങളൊക്കെ അടിമത്തത്തിന്റെ അവശിഷ്ടമല്ലെ? അടിയൻ പോലും! എന്തൊരാഭാസം. പിന്തിരിപ്പൻ മനഃസ്ഥിതി "മൂർദ്ദാബാദ്." സോഷ്യലിസം വളരട്ടെ. നീണാൾ വിജയിക്കട്ടെ. ഇങ്ക്വിലാബ്-സിന്താബാദ്. - "എന്റെ മൈലനെ കൊന്ന കുരിപ്പിനെ ഞാൻ കാച്ചും. എനിക്കു തന്നെ കാച്ചണം. എന്റെ വായിലല്ലെ മണ്ണിട്ടത്? ആ നരകപാപി ഞെളിഞ്ഞ് വലിഞ്ഞുകേറി ഇന്ന് തിന്നാൻ വരട്ടെ. ഞാൻ കാണിച്ചു കൊടുക്കാം." ഇത്ഥം വെളിച്ചപ്പാടൻ ഉവാച. അങ്ങോർക്ക് ഓർക്കുന്തോറും കലികയറുകയായിരുന്നു. വിനോബാജിയേക്കാളും വലിയ സമാധാനവാദിയായ പുള്ളിയുടെ ആ അപ്രതിരോദ്ധ്യമായ പൗരുഷ പ്രവാഹത്തിനു മുന്നിൽ ഞാൻ തലകുനിച്ചു. തൽക്കാലം പിൻവാങ്ങി.

കാള ചത്തുകിടക്കുന്നതിന് പത്തുവാര അകലെ ഒരു പിലാവുണ്ട്. ഏതാണ്ട് നാലടി ഉയരം വരെ ഒറ്റത്തടിയായും അവിടുന്നങ്ങട്ട് രണ്ട് തടിയായും പന്ത്രണ്ടടിയിലധികം ഉയർന്നു നിൽക്കുന്ന സാമാന്യം വണ്ണമുള്ള മരമാണ്. എട്ടൊമ്പതടി ഉയരത്തിൽ ഒരു പറം കെട്ടിത്തയ്യാറാക്കി രാത്രി എട്ടുമണിക്കു മുമ്പായി തന്റെ തോക്കും കൊണ്ട് വെളിച്ചപ്പാടൻ അതിന്മേൽ ആസ

നസ്ഥനായി. നരിയെന്നല്ല ഒരു നാൽക്കാലിയും ആ കാളീദാസന്റെ വെടിയേറ്റ് പരമപദം പ്രാപിച്ചതായറിവില്ല. കാട്ടുകോഴിയും മത്സ്യവുമായിരുന്നു അങ്ങോരുടെ ഡിപ്പാർട്ട്മെന്റിലെ മോക്ഷാർത്ഥികൾ. എന്നാലും തന്റെ ഓമനക്കുട്ടനിലുള്ള സീമാതീതമായ പ്രതിപത്തി ആളിക്കത്തുന്ന രോഷാഗ്നിയായി മാറിക്കൂടായ്കയില്ലെന്നും നരിയമ്മാമന്റെ കാര്യം അൽപം പരുങ്ങലിലാവാനാണ് സാദ്ധ്യതയെന്നും ഞാൻ സമാധാനിച്ചു.

പത്തുമണിയാവുമ്പോഴേക്ക് ചന്ദ്രൻ തിരനോട്ടം കഴിച്ച് രംഗത്തിറങ്ങി. നരിയമ്മാൻ കാലേകൂട്ടി സ്ഥലത്ത് ഹാജരായിരുന്നു. പക്ഷെ പറത്തിന്മേലിരുന്ന് ശീലമില്ലാത്ത വെളിച്ചപ്പാടനെ അങ്ങോർ ഒരു ഫർലാങ്ങ് ദൂരെനിന്നുതന്നെ തൃക്കൺ പാർത്തിരുന്നതുകൊണ്ട് ഇരയെ സമീപിക്കാതെ വയലിന്റെ അക്കരെ കാട്ടിൽ കഴിച്ചുകൂട്ടുകയാണ് ചെയ്തത്. അൽപം പഴക്കമുള്ള ഒരു കഥ ഓർമ്മ വരുന്നു - നിങ്ങൾക്ക് നിർബന്ധമാണെങ്കിൽ "ഇത്തരുണത്തിൽ സ്മർത്തവ്യമാണ്" എന്ന് വായിച്ചോളിൻ. ആ "ഇത്തരുണ" ശബ്ദത്തെപ്പറ്റി എനിക്ക് നല്ല അഭിപ്രായമില്ല. അത് ശുദ്ധ ഗീർവ്വാണമോ, തനി മലയാൺമയോ, മണിപ്രവാളമോ എന്താണെന്ന് എനിക്കിതുവരെ പിടികിട്ടീട്ടുമില്ല - ഒരു നായ പൂച്ചയോട് ചോദിച്ചു "എന്താണെടോ വലിയ ഒരു മല ഇടിഞ്ഞു വീഴുന്നതുപോലെ ഭയങ്കര ശബ്ദം കേട്ടത്" എന്ന്. പൂച്ച ഉത്തരമുവാച. "ആ ചുമരിന്മേൽകൂടി എന്നെക്കണ്ട് ഭയന്നിട്ടാണെന്നു തോന്നുന്നു ഒരെലി മരണപ്പാച്ചിൽ പാഞ്ഞു. അതിന്റെ ഒരു രോമം കൊഴിഞ്ഞു വീഴുന്നത് കണ്ടിരുന്നു. അതായിരിക്കും താൻ കേട്ട ശബ്ദം. മറ്റ് മലയൊന്നും ഇടിഞ്ഞു വീണിട്ടില്ല." ഇക്കഥയുടെ പൊരുൾ ബുദ്ധിജീവികളല്ലാത്തവർക്കു വേണ്ടി മാത്രം കൂടുതൽ വ്യക്തമാക്കാം. പൂച്ചയുടെ കണ്ണും നായയുടെ കാതും അതീവ സൂക്ഷ്മഗ്രഹണ ശക്തിയുള്ളതാണ്. ആ പൂച്ചവർഗ്ഗത്തിന്റെ ഒരുതറവാട്ടിലെ കാരണവ കൈകാര്യ കർത്തൃ

സ്ഥാനങ്ങൾക്കു വേണ്ടി സന്തത സന്ധിയില്ലാ സമരം നടത്തിക്കൊണ്ടിരിക്കുന്ന പുള്ളിയാണ് നരിയമ്മാമൻ. നരിയെ കാത്തിരിക്കുന്ന ഷിക്കാറി കൺപോളകൾ പോലും ചലിപ്പിക്കരുതെന്നാണ് നിയമം. വെളിച്ചപ്പാടൻ "തരുണസ്താവൽ" ഘട്ടം പിന്നിട്ട് അടുത്ത ഏണിപ്പടിമേൽ കാലെടുത്തുവെച്ച വാതരോഗിയും.

നിലാവെളിച്ചം പരന്നപ്പോൾ നരിയുടെ ക്ഷമയറ്റു. അങ്ങോർ കാട്ടിൽനിന്നു പുറത്തിറങ്ങി. പിലാവ്മരം സൂക്ഷിച്ചു നോക്കിക്കൊണ്ട് ഇരയുടെ അടുത്തേക്ക് സാവധാനം നീങ്ങി. അമ്മാമൻ ഒറ്റയ്ക്കല്ല. അമ്മായിയമ്മയും രണ്ടു സന്താനങ്ങളും ഒപ്പമുണ്ട്. കുടുംബത്തലവനെ അകമ്പടി സേവിച്ച് അവരും ഇരയോടടുത്തു. വെളിച്ചപ്പാടൻ വിഷമത്തിലായി. കുട്ടികളുടെ കുട്ടിക്കളി കാട്ടിൽനിന്ന് പുറത്തിറങ്ങിയപ്പോൾ ഒന്നു വർദ്ധിച്ചു. നല്ല നിലാവെളിച്ചമുണ്ടായിരുന്നതുകൊണ്ട് പറത്തിന്മേൽനിന്ന് ആഗതരേയും അവരുടെ ഓട്ടംതുള്ളലും വ്യക്തമായി കാണാമായിരുന്നു. അനന്തര കരണീയത്തെക്കുറിച്ച് അതിപ്രൗഢമായ ഒരു മുശായിര വെളിച്ചപ്പാടന്റെ മനസ്സിൽ നടക്കുകയാണ്. അങ്ങോരുടെ അന്തഃകരണം പോംവഴിയന്വേഷിച്ച് അന്തരീക്ഷത്തിലും ശബ്ദം ഭയപാരവശ്യം നിമിത്തം മേൽഗതി മുട്ടി പാതാളത്തിലും പോയൊളിച്ചു. മിസ്സിസ്സ് പടച്ചവന്റെ ഹൈകമ്മീഷണർ ആകെ തളർന്ന് വിവശനായി. നരിയമ്മാമൻ തീൻമേശയ്ക്കടുത്താൽ സാധാരണ ഒരു സംഹാരതാണ്ഡവമാടും. അമർത്തിച്ചവിട്ടിക്കൊണ്ട് ഇരയെ ചുറ്റിനടന്ന്, കണ്ണുരുട്ടി മിഴിച്ച് നാലുപാടും തുറിച്ചുനോക്കി, നല്ല ഘനത്തിൽ മുരണ്ട് - ഒച്ചയനക്കി - കൈ നിലത്തുരച്ച്, അങ്ങോർ ഡിന്നറിന് തയ്യാറെടുക്കുന്നത് കാണുമ്പോൾ നോക്കിനിൽക്കുന്ന ശനിപ്പിഴക്കാരൻ ഷിക്കാറി കാശിരാമേശ്വരാദി പുണ്യക്ഷേത്രങ്ങളിലേക്കുള്ള തീവണ്ടിസമയമന്വേഷിച്ചു

പോകും. ചില "ധീരവീരശൂരന്മാർ" വണ്ടിക്കു കാക്കാതെ ഓട ടാഓട്ടം തുടങ്ങിയെന്നും വരായ്കയില്ല.

വെളിച്ചപ്പാടൻ ആകെ നന്നേ ക്ഷീണിച്ചു വിയർത്തു വിറ ച്ചു. കണ്ണുകൾ ആ ദൃശ്യത്തിൽനിന്ന് എള്ളിട മാറ്റി ചായ്ക്കാൻ സാധിക്കുന്നില്ല. ഒന്നല്ല, രണ്ടല്ല, നാലു കുരിപ്പുകളാണ് മുമ്പിൽ. നാലെണ്ണവും തന്നെത്തന്നെയാണ് തുറിച്ചു നോക്കുന്നതെന്ന് ആദ്യമുണ്ടായ സംശയം ക്രമേണക്രമേണ അങ്ങോരുടെ മനസ്സിൽ ഘനീഭവിച്ചു. ഐസുപോലെ ഉറച്ച് കട്ടിയായി. തന്റെ വധം ക ഴിച്ചേ അമ്മാമനും കുടുംബവും മൈലനെ ശാപ്പിടുവാൻ തുട ങ്ങുകയുള്ളുവെന്ന ഒരു തോന്നൽ എന്തു കാരണം കൊണ്ടോ സാധുവിന്റെ മനസ്സിൽ ഉദയംചെയ്തു. തുള്ളിച്ചാടിക്കളിക്കുക യായിരുന്ന നരിക്കുട്ടികളിലൊന്ന് ആ കുട്ടിക്കളിയുടെ കൂട്ടത്തിൽ താനിരിക്കുന്നതിന്റെ താഴത്തെ കവലയിൽ ചാടിക്കേറിയപ്പോൾ ആ പരമശുദ്ധന്റെ ത്രിവിധകരണങ്ങളും ആത്മരക്ഷാനിരത്തി ന്മേലേക്കിറങ്ങിപ്പാഞ്ഞു. വെളിച്ചപ്പാടന്റെ വായ തുറന്നു. അതി ശയനീയമായ നീണ്ടുനീണ്ട ഒരു വിലാപശബ്ദം അതിൽ നിന്നും പുറപ്പെട്ട് അന്തരീക്ഷത്തിലുയർന്നു പറന്നു. അൽപമൊരമ്പര പ്പോടെ നിശ്ചലനായി താഴോട്ടുറ്റുനോക്കുകയായിരുന്ന പരമസാ ധുചന്ദ്രന്റെ നേരെ തോക്ക് എങ്ങിനെയോ പൊന്തിച്ച് ചൂണ്ടി അങ്ങോർ ഒരു വെടിയും പാസ്സാക്കി.

നിലവിളിയും വെടിയും കേട്ട് ഞാനും മറ്റ് നാലഞ്ചുപേരും ഓടിച്ചെന്നു. വെളിച്ചപ്പാടൻ പറത്തിന്മേലിരുന്ന് ചെണ്ടമേളമൊ ന്നുമില്ലാതെതന്നെ വിറയ്ക്കുകയാണ്. അപകടം വല്ലതും പിണഞ്ഞോ എന്നറിയാനുള്ള ഉൽക്കണ്ഠയിൽ ഓടിച്ചെന്നവരി ലൊരാൾ പറത്തിന്മേൽ ചാടിക്കയറി. ഒരു മിന്നൽപരിശോധന യ്ക്കുശേഷം തകരാറൊന്നുമില്ലെന്ന് ഞങ്ങളെ അറിയിച്ചു. വെളി ച്ചപ്പാടന്റെ സാമാന്യം വിസ്തൃതമായ പുറക്കോലായിൽ സമാ ശ്വസിപ്പിക്കാനെന്ന വ്യാജന്യായേന ആ വിരുതൻ അല്പം ഘ

നത്തിൽ രണ്ടടിയും ദാനംചെയ്തു. വെളിച്ചപ്പാടന് അൽപം വേദനിച്ചുവെന്നു തോന്നുന്നു. പക്ഷെ അങ്ങോർ തികച്ചും ബോധവാനായി. എന്തുപറ്റീ എന്ന എന്റെ ചോദ്യത്തിന് പുള്ളി സംക്ഷിപ്തമായി ഇങ്ങനെ മറുപടി പറഞ്ഞു. "അമ്മ കാത്തു; കണ്ടനും പുലിയും. പോരാത്തത് രണ്ടു കുട്ടികളും. ഒന്ന് എന്റെ പറംവരെ ചാടിക്കേറി. എന്റെ തമ്പുരാട്ടീ ഇമ്മാതിരിക്കുടുക്കിൽ ഇമ്പയസ്സുവരെ കുടുങ്ങീറ്റില്ല. കണ്ടനും പുലിയും എന്റെ മീട്ടത്ത് (മുഖത്ത്) തന്നെ തുറിച്ചു നോക്ക്വേരുന്നു. കൊർച്ചുംകൂടി താമസിച്ചിനെങ്കില് രണ്ടും പറത്തിന്മേലെത്ത്വേരുന്നു." നരി പറത്തിന്മേലെത്തുന്നതിനേക്കാൾ കൂടുതൽ അപകടകരവും സംഭാവ്യവുമാവുക വെളിച്ചപ്പാടൻ പേടിച്ചുവിറച്ച് കയറിയതിലും വേഗത്തിൽ നേർവഴിക്ക് കീഴോട്ടിറങ്ങുകയാണെന്ന് ആ സാധുവിനെ തെര്യപ്പെടുത്താൻ തൽക്കാലം ഞാൻ മിനക്കെട്ടില്ല. അങ്ങോട്ടുള്ള പരിപാടി തയ്യാറാക്കാൻ ഞങ്ങളെല്ലാവരും പുള്ളിയുടെ വീട്ടുമുറ്റത്ത് സമ്മേളിച്ചു.

അന്ന് മിസ്സിസ്സ് ആൻഡ് മിസ്റ്റർ നരി തിരിച്ചുവരാനിടയില്ല. എന്നാൽ പ്രത്യാഗമനമുണ്ടാവില്ലെന്നുറപ്പിക്കാനും വയ്യ. ഞാൻ വീട്ടിലേക്കു മടങ്ങിപ്പോയി മുക്കാൽ മണിക്കൂറിനുള്ളിൽ വേണ്ട ഒരുക്കങ്ങളോടെ വീണ്ടും സ്ഥലത്തെത്തി പനസവൃക്ഷാരൂഢനായി. രാത്രി രണ്ടുമണി കഴിഞ്ഞപ്പോൾ അമ്മാമനും കുടുംബവും വയലിന്റെ കിഴക്കെക്കരയിൽ ഹാജരായി.

പിലാവിന്റെ നേരെ കിഴക്ക് അമ്പതുവാരയോളം വീതിയുള്ള വയലാണ്. അതിന്റെ വടക്കുപടിഞ്ഞാറെ കോണിൽ ഇരുപത്തഞ്ചുവാര ദൂരെയാണ് വെളിച്ചപ്പാടന്റെ വീട്. വീടിന്റെ തെക്ക് ഇരുപതുവാര ദൂരെയും പടിഞ്ഞാറ് നാൽപതുവാര ദൂരെയും കാടാണ്. തെക്കുഭാഗം നൂറുവാര ദൂരെ പടിഞ്ഞാറോട്ടൊഴുകുന്ന ഒരു പുഴയുണ്ട്. വയലിന്റെ കിഴക്കെക്കര ഏതാണ്ട് മൂന്നു ഫർലാങ്ങ് ദൂരം വരെ കാടും കാടിനറ്റത്ത് വടക്കുതെക്കായി ഒഴുകുന്ന സാമാ

ന്യം വലിയ തോടുമാണ്. വീട്ടിൽ നിന്ന് നൂറുവാര വടക്ക് ഇട ത്തരം വാഹന ഗതാഗതമുള്ള കിഴക്കുപടിഞ്ഞാറായി നീണ്ടു നിൽക്കുന്ന ഒരു നിരത്തും ഉണ്ട്. സ്ഥലത്തിന്റെ ഭൂമിശാസ്ത്രം ഇത്രയും വ്യക്തമാക്കുന്നതിനെ അനന്തര സംഭവങ്ങൾ ന്യായീ കരിക്കും. ഇല്ലെന്നാണ് നിങ്ങളഭിപ്രായപ്പെടാൻ ഒടുവിൽ ഒരു ങ്ങുന്നതെങ്കിൽ ഞാൻ നിങ്ങളുടെ ആ... ആ... ഉം എന്താണാ സാധനം? അ; ശരി ശരി കിട്ടിപ്പോയി. ആ വീക്ഷണകോണിനെ കുറ്റപ്പെടുത്തും. നിന്ദിക്കും. അതിരിക്കട്ടെ. കഥ തുടരുക. വയ ലിന്റെ അല്പം പൊന്തിനിൽക്കുന്ന കിഴക്കേകരയിലെത്തിയാൽ പിലാവും പറവും വീടും ഒക്കെ നരിക്ക് വ്യക്തമായി കാണാൻ കഴിയും. നിലാവെളിച്ചമുണ്ടെങ്കിൽ പ്രത്യേകിച്ചും. നോക്കുന്ന കണ്ണുകൾ നരിയുടേതുമാണല്ലോ. പല അടവുകളും ഞാൻ പ്രയോഗിച്ചുനോക്കി. കുറേനേരം പറത്തിന്മേൽ അമർന്നുപറ്റി കിടന്നുനോക്കി. പിന്നെ എഴുന്നേറ്റ് മരത്തടിയോട് ഒട്ടിച്ചേർന്നു നിന്നു. ഒന്നും നരിയെ പറ്റിക്കാൻ പര്യാപ്തമായില്ല. ഇടയ്ക്കി ടക്ക് ഏതെങ്കിലുമൊന്ന് വയലിന്റെ അറ്റത്ത് കാൽ കുത്തുന്നതും ഉടനെ കാട്ടിലേക്ക് മടങ്ങിത്തുള്ളുന്നതും എനിക്ക് കാണാൻ സാധിച്ചിരുന്നു. ഞാനും വെളിച്ചപ്പാടനും തമ്മിൽ നരിയമ്മാമ നെ സംബന്ധിച്ചേടത്തോളമുള്ള അതിബൃഹത്തായ വ്യത്യാസം കണക്കിലെടുത്താണ് അവ പെരുമാറുന്നതെന്ന് എനിക്ക് തോന്നി. ഞാൻ പിലാവിന്മേൽ നിന്നിറങ്ങി വെളിച്ചപ്പാടന്റെ വീട്ടി ലേക്കു മടങ്ങി കോലായിൽ കാത്തിരുന്നു. എന്നിട്ടും ഫലം “തഥൈവ”. അന്നു രാത്രി മുഴുവൻ അങ്ങനെ ആഹാരമില്ലാതെ മൃഗങ്ങളും ഉറക്കമില്ലാതെ മനുഷ്യനും കഴിച്ചുകൂട്ടി പുലർച്ചെ കൂട്ടുപിരിഞ്ഞു.

മൈലൻ മൂരി “പരോപകാരാർത്ഥമിദം ശരീര”മെന്ന തത്ത്വ ത്തിന്റെ നിർജ്ജീവോദാഹരണമായി നിലകൊള്ളുകയാണ്. സ്ഥലമാറ്റം ചെയ്താൽ നരിയമ്മാമൻ പിന്നീട് വന്നില്ലെങ്കിലോ

എന്ന് സംശയിച്ച് അന്നുകൂടി അതിനെ അവിടെത്തന്നെ നിർത്തി. ചന്ദ്രനിലോളം ആഞ്ഞടിച്ചെത്തിയ വെളിച്ചപ്പാടന്റെ നിലവിളി അങ്ങോരെ ഒട്ടൊന്നസ്ഡാളിപ്പിച്ചിരിക്കണം. എന്നാലും ഡിന്നറിന് മറ്റൊന്നും തരപ്പെട്ടില്ലെങ്കിൽ പുള്ളി വീണ്ടും വരാതിരിക്കില്ലെന്ന് ഞാനാശിച്ചു. "ഉദരനിമിത്തമ"ല്ലെ "ബഹുകൃതവേഷം?"

അന്നു രാത്രി ഞാനും എഴുത്തച്ഛനും - പേരതല്ല. അങ്ങിനെയാണെല്ലാവരും വിളിക്കാറ്. നോട്ടം കുഞ്ഞമ്പുവിന്റെ നേരെയാണെങ്കിലും കാണുന്നത് കുമാരനെയായിരിക്കുമെന്നുള്ള ഒരു ചില്ലറ കുറ്റമൊഴിച്ചാൽ ഉള്ളും പുറവും ഒരുപോലെ നിർമ്മലമായ "നേരെ വാ നേരെ പോ" മട്ടുകാരൻ - പിലാവിന്റെ അൽപം തെക്ക് കാട്ടിൽ നിലത്ത് ഇരിപ്പുറപ്പിച്ചു. സെർച്ച്ലൈറ്റ് കരുതീട്ടുണ്ട്. എഴുത്തച്ഛന്റെ കയ്യിൽ വിശിഷ്ടസേവാ മെഡൽ അർഹിക്കുന്ന ഒരു നിറത്തോക്കുണ്ട്. നിലത്തിരിക്കാൻ തീർച്ചപ്പെടുത്തിയതും എഴുത്തച്ഛനെ കൂട്ടിനു കൂട്ടിയതും അച്ഛന്റെ നിർദ്ദേശപ്രകാരമായിരുന്നു. നരിയമ്മാമൻ അന്ന് തികച്ചും ഞങ്ങളെ സഹായിച്ചു. ഒമ്പതുമണി കഴിഞ്ഞിട്ടേ ഉള്ളൂ അങ്ങോർ പരിവാരസമേതം സ്ഥലത്തെത്താൻ. പതിവുപ്രകാരമുള്ള രൗദ്രരസാഭിനയങ്ങളൊക്കെ ബദ്ധപ്പെട്ടുകഴിച്ച് അവ തീറ്റ തുടങ്ങി. ഞാൻ മെല്ലെ ഇഴഞ്ഞുനീങ്ങി അടുത്തു. സെർച്ച്ലൈറ്റ് സ്വിച്ചമർത്തി. കുട്ടികൾ രണ്ടും വെളിച്ചം പരക്കുന്നതിനേക്കാൾ വേഗത്തിൽ കാടുകേറി തടിതപ്പി. രക്ഷിതാക്കന്മാർ വ്യക്തമായ നീരസത്തോടെ വിളക്കിനുനേരെ തിരിഞ്ഞുനോക്കി. ഞാൻ വെടിപൊട്ടിച്ചു. നല്ല ഘനത്തിൽ ഒന്നു തൊണ്ടയനക്കി രണ്ടു ചാട്ടത്തിന് അവ വയലിനക്കരെ കാട്ടിൽ അപ്രത്യക്ഷരാവുകയും ചെയ്തു. വെടി കൊണ്ടുവോ ഇല്ലയോ എന്നറിയാൻ കൂടി അന്നു സാധിച്ചില്ല. ഞങ്ങൾ മടങ്ങി.

അതിരാവിലെ ഞാനും എഴുത്തച്ഛനും സ്ഥലം പരിശോധിച്ചു. വെടി കൊണ്ടിട്ടുണ്ട്. മാരകമായിത്തന്നെ ഏറ്റിട്ടുണ്ട്. കാട്ടി

ലേക്ക് തുള്ളിക്കയറിയ ഒരു നരി വയൽക്കരയിൽ വീണുപിടച്ചിട്ടുണ്ട്. നിബിഡമായ കുറ്റിക്കാടായതുകൊണ്ട് രാത്രി കാണാൻ കഴിയാത്തതാണ്. ധാരാളം രക്തവും വീണിട്ടുണ്ട്. എന്നാലും നരിയല്ലെ? ഒറ്റയ്ക്ക് പിന്തുടർന്നു പോകരുതെന്നാണ് അച്ഛന്റെ കൽപന. എഴുത്തച്ഛൻ ഒരൊഴിവുസമയ പറവശ്ശിക്കാറി മാത്രമാണ്. ഞാൻ കൃഷ്ണനെ വിളിക്കാനാളെ അയച്ചു.

കൃഷ്ണൻ വരുമ്പോഴേക്ക് നരി ആ കാടു കടന്ന് പുറത്തു പോയോ എന്നു പരിശോധിക്കാൻ ഞങ്ങൾ മടങ്ങി നിരത്തിന്മേലിറങ്ങി നേരെ തോട്ടുവക്കിൽ ചെന്നു. ആ കാട്ടിൽനിന്നു പുറത്തുപോകാൻ തോടോ പുഴയോ കടന്നു ചാടണം. മൂന്നോ നാലോ സ്ഥലത്തുകൂടി മാത്രമേ തോട്ടിലിറങ്ങിക്കയറാൻ വഴിയുള്ളൂ. ഞങ്ങൾ പരിശോധിച്ച രണ്ടാമത്തെ കടവിൽക്കൂടി ഒരു വലുതും രണ്ടു ചെറിയവയും നരികൾ കടന്നുപോയ കാൽപാടുകൾ കണ്ടുകിട്ടി. സമാധാനവുമായി ഞങ്ങൾ നിരത്തിന്മേലേക്ക് വീണ്ടും തിരിച്ചുവരുമ്പോൾ തോട്ടുവക്കിലെ എട്ടൊമ്പതടി മാത്രം പൊക്കമുള്ള ഒരു മരത്തിന്മേൽനിന്ന് ഒരു കാട്ടുകുക്കുടം "നൽചെന്തലപ്പാവുള്ളത്തലപൊക്കി നിന്നുച്ചത്തിൽ" കൂകി. ആ അധികപ്രസംഗം എനിക്കത്ര പിടിച്ചില്ല. എന്നാലും പോട്ടെ ദുരിതമെന്നുവെച്ച് ഞങ്ങൾ "രണ്ടുനാലടി നടന്നതില്ലതിനുമുമ്പ്" ആ അധികപ്രസംഗി വീണ്ടും കൂകി. തിരത്തോക്കൊഴിക്കാൻ മാത്രം വകയില്ല. ഞാൻ എഴുത്തച്ഛനോട് തോക്ക് വാങ്ങി ഉണ്ട മാറ്റി ചില്ലിട്ടു. കുക്കുടപ്രവരൻ വിടുന്ന മട്ടില്ല. പുള്ളി രണ്ടുവട്ടം കൂടെക്കൂടെ പിന്നെയും കൂകി. ഞാൻ നേരെ മരച്ചുവട്ടിലേക്ക് പതുങ്ങിച്ചെന്നു. മേലോട്ട് തോക്ക് ചൂണ്ടി ഉന്നംവെച്ച് വെടി പൊട്ടിച്ചു.

വെടിയുടെ ശബ്ദം കേട്ടതും കോഴി പറന്നുപോകുന്നതും ഒരു സ്വപ്നത്തിൽ കണ്ടതുപോലെ ഓർക്കുന്നു. പക്ഷെ വലത്തെ കയ്യിൽ തോക്കിന്റെ മരഭാഗമായ ചട്ട മാത്രമേ ഉള്ളൂ. കുഴ

ലും ബാക്കിഭാഗങ്ങളും നിൽ. നഹി. നക്കാ. ഇല്ലെന്നർത്ഥം. ആ മരക്കഷണവും കയ്യിൽവെച്ച് ഞാൻ തുള്ളുകയായിരുന്നു. ഹൈജമ്പിലെ ലോക റിക്കാർഡ് ഞാൻ പല തവണ ഭേദിച്ചിട്ടുണ്ടാവണം. അഞ്ചാറു "ജമ്പ്" നടത്തിയെന്നാണ് എനിക്ക് തോന്നിയത്. പക്ഷെ എഴുത്തച്ഛന്റെ എസ്റ്റിമേറ്റ് രണ്ടു ഡസനാണ്. അങ്ങോർ പിടിച്ചു നിർത്തിയതിനു ശേഷമേ ഞാൻ "മന്നിലധികം നഭസ്സിലമരുന്നുതേ" നിലവിട്ട് നിലയ്ക്കു നിന്നുള്ളൂവെന്നതാണ് പരമാർത്ഥം. ഇടത്തു കയ്യിന്റെ ഉൾഭാഗം "മണികണ്ഠം" മുതൽ മുട്ടുവരെ തോലും മാംസവുമൊക്കെ സർക്കീട്ടു പോയിരിക്കുന്നു. സ്ഥലത്തെ എല്ലുകൾ എന്നെ നോക്കി താംബൂല ചർവ്വണം ചെയ്ത് "എക്സ്റെ" വിദ്യയെ വെല്ലുവിളിച്ച് പല്ലിളിച്ചു കാട്ടുകയാണ്. പല ദിക്കിലും ഇരുമ്പിൻ കഷണങ്ങളും മരപ്പൂളുകളും എറിച്ചു നിൽക്കുന്നു. ഞാനും എഴുത്തച്ഛനും കൂടി നുള്ളിയെടുക്കാൻ പറ്റുന്നതൊക്കെ എടുത്തു നീക്കി. തോക്കിന്റെ ചിന്നിച്ചിതറിയ കഷണങ്ങൾ എന്റെ തലയും മുഖവും കടന്നു ചാടി എങ്ങനെ എങ്ങോട്ട് പോയെന്ന് ഒരു വിവരവുമില്ല. "ആകൃതി കണ്ടാലൊരു" കഴുതത്വം കഷ്ടിച്ച്, അതും നിർമ്മത്സര ബുദ്ധികൾക്കു മാത്രം തോന്നിയേക്കാവുന്ന എന്റെ രൂപലാവണ്യം ഹന്തിയായ് പോയേനേ എന്ന ഭയംകൊണ്ട് പറഞ്ഞുപോയതല്ല കേട്ടോ. എങ്കിലും "എങ്കിലും ചന്ദ്രികേ ലോകമല്ലെ- പങ്കില മാനസർ കാണുകില്ലേ" എന്നു രമണൻസാർ ചോദിച്ച ചോദ്യം കണക്കിലെടുക്കാതെ പറ്റുമോ? നിർക്കണ്ണനും നിർമ്മൂക്കനുമായ ഒരു "എ.കെ"യെ നിങ്ങളുടെ ഭാവനാക്കണ്ണുകൾ കൊണ്ട് ഒന്നു നോക്കിൻ. നോക്കിയോ? ഇത്തിരി ബീഭത്സമല്ലെ ആ കാഴ്ച? അപ്പോൾ അതാണ് ഞാൻ പറഞ്ഞത്. തോക്കിന്റെ നഷ്ടപ്പെട്ട ഭാഗങ്ങളെക്കുറിച്ച "പട്ടാംഗമായ്" ചൊന്നത്. എന്തോ ആവട്ടെ, എഴുത്തച്ഛന്റെ ശിരോലങ്കാരമായിരുന്ന രണ്ടാം മുണ്ട് ഒരു ഹ്രസ്വ

കാല ജലസേചന ലോൺ ആയി വാങ്ങി നനച്ച് കൈ പൊതിഞ്ഞ് ഞങ്ങൾ വീട്ടിലേക്കു മടങ്ങി.

അച്ഛൻ മറ്റൊന്നും പറഞ്ഞില്ല. “നിറത്തോക്കുകൊണ്ടു വെടിവെക്കുമ്പോൾ അവനവൻ തന്നെ തോക്കു നിറയ്ക്കണം. മറ്റൊരാൾ നിറച്ച തോക്കെടുത്ത് മേലിൽ വെടിവെക്കരുത്” എന്ന് ഉപദേശിച്ചതേയുള്ളൂ. പക്ഷെ ആ കരുണാമൂർത്തിയുടെ കണ്ണുകൾക്ക് താൽക്കാലികമായെങ്കിലും എന്തോ ഒരു വൈക്ലബ്യമുണ്ടാക്കുകയെന്ന മഹാപരാധം ഞാൻ ചെയ്തുപോയോ എന്ന് “അനിയന്ത്രിതമായ് പലപ്പൊഴും” ഈ മനസ്സിന് ഇന്നും തോന്നുന്നു.

കൃഷ്ണൻ വന്നു. ഏതാണ്ടരനാഴിക അകലെവെച്ച് ആരോ പറഞ്ഞുകേട്ട് പരിഭ്രമിച്ച് അഴിഞ്ഞ മുണ്ടുടുക്കാൻ മിനക്കെടാതെ വാരിച്ചുരുട്ടിപ്പിടിച്ച് കഷ്ടിച്ച് നഗ്നത മറച്ചോടി വരികയാണ്. അച്ഛൻ സമാധാനിപ്പിച്ച് അവനെ അകത്തു കടത്തിവിട്ടു. പരിഭ്രമം തീർന്നപ്പോൾ സ്ഥലത്തുപോയി പതിനഞ്ചു മിനുട്ടിനകം തിരിച്ചുവന്നു. നരിയമ്മാമൻ വയലിൽ നിന്ന് കഷ്ടിച്ചിരുപതു വാര അകലെ “കിങ്കരോമി”യായി കമ്മത്തി പറഞ്ഞപോലെ “മർച്ചു”കിടക്കുന്നു. മൂന്നര മാസം കട്ടിലിന്മേൽ മരിക്കാതെ ഞാനും കിടന്നു. “ടാടാ” കൂടി പറയാതെ പോയ തോലും മാംസവും തൊണ്ണൂറു ശതമാനം “പോന മച്ചാൻ തിരുമ്പിവന്ന” പോലെ “പൂമണത്തോടെ”യല്ലെങ്കിലും തിരുമ്പി വന്നിട്ടുണ്ട്. എന്നാലും ആഫ്രിക്ക, ആസ്ത്രേലിയ, ജപ്പാൻ മുതലായ ഭൂഖണ്ഡങ്ങളുടെ പടങ്ങൾ പൗത്രീസംഘത്തിന്റെ കുരുന്നു കരളുകൾക്കൊരു ചോദ്യവിഷയമായും പിഞ്ചുകരങ്ങൾക്കൊരു ഗവേഷണകൗതുകമായും ഇന്നും അവശേഷിക്കുന്നു.

നിങ്ങൾക്ക് മടുത്തു, ഇല്ലേ? എനിക്കും തഥൈവ. നമസ്ക്കാരം.

7

പന്നിയുടെ പക

വെടിശബ്ദം ധൂർത്തിന്റെയും തനി ഭോഷ്ക്കിന്റെയും പര്യായമായറിയപ്പെടാനെന്താണ് കാരണം? "ഞാനോരോന്ന് വൃഥാ പറഞ്ഞു പരിഹാസാർത്ഥം പരം" എന്ന് "ജെന്റിൽമാൻലി" ആയി തമ്പുരാൻ ശാകുന്തള ശ്ലോകം തർജ്ജമ ചെയ്തിരിക്കെ പണ്ഡിത കേസരിയായ ആറ്റൂർ "വെറുതെ വെടിചൊന്നതാണിതെല്ലാം" എന്ന് അതേ ശ്ലോകം തർജ്ജമ ചെയ്തത് ഒരു... പ്രസംഗമല്ലെ? ആണോ? വെടിക്കാർ അതിൽ പ്രതിഷേധശബ്ദമുയർത്തേണ്ട തില്ലേ? മലബാറിലെ ഷിക്കാറികളുടെ ഗുരുജി, പ്രാതഃസ്മരണീ യനായ ശ്രീ ശിവദാസമേനോൻ ആ തർജ്ജമ അത്ര ശ്രദ്ധിച്ചി ല്ലെന്നു തോന്നുന്നു. മാത്രമല്ല അദ്ദേഹം ആറ്റൂർപക്ഷത്തിനു പോൽബലകമായ കുറെ "ശുദ്ധവെടികൾ" റിക്കാട്ടാക്കുകയും ചെയ്തു. അതിനുപുറമെ അവിശ്വസനീയങ്ങളായ നിരവധി "വെടിക്കഥകൾ" പ്രചാരത്തിലിരിക്കുകയും ചെയ്യുന്നു. ഇങ്ങനെ യെല്ലാമിരിക്കും വിഷയത്തിങ്കൽ ഈ പരമ്പരയെച്ചൊല്ലി വായ നക്കാരുടെ പുരികങ്ങൾ ഒരു ചോദ്യചിഹ്നത്തിലുയരുന്നത് തികച്ചും സ്വാഭാവികമാണെന്ന് ഞാൻ സമ്മതിക്കുന്നു. പലരും കഥകളുടെ സത്യസാധുത ആരാഞ്ഞിട്ടുമുണ്ട്. ഞാനാദ്യം ത ന്നെ വ്യക്തമാക്കിയ കാര്യം ഇതാ ഒന്നുകൂടി ആവർത്തിക്കു ന്നു. ആത്മപ്രശംസയെന്ന് മുദ്രകുത്തപ്പെടുമെന്ന വെള്ളം കൂ ട്ടാത്ത "പ്യൂർ" ഭയം ഹേതുവായി ചില സന്ദർഭങ്ങളിൽ സത്യം മറച്ചുവെക്കുന്നതൊഴിച്ചാൽ "ഞാൻ പറയുന്നതൊക്കെ സത്യ മായിരിക്കും. സത്യമേ പറയുകയുള്ളൂ. ഈശ്വരൻ അല്ലെങ്കിൽ

“സോഷ്യലിസം” സാക്ഷി. പോരേ? പോരെങ്കിൽ “യഥേഛസി തഥാ കുരു.” നിങ്ങളൊന്നാലോചിച്ചു നോക്കിൻ. “നവയൗവ്വന വും വന്ന് നാൾതോറും” വളരുന്ന ആരോഗ്യത്തിമർപ്പ് നിമിത്തം അപകടങ്ങളും കുണ്ടാമണ്ടികളും കൊക്കകെട്ടി കൊളുത്തിവലി ച്ചുകൊണ്ട് ജീവിതത്തിന്റെ പ്രഭാത മദ്ധ്യാഹ്നങ്ങൾ ഞാൻ ഒരു തരത്തിൽ കടന്നുചാടി. വൈകുന്നേരം ആറുമണിക്കുള്ള മുൻസി പ്പൽ സൈറന്റെ കർക്കശ ശബ്ദം കാതുകളിൽ തുളച്ചുകയറാൻ തുടങ്ങിയ കാലഘട്ടമാണിത്. പിന്നെ ഞാൻ ആർക്കുവേണ്ടി എന്തിനുവേണ്ടി “വെടി ചൊല്ലണം?” ഞാനെന്താ വല്ല മഹാക വിയോ മറ്റോ ആണോ? കവികളെപ്പോലെ...ഛേ ഛെ. ഇതെന്തു ദുരിതം. “അനിയന്ത്രിതമായ് ചിലപ്പൊഴീ – ശനിയൻ പാർക്കർ ചലിപ്പു ദുർഘടം.” പത്രാധിപർ മുഷിയും. നമുക്ക് കഥ തുട ങ്ങുക.

നരേന്ദ്രനെപ്പോലെ ബലമായ ശുപാർശയോടുകൂടി ദേവി യുടെ മുമ്പിൽ ചെന്നുനിൽക്കാൻ കുട്ട്യപ്പ നമ്പ്യാർക്കവസരം കി ട്ടുകയാണെങ്കിൽ അയാൾ ഒരിക്കലും വിരർത്ഥി അർത്ഥിക്കുമാ യിരുന്നില്ല. “വിത്തമല്ല വിരക്തിയാണർത്ഥിച്ച – തത്തിരുവടി യോടു ഞാനെൻ പ്രഭോ” എന്ന് എന്തു കൈക്കൂലി കൊടു ത്താലും അയാളെക്കൊണ്ട് പറയിക്കാൻ മഹാകവി വള്ളത്തോ ളിന് സാധിക്കുകയുമില്ല. എന്നാൽ കുട്ട്യപ്പ നമ്പ്യാർ “മൈനസ്സ്” പിശുക്ക്. നിങ്ങൾ നോക്കിൻ ആ മാറ്റം. എത്ര നല്ല അസ്സൽ മനു ഷ്യൻ. ഏതാണ്ടാറടി പൊക്കം. കറുത്ത നിറം. വീതി കുറഞ്ഞ് നീണ്ട നെറ്റി. ഭ്രൂമദ്ധ്യത്തിൽ നിന്ന് കീഴ്പോട്ട് സർക്കീട്ടിനിറങ്ങി യ മൂക്ക് മേൽച്ചുണ്ടിന്റെ അധൃഷ്യത കണ്ട് ഞെട്ടി പെട്ടെന്ന് സ്തംഭിച്ചു നിന്നുപോയതുപോലെ തോന്നിക്കുന്ന അറ്റം അൽപം തടിച്ച് നീളം കുറഞ്ഞ മൂക്ക്. മേൽച്ചുണ്ടിനോട് “ദാസോ സ്മ്യഹ”മെന്ന് നിരന്തരം ഉരുവിടുന്ന കീഴ്ചുണ്ട്. ടി മന്ത്രജപ ക്കാരന് എളിയ നിലയിൽ പിൻബലംനൽകിക്കൊണ്ടു നിൽക്കുന്ന കൊച്ചു താടി. ഇത്രയും എണ്ണങ്ങൾ അടിഭാഗം നീണ്ട് അൽപം

കൂർത്ത ഒരു വൃത്തത്തിൽ അടയാളപ്പെടുത്തിയാൽ അത് കുട്ട്യ പ്പ നമ്പ്യാരുടെ മുഖമായി. വസൂരിക്കല അഞ്ചാറെണ്ണം അങ്ങി ങ്ങായി കാണാം. ആകപ്പാടെ സുന്ദരമല്ലെങ്കിലും "അഗ്ളിയു"മല്ല. എല്ലാ അവയവങ്ങളും തമ്മിൽ ഒരു പരസ്പര ധാരണയിൽ വളർന്നു വികസിച്ചതുകൊണ്ട് ഒട്ടും വികൃതമല്ല മുഖം. സ്നേഹ സ്പർശമില്ലാത്തതു കൊണ്ട് ചെമ്പിച്ചുപോയ തലമുടി. സദാ ക.ണ.പൈയുടെ ആരോഹണാവരോഹണ പ്രക്രിയയിൽ ദത്ത ശ്രദ്ധനാവുക നിമിത്തം എപ്പഴും മ്ലാനവദനനാണ്. "ഷർക്കറ്റാ" ണ് എപ്പോഴും ധരിക്കുക - ഷർട്ടുമല്ല. ജാക്കറ്റുമല്ല. ദേർഫോർ "ഷർക്കറ്റ്". - ഹംസത്തിന്റെ സുപ്രസിദ്ധമായ ആവലാതി പ്ര സ്ഥാനത്തിന് കുട്ട്യപ്പ നമ്പ്യാരെ സംബന്ധിച്ചിടത്തോളം പ്രസ ക്തിയില്ല. "എല്ലും തോലും മുണ്ടും ഷർക്കറ്റെല്ലാം നീക്കി"യാൽ പിന്നെ "നുറുക്കിക്കൊള്ളാൻ" അവിടെ ബാക്കിയുണ്ടാവുന്നത് ആത്മാവു മാത്രമായിരിക്കും. ആത്മാവിനെ നുറുക്കിക്കൊള്ളാ നുള്ള വിദ്യ കണ്ടുപിടിക്കപ്പെട്ടിട്ടുമില്ലല്ലോ. അത്രയ്ക്കും മെലി ഞ്ഞതാണ് ശരീരമെന്നർത്ഥം. വയസ്സ് കൃത്യമായി ആർക്കും നി ശ്ചയമില്ല. എഴുപതിലധികമാണ് പരക്കെ അംഗീകരിക്കപ്പെട്ടിട്ടുള്ള എസ്റ്റിമേറ്റ്.

ഒരു ദിവസം രാത്രി ഒരാൾ ഒരു കൂറ്റൻ ഒറ്റേൻ പന്നിയെ വെടിവെച്ചു. വെടി കൊണ്ടിട്ടുണ്ട്. പക്ഷെ "പീനൽകോഡ്" പ്രകാ രമുള്ള "ഗ്രീവ്യസ്സ് ഹർട്ട"ല്ല. വിവരം അടുത്ത ദിവസം രാവിലെ ദേശം മുഴുവനും അറിഞ്ഞു. രണ്ടു മൂന്ന് ചെറുപ്പക്കാർ പന്നിയെ ത്തേടിപ്പോകാൻ സന്നദ്ധരായി. കുട്ട്യപ്പ നമ്പ്യാർ ഒരു തിരത്തോ ക്കിന്റെ ഉടമസ്ഥനാണ്. അയാളെയും അവർ ക്ഷണിച്ചു. ആദ്യം വയസ്സും ക്ഷീണവുമൊക്കെ നിരത്തിവെച്ച് മുടക്കം പറഞ്ഞുവെ ങ്കിലും ഒടുവിൽ അയാളും പോകാനൊരുങ്ങി. തോക്കും തിര യുമെടുത്ത് "കാലിക്കൂട്ടം കലിതകുതുകം കാക്കുന്ന" കണ്ണനെയും കൂട്ടി പുറപ്പെട്ടു. - തെറ്റിദ്ധരിക്കരുതേ. "പാലിക്കാനായഭുവനമ ഖിലം ഭൂതലേ ജാതനായ" വിദ്വാനല്ല. ഇതൊരു മഹാസാധു പ്രാദേശികക്കണ്ണനാണ്. ഇപ്പോൾ ജീവിച്ചിരിപ്പുമുണ്ട്. -

കുട്ട്യപ്പ നമ്പ്യാരുടെ വീട്ടിൽ നിന്ന് വെടിയേറ്റ പന്നിയുണ്ടെന്ന് സംശയിക്കുന്ന കാട്ടിലേക്ക് ഒന്നരനാഴികയോളം ദൂരമുണ്ട്. തെക്കുവടക്കും കിഴക്കുപടിഞ്ഞാറുമായി നീണ്ടുനിൽ ക്കുന്ന രണ്ടു കുന്നുകളുടെ സംഗമസ്ഥാനത്ത് കിഴക്കോട്ടുള്ള ചെരിവിലാണ് വെടിയേറ്റ ശേഷം പന്നി ഓടിയൊളിച്ചതെന്നാണ് റിപ്പോർട്ട്. ആ കാട്ടിന്റെ വക്കിൽത്തന്നെ ആൾപാർപ്പുള്ള ഒരു ചെറിയ വീടുണ്ട്. രാവിലെ നാല് തിരയ്ക്കുവേണ്ടി എന്റെ വീട്ടിലും ആൾ വന്നിരുന്നു. ഞാൻ സ്ഥലത്തുണ്ടായിരുന്നില്ലെങ്കിലും എന്റെ ജാമാതാവ് തിര കൊടുത്ത് തോക്കോടുകൂടി താനും സ്ഥലത്തേക്ക് അൽപംകഴിഞ്ഞ് പുറപ്പെടുകയുംചെയ്തിരുന്നു.

കുട്ട്യപ്പ നമ്പ്യാർ കണ്ണസമേതം ആദ്യം സ്ഥലത്തെത്തി. മറ്റുള്ളവർ കുന്നിന്റെ മുകൾത്തട്ടുവഴി സ്ഥലത്തെത്താറായിട്ടുണ്ട്. കാടിന്റെ അടിവശം പാറക്കെട്ടുകളും അതിനിബിഡമായ മുൾപടർപ്പും കുറ്റിക്കാടുകളുമാണ്. കടുവക്കാലുള്ള വീട്ടുമുറ്റത്തുവെച്ച് വീട്ടുടമയുമായി അങ്ങോട്ടുള്ള പരിപാടിയെക്കുറിച്ച് അവരൽപ നേരം ചർച്ചചെയ്ത് വിശ്രമിച്ചു. വീട്ടിൽ നിന്നൊരമ്പതുവാര വരെ കഷ്ടിച്ച് മുന്നോട്ടു നീങ്ങാം. അപ്പുറം പോകുക എളുപ്പമല്ല. എന്നാൽ പന്നി പുറത്തിറങ്ങി ഓടുകയാണെങ്കിൽ കുറ്റിക്കാടായതുകൊണ്ട് അതിനെ കാണാൻ സാധിച്ചെന്നു വരും. കാടിന്റെ അടിവാരത്തിൽ വെള്ളവും ചളിയുമുള്ളതുകൊണ്ട് മുകൾത്തട്ടിൽ നിന്ന് വെടിയേറ്റ ഉടനെ ഏറ്റവും അടുത്ത ചളിയിൽ വീഴാനാണ് പന്നി ഉദ്ദേശിച്ചിരിക്കുക എന്നത് തീർച്ചയാണ്. “പങ്ക”സ്നാനം കഴിച്ച് അങ്ങോർ ആ കുറ്റിക്കാട്ടിൽത്തന്നെ വിശ്രമിക്കുകയുമാവാം. കുട്ടപ്പ്യ നമ്പ്യാർ വീട്ടിൽ നിന്ന് പുറപ്പെട്ട് ഏതാണ്ടമ്പതുവാര ദൂരം കാട്ടിൽക്കയറിച്ചെന്നു. അവിടെ ഒരു പാറക്കല്ലിന്മേൽ കയറി സ്ഥാനംപിടിച്ചു. ഏതാണ്ടറുപതുവാര മേൽഭാഗത്തു കയറി അവിടുന്നു നേരെ തെക്കോട്ടു വന്ന് തന്റെ മുൻഭാഗത്തുണ്ടായിരുന്ന മുൾപ്പടർപ്പും വള്ളികളും കെട്ടുപിണഞ്ഞു കിടക്കുന്ന വൃത്താകാരമായ ഒരു കാടിൻ കഷണത്തിലേക്ക് കല്ലേറു

നടത്താനാജ്ഞാപിച്ച് അയാൾ കണ്ണനെ അയച്ചു. കണ്ണൻ സുരക്ഷിതമായ ഒരു സ്ഥാനത്തെത്തി നിന്ന് കല്ലേറ് തുടങ്ങി. ഏറ് നമ്പർ വൺ. ഒന്നും സംഭവിച്ചില്ല. കല്ല് ചെറുതായിരുന്നു. നമ്പർ ടു. കല്ല് കുറച്ചുകൂടി വലുപ്പമുള്ളതായിരുന്നു. കാട് അൽപമൊന്നു കുലുങ്ങി. ഉള്ളടക്കം പുറത്തുവരാൻ മാത്രം വിപ്ലവമുണ്ടായില്ല. നമ്പർ ത്രീ. ഇപ്രാവശ്യം കണ്ണൻ തടി കൊടുത്തുത്സാഹിച്ചിട്ടുണ്ട്. കല്ലും കണ്ണനും ഏതാണ്ട് സമം തൂങ്ങും. നല്ലവണ്ണം ആയാസപ്പെട്ടാണ് അവൻ കല്ല് എടുത്ത് പൊക്കിയതുതന്നെ. കാടാകെ ഒന്നിളകിക്കുലുങ്ങി ആടി. അതാ മിസ്റ്റർ പന്നി പുറത്തിറങ്ങി ഓടുന്നു. കുട്ട്യപ്പ നമ്പ്യാർ തോക്ക് നീട്ടി. കിഴക്കോട്ട് ചെരുവിറങ്ങിപ്പായുന്ന പന്നിയുടെ നാലാമത്തെ ചാട്ടത്തിൽ തന്റെ നേരെ മുമ്പിൽ ഇരുപത്തഞ്ചുവാര ദൂരെ വിലങ്ങനെ അതെത്തിയപ്പോൾ അയാൾ ഉണ്ട സമ്മാനിച്ചു. വെടിയൊച്ചയോടൊപ്പംതന്നെ താണ സ്ഥായിയിൽ തുടങ്ങിയ പന്നിയുടെ "ബ്ബ്ബ്ബാ" ശബ്ദം ക്രമത്തിലാരോഹണംചെയ്ത് ആ പരമ്പരയിലെ ഒടുവിലത്തെ ഭയങ്കര "ബ്ബ"യിൽ ചെന്നെത്തി കതിന പൊട്ടുംപോലെ പൊട്ടി അചരങ്ങളെക്കൂടി പിടിച്ചുകുലുക്കി. ആ "ഫൈനൽ" "ബ്ബ" അന്തരീക്ഷത്തിൽ ചുറ്റിക്കറങ്ങി മുഴങ്ങിക്കൊണ്ടിരിക്കെ "ഊയി എന്റെ അമ്മേ" എന്ന് അതിദാരുണമായ ആർത്തനാദവും അതോടൊപ്പം ചേർന്നു.

കണ്ണൻ എന്തൊക്കെയോ കാണുന്നുണ്ട്. ഒന്നും ശരിക്ക് മനസ്സിൽ പതിയുന്നില്ല. വായ തുറന്നിട്ടുണ്ട്. ശബ്ദം പുറത്തുവരുന്നില്ല. അവൻ നിർജ്ജീവനായി ശിലാപ്രതിമപോലെ നിൽക്കുകയാണ്. തികഞ്ഞ ശുഭപ്രതീക്ഷയോടെ സാഭിമാനം കുട്ട്യപ്പ നമ്പ്യാർ സമ്മാനിച്ച ഉണ്ട വാങ്ങിയനുഭവിച്ച പന്നി, തന്റെ തടിക്ക് മുറിവേറ്റ നിമിഷത്തിൽ ഗതിമാറ്റി, നേരെ പാഞ്ഞടുത്ത് അയാളെ തട്ടിവീഴ്ത്തീട്ടുണ്ട്. മാത്രമല്ല തന്റെ ദംഷ്ട്രങ്ങൾ കൊണ്ട് മാറ്റിയും മറിച്ചും കുട്ട്യപ്പ നമ്പ്യാരെ തുണ്ടം തുണ്ടമാക്കി കുത്തിക്കീറുകയുമാണ്. പന്നിയുടെ ആദ്യത്തെ തട്ടേറ്റ് വീഴുമ്പോൾ

ഉയർത്തിയ ആർത്തനാദമല്ലാതെ ആ ഹതഭാഗ്യന്റെ കണ്ഠത്തിൽ നിന്ന് മറ്റൊരു ശബ്ദവും പുറത്തുവന്നിരുന്നില്ല.

വെടിയുടെ ശബ്ദവും നിലവിളിയും കേട്ട് കുന്നിന്റെ മുകൾപരപ്പിൽനിന്ന് മറ്റു വെടിക്കാർ ഓടിച്ചെന്നു. ആദ്യമെത്തിയത് കുട്ട്യപ്പ നമ്പ്യാർ പോയ വഴിക്കു തന്നെ ഓടിച്ചെന്നവനാണ്. അവനേതാണ്ടടുത്തെത്തിയപ്പോൾ പന്നി പിണത്തെവിട്ട് തുണക്കെത്തിയവന്റെ നേരെ ചാടിക്കേറി. ലൈസൻസില്ലെങ്കിലും ഉശിരും ചുണയും പാരമ്പര്യവുമൊക്കെയുള്ള ഒരു നല്ല ഉൽപ്പതിഷ്ണു ശിക്കാറിയായിരുന്നു അവൻ. പാഞ്ഞുകയറുന്ന പന്നിയുടെ തല അവൻ ഒറ്റ വെടികൊണ്ടു തകർത്തു. സംശയം തീർക്കാൻ ഒരു വെടികൂടി ബോണസ്സായി ആ വരാഹാസുരന് നവാഗതൻ കൊടുത്തു. താൻ "ബോൺവോയേജാ"ശംസിച്ച് വിദൂരദേശത്തേക്ക് യാത്രയയച്ച ആത്മാവിനെത്തേടി പന്നിപ്രാണനും കുതിച്ചു പാഞ്ഞത് അങ്ങട്ടുതന്നെയായിരിക്കണം. അല്ലെ?

കുട്ട്യപ്പനമ്പ്യാരുടെ ശരീരത്തിൽ ആകെ പതിനെട്ട് മുറിവുകളുണ്ടായിരുന്നു. ഇടത്തും വലത്തുമുള്ള രണ്ടു വാരിയെല്ലുകൾ നിശ്ശേഷം പൊട്ടി തുണ്ടംതുണ്ടമായി നുറുങ്ങിപ്പോയിരുന്നു. പല സ്ഥലത്തുനിന്നും ഉള്ള മാംസം കടിച്ചുപറിച്ചെടുത്ത് നിലത്ത് വിതറീട്ടുമുണ്ടായിരുന്നു. ആദ്യത്തെ തട്ടേറ്റു വീണ് നിലംതൊടുന്നതിന് മുമ്പെ പുള്ളി ഭരതവാക്യം ചൊല്ലീട്ടുണ്ടാവണമെന്നാണ് വിദഗ്ദ്ധാഭിപ്രായം. അതായിരിക്കണം ഒറ്റ നിലവിളികൊണ്ട് തൃപ്തിപ്പെടാനുള്ള കാരണവും.

ഇന്ന് ഇതെഴുതുന്ന മാർച്ച് 25-ാംതീയതി കുട്ട്യപ്പ നമ്പ്യാരുടെ രണ്ടാം ചരമവാർഷിക ദിനമാണ്. മക്കളും മരുമക്കളുമായി ഒട്ടേറെപേർ അയാളുടെ ആത്മാവിന് നിത്യശാന്തി നേരുവാനായി സമ്മേളിക്കുന്നുണ്ട്. ഞാനും അവരുടെ കൂടെ മനസ്സുകൊണ്ടു ചേരുന്നു. നേരുന്നു. നിങ്ങളോ? എന്റെ ഒപ്പമുണ്ട്. അല്ലെ? ശരി. നിങ്ങൾക്ക് സ്തുതി. നമസ്ക്കാരം.

8

അവളുടെ നോട്ടം

കേട്ടോ പത്രാധിപരെ, എനിക്കൊരു ചെറിയ സംശയം. അങ്ങുന്ന് വിജ്ഞാനഭണ്ഡാഗാരമാണെന്നോ ആയിരിക്കുമെന്നോ ആണല്ലോ വെപ്പ്. വനംവകുപ്പും കൃഷിവകുപ്പും വെവ്വേറെയായോ അല്ല ഒന്ന് മറ്റതിന്റെ ഉപവകുപ്പായോ എങ്ങനെയാണിന്നത്തെ ഭരണം? ഒറ്റയ്ക്കായാലും കൂട്ടായാലും "ഉപ"യായാലും വനംവകുപ്പ് തലവൻ കാടുകേറിയെന്ന ആക്ഷേപത്തിന് ഇനി സാദ്ധ്യത കുറയും. അഥവാ നിർബ്ബന്ധമാണെങ്കിൽ പീച്ചി, മലമ്പുഴ മുതലായ സ്ഥലങ്ങളിൽ മാത്രമേ ഇനി സന്യാസം തരപ്പെടുകയുമുള്ളൂ. കൃഷിവകുപ്പധിപനാണെങ്കിൽ, തിരുവാതിര ഞാറ്റുവേലയും, തുലാവർഷവും, വൃശ്ചികക്കാറ്റും, മകരമഞ്ഞുമൊക്കെ കൈകാര്യം ചെയ്യുന്ന പടച്ചവന്റെ ഡിപ്പാർട്ടുമെന്റ് സിക്രട്ടറിമാരെ തേടിക്കണ്ടുപിടിക്കാൻ ഉദ്യോഗസ്ഥന്മാരെ ശട്ടംകെട്ടി നിയോഗിച്ച് ആശ്വാസം കൊള്ളുകയാണ്. ഈ ഗുലുമാലിനിടയിൽ കാടും കാട്ടുമൃഗങ്ങളും കേരളത്തെ സംബന്ധിച്ചേടത്തോളം പശ്ചിമഘട്ടത്തിലേക്ക് കുടിയേറിപ്പാർപ്പ് - അല്ലെങ്കിൽ കയ്യേറിപ്പാർപ്പ്. അതാണല്ലോ ഇപ്പോഴത്തെ പരിഷ്ക്കാരം - തുടങ്ങിയിരിക്കയാണ്. അപ്പോൾ നായാട്ടിന്റെ ആയുസ്സ് നിർണ്ണയിക്കപ്പെട്ടുവെന്ന് വന്നു. അതൊരാസന്ന ചരിത്രവസ്തുതയായിമാറുകയാണ്. അങ്ങനെ "ഇങ്ങിനി വരാതവണ്ണം" "ഭൂതകാലാകാശവീഥിയിങ്കലേ"ക്ക് കുഞ്ചി പിടിച്ച് പുറത്താക്കപ്പെടുന്ന വിനോദമായ

നായാട്ടിനെക്കുറിച്ചും അതിന്റെ നിയന്ത്രണ നടപടിച്ചട്ടങ്ങളെക്കുറിച്ചും വളരുന്ന സോഷ്യലിസ്റ്റ് തലമുറയുടെ അറിവിനായ്ക്കൊണ്ട് ഞാൻ അൽപമൊന്ന് വ്യവഹരിക്കാൻ പോകുന്നു. “മഹാജനങ്ങൾക്ക് രസിക്കുമെങ്കിലീ-മമ ശ്രമം നിഷ്ഫലമല്ല കേവലം.” (ടിപ്പണി. മഹാജനങ്ങൾ = പത്രാധിപർ. പണ്ടൊക്കെ രാജാക്കന്മാർ, അത്രയ്ക്കില്ലെങ്കിലും ഉണ്ടെന്നു നടിക്കുന്ന തമ്പുരാക്കന്മാർ, ആഢ്യന്മാർ, സ്ഥാനികൾ, വലിയവലിയ ഭൂപ്രഭുക്കൾ എന്നിവരെല്ലാം “ഞങ്ങൾ” എന്നു ബഹുവചനപ്രയോഗം കൊണ്ട് സ്വയം ബഹുമാനിക്കാറുണ്ടായിരുന്നു. ഈ സോഷ്യലിസ്റ്റണ്ണന്മാർ ആവക ഔന്നത്യമൊക്കെ തട്ടിനിരത്തി സമനിരപ്പാക്കി. പക്ഷെ പത്രാധിപൻ ഇപ്പോഴും പണ്ടത്തെപ്പോലെ പത്രാധിപരാണ്. “ഞങ്ങളു” മാണ്. ആ ഏകവചനക്കാർക്കു മാത്രം ബഹുവചനപ്രയോഗം സ്വയം സ്വീകരിക്കാൻ അർഹത കൽപിക്കപ്പെട്ടിരിക്കുന്നു. ഈ സോഷ്യലിസ്റ്റ് കേസരിക്ക് പത്രാധിപഗജത്തെ നേരിടാൻ അല്പം വിമ്മിഷ്ടമുണ്ടെന്ന് തോന്നുന്നു, അല്ലെ കൂട്ടരെ? ഞങ്ങളെഴുതുന്നത് പബ്ലിഷാക്കുന്ന “ഞങ്ങളന്മാരെ” ഞങ്ങൾ ബഹുവചനം കൊണ്ട് ബഹുമാനിക്കും. പബ്ലിഷാക്കാതെ തിരിച്ചയക്കുന്ന ഏത് കൊടികുത്തിയ മഹാമഹാധിപനും ഞങ്ങൾക്ക് വെറും ഏകവചനക്കാരനാണ്. നല്ലവണ്ണം ഓർത്തോളൂ. സോഷ്യലിസ്റ്റെഴുത്തു തൊഴിലാളികളുടെ സോഷ്യലിസ്റ്റ് കാലഘട്ടത്തീരുമാനമാണിത്. ഇങ്ക്വിലാബ് സിന്താബാദ്. സാറു മുഷിഞ്ഞിട്ടൊന്നും വലിയ കാര്യമില്ല.).

“നായാട്ടു നിയമം” പാസ്സാക്കിയ പാർലമെണ്ടും തദനുബന്ധമായി ചാർത്തുപ്രകാരം ഒരുപറ്റം “റൂൾസ്” പടച്ചുവിട്ട ഗവണ്മെന്റും ഏതാണെന്ന് എനിക്ക് നിശ്ചയമില്ല. പക്ഷെ പോലീസിന്റെയും പട്ടാളത്തിന്റെയും സഹായമില്ലാതെ അതിന്നും നിലനിൽക്കുന്നു. അനുസരിക്കപ്പെടുന്നു. കോൺഗ്രസ്സ് മുതൽ

കെ.ടി.പി. വരെയുള്ള ചേരിതിരിവുകൾ നായാട്ടിനു മുമ്പും പിമ്പും ആവാം. നായാട്ടു തുടങ്ങിയാൽ പിന്നെ അവിടെ ഒറ്റക്കക്ഷിയേ ഉള്ളൂ. നായാട്ടുകക്ഷി.

വെടിക്കാരും തെളിക്കാരും തമ്മിൽ ഒരു "ഹെൽത്തി" - ആരോഗ്യകരമായ, സൗഹാർദ്ദത്തിലധിഷ്ഠിതമായ - മത്സരമാണവിടെ നടക്കുന്നത്. നായാടുന്ന കാട്ടിലുള്ള മൃഗങ്ങളെ മുഴുവനും പുറത്ത് തുള്ളിക്കുവാൻ തെളിക്കാരെ തോക്കുകാർ വെല്ലുവിളിക്കും. മൃഗങ്ങൾ പുറത്തു ചാടുന്നില്ലെങ്കിൽ ചാടിക്കുന്നതുവരെ തിരിച്ചും മറിച്ചും തെളിക്കുവാൻ തോക്കുകാർ അവരെ നിർബന്ധിക്കും. പുറത്തിറങ്ങിപ്പായുന്ന മൃഗങ്ങളെ വെടിവെച്ച് വീഴ്ത്താൻ തെളിക്കാർ തോക്കുകാരേയും പോർക്കു വിളിക്കും. "ഓടടാഓട്ടം" ഓടിമറയുന്ന മൃഗങ്ങളെ വല്ല കാരണവശാലും വെടിവെക്കാതിരിക്കുകയൊ, വെച്ച് കൊള്ളിക്കാതിരിക്കുകയോ ചെയ്യുന്ന വെടിക്കാരന്റെ തൽക്കാല ദശ, നവഗ്രഹങ്ങളും പിഴച്ച് കുഴഞ്ഞുമറിഞ്ഞ യാതൊരു മോചനവുമില്ലാത്ത ഒന്നായിരിക്കും. ആ നിർഭാഗ്യവാൻ കേൾക്കേണ്ടിവരുന്ന തെറിക്ക് ആദിയും അവസാനവും ഉണ്ടാവുകയില്ല. മലയാണ്മയുടെ ആരംഭദശ മുതൽ അവഗുണ്ഠനം ചെയ്യപ്പെട്ടുപോന്ന "അൺപാർല്ല്യമെന്ററി" പദങ്ങൾ മുഴുവൻ കോർത്തിണക്കിയ അതിസ്നിഗ്ദ്ധമായ, സരളമായ, ലളിതമായ, വിശദമായ പച്ചത്തെറിപ്പാട്ടായിരിക്കും അത്. ആരായാലും ആ തെറിപ്പാട്ടിൽ പരിഭവിച്ചിട്ടോ, പ്രതിഷേധിച്ചിട്ടോ കാര്യമില്ല. അത്തരം പരിഭവമോ പ്രതിഷേധമോ തെളിക്കാർക്കൊരു പ്രശ്നമല്ലതന്നെ. ഞാൻ പല തവണ അയത്നലളിതമായ ആ തെറിപ്പാട്ടിന്റെ "രാഗസുധാരസം" നുകർന്നാസ്വദിച്ചിട്ടുണ്ട്. തത്ഫലമായി എന്റെ അശ്ലീലപദ "വൊക്കാബുലരി" വളരെയേറെ വികസിച്ചിട്ടുമുണ്ട്. അതിൽ നിന്നൊഴിവു കിട്ടാൻ ഒരൊറ്റ മാർഗ്ഗമേ ഉള്ളൂ. മൃഗത്തിന് വെടിയേറ്റിട്ടുണ്ടെന്ന് സംശ

യാതീതമായി തെളിയിക്കുക. വെടി കൊണ്ടിട്ടുണ്ടെങ്കിൽ കുളമ്പുകൾക്ക് പതറിച്ച കാണും. അല്ലെങ്കിൽ രക്തം വീണിട്ടുണ്ടാവും. രണ്ടു കൂട്ടവും തെളിക്കാരുടെ "മൈക്രോസ്കോപ്പിക്ക്" പരിശോധനയ്ക്ക് വിധേയവുമായിരിക്കും. ദുഷ്യന്തനെപ്പോലെ "വെറുതെ വെടിചൊന്ന്" തടിതപ്പാൻ പറ്റുന്ന മാഢവ്യന്മാരല്ല തെളിക്കാരെന്ന് മിക്ക വെടിക്കാരും പലകുറി പഠിച്ചിട്ടുള്ള പാഠവുമാണ്.

വെടിവെച്ചു വീഴ്ത്തിയവന് കൊടുക്കുന്ന - കിട്ടുന്ന - അവകാശം ഒരു മുഴുവൻ കാല്, തല, തോൽ, ഒരു പുറംചായി എന്നിവകളാണ്. ഒരിളവും ഒരിക്കലും അനുവദിക്കപ്പെടാത്ത അലംഘനീയമായ അവകാശമാണത്. പുറഞ്ചായി എന്നത് നട്ടെല്ലിന്റെ ഇരുഭാഗത്തും മുതുകു മുതൽ അരക്കെട്ടുവരെ നീണ്ടുനിൽക്കുന്ന മാംസപേശിയാണ്. മൃഗം വീഴാൻ രണ്ടാമതൊരാൾ വെടി വെക്കേണ്ടിവന്നുവെങ്കിൽ ആ രണ്ടാം വെടിക്ക് പ്രതിഫലം ഒരു കൈ ആണ്. ആദ്യത്തെ വെടിക്ക് മൃഗം വീഴണമെന്ന നിർബന്ധമില്ല അവകാശം കിട്ടാൻ. മുറിവേൽപിച്ചാൽ മതിയാവും. അങ്ങനെ ആദ്യത്തെ വെടിക്ക് മുറിവേൽക്കുകയും അതിനുശേഷം മൂന്നോ നാലോ വെടി വെക്കേണ്ടിവരികയും ചെയ്യുന്നുവെങ്കിൽ ആദ്യത്തെ വെടിക്കാരന് മുഴുവൻ അവകാശവും കിട്ടുമെങ്കിലും രണ്ടാമത്തെ വെടിയുടെ അവകാശം മൂന്നോ നാലോ അതിലധികമോ വെടിക്കാർക്ക് സമമായി പങ്കുവെച്ച് കൊടുക്കുകയും വേണം. ഒരാൾ തന്നെയാണ് രണ്ടു വെടിയും വെച്ചതെങ്കിൽ അയാൾക്ക് രണ്ടാം വെടിയുടെ അവകാശത്തിനർഹതയില്ല. കൊടുക്കുകയുമില്ല. ഒരു കാൽ നായാടിയ കാടിന്റെ ഉടമയ്ക്ക് ജന്മിഭോഗം കൊടുക്കണം - ദേഷ്യപ്പെടരുത്. പഴങ്കഥയായതുകൊണ്ടാണ് ജന്മിഭോഗമെന്നെഴുതിയത്. ഇന്നിപ്പോൾ മേപ്പടി സമ്പ്രദായം നിലനിർത്തുകയാണെങ്കിൽ മാനിന്റെയോ പന്നിയു

ടെയോ കാലും കൊണ്ട് ബഹു. അച്ചുതമേനോനെ തേടി തിരുവനന്തപുരത്തേക്കു പോകേണ്ടിവരും. ദൂരം കുറച്ചധികമുള്ളതു കൊണ്ട് – അതുകൊണ്ടുമാത്രം – ഞാനതിന് തയ്യാറില്ല. എന്നെ സംബന്ധിച്ചിടത്തോളം ജന്മിത്തം വേണ്ടേവേണ്ട. പക്ഷെ ജന്മം നശിപ്പിക്കാനോ കളങ്കപ്പെടുത്താനോ തയ്യാറുമില്ല – അപ്പോൾ എന്തേ പറഞ്ഞത്? ഒരു കാല് നായാടിയ കാടിന്റെ ഉടമയ്ക്ക് കൊടുക്കണം. കൊടുക്കും. നായാട്ടിന്റെ അവസാനത്തിൽ കാട്ടിൽവച്ചുതന്നെ മിക്കവാറും എല്ലായ്പോഴും മുത്തപ്പൻ ദൈവത്തിന് നിവേദ്യം വെക്കും – പൈങ്കുറ്റി വെക്കുക എന്നാണാച്ചടങ്ങിന്റെ പേര് – പണ്ട് മരനീരും പിന്നീട് ഇളനീരും ഇപ്പോൾ വീണ്ടും മരനീരും, ഉപദംശമായി വെടിവെച്ചു കിട്ടിയ മൃഗത്തിന്റെ ചുട്ട് പാകപ്പെടുത്തിയ ഹൃദയവും തേങ്ങാക്കഷണങ്ങളും ആണ് നിവേദ്യ സാധനങ്ങൾ. മേപ്പടി അവകാശങ്ങളൊക്കെ നീക്കിബാക്കിയുള്ളതു മുഴുവൻ സംഘത്തിൽ എത്ര പേരുണ്ടോ അത്ര ഓഹരികളായി വീതിച്ചു കൊടുക്കണം. ഓഹരികൾ "സമ സമ'' ആയിരിക്കണമെന്നതിൽ പ്രത്യേക ശ്രദ്ധയും നിഷ്കർഷയും ചെലുത്തപ്പെടും. ഏതു പോലീസ്സ്റ്റേഷന്റെ അധികാരാതിർത്തിയിലാണോ നായാടുന്ന കാട്, ആ പോലീസ്സ്റ്റേഷനും നായാട്ടുസംഘം പുഴകടക്കേണ്ടതുണ്ടെങ്കിൽ ആ കടവുകാരനും നായാട്ടുകാരനെപ്പോലെതന്നെ ഓരോ സമോഹരിക്ക് അർഹതയുണ്ട്. അതെത്തിച്ചു കൊടുക്കുകയും ചെയ്യും. കടവുകടത്തുകാർ നായാട്ടുകാരോട് സാധാരണ കടവുകൂലി വാങ്ങാറില്ല. മൃഗത്തിന്റെ എല്ലാ അവയവഭാഗങ്ങളും പ്രത്യേകം പ്രത്യേകം വെവ്വേറെ കഷണങ്ങളാക്കി മുറിച്ചു കൂട്ടുകയാണ് പതിവ്. അതിൽ ഓരോന്നും ഓഹരിവെച്ചു കഴിഞ്ഞാലും "കിഞ്ചിച്ഛേഷ"മുണ്ടാവും. ആ "കിഞ്ചിച്ഛേഷം" കശാപ്പുസ്ഥലത്ത് ആകസ്മികമായോ, "രണ്ടു കണ്ടം" കിട്ടുമെന്ന,

അത്യാർത്തിമൂലമോ വന്നുചേരുന്ന എല്ലാ അനൗദ്യോഗിക സന്ദർശകർക്കും വീതിച്ചുകൊടുക്കും.

നായാട്ടു സംഘത്തിൽ ചേർന്നുകഴിഞ്ഞാൽ അവിടെപ്പിന്നെ ഉച്ചനീചത്വങ്ങൾക്ക് സ്ഥാനമില്ല. കടവ് വിഭജനത്തിൽ വെടിക്കാരുടെ സാമർത്ഥ്യവും പ്രത്യേകം പരിഗണിക്കപ്പെടും. ഏതെങ്കിലും ഒരു പ്രത്യേക കടവിന് ആർക്കും ആവശ്യപ്പെടാം. പക്ഷെ സംഘത്തിലെ ഏറ്റവും പഴക്കവും തഴക്കവും ചെന്ന നായാട്ടു വീരന്മാർ നിർദ്ദേശിക്കുന്ന കടവിലേക്ക് പിറുപിറുക്കാതെ പോയ്ക്കൊള്ളണം. അച്ചടക്കത്തിനു വിധേയനാവാൻ മടിക്കുന്നവനെ ബാക്കി എല്ലാവരും ഒറ്റക്കെട്ടായിനിന്ന് പുറംതള്ളും. ആ വിപ്ലവ മനഃസ്ഥിതിക്കാരന് ആ നായാട്ടിൽ ലാസ്റ്റ്ഗ്രേഡ് സ്ഥാനം പോലും കിട്ടുകയില്ല. തീർച്ച. നായാടുന്ന കാടേതെന്ന് തലേദിവസമോ അതിനുമുമ്പോ നിശ്ചയിക്കുകയില്ല. നായാട്ടു ദിവസം രാവിലെ മാത്രമേ അത് തീർച്ചപ്പെടുത്തുകയുള്ളൂ. മുങ്കൂട്ടി തീർച്ചപ്പെടുത്തിയ കാട് നായാടിയാൽ മിക്കവാറും എല്ലായ്പോഴും നിരാശയാണനുഭവം. യുക്തിവാദി അണ്ണന്മാർ നെറ്റിചുളിക്കുമായിരിക്കാം. പക്ഷെ അനുഭവം യുക്തിക്കു നിരക്കുന്നതായിരിക്കണമെന്ന അവരുടെ ശാഠ്യം ഒരു വെറും ദുശ്ശാഠ്യമായി പരിഗണിക്കാനേ അനുഭവസ്ഥന്മാർക്ക് സാധിക്കുകയുള്ളൂ.

കുറെയധികം നീണ്ടുപോയോ ആമുഖമെന്ന് സംശയിക്കുന്നു. പക്ഷെ കാടും നായാട്ടും തീരെ അപ്രത്യക്ഷമാവാൻ ഇനി അധികം കാലതാമസമുണ്ടെന്നു തോന്നുന്നില്ല. നായാട്ടുപഴമയുടെ ഒരു റിക്കാർട്ടിരിക്കട്ടെ. ആർക്കും ചേതമില്ലാത്ത ഒരു കാര്യമാണല്ലോ. വളർന്നുവരുന്ന സോഷ്യലിസ്റ്റ് കുട്ടികൾക്ക്, മറഞ്ഞുപോകുന്ന ചില നാട്ടുസമ്പ്രദായങ്ങളിലെ അടുക്കും ചിട്ടയും അച്ചടക്കപരിപാലനവും വഴിമുടക്കികളായിരിക്കാം. പക്ഷെ അന്ന് അവ തികച്ചും വഴികാട്ടികളായിരുന്നു. സോഷ്യലിസ്റ്റ് പ്രവാച

കന്മാർക്ക് ആയുസ്സുണ്ടെങ്കിൽ മേപ്പടി തത്വം ശരിയാണെന്ന് ബോദ്ധ്യപ്പെടാൻ ഒരു നേരിയ ചാൻസുണ്ട്. ഇല്ലേ? പത്രാധിപ രെന്തു പറയുന്നു? നിങ്ങളെന്ത് വിചാരിക്കുന്നു?

ഒരു സുഹൃത്തിന്റെ മകളുടെ കല്ല്യാണം പ്രമാണിച്ച് ഏർപ്പാ ടുചെയ്ത നായാട്ടായിരുന്നു. സദ്യക്ക് "കാട്ടുമാംസം" വേണ മെന്ന അദ്ദേഹത്തിന്റെ ആഗ്രഹം - അല്ല നിർബ്ബന്ധം - മൂപ്പി ന്നിന്റെ "വെരി അഫക്ഷനെറ്റ്ലി" ആയ എന്റെ കഴിവിൽ നിന്നു ടലെടുത്തതായിരിക്കാമെങ്കിലും എന്നെ സംബന്ധിച്ചിടത്തോളം അതൊരൊഴിച്ചുകൂടാത്ത ആവശ്യമായിരുന്നു. കാരണം എന്റെ സ്നേഹാദരങ്ങളുടെ പ്രകടനമായി അദ്ദേഹം മറ്റൊരുപഹാരവും സ്വീകരിക്കുമായിരുന്നില്ല. സന്നിഹിതനായി വധുവിന്റെ തലയിൽ കൈവെച്ചനുഗ്രഹിക്കുകയാണാവശ്യമെന്നും അനുഗ്രഹാശിസ്സു കളുടെ പരിപാവനത സമ്മാനദാനച്ചടങ്ങുകൊണ്ട് അലങ്കോല പ്പെടുത്തരുതെന്നും ആ ശുദ്ധഹൃദയൻ നേരത്തെതന്നെ നിർദ്ദേ ശിച്ചിരുന്നു. എന്റെ അനുഗ്രഹാശിസ്സുകളുടെ ഫലദായകത്വത്തിൽ എനിക്കുള്ള സന്ദേഹം കാട്ടുമാംസത്തിന്റെ കാര്യത്തിൽ ഒരു നിർബന്ധമായി രൂപാന്തരപ്പെട്ടു. ഇച്ഛാഭംഗം നേരിടാതിരിക്കാൻ നാലഞ്ചു ഗ്രാമങ്ങളിൽ വിവരമറിയിച്ച് എഴുപതിലധികം "സാങ്കേ തികവിദഗ്ദ്ധരെ" വരുത്തീട്ടുണ്ട്. മുപ്പത്തിമൂന്നു തോക്കുകാരും നാൽപതിലധികം തെളിക്കാരും. രാവിലെ എട്ടുമണിക്കുമുമ്പാ യിത്തന്നെ എല്ലാവരും എത്തിച്ചേർന്ന് ആദ്യത്തെ കാട് വളഞ്ഞു കഴിഞ്ഞു.

തെക്കുവടക്കായി ഒരു നാഴികയോളം നീണ്ടുകിടക്കുന്ന ഒരു കുന്നിന്റെ കിഴക്കെ ചെരുവിലാണ് നായാടുന്ന കാട്. കുന്നിന്റെ വടക്കെ അറ്റത്തുനിന്ന് ഒരുപശാഖ കഷ്ടിച്ച് ഒരു ഫർല്ലോങ്ങ് ദൂരം കിഴക്കോട്ട് നീണ്ടുകിടക്കുന്നുണ്ട്. ആ ഉപശാഖയുടെ വടക്കും നല്ല കാടാണ്. ഏതാണ്ട് തുല്ല്യ വലുപ്പവും ഘനവും ഉ

ള്ള കാട്. നായാടുന്ന കാടിന്റെ കിഴക്കെ അടിവാരം മുഴുവനും നെൽവയലാണ്. മേൽഭാഗം കുന്നിന്റെ മുകൾത്തട്ടിലേക്ക് കയറിച്ചെല്ലാൻ പത്തുപന്ത്രണ്ടു കടവുകൾ മാത്രമേ ഉള്ളൂ. ബാക്കി സ്ഥലം മുഴുവൻ വലിയ പാറക്കെട്ടാണ്.

വടക്കെ അറ്റത്തുള്ള മുൻ പ്രസ്താവിച്ച ഉപശാഖയിൽ കുന്നു കയറിമറിഞ്ഞ് അടുത്ത കാട്ടിലേക്ക് രക്ഷപ്പെടാൻ മൂന്ന് ഇടുങ്ങിയ വഴികൾ മാത്രമേ ഉള്ളൂ. അതിൽ പടിഞ്ഞാറെ അറ്റത്തുള്ള കടവിലേക്ക് ഞാനും തൊട്ടു കിഴക്ക് മുമ്പ് നിങ്ങൾക്കി"ൻട്രൊഡ്യൂസ്" ചെയ്തുതന്ന അമ്പുവും അവന്റെ കിഴക്ക് കരിമ്പാലൻ കുണ്ടനും നിയുക്തരായി സ്ഥാനമുറപ്പിച്ചു. കേരളാംബക്ക് പ്രത്യേകം റേഷൻകാർഡും വീട്ടുനമ്പ്രും അഡ്രസ്സും ഫോൺ നമ്പ്രുമൊക്കെ ഉണ്ടായിരുന്ന "സൗവർണ്ണ കാലത്ത്" കുഴിച്ച ഒരാനക്കുഴി എന്റെ കടവിനടുത്ത് ഉണ്ട്. മണ്ണും ഇലയും ഒക്കെ വീണ് കുറേ തൂർന്നുപോയിരുന്നുവെങ്കിലും എട്ടൊമ്പതടി ആഴവും പത്തുപതിനഞ്ചടി വ്യാസവും ഉള്ള ഒരു "മുട്ടൻ" കുഴിയായിരുന്നു അത്. കുഴിയുടെ അരു മുഴുവൻ ഇടതിങ്ങി നിൽക്കുന്ന കുറ്റിക്കാടുമാണ്.

ഞാൻ ആനക്കുഴിയുടെ പടിഞ്ഞാറെ വക്കിൽ കുറ്റിക്കാട്ടിനുള്ളിൽ ഒളിച്ചിരുന്നു. നായാടുന്ന കാടിന്റെ പടിഞ്ഞാറെ അറ്റം കുന്നിന്റെ മുകൾത്തട്ടിൽ നിന്ന് പാറക്കെട്ടുകൾ തൂങ്ങിനിൽക്കുന്ന ഭാഗം എനിക്ക് കാണാൻ സാദ്ധ്യമല്ല. പക്ഷെ വള്ളിക്കെട്ടുകളും ഉരുളൻ പാറകളുംകൊണ്ട് തീരെ ദുർഗ്ഗമമാണ് ആ ഭാഗം എന്ന് ഞാൻ കരുതി. എന്റെ വലത്തുഭാഗത്തു കൂടിയാണ് മൃഗങ്ങൾക്ക് കടന്നുപോകാനുള്ള ഒരേയൊരു ഇടുങ്ങിയ വിടവ്. മേൽ പ്രസ്താവിച്ച ദുർഗ്ഗമമായ വഴി ഒഴിച്ച് മറ്റ് ഏതുഭാഗത്തുകൂടി വന്നാലും എന്റെ കണ്ണിൽപ്പെടാതെ കടവിലെത്തുവാൻ മൃഗങ്ങൾക്ക് സാധി

ക്കയുമില്ല. ഞങ്ങൾ മൂന്നുപേരും വളരെ അടുത്തടുത്താണെങ്കിലും പരസ്പരം കാണുകയില്ല.

കാട് തെക്കുനിന്നു വടക്കോട്ടാണ് തെളിക്കാൻ തുടങ്ങിയത്. സാമാന്യം വലിയ കാടായതുകൊണ്ട് വടക്കെ അറ്റം കാക്കുന്ന ഞങ്ങൾ മൂന്നുപേരും വളരെയധികം ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. ചില അതികൗശലക്കാരായ മൃഗങ്ങൾ ഒന്നാമത്തെ കൂവൽ കേൾക്കുമ്പോൾ തന്നെ യാത്ര പുറപ്പെടും. ഒരു ശബ്ദവുമുണ്ടാക്കാതെ കാടിന്റെ അറ്റത്തുള്ള കടവിൽക്കൂടി ഒളിച്ചുകടന്ന് രക്ഷപ്പെടും. തികച്ചും കണ്ണിനെമാത്രം ആശ്രയിച്ചുവേണം ഞങ്ങൾക്ക് മൃഗങ്ങളുടെ ആഗമന വൃത്താന്തമറിയാൻ. ഞാൻ തോക്കിന്റെ ചട്ട മുമ്പിൽ നിലത്ത് കുത്തിപ്പിടിച്ച് കുത്തിയിരുപ്പാണ്. കണ്ണുകൾ തെക്ക് കാട്ടിനുള്ളിൽ നട്ടുകൊണ്ട് ഓരോ ഇലയുടെ ചലനം പോലും ശ്രദ്ധവെച്ച് സൂക്ഷിച്ചു നോക്കുകയായിരുന്നു. കാട് കാലോഹരികൂടി തെളിച്ചെത്തിക്കഴിഞ്ഞിട്ടില്ല. എന്റെ വലത്തുഭാഗത്തുനിന്ന് ഒരു ചുള്ളിക്കമ്പ് പൊട്ടുന്നത് കേട്ടുവോ എന്നൊരു ശങ്ക. ഞാൻ വലത്തോട്ട് കടവിലേക്ക് നോക്കി. കണ്ടത് കടവു കടന്നുപോകുന്ന ഒരു മലമാനിന്റെ "ഓമനപ്പൃഷ്ഠം" മായിരുന്നു. – എന്താ മുഖത്തിന്നൊരസ്കൃത? പൃഷ്ഠത്തിന് ഓമനത്വമാരോപിച്ചത് അത്ര പന്തിയായില്ലെന്നാണോ? കുംഭീന്ദ്രഗമനം ചേതോഹര ചലനങ്ങളുടെ പട്ടികയിൽപ്പെടുമെങ്കിൽ, പെടുത്താമെങ്കിൽ ആ ചലനത്തിന്റെ പ്രഭവസ്ഥാനത്തിന് എന്തുകൊണ്ടൊരോമനത്വം ഉണ്ടായിക്കൂടാ? എന്നിട്ടും മുഖഭാവമെന്തേ തെളിയാത്തത്? നിങ്ങൾ അങ്ങനെ സിദ്ധാന്തിക്കുകയാണെങ്കിൽ ആ ഓമനത്വക്കൽപനയ്ക്കുപോൽബലകമായി ഞാൻ ഒരു വിശ്വമഹാകവിയെ സാക്ഷിക്കൂട്ടിൽ കയറ്റും. അതിനൊത്തില്ലെങ്കിൽ അങ്ങോരുടെ രണ്ടുവരികൾ പകർത്തിയെഴുതി രണ്ടു സഹൃദയരുടെ കാലുകൾ പിടിച്ച് സാക്ഷിയൊപ്പിടീച്ച് ഇന്ന് വാഴുന്ന

പഞ്ചായത്ത് മന്നനെക്കൊണ്ട് മാമൂൽദാനശേഷം റജിസ്റ്റർ ചെയ്യിച്ച ഒരു ഏ.വൺ സത്യവാങ്മൂലരേഖ ഹാജരാക്കും. മിണ്ടിപ്പോകരുത്. കേട്ടോ. ഹോ, വലിയ ഔചിത്യദീക്ഷക്കാർ. കടന്നുപോയിനേ പുറത്ത് – ഒരുനോക്ക് കഷ്ടിച്ചു കണ്ടതേയുള്ളൂ. “ഓമനപ്പൃഷ്ഠം” മറഞ്ഞു കഴിഞ്ഞിരിക്കുന്നു. തോക്ക് പൊന്തിച്ചു നീട്ടാൻകൂടി അവസരം കിട്ടിയില്ല. ഞാൻ വല്ലാതെ കുണ്ഠിതപ്പെട്ടു. തോക്കെടുത്ത് തയ്യാറാവാതെ അങ്ങട്ടുതന്നെ നോക്കി സ്തംഭിച്ചിരിക്കുകയാണ്. അതാ പോകുന്നു രണ്ടാമത്തെ മാൻ. ഞാൻ കൈകടിച്ചു. കുടഞ്ഞു. എന്നെത്തന്നെ ശകാരിച്ചു. രണ്ടെണ്ണം പറ്റിച്ചില്ലെ? തെളിക്കാരോടെന്തു പറയും? തെറിപ്പാട്ടുറച്ചു. കേട്ട് സഹിക്കുകതന്നെ. യോഗം നായരേ യോഗം. തോക്ക് പിന്നെയും വെച്ച ദിക്കിലുറച്ചു നിൽക്കുകയാണ്. നോട്ടം കടവിലും. അയ്യയ്യേ ഇതെന്തു കഥ! അതാ പോകുന്നു മൂന്നാമത്തെ മാൻ. എന്നെപ്പോലെ അറുവഷളൻ, പമ്പര വിഡ്ഢി ഈ ദുനിയാവിലുണ്ടോ വേറെ? എന്റെ പറശ്ശിനിക്കടവു മുത്തപ്പാ! ഇങ്ങനെയുമുണ്ടൊ മറിമായം! ഒന്നു കടന്നുപോയപ്പോൾ അതേ ഉള്ളുവെന്നുവെച്ച് അടങ്ങി. രണ്ടായപ്പോൾ ഇനിയില്ലെന്നും കരുതി. മൂന്നെണ്ണമായപ്പോൾ ഇനിയും പക്ഷെ ഒന്നുകൂടിയുണ്ടായെങ്കിലോ എന്നൊരു പ്രശ്നം എന്റെ “പിണ്ണാക്കൻ” തലയിൽ കടന്നുകൂടി. ഞാൻ ചാടിയെഴുന്നേറ്റ് തോക്കെടുത്ത് കടവിനുനേരെ ചൂണ്ടി. ചട്ട തോളിലുറച്ചില്ല. അതാ പോകുന്നു നാലാമത്തെ “ഓമനപ്പൃഷ്ഠം.” പുള്ളി കുറെ ബദ്ധപ്പാടിലാണ്. ഒരു കരുതലുമില്ലാതെ പെട്ടെന്ന് ചാടിയെഴുന്നേൽക്കുന്ന എന്റെ പരാക്രമവും വെപ്രാളവും അങ്ങോർ കൺകുളുർക്കെ കണ്ട് യവനികയേക്കാൾ വേഗതയാണ് ആത്മരക്ഷയ്ക്ക് തല്ക്കാലം ഉതകുകയെന്ന് തീർച്ചപ്പെടുത്തി എടുത്തുചാടിപ്പായുകയാണ്. മുൻഗാമികൾ എന്നെക്കണ്ടിരുന്നില്ല. പൃഷ്ഠമെങ്കിൽ പൃഷ്ഠം. വെടി ഏ

തായാലും പൊട്ടിക്കുകതന്നെ എന്നുവെച്ച് ഉന്നം വെക്കാനുള്ള സൗകര്യത്തിന് ഞാൻ രണ്ടടി പിന്നോട്ടുവെച്ചു. ഞാനും തോക്കും ആനക്കുഴിയിലേക്കു മറിഞ്ഞുവീഴുകയും ചെയ്തു.

മാനുകൾ കുന്നിന്റെ മുകൾത്തട്ടോടു ചേർന്ന് ദുർഗ്ഗമമെന്ന് ഞാൻ സങ്കൽപിച്ച സ്ഥലത്തൂടെ ശബ്ദമുണ്ടാക്കാതെ ഒളിച്ച് തടിതപ്പുകയായിരുന്നു. കഷ്ടിച്ച് ഒരടി വീതിയിൽ മാത്രമേ കടവു കാണാൻ എനിക്ക് കഴിയുമായിരുന്നുള്ളുവെങ്കിലും മറ്റേതു വഴിക്കു വരുന്ന മൃഗത്തിനേയും കടവിലെത്തുന്നതിനെത്രയോ മുമ്പ് എനിക്കു കാണാൻ സാധിക്കുമായിരുന്നു. അങ്ങനെ കണ്ടിരുന്നുവെങ്കിൽ കടവിൽ മുഖം കാണിക്കുന്ന ആദ്യ നിമിഷത്തിൽ മൃഗത്തിന്റെ തല തെറിപ്പിക്കാൻ വിഷമമില്ല. ആ പ്രതീക്ഷകളൊക്കെ തെറ്റി. രണ്ടുമൂന്നടി കനത്തിൽ ഇല കൊഴിഞ്ഞുവീണ് "ഡൺലൊപ്പില്ലൊ" പോലെ പതമുള്ള കുഴിയിലാണെങ്കിലും വീണത് കുഴിയിൽത്തന്നെ. "ബന്ധുരകാഞ്ചനക്കൂട്ടിലാണെങ്കിലും - ബന്ധനം ബന്ധനം തന്നെ പാരിൽ." അല്ലേ? വീഴുമെന്നു തോന്നിയപ്പോൾ ഞാൻ എടുത്തുതുള്ളുകയാണ് ചെയ്തത്. വീഴ്ചകൊണ്ട് ശരീരത്തിനൊരു പരിക്കും പറ്റീട്ടില്ലെങ്കിലും മനസ്സുനിറയെ അപകർഷബോധമാണ്. കൂട്ടുകാരറിയുന്നതിനു മുമ്പ്, കാണുന്നതിനു മുമ്പ്, അവരുടെ "മക്കാറ"നുഭവിക്കാനിടവരാതെ കരപറ്റാനുള്ള മാർഗ്ഗം ഞാൻ ആരാഞ്ഞു. കുഴിയുടെ ഉൾഭാഗം അരു മുഴുവനും പുല്ലും വള്ളിപ്പടർപ്പും മടഞ്ഞുകെട്ടി മൂടിയിരിക്കയാണ്. കാലോ കയ്യോ അങ്ങട്ട് കൊണ്ടുപോകുന്നത് സൂക്ഷിച്ചുവേണം. ചക്ഷുശ്രവണന്റെ ഉറക്കവും ഉണർവ്വും രണ്ടും ഒരുപോലെ അപകടസാദ്ധ്യത മുറ്റിനിൽക്കുന്നതാണ്. പറക്കുന്ന വിദ്യ ഞാൻ പഠിച്ച സ്കൂളുകളിലൊന്നുംതന്നെ പാഠ്യവിഷയമായിരുന്നില്ല. ആകെകുഴഞ്ഞു. കുഴങ്ങി. ഏതായാലും ഒരു ചെറിയ ഊവി (ബെബി മോഡൽ ചൂളംവിളി) പാസ്സാക്കാൻ

ഞാൻ തീരുമാനിച്ചു. അമ്പു ചിരിക്കും. ഭയങ്കരമായി ചിരിക്കും. തീർച്ച. പക്ഷെ സാരമില്ല. അവൻ സ്നേഹമുള്ളവനാണ്. എന്റെ മാനം കാക്കുകയും ചെയ്യും. ഉരുത്തിരിഞ്ഞു വരുന്ന ഊവിയിലെ "ഊ" പ്രക്ഷേപണം തുടങ്ങാൻ ഞാൻ ചുണ്ടുകോട്ടിപ്പിടിച്ച് മുഖ മുയർത്തി. ഊവും ഊവിയും ഘനീഭൂതമായി. കൈ വയറ്റത്ത മർത്തിവെച്ച് ചിരിയടക്കാൻ സാഹസപ്പെട്ട് ശ്വാസംമുട്ടി പേക്രാന്തം കാണിക്കുന്ന അമ്പുവിന്റെ "കാറണി"മുഖം മുന്നോട്ടാഞ്ഞു നിൽക്കുന്ന അവന്റെ തലയിൽനിന്ന് കുഴിയിൽ ചാടാൻ ഭാവിച്ച് എന്നെത്തന്നെ തുറിച്ചു നോക്കുന്നു. കൈ എത്തുമായിരുന്നെങ്കിൽ അവന്റെ പല്ല് ഞാൻ അടിച്ചു കൊഴിച്ചേനെ. അത്രയ്ക്കും സ്പഷ്ടമായിരുന്നു ആ മുഖത്തിലെ ഹാസസ്രവണം. ഒരു മിനുട്ട് കഴിഞ്ഞപ്പോൾ തന്നത്താനറിയാതെ ഉദ്ദേശിക്കാതെ ഞാനും പൊട്ടിച്ചിരിച്ചു. ചിരിക്കുന്നതിനിടയിൽ "എടാ കോവർക്കഴുതെ, പരാപരത്തെണ്ടീ, ഇത് നായാട്ടാണ്, പിള്ളർ കളിയല്ല. അച്ചിക്കുരങ്ങനെപ്പോലെ അവിടെ നിന്നിളിക്കാതെ. വിഡ്ഢിത്തം ഇതു മാത്രമല്ല. മറ്റും പറ്റീട്ടുണ്ട്. ഒന്നങ്ങട്ട് കേറണമല്ലൊ. എന്താടാ വഴി" എന്ന് ഒരു തരത്തിൽ വിക്കിവിക്കി ഞാൻ പറഞ്ഞൊപ്പിച്ചു. അമ്പുവിന്റെ ചിരി അടങ്ങിയില്ലെങ്കിലും ക്ഷണനേരം കൊണ്ട് നാലഞ്ച് കമ്പുകളുള്ള ഒരു മരക്കൊമ്പ് തേടിപ്പിടിച്ച് താങ്ങിക്കൊണ്ടുവന്ന് അവൻ കുഴിയിൽ താഴ്ത്തിവെച്ചു. കമിഴ്ന്നു കിടന്ന് അവന്റെ കയ്യും നീട്ടിത്തന്നു. ഞാൻ കരയ്ക്കു കയറി. പറ്റിയ അമളി അവനെ ഞാൻ വിവരിച്ചു കേൾപ്പിച്ചു. മാൻകൂട്ടം പോയ വഴി ഞങ്ങൾ പരിശോധിച്ചു. ആദ്യത്തെ മൂന്നെണ്ണം സാവധാനത്തിൽ "ഈവനിംഗ് വാക്ക്" സമ്പ്രദായത്തിൽ ഒരു വഴിക്കും നാലാമത്തേത് ഓടടാഓട്ടം ഓടി മറ്റൊരു വഴിക്കും ഞങ്ങളുടെ കടവിന്റെ വടക്കുള്ള കാട്ടിലേക്കാണ് പോയതെന്നു കണ്ടു. കടന്നുചെന്ന കാട്ടിന്റെ വലുപ്പവും നിബിഡതയും കണക്കിലെടു

ത്ത് ഓടിപ്പോയ മാൻകൂടി ആ കാടു കടന്നു പുറത്തു പോയിട്ടുണ്ടാവാൻ തരമില്ലെന്ന് ഞങ്ങൾ തീരുമാനിച്ചു. തെളിക്കാർ ഏതാണ്ട് ഞങ്ങളുടെ കടവിനടുത്തെത്താറായിട്ടുണ്ട്. അവരുടെ സംഭാഷണത്തിൽനിന്ന് കിഴക്കുഭാഗത്തെ ഒരു കടവിൽകൂടി ചാടിയിറങ്ങിയ പന്നിക്കൂട്ടത്തിൽനിന്ന് ഒന്നിനെ വെടിവെച്ചു വീഴ്ത്തീട്ടുണ്ടെന്ന് മനസ്സിലാക്കാൻ സാധിച്ചു. ഞാൻ കുഴിയിലുള്ളപ്പോഴായിരുന്നു കിഴക്കുഭാഗത്തുനിന്ന് തുടരെത്തുടരെ മൂന്നു വെടി പൊട്ടിയത്.

മാൻകൂട്ടം പോയ കാട്ടിന്റെ വടക്കെ അറ്റത്തുള്ള രണ്ടു പ്രധാന കടവുകളിലേക്ക് ഞാനും അമ്പുവും ഓടിയെത്താൻ തീരുമാനിച്ചു. ഊവിയിട്ട് കുണ്ടനെ വരുത്തി ബാക്കി നായാട്ടുകാരെത്തിയാൽ അവരോട് വിവരം പറഞ്ഞ് ആ കാടു വളയാനും തെളിക്കാനും ഏൽപിച്ച് ഞങ്ങൾ രണ്ടുപേരും അങ്ങോട്ടോടുകയും ചെയ്തു. നായാട്ടുസംഘം കുണ്ടനെ കണ്ടപ്പോൾ എനിക്കു പറ്റിയ ബ്ലീച്ചിന്റെ “സ്വ.ലെ.” റിപ്പോർട്ട് അവർക്കും കിട്ടി. എന്റെ “ഗജഗർത്ത”വാസം ഉയർത്തിയ ചിരിക്കിടയിൽ തെറിപ്പാട്ടിന്റെ കാര്യം വിസ്മൃതമായി. നിർദ്ദേശപ്രകാരം അവർ കാടുവളഞ്ഞ് തെളി തുടങ്ങി.

അമ്പുവും ഞാനും അടുത്തടുത്താണെങ്കിലും പരസ്പരം കാണുകയില്ല. ഞങ്ങൾ കണ്ട മാൻകൂട്ടം മാത്രമല്ല മറ്റു ധാരാളം മൃഗങ്ങൾ ആ കാട്ടിലുണ്ടെന്ന് കാലടിപ്പാടുകളുടെ ബാഹുല്ല്യം കൊണ്ടനുമാനിച്ച് തെളിക്കാർ മുന്നറിയിപ്പ് തരുന്നുണ്ടായിരുന്നു. കാട് ഏതാണ്ട് പകുതിയായപ്പോൾ നാലു വെടി ഒന്നോടൊന്നു ചേർന്ന് കിഴക്കുഭാഗത്തു നിന്ന് പൊട്ടി. ഞങ്ങളുടെ കടവിൽ എന്തു കാരണത്താലോ ഒന്നും ഹാജരായില്ല. അന്ന് രാവിലെ ആരെയാണ് കണികണ്ടതെന്ന് ഞാൻ ഉഷ്ണിച്ച് ചിന്തിക്കാൻ തുടങ്ങി. ആ നിരപരാധിക്ക് ഏതായാലും കുറെ ബിരുദങ്ങൾ

ഞാൻ “ഇൻആബ്സൻഷ്യൂ” സമ്മാനിച്ചു. അമ്പുവും ആ ദിവസത്തിന്റെ പ്രതികൂലഭാവത്തെ പഴിക്കുകയായിരിക്കണം. സുഹൃത്തിന്റെ കല്യാണക്കാര്യം എന്നെ കണക്കിലധികം അലട്ടുന്നുണ്ടായിരുന്നു. ഞാൻ തന്നെ എന്തിനെയെങ്കിലും വെടിവെച്ചു വീഴ്ത്തിയാൽ എന്റെ വെടിഅവകാശം കൊണ്ട് ആ അവകാശം നിറവേറ്റാൻ സാധിക്കും. അല്ലെങ്കിൽ “പൊതുമുതൽ” ചൂഷണം ചെയ്യുകയോ അന്യരുടെ വെടിഅവകാശം ഇരന്നു വാങ്ങുകയോ വേണ്ടിവരും. രണ്ടും ഞാൻ തീരെ ഇഷ്ടപ്പെടാത്ത കാര്യങ്ങളുമാണ്. ബൈബിൾ പറയുമ്പോലെ ‘‘മുട്ടുവിൻ. എന്നാൽ നിങ്ങൾക്ക് തുറക്കും.’’ ശരിയാണ്. സന്തോഷത്തോടുകൂടിത്തന്നെ തുറക്കും. പക്ഷെ മുട്ടണ്ടേ നായരെ? അവിടെയല്ലെ വിഷമം. “പകലെല്ലാം പണിപ്പെട്ട് പണിചെയ്തന്തിയാവുമ്പോൾ” കിട്ടുന്ന അഞ്ചോ എട്ടോ റാത്തൽ മാംസത്തിനുവേണ്ടി തുറക്കുമെന്നുറപ്പുണ്ടെങ്കിലും മുട്ടുന്നതത്ര ശരിയല്ലെന്നാണ് ഇന്നും നിലനിൽക്കുന്ന വിശ്വാസം. അമ്പുവിനോ എനിക്കോ വെടിവെക്കാൻ സാധിക്കണം. എന്നാൽ വെടിഅവകാശവും ഉടമാവകാശവും രണ്ടും കല്ല്യാണക്കാര്യത്തിനുപയോഗിക്കാം. പിടിപ്പതുണ്ടാവുകയുംചെയ്യും. കാട് പകുതി തെളിച്ചെത്തി. തെളിക്കാർ ഓരോ അടി മുമ്പോട്ടുവെക്കുമ്പോഴും എന്റെ ഇച്ഛാഭംഗത്തിന് കനം കൂടി വരികയുമായിരുന്നു.

ഈ ഘട്ടത്തിലാണ് ഒരു മലമാൻ കൂടക്കൂടെ “ഗിയർ” മാറ്റിക്കൊണ്ട് കുന്നുകയറി വന്നത്. അങ്ങോർക്ക് എന്നെക്കാണാൻ സാദ്ധ്യമല്ല. കുന്നുകയറി നിവർന്നാലേ എന്നെക്കാണുകയുള്ളൂ. അതും ഞാൻ എഴുന്നേറ്റു നിന്നെങ്കിൽ മാത്രം. കാമുകൻ യാത്രയാക്കിയ അലസഗമനയാളെപ്പോലെ അവിടവിടെനിന്നും “ഗിയർ” മാറ്റിയും ആ ഭയങ്കര കയറ്റം കയറിവരുന്ന അതിന്റെ വരവ് എന്റെ പ്രത്യേക ശ്രദ്ധ ആകർഷിച്ചു. ആരുടെയെങ്കിലും

ഉണ്ട പുള്ളി സമ്പാദിച്ചിട്ടുണ്ടാവുമോ? അത്രയ്ക്കും ക്ഷീണഭാവമാണ് അത് പ്രദർശിപ്പിക്കുന്നത്. ഞാൻ സൂക്ഷിച്ചുനോക്കി. മാൻ അടുത്തടുത്തു വന്നപ്പോളാണ് സംഗതി മനസ്സിലായത്. അതൊരവളാണ്, പൂർണ്ണ ഗർഭിണിയും. പരിപൂർണ്ണ ഗർഭിണി. ഒരുസമയം അന്നുതന്നെ പരമകാരുണികന്റെ കാർമ്മികത്വത്തിൽ അവൾ പ്രസവിച്ചേക്കുമെന്ന് മനസ്സിലാക്കാൻ ഒന്നാംക്ലാസ്സ് സൂവോളജി എംഎസ്സ്സിക്കാരന്റെ സഹായമൊന്നുമാവശ്യമുണ്ടായിരുന്നില്ല. അവൾ കുന്നുകയറിവന്നു. ഞാൻ എഴുന്നേറ്റു തോക്കു ചൂണ്ടി. അവളെന്നെക്കണ്ടു നോക്കി. അവൾ പോയി. തോക്കിന്റെ കാഞ്ചിയിന്മേൽ ചുറ്റിനിൽക്കുകയായിരുന്ന എന്റെ കൈവിരൽ നിർജ്ജീവമായി തരിച്ചുനിന്നു. വിരൽ അമർത്തിയില്ല. കാഞ്ചി അമർന്നില്ല. വെടി പൊട്ടിയതുമില്ല. അവൾ വേച്ചുവേച്ച് നടന്നു മറഞ്ഞു. ആ നോട്ടമാണ് നായരേ നോട്ടം. ഇന്നും ആ നോട്ടം എന്റെ മനസ്സിൽ തങ്ങിനിൽക്കുന്നു. “പടച്ചവനെ ഓർത്ത്, ഈ വയറ്റിനകത്ത് വിധാതാവിന്റെ കരുണ മാത്രം ഏകാവലംബമായി ജീവിക്കുന്ന, തികഞ്ഞ അജ്ഞാത നിമിത്തം പുറത്തിറങ്ങാൻ ധൃതിപ്പെട്ട് കാലും കയ്യും ഇട്ടടിക്കുന്ന കൊച്ചോമനയെ ഓർത്ത്, എന്നെ വേദനിപ്പിക്കരുതേ, കൊല്ലരുതേ” എന്ന് അവളുടെ കണ്ണുകൾ അപേക്ഷിച്ചു. ആസന്നമായ പേറ്റുനോവിനെക്കുറിച്ചുള്ള ഉഗ്രഭീതിയും കൊച്ചോമനയെ കാണാനുള്ള തീവ്രമായ ആഗ്രഹവും കൂട്ടിമുട്ടി തമ്മിൽത്തല്ലുമ്പോൾ കണ്ഠമിടറും. നാവ് നിശ്ചലമാവും. കണ്ണുമാത്രം സംസാരിക്കും. മാതൃത്വം ത്രസിക്കും. ദാതൃത്വം വഴങ്ങും.

അവൾ പോയി. ഒരാവശ്യവുമില്ലാത്ത, അസ്ഥാനത്തുള്ള ഭൂതദയാപ്രകടനമല്ലെ ഉണ്ടായതെന്ന് എന്റെ മനസ്സിന്റെ ഒരുഭാഗം മന്ത്രിക്കുമ്പോൾ മറ്റേഭാഗം എന്നെ പുറത്തുതട്ടി അനുമോദിക്കുന്നുമുണ്ട്. പക്ഷെ സംഭവങ്ങളുടെ ആകെത്തുക എന്നെ കനത്ത

ഖിന്നതയിലേക്ക് - സ്വത്വഭ്രംശത്തിലേക്ക് - വലിച്ചിഴക്കുകയുമാണ്. ഞാൻ മറ്റു പോംവഴിയൊന്നും കാണാത്തതുകൊണ്ട് ആ ദിവസത്തെ കുറ്റപ്പെടുത്തി. ശപിക്കപ്പെട്ട ദിവസം. മറ്റ് വെടിക്കാരാരുടെയും മുമ്പിൽ ചെന്നുചാടാതെ അവൾ അതിസാഹസപ്പെട്ട് എന്റെ മുമ്പിൽതന്നെ വന്നെത്തിയതിന്റെ പിന്നിൽ പടച്ചവന്റെ സാധുപരിത്രാണ ധർമ്മമാണോ പ്രവർത്തിച്ചത്? അല്ല പ്രകൃതിധർമ്മങ്ങളുടെ കേവല സന്നിപാതം മാത്രമായിരുന്നുവോ ആ സംഭവം? നന്തനാർ ചോദിച്ചതുപോലെ "ആരിക്ക് തെരിയും?" എന്തോ ആവട്ടെ എന്റെ മനസ്സ് കൂടുതൽക്കൂടുതൽ അസ്വസ്ഥവും മുഖം മ്ലാനവുമാവുകയാണ്.

ഛെ, ഛെ. ഇതെന്തൊരാഭാസം? ദീർഘനേരത്തേക്ക് അസ്വസ്ഥ ചിത്തനാവാൻ പടച്ചവൻ ഒരിക്കലും സംഗതി വരുത്തീട്ടില്ല. കർഷകബന്ധബിൽ നടപ്പിൽ വരുന്നതിനെത്രയോ മുമ്പ് കുടിയിരുപ്പവകാശം കയ്യേറി കൈവശപ്പെടുത്തീട്ടുള്ള എന്റെ ഉള്ളിലെ കുസൃതി അതിനൊട്ടനുവദിക്കുകയുമില്ല. അതാ വരുന്നു ഒരു മുഴുത്ത കൊമ്പൻ മലമാൻ. രംഗമാകെ മാറി. ഇതികർത്തവ്യതാമൂഢതയിൽ നിർവ്വികാരവും നിശ്ചേഷ്ടവുമായി, സ്വാഭാവിക പ്രവർത്തനങ്ങൾക്കുള്ള കരുത്തറ്റ്, സ്വപ്നാടനക്കാരനെപ്പോലെ പരിസരബോധമില്ലാതെ, ഉഴലൂരമ്പലവാസിയായിത്തീർന്നിരുന്ന എന്റെ കണ്ണുകളിൽകൂടി ആ മലമാനിന്റെ കോലം ഉള്ളിൽ പതിയാൻ അല്പം സമയം പിടിച്ചു. പക്ഷെ പതിഞ്ഞപ്പോൾ കലക്ടർ സായ്‌വിന്റെ അപ്രതീക്ഷിതമായ ആഗമനത്തിൽ ഹുസൂർ ശിപായിയുടെ കയ്യിലെ പുകയുന്ന ബീഡിക്കുറ്റിപോലെ എന്റെ മനോമൗഢ്യം അപ്രത്യക്ഷമായി. എങ്ങോട്ടെന്നില്ലാതെ നട നടോ നട. മാൻ കുന്നുകയറി വന്നു. ഞാൻ എഴുന്നേറ്റ് വെടി പൊട്ടിച്ചു. അവളെപ്പോലെ അവനും പോയി. ഒന്ന് തിരിഞ്ഞു നോക്കുകപോലും ചെയ്തില്ല. അ; എന്റെ മുത്തപ്പാ നീ വീണ്ടും

ചതിച്ചോ? പറപറക്കുന്ന മാനിന്റെ പൂർവ്വോക്തമായ "ഓമന പൃഷ്ഠം" ഒരുനോക്ക് കഷ്ടിച്ചു കാണാൻ മാത്രമേ ഒത്തുള്ളൂ. വെടി കൊണ്ടിട്ടില്ല. തീർച്ച. കല്ല്യാണക്കാര്യം ഓർത്ത് പാഴായ്പോകരുതെന്ന നിർബന്ധബുദ്ധിയോടുകൂടി സശ്രദ്ധം ഉന്നം വെച്ചാണ് വെടി പൊട്ടിച്ചത്. എനിക്കെന്തുപറ്റി? ഞാനാകെ കുഴഞ്ഞു. ക്ഷോഭിച്ചു. തോക്ക് തെല്ലൊരീർഷ്യയോടെ നിലത്തെറിഞ്ഞ് ചമ്രംപടിഞ്ഞ് അവിടെയങ്ങിരുന്നു. തോളിൽനിന്ന് താഴ്ത്തിവെച്ചിരുന്ന തർമ്മൊഫ്ളാസ്ക്ക് എടുത്ത് മൂടി തുറന്ന് ഉള്ളടക്കം കണ്ണുംചിമ്മി മോന്തി. സാധനം തൊണ്ടമുതൽ "ഇങ്കിലാബ്" വിളിച്ചുകൊണ്ട് വയറ്റിലെത്തി "സിന്ദാബാദും" മുഴക്കി. ആ ദ്രാവകവും എന്നെ ഉന്മേഷവാനാക്കാൻ പര്യാപ്തമായില്ല. ഞാൻ വീണ്ടും അർദ്ധബോധാവസ്ഥയിലേക്ക് വഴുതിപ്പോവുകയാണ്. ഒരു വട്ടപ്പൂജ്യമാണ് മനസ്സിനെ വലയംചെയ്ത് നിൽക്കുന്നത്. കല്ല്യാണസ്സദ്യയിലേക്ക് ഉറ്റുനോക്കുകയാണ് മനസ്സ്. എനിക്കോ സുഹൃത്തിനോ ധനക്ഷാമമില്ല. നാട്ടിൽ അജകുക്കുടാദികൾക്കും ക്ഷാമമില്ല. എന്നാലും "പൊന്ന് വെക്കേണ്ടിടത്ത് പൂ" എന്നപോലെ കാടനെക്കൊണ്ട് ഭംഗിയാക്കാനുറച്ച ദിക്കിൽ നാടനെക്കൊണ്ട് കഷ്ടിച്ച് കൃത്യം കഴിക്കാനിടവരികയെന്നത് ഒരു വല്ലാത്ത ദുര്യോഗമല്ലെ? ആവുകയില്ലെ? "ഒരു നിശ്ചയമില്ലയൊന്നിനും - വരുമോരോദശ വന്നപോലെപോം" എന്ന് വേദാന്ത വനസഞ്ചാരം ചെയ്ത് സമാധാനം കൊള്ളാനുള്ള കഴിവുകൂടി എനിക്ക് തൽക്കാലം നഷ്ടപ്പെട്ടിരിക്കയാണ്. അടുത്ത കല്ല്യാണത്തിന് പൊടിപാറ്റിക്കളയാമെന്ന് സുഹൃത്തിനെ പറഞ്ഞാശ്വസിപ്പിക്കാമെന്നു വെച്ചാൽ ആ സ്നേഹധനന് വേറെ പെൺകൊച്ചൊട്ടില്ലതാനും. ആകപ്പാടെ ഞാൻ കറങ്ങി. "മുട്ട്ശാന്തി"ക്കെത്തിച്ചേരേണ്ട അജങ്ങളുടെ മേൽവിലാസം തേടി എന്റെ മനസ്സ് പരക്കംപായുകയാണ്. ആ ഘട്ടത്തിൽ - നിരാശ

യുടെ മൂർദ്ധന്യത്തിൽ – "ഇടിവെട്ടീട്ടുംവണ്ണം" കേട്ടു അമ്പുവിന്റെ വെടി. വെടി മാത്രമല്ല ഒപ്പം ഓടിച്ചെല്ലാനുള്ള നിലവിളിയും. വിദ്യുത്പ്രവാഹമേറ്റതുപോലെ ഞാൻ ഞെട്ടി. ആകെ വിയർത്തു. എന്റെ ഭഗവാനേ! പറ്റിച്ചോ! വഴിക്കുവഴി നമ്പ്ര് ഏഴുവരെയെത്തിയ അന്നത്തെ "കുമ്മായബ്ലീച്ചു"കളുടെ പര്യവസാനം അത്യാപത്തിലായിരിക്കുമോ എന്നൊരു ശങ്ക – അല്ല ഭയം – എന്റെ ഉള്ളിൽ തള്ളിക്കേറി. ഞാനെഴുന്നേറ്റോടി. കണ്ണുംചിമ്മി "മുള്ള് മുരട് മൂർഖപ്പാമ്പാ"ദി തടസ്സങ്ങളെ അവഗണിച്ച് ഓടടാ ഓട്ടം. ഓടുന്നതിനിടയിൽ ഞാനറിയാതെ അമ്പൂ അമ്പൂ എന്ന് വിളിച്ചു കൂവുന്നുമുണ്ട്. ഞാൻ അവന്റെ കടവിനു സമീപമെത്തി. അവിടെ നടക്കുന്ന നാടകം കണ്ടു. പൊട്ടിച്ചിരിച്ചു. അമ്പു വെടി പാസ്സാക്കിയത് ഒരു യുവകൊമ്പൻ മലമാനിനാണ്. അതിന്റെ ഒരു കൈ "മുതുക് വിഭൂഷണമാത്രമായ് ചമഞ്ഞി"ട്ടുണ്ട്. "തൂവെള്ളിച്ചിലമ്പുകളിടുവിക്കുന്നൂ തൃപ്തി കൈവരാഞ്ഞഴിക്കുന്നൂ പിന്നെയും തുടരുന്നൂ" എന്ന് മഹാകവി പറഞ്ഞതുപോലെ മാൻ എഴുന്നേൽക്കുന്നു. അമ്പു തള്ളിവീഴ്ത്തുന്നു. അങ്ങനെ ആവർത്തിച്ചാവർത്തിച്ച് പിന്നെയും പിന്നെയും പിന്നെയും സംഭവിക്കുകയാണ്. അമ്പുവിന്റെ മെയ്യൂക്കും സാരമായ പരിക്കുപറ്റിയ മാനിന്റെ ദൗർബ്ബല്യവും ആ കളിക്കു കളമൊരുക്കികൊടുത്തിരിക്കയാണ്. ഒടുവിൽ അമ്പു അതിനെ തള്ളിവീഴ്ത്തി കാൽമുട്ടുകളും കൈകളും അതിന്റെ കഴുത്തിൽ അമർത്തി സ്ഥാപിച്ച് എന്നോട് വെടി വെക്കാനാവശ്യപ്പെട്ടു. ഞാൻ വെടിവെച്ചില്ല. അവന്റെ സാഹസം നോക്കിച്ചിരിച്ചതേയുള്ളൂ. തൽക്കാലം അവനൊന്നമ്പരന്നു. പിന്നീട് അവന് വെളിച്ചം കിട്ടി. അവൻ പറഞ്ഞു "ആനക്കുഴി, അല്ലെ. നല്ല പകവീട്ടലാ. ഇങ്ങള് ബെടിബെക്കുന്നോ ഇല്ല്യോ? ഓ, ഒരു ചിരി. എന്നാ ബേണ്ട. ഞാൻ തന്നെ ബെച്ചോളും. ഇങ്ങള് പോട്." അത്രയേ അവൻ പറഞ്ഞുള്ളു. പുള്ളി എഴു

ന്നേറ്റു മാറിനിന്ന് തോക്കു നിറയ്ക്കാൻ തുടങ്ങി. മാൻ എഴുന്നേറ്റ് ആവുന്ന വേഗത്തിലോടി. നാലഞ്ചുവാര പോകുന്നതിനു മുമ്പ് ഞാനതിനെ വെടിവെച്ചു വീഴ്ത്തുകയും ചെയ്തു.

ആകെ ചെലവ് പത്തു വെടി. വരവ് ഒരു പന്നിയും രണ്ട് മലമാനുകളും. അമ്പു അൽപസമയം പ്രണയകലഹം അഭിനയിച്ചു. പക്ഷെ അവന്റെ വെടിയവകാശം സ്വന്തമനസ്സാലെ ദാനം ചെയ്യുകയും ചെയ്തു. സാധാരണ കിട്ടാറുള്ള ഫ്ളാസ്ക്കിലെ അവന്റെ വിഹിതം അൽപം കുറഞ്ഞുപോയതിൽ അവന് പരാതിയുണ്ടായിരുന്നു. ആ പരാതി അചിരേണ നാടൻ സാധനത്തിന്റെ "ക്വാളിറ്റി"ക്കുള്ള കുറവ് "ക്വാണ്ടിറ്റി"കൊണ്ട് നികത്തിക്കൊടുത്തപ്പോൾ പരിഹൃതമായി. കല്ല്യാണസദ്യ കേമമായെന്ന് പങ്കെടുത്തവർ ഐകകണ്ഠ്യേന വിധിയെഴുതി. സുഹൃത്ത് ഇന്നില്ല. ആ കല്ല്യാണക്കേസ്സിലെ ഒന്നാംപ്രതിയായ വധു ഇക്കഥ വായിച്ചതിനുശേഷം എനിക്കൊരു സമയം ഒരു ഡോസ് ഗുൽഗുലുതിക്തകം സമ്മാനിച്ചേക്കാം. പക്ഷെ അത് സാരമില്ല. അന്നത്തെ ദിവസം ഞാൻ വീണ്ടും വീണ്ടും കാട്ടുമാംസം വിളമ്പിക്കൊടുത്ത ലജ്ജാവനമ്രമുഖിയായ പോക്കിരിപ്പെണ്ണല്ല അവളിന്ന്. അഞ്ച് കൊച്ചോമനകളെ സമർത്ഥമായൂട്ടിപ്പോറ്റുന്ന പ്രൗഢയാണ്. ഇനിയും സന്താനസംഖ്യ വർദ്ധിച്ചുകൂടായ്കയില്ല. അമ്മാമനെ അൽപസ്വൽപം ശകാരിക്കാനുള്ള അധികാരം ഞാനവൾക്ക് സമ്മതിച്ചുകൊടുത്തിട്ടുള്ളതുമാണ്. പരിപക്വ ഗർഭിണിയുടെ മാംസം ആസന്ന ഗർഭിണിക്ക് അരോചകമായിത്തീരാനേ വഴിയുള്ളൂ.

അന്നത്തെ സമാപനസമ്മേളനത്തിൽ ഒന്നൊഴിച്ച് ബാക്കി എല്ലാ സംഭവങ്ങളും ചർച്ചചെയ്യപ്പെട്ടു. എനിക്ക് തുടരെത്തുടരെ പറ്റിയ ബ്ലീച്ചുകളുയർത്തിയ ചിരിക്കിടയിൽ തെറിപ്പാട്ട്, പ്രവേശനാനുമതി കിട്ടാതെ കെട്ടടങ്ങി. ഒരു കാര്യം മാത്രം അമ്പു

വോടൊഴികെ മറ്റാരോടും ഞാൻ പറഞ്ഞില്ല. അവളുടെ ആ നോട്ടം ഇന്നും മനസ്സിൽ തങ്ങിനിൽക്കുന്നു. നായാട്ടുകമ്പത്തിനു മുമ്പിൽ സാഷ്ടാംഗപ്രണാമംചെയ്ത് വിടവാങ്ങി സ്ഥലംവിട്ടുപോയ എന്റെ ഭൂതദയയെ ആ നോട്ടം എങ്ങനെ തിരികെ കൊണ്ടുവന്നുണർത്തിവിട്ടുവെന്ന് നിങ്ങൾക്ക് മനസ്സിലാകുന്ന ഭാഷയിൽ പകർത്താൻ ഈ ജരാനര ബാധിച്ച പാർക്കർ പേനയ്ക്കോ അതിന്റെ ഡ്രൈവർക്കോ ശേഷിയില്ല. പിന്നെ ശേമുഷിയുടെ കാര്യമല്ലേ? അത് അൽപസ്വൽപം കണ്ടേക്കും. പക്ഷെ അതുകൊണ്ടെന്തു കാര്യം? ഈ ഭയങ്കര ബോറടി മുഴുവൻ വായിച്ചതിനുശേഷം യാതൊരസുഖവും തോന്നുന്നില്ലെങ്കിൽ നിങ്ങളുടെ ആ വിശിഷ്ട തലസ്ഥിതിക്ക് എന്റെ വിനീത പ്രണാമം. എനിക്കേതായാലും നന്നെ മടുത്തു. “സലാം സലാം സലാം - ബഹുമാന്യരെ സലാം.” (പാടിയത്; വെള്ളരിനാടകത്തിലെ സൂത്രധാരൻ. കർത്താവ്, ഓർമ്മയില്ല).

9

മല്ലയുദ്ധം

മൂന്നുഭാഗവും പുഴ. വടക്കുഭാഗം ഏതാണ്ടിരുപതുവാര വീതിയുള്ള തോട്. തോടിന് വടക്കുഭാഗം മൂന്നു ഫർല്ലോങ്ങോളം വീതിയുള്ള കാട്. ആ കാടിന്റെയും വടക്ക് കിഴക്കുപടിഞ്ഞാറായി പോകുന്ന നിരത്ത്. പുഴയ്ക്കും തോടിനും ഇടയിലുള്ള കാടിന് അകന്തുരുത്ത് എന്നാണ് പേര്. ഇന്ന് അകന്തുരുത്ത് ഒന്നാംതരം തെങ്ങിൻതോട്ടമാണ്. അന്ന് നല്ല കാടും. അകന്തുരുത്തും വടക്കുള്ള കാടും നായാട്ടിൽ സാധാരണ ഒന്നായിട്ടാണ് തെളിക്കുക. എന്നാൽ ഇടയ്ക്ക് തോട്ടിലുള്ള നാലു കടവുകളിൽ വെടിക്കാർ നിൽക്കും. തെക്ക് പുഴയായതുകൊണ്ട് മൃഗങ്ങൾ അധികമൊന്നും അങ്ങട്ടോടാറില്ല. അഥവാ അങ്ങനെ സംഭവിച്ചാലോ എന്നു സംശയിച്ച് ഒരു വെടിക്കാരൻ പുഴയുടെ മറുകരയിൽ നീന്തിക്കടന്ന് നിൽക്കും. മൃഗങ്ങൾ പുഴയിൽ ചാടിയാൽ മറുകര പറ്റുമ്പോഴേക്ക് ആ വെടിക്കാരനവിടുത്തേക്കോടിയെത്താൻ സാധിക്കും. മുൻപറഞ്ഞ നിരത്തിന്മേൽ അടുത്തടുത്തായി തോക്കുകാരുണ്ടാവും. അങ്ങനെ അകന്തുരുത്തിൽനിന്ന് ഓടി രക്ഷപ്പെടാൻ നോക്കുന്ന മൃഗശ്രേഷ്ഠന്മാർക്കെല്ലാം രണ്ടു വെടിക്കാരെ കബളിപ്പിക്കേണ്ടതുണ്ട്.

തോട്ടിലുള്ള കടവുകളിൽ കിഴക്കേ അറ്റത്ത് കുഞ്ഞമ്പു, പിന്നെ ഞാൻ, കുഞ്ഞപ്പ, കൃഷ്ണൻ എന്നിങ്ങനെ വഴിക്കു വഴിയായി ഞങ്ങൾ നിലയുറപ്പിച്ചു. ഏതാണ്ട് മൂന്നര ഏക്രയോളം

വിസ്തീർണ്ണമുള്ള അകന്തുരുത്തിൽ കടന്ന് തെളിക്കാർ തെളി തുടങ്ങി. വരണ്ട വേനൽക്കാലമാണ് മീനമാസം. ഞങ്ങൾക്ക് നാലുപേർക്കും അന്യോന്യം കാണാൻ സാധിക്കും. ശ്രദ്ധിച്ച് വെടിവെക്കുകയാണെങ്കിൽ ഇടത്തും വലത്തുമുള്ള കടവുകൾ കടന്നുപോകുന്ന മൃഗങ്ങളെക്കൂടി വെടിവെക്കാൻ സാധിക്കുന്ന അകലമേ കടവുകൾ തമ്മിലുള്ളൂ. അകന്തുരുത്തിൽ മൃഗങ്ങ ളുണ്ടോ എന്നും ഉണ്ടെങ്കിൽ ഏതു ജാതി എത്രയെണ്ണം എന്നും മുൻകൂട്ടി അറിയാൻ സാധിക്കും. തോടോ പുഴയോ കടന്നേ അങ്ങ ട്ടെത്താൻ സാധിക്കൂ. രണ്ടായാലും നനവുള്ള ചളിമണ്ണിൽക്കൂടി വേണം യാത്ര. അവനവന്റെ കാലടിപ്പാടുകൾ മായ്ചുകളയാൻ ഇരുക്കാലികൾ വളരെയധികം സാഹസപ്പെടാറുണ്ടെങ്കിലും നാൽക്കാലികൾ അതിന് മിനക്കെടാറില്ലെന്നാണല്ലോ അനുഭ വം. രണ്ടുകൂട്ടം പന്നികൾ അങ്ങട്ട് കടന്നിട്ടുണ്ടെന്ന് മനസ്സിലാ ക്കിയതിനുശേഷമാണ് അകന്തുരുത്ത് തെളിക്കാൻ തീരുമാനി ച്ചത്.

ഇരുപതിലധികം തെളിക്കാരുണ്ട്. ചുരുങ്ങിയ സ്ഥലവും. ശബ്ദമങ്ങനെ അംബരം ഭേദിച്ച് അലയടിക്കുന്നു. തെളിക്കാർ ലോഭമില്ലാതെ കല്ലും വടിയും ചെലവഴിക്കുന്നുണ്ട്. ഞാൻ ഒരു കായൽ - മുള - കൂട്ടത്തിനുള്ളിൽ മറഞ്ഞിരിക്കുകയായിരുന്നു. അകത്ത് കടന്നുചെന്നാൽ അടങ്ങിയൊതുങ്ങി അച്ചടക്കവും മര്യാ ദയും പാലിക്കുന്നത് ചിലപ്പോൾ അത്ര തുഷ്ടികരമല്ലെങ്കിലും ദേഹാരോഗ്യങ്ങൾക്ക് പാലുപോലെ "ബുഷ്ടികര"മായിരിക്കു മെന്ന് ആ കായൽകൂട്ടം എന്നെ പഠിപ്പിക്കുകയായിരുന്നു. മാത്ര മല്ല അകത്ത് കടന്നുചെല്ലാൻ ഉപയോഗിച്ച നേർവഴി തന്നെ മട ങ്ങാനും ഉപയോഗിക്കണമെന്ന പാഠവും അതെന്നെ പഠിപ്പിച്ചുത രികയായിരുന്നു. ഒരു ഭാഗത്തേക്കും ഒട്ടും നീങ്ങാൻ മുള്ള് അനു

വദിക്കുമായിരുന്നില്ല. തോക്ക് കടവിനുനേരെ നീട്ടി ചൂണ്ടാൻ അതിസാഹസപ്പെട്ട് കഷ്ടിച്ചൊരു സൗകര്യം ഉണ്ടാക്കി സ്ഥാണുപോലെ ഉറച്ചിരിക്കുകയാണ് ഞാൻ.

പെട്ടെന്ന് തെളിക്കാരെല്ലാം ഒപ്പം - ഏകകണ്ഠമായി കൂവി. ഭയങ്കര ശബ്ദം. പന്നിക്കൂട്ടം ഉറക്കം തെളിഞ്ഞെണീറ്റ് പരക്കംപായാൻ തുടങ്ങീട്ടുണ്ടെന്നറിയിക്കുകയാണ് തെളിക്കാർ. കാടു മുഴുവൻ കിടുകിടാ വിറയ്ക്കുന്നു. കുഞ്ഞമ്പുവിന്റെ വെടി പൊട്ടി. എന്റെ കടവിലേക്ക് എന്തോ വരുന്നുണ്ടെന്ന് ഉണക്കിലകളുടെ "ചലപില" ശബ്ദം മുന്നറിയിപ്പു തന്നു. മുഗ്ദ്ധപ്രതീക്ഷകളോടെ തോക്കിന്റെ കൊത്തിപറച്ച് കടവിനു നേരെ ചൂണ്ടി ഞാൻ നിർന്നിമേഷനായി നോക്കി. വന്നത് നല്ല ഒരു മുട്ടൻ ചക്ഷുശ്രവണൻ. കാട്ടിൽനിന്ന് തല പുറത്തു കടന്നപ്പോൾ അങ്ങോർ ഫണമുയർത്തി വിരുത്തി രണ്ടുഭാഗവും ഓരോ സെക്കന്റുനേരം നോക്കി പരിശോധിച്ച് നേരെ തോട്ടിലിറങ്ങി. ശനിയൻ കടന്നുപോകട്ടെ എന്ന് ഞാനും കരുതി. പന്നി വരുമ്പോൾ വെക്കുന്ന വെടി സഖാവ് പോസ്കൊർണി വിമാനമിറങ്ങുമ്പോൾ വെക്കുന്ന വെടിപോലെ ആവരുതല്ലോ. ആഗതനെങ്ങോട്ട് പോകുന്നെന്ന് ഞാൻ ശ്രദ്ധിച്ചില്ല. വെടി കുഞ്ഞപ്പയുടെ വകയും പൊട്ടി. ഞാനങ്ങോട്ടൊന്നു നോക്കി. നാലെണ്ണം കുഞ്ഞപ്പയുടെ കടവിൽക്കൂടി എടുത്തുചാടിപ്പായുന്നതു കണ്ടു. വീണ്ടും തലതിരിച്ചു നോക്കിയത് കഷ്ടിച്ച് മൂന്നടി നേരെ മുമ്പിൽ "നോക്കെടാ നമ്മുടെ മാർഗ്ഗേ കിടക്കുന്ന മർക്കടാ-നീയങ്ങുമാറിക്കിടാ ശഠാ" എന്നൊരുഗ്രശാസനം ഉഗ്രമായിത്തന്നെ വിക്ഷേപണം ചെയ്തുകൊണ്ട് പത്തിവിരുത്തി തറച്ചുനോക്കുന്ന കാട്ടുമൂർഖന്റെ മുഖത്താണ്. ഒരു രക്ഷയുമില്ല. തോക്ക് പിന്നോക്കം വലിച്ച് വിദ്വാന്റെ നേരെ ചൂണ്ടാൻ വിഷമമുണ്ട്. വല്ല ചെറിയ അനക്കവും

ഇപ്പുറത്തു നിന്നുണ്ടായാൽ മൂപ്പർ ചാടും കൊത്തും. തീർച്ച. എനിക്കാണെങ്കിൽ ഒരിഞ്ചുപോലും ഇടത്തോ വലത്തോ നീങ്ങാനും വയ്യ. ആ മുഖത്ത് "രന്തിദേവന്റെ ദയാവായ്പോ, ശ്രീഹരിശ്ചന്ദ്രനുള്ള സത്യമോ" ഒന്നും ഒട്ടും കാണാനില്ല. "മുഹമ്മെദിൻ സ്ഥൈര്യം" അതിന്റെ ഉച്ചകോടിയിൽ ഉണ്ടുതാനും. ഗത്യന്തരമില്ലായ്കയാൽ ഞാനങ്ങട്ടും നോക്കി. ആ മുഖത്തിലെ നിഷ്ഠുരത - കഷണം കഷണമാക്കി മുറിച്ചെടുക്കാൻ സാധിക്കുമെന്ന് തോന്നിക്കുന്ന ക്രൗര്യം എന്റെ "വദനാരവിന്ദത്തിലും - മുഷിയണ്ട. അങ്ങനെയൊരാഗ്രഹം. എന്റെ മുഖമല്ലെ? മറ്റാരും ഇതുവരെ അങ്ങനെ സംശയിച്ചിട്ടുപോലുമില്ല. ഇനി അങ്ങനെയൊരു സംശയം ഈ യാത്രയിൽ ആർക്കും ഉണ്ടാവാനും വഴിയില്ല. മേപ്പടി സുമസമാന വിശേഷണം നിങ്ങൾ സമ്മതിച്ച് തലകുലുക്കണമെന്ന് ഞാൻ നിർബ്ബന്ധിക്കുന്നുമില്ല - അപ്പോൾ എന്തേ പറഞ്ഞത്? ശരി, ശരി. മേൽ വിവരിച്ച ക്രൗര്യം എന്റെ "വദനാരവിന്ദത്തി"ലും പകർത്തി അങ്ങട്ടും വിക്ഷേപിക്കാൻ ഞാൻ പരിശ്രമിച്ചു. രണ്ടുമൂന്നു മിനുട്ടങ്ങനെ കഴിഞ്ഞു. "കരം പിടിച്ച നാൾ മുതൽ ഗൃഹത്തിലും വനത്തിലും" സന്തതസഹചാരിയായി, ആത്മരക്ഷോപായമായി, വർത്തിച്ച എന്റെ ഇരട്ടക്കുഴൽ തോക്ക് ചങ്ങാതിയെ രക്ഷിക്കാനുള്ള കഴിവുകേടോർത്ത് ധാരധാരയായി കണ്ണീർ പൊഴിക്കുകയായിരുന്നെന്ന് തോന്നുന്നു. ഞാനത്രയ്ക്കും നനഞ്ഞ് കുളിച്ചിരുന്നു. ഉം? എന്താ ഒരു പുഞ്ചിരി? ഞാൻ പേടിച്ചു വിയർത്ത് പാളീസ്സായതാണെന്ന ധാരണയല്ലെ ആ പുച്ഛ പുഞ്ചിരിയുടെ അപ്പൻ? വേണ്ട കൂട്ടരെ വേണ്ട. തമാശ വേണ്ട. പ്രസ്തുത ധാരണ ശരിയായിരിക്കാമെങ്കിലും ഞാനത് പച്ചമലയാളത്തിൽ വെട്ടിത്തുറന്ന് പറഞ്ഞ് നിങ്ങളെ സന്തോഷിപ്പിക്കാൻ തൽക്കാലം ഭാവമില്ല. "വായനക്കാർ

ക്കിഷ്ടമാണെങ്കിൽ സങ്കല്പ-വായുവിമാനത്തിലേറിയാലും." നിങ്ങളെത്ര കൊഞ്ചനം കാട്ടിയാലും ഞാനത് സമ്മതിക്കില്ല. നല്ലകഥ! നോ ഫിയർ സാർ; നെവർ.

ഷിക്കാറികൾ - എന്തിനവർ മാത്രം, എല്ലാവരുംതന്നെ - പഠിച്ചിരിക്കേണ്ട ഒരു പ്രധാന പാഠം ഇതാ പിടിച്ചോളീൻ. യദൃച്ഛയാ വല്ല ഹിംസ്രജന്തുക്കളെയും പെട്ടെന്ന് കണ്ടുമുട്ടുമ്പോൾ മനുഷ്യനേക്കാളും പേടിച്ചന്തംവിട്ടുപോകുന്നത് ജന്തുവാണ്. ശിവലിംഗത്തെപോലെ അനക്കമില്ലാതെ മിണ്ടാട്ടമില്ലാതെ നിൽക്കുകയാണെങ്കിൽ മനുഷ്യന് തടിതപ്പാൻ അവസരം കിട്ടും. തിരിഞ്ഞോടുവാനാണ് ധൈര്യവാൻ ഉദ്ദേശിക്കുന്നതെങ്കിലും എതിരെ നിൽക്കുന്ന യോഗ്യനത് മനസ്സിലാവാൻ പ്രയാസമാണ്. ആത്മരക്ഷാപരമായ പ്രചോദനം മനസ്സിൽ നിന്ന് പുറപ്പെട്ട് പ്രവൃത്തിരൂപത്തിലെത്തിയ ഓട്ടത്തിന്റെ പ്രാരംഭമായ ആദ്യത്തെ ചെറിയ ചലനം എതിർപ്പിന്റെ തുടക്കമാണെന്ന് തെറ്റിദ്ധരിച്ച് ജന്തു നിങ്ങളെ ആക്രമിച്ചേക്കും. അനങ്ങാതെ നിന്നാൽ വിദ്വാൻ കുറേ സമയം നോക്കിനിന്ന് സംശയനിവൃത്തി വരുത്തി തന്റെ പാട്ടിനു പൊയ്ക്കൊള്ളും. നമ്മുടെ ഇരുക്കാലിന്മേലുള്ള ഉയർച്ചയെ - അഭ്യാസത്തെ - ഭയപ്പെടുന്നവയാണ് സർവ്വ ജന്തുക്കളും. എതിർക്കുന്ന പാരമ്പര്യമോ, അതിനുള്ള ആയുധമോ ഇല്ലാത്ത ജന്തുക്കൾ നിങ്ങളൊന്നനങ്ങുമ്പോഴേക്ക് തിരിഞ്ഞോട്ടം തുടങ്ങുകയാണ് ചെയ്യുക.

കാട്ടുമൂർഖൻ "നാട്ടുമൂർഖന്റെ" മുഖത്തുനിന്ന് കണ്ണ് പറിക്കുന്നില്ല. വ്യത്യയമായും സ്ഥിതി അതുതന്നെ. അവന്റെ പല്ലും എന്റെ ശരീരവുമായി കൂടിക്കാഴ്ച നടന്നാൽ അവനെപ്പോലെ അടുത്ത മാളത്തിലേക്കാവും എന്റെയും പോക്ക്. കാടുതെളി ഉഷാറായി നടക്കുന്നു. ഞങ്ങളുടെ നോട്ടമത്സരം അവിരാമമായി തുടരുന്നു.

അപ്പോൾ കേട്ടു കൃഷ്ണന്റെ വെടി. ഒന്നല്ല കൂടെക്കൂടെ രണ്ട്. ഒരു മിനുട്ടിനുള്ളിൽ അഞ്ച് വരാഹകുല മകുടമണികൾ എന്റെ കടവിൽകൂടി പൊട്ടിപ്പൊളിച്ച് ചാടിയിറങ്ങി. അവയുടെ പിൻഭാഗത്തു നിന്നുള്ള വരവ് ചക്ഷുശ്രവണന്റെ ശ്രദ്ധ അങ്ങോട്ടാകർഷിച്ചു. അങ്ങോർ ഒന്ന് തലതിരിച്ചു. പരദേവതയെയും മറ്റെല്ലാ മൺമറഞ്ഞ ഗുരുകാരണവന്മാരെയും ധ്യാനിച്ചുകൊണ്ട് ആ തക്കത്തിന് തോക്ക് പിൻവലിച്ച് വിരുത്തിയ ഫണം തികച്ചും പൂർവ്വസ്ഥാനത്തെത്തുന്നതിനുമുമ്പ് വെടിപൊട്ടിച്ചു.

ഹാവൂ, ഭാഗ്യം. ആ തല ഒരു ഭാഗം ചെരിഞ്ഞ് നിലംപൊത്തി. തലയൊഴിച്ച് ബാക്കി ഭാഗം പല അഭ്യാസങ്ങളും കാണിക്കുന്നുണ്ട്. ഉത്തമാംഗം പണയത്തിലായാൽ അധമാംഗ കോപ്രാട്ടികൾ കൊണ്ട് കാര്യമെന്ത്? കിത്ത കൈപ്പറ്റിയ കലക്ടരദ്ദേഹം പതിനൊന്നാം ഭാവത്തിൽ ചാരുകസാല വലിച്ചിട്ടുപവിഷ്ടനാകും വിഷയത്തിങ്കൽ തഹസീൽദാർ നൂറിലോ എട്ടിലോ പന്ത്രണ്ടിലോ നിന്ന് വാള് കുലുക്കുന്നതിനെ ആരെങ്കിലും ഭയപ്പെടുമോ? ചക്ഷുശ്രവണന്റെ വാൽ കൊട്ടിക്കലാശം കൊണ്ടുപിടിക്കുന്നതിനിടയിൽ വെടികേട്ടു ഞെട്ടിയ പന്നിക്കൂട്ടം വഴിമാറി അടുത്ത കാട്ടിലേക്ക് തടിതപ്പി.

അകന്തുരുത്തിലെ പന്നി സ്റ്റോക്ക് തീർന്നിരിക്കുന്നു. തെളിക്കാരൊക്കെ പുറത്തിറങ്ങി. ഞാൻ വെടിവെച്ചത് പന്നിയെയാണെന്നും അതൊരാചാരവെടി മാത്രമാണെന്നും കരുതിയ തെളിക്കാർ ചില "മുക്കലും മൂളലും" തുടങ്ങിയപ്പോൾ ഞാനവരോട് സംഗതി പറഞ്ഞു. ഒരു വിരുതൻ പോയി മൂർഖപ്രവരനെ വലിച്ചുകൊണ്ടു വന്നു. നല്ല സാധനം. ഭയങ്കരൻ. അഞ്ചടി എട്ടിഞ്ച് നീളം. ഏഴിഞ്ച് ചുറ്റളവും. അങ്ങോരെ അവിടെ കബറടക്കം ചെയ്ത് ഞങ്ങൾ കൃഷ്ണൻ മുതൽപേരുടെ വെടിയെക്കുറിച്ച്

ചിന്തിച്ചു. കൃഷ്ണൻ വെടിവെച്ച പന്നി അവിടെത്തന്നെ ദീർഘ നിദ്രയിലാണ്ട് കിടക്കുന്നുണ്ട്. മറ്റു രണ്ടുപേരുടെയും ഉണ്ടകൾ പന്നി സ്വീകരിച്ച് "ഫിക്സഡ് ഡിപ്പൊസിറ്റായി" സൂക്ഷിച്ചിട്ടുണ്ട്. പലിശ വകയിൽ ധാരാളം രക്തം ചെലവഴിച്ചിട്ടുമുണ്ട്. കുഞ്ഞമ്പുവിന്റെ പ്രതിയോഗിക്കാണ് കൂടുതൽ പരിക്ക്. എന്തായാലും ഒരന്വേഷണം നടത്താതെ തെളിക്കാരെ കാട്ടിലേക്ക് വിടുന്നത് ശരിയല്ല. അവരെ തോട്ടിൽ തന്നെ നിർത്തി ആദ്യം കൂടുതൽ പരിക്കു പറ്റിയ പന്നിയുടെ പിന്നാലെ പോകാൻ ഞങ്ങൾ തീരുമാനിച്ചു.

തോട്ടിന്റെ അരുകര മുഴുവനും മുളങ്കൂട്ടവും ചീങ്ങാവള്ളിയും കൂമുള്ളും ഒക്കെക്കൂടി പഞ്ചശീലസിദ്ധാന്തം അനുവർത്തിച്ച് അതിരമ്യതയിൽ പരസ്പരം കെട്ടിപ്പുണർന്ന് ജീവിക്കുന്ന മുൾക്കാടാണ്. മരണഭയം അതിന്റെ ഉച്ചകോടിയിലെത്തിയാലും സ്വന്തം തൊലിക്കട്ടിയിൽ ഉറച്ച വിശ്വാസമില്ലായിരുന്നുവെങ്കിൽ പന്നിക്കൂട്ടം ആ മുൾക്കാടിനോട് പടവെട്ടി ജയിച്ച് അപ്പുറം കടക്കാൻ മുതിരുമായിരുന്നില്ല. കൂട്ടത്തിൽ നാലെണ്ണമുണ്ടായിരുന്നതിൽ ഏറ്റവും വലുതിനാണ് കുഞ്ഞമ്പുവിന്റെ വെടി. വലത്തു കൈ മുതുകിനടുത്തുവെച്ച് പൊട്ടിപ്പോയിട്ടുണ്ടാവുമെന്നായിരുന്നു ഞങ്ങളുടെ അനുമാനം. വലത്തു കൈ നിലത്തൂന്നി വെക്കാതെ ചെറിയ മൺകൂമ്പാരങ്ങളും ഉരുളൻ കല്ലുകളും തട്ടിത്തെറിപ്പിച്ചു കൊണ്ടാണ് വെടി പൊട്ടിയതിനു ശേഷമുള്ള അതിന്റെ പോക്ക്. സഞ്ജയന്റെ മുഗ്ദ്ധയുടേതുപോലെ ഉൾക്കണ്ണുകൊണ്ടും ഉള്ളു കാണാൻ കഴിയാത്ത തോട്ടരികിലുള്ള ഇരുപത്തഞ്ചുവാര വീതിയുള്ള കാട്ടിൽകൂടി പന്നി പോയ വഴിക്കുതന്നെ ഇരുന്നോ കിടന്നോ നിരങ്ങിയോ എങ്ങനെയെങ്കിലും അപ്പുറമെത്താൻ കുഞ്ഞമ്പു ഒരുങ്ങി. ഞാനും കൃഷ്ണനും അവന്റെ വലത്തുഭാഗ

ത്തു കൂടിയും കുഞ്ഞപ്പ ഇടത്തുഭാഗത്തും അൽപംമാറി എങ്ങനെയെങ്കിലും ഒഴിവുണ്ടാക്കി അപ്പുറമെത്താനും അപ്പഴേക്ക് കുഞ്ഞമ്പുവും പന്നിയുടെ വഴിയിൽകൂടി അങ്ങട്ടെത്താനും തീർച്ചപ്പെടുത്തി ഞങ്ങൾ പുറപ്പെട്ടു. ആ ഇരുപത്തഞ്ചുവാര മുൾക്കാട്ടിനുള്ളിൽ പന്നി കിടക്കുന്നുണ്ടെങ്കിൽ അത് ടാടാ പറഞ്ഞിട്ടുണ്ടാവുമെന്നും അല്ലെങ്കിൽ അതു പോയ വഴിയേ പോയാൽ മുൾക്കാടിനപ്പുറം അതെങ്ങോട്ടാണ് പോയതെന്ന് തിരഞ്ഞു കണ്ടുപിടിക്കേണ്ട ബുദ്ധിമുട്ടുണ്ടാവുകയില്ലെന്നും ആയിരുന്നു ആ ചേരിതിരിവിന്റെ പിന്നിലുള്ള യുക്തി. പന്നി എണ്ണമധികമുള്ളതുകൊണ്ട് ഏതെങ്കിലും ഒന്നിന്റെ കാൽപാട് പ്രത്യേകം തിരിച്ചറിഞ്ഞ് പിൻതുടരാൻ അതൊരാവശ്യവുമാണ്.

ഞാനും കൃഷ്ണനും വളരെ സാഹസപ്പെട്ട് മുൾക്കാട്ടിന്റെ കഷ്ടിച്ച് പകുതി എത്തിയതേ ഉള്ളൂ, കുഞ്ഞമ്പു ഞങ്ങളെ വിളിച്ചുകൂവാൻ. “പാഞ്ഞും ബാഞ്ഓ” എന്നേ അവൻ മുറവിളി കൂട്ടിയതുമുള്ളു. ഞാനും കൃഷ്ണനും മുമ്പോട്ടോ പിന്നോട്ടോ ഓടാൻ കഴിയാത്ത പരിതഃസ്ഥിതിയിലായിരുന്നു അപ്പോൾ. പ്രേമടെമ്പറേച്ചർ നൂറ്റിപ്പത്തു ഡിഗ്രിയിലും കവിഞ്ഞ് എരിപൊരിക്കൊള്ളുന്ന നിതാന്ത വന്ദ്യശ്രീമാൻ “അംഭോജാരുണമാം ഭവൽപദയുഗം ബാലേ തലോടട്ടയോ” എന്ന് സങ്കടഹർജി അയച്ച് അനുകൂല മറുപടി വാങ്ങി ടി പദയുഗം “മടിയിൽവെച്ചിഷ്ടാരു രോദേന” തലോടുന്നതിലുമധികം കരവിരുത് കാണിച്ചാലും ശരീരത്തിലൊരു പോറലെങ്കിലുമേൽപിക്കാതെ വഴിമാറുന്നവനല്ല കൂമുള്ള് ചെടിയുടെ “ഐഎഎസ്സ്” മുള്ള്. ഏതായാലും ഒരടിപോലും മുന്നോട്ടു പോകാൻ വയ്യ. ഞങ്ങൾ മുള്ളന്മാരെ വെല്ലുവിളിച്ചു പോയ വഴിയേ തിരിഞ്ഞോടി. തോട്ടിലിറങ്ങി കുഞ്ഞമ്പു പോയ വഴിക്ക് വീണ്ടും കാടുകയറി. എങ്ങനെയോ ഞാനാണ് മുമ്പിൽ.

അതെന്തായാലും എപ്പോഴായാലും കൃഷ്ണൻ സമ്മതിക്കാറുണ്ടായിരുന്നില്ല. പക്ഷെ അങ്ങനെ സംഭവിച്ചു. ആ പ്രതിസന്ധിഘട്ടത്തിലും ഒന്നാംസ്ഥാനം കരസ്ഥമാക്കാൻ കൃഷ്ണൻ ഗണ്യമായ പരിശ്രമം നടത്തിയിരുന്നുവെന്ന്, ഞാനറിയാതെ ബഹിർഗ്ഗമിച്ച് നീണ്ടുനീണ്ട് ശൂന്യതയിൽ വിലയം പ്രാപിക്കുന്ന ഹൃദ്ഭേദകമായ ദീർഘനിശ്വാസത്തോടെ - മായമില്ലാത്ത, ഒരിക്കലും മങ്ങാത്ത, എന്നും മറക്കാനാവാത്ത ഒരു ചങ്ങാത്തത്തിനു മുമ്പിൽ സാഷ്ടാംഗപ്രണാമം ചെയ്തുകൊണ്ട് - ഞാൻ ഇന്നും ഓർത്തുപോകുന്നു. “ചങ്ങാത”മെന്ന അരൂപിയായ ചരക്കിന് മാർക്കറ്റിൽ ഇന്നു വളരെ ക്ഷാമമല്ലെ പത്രാധിപരെ? ഈ സോഷ്യലിസ്റ്റു യുഗത്തിൽ ഈ സോഷ്യലിസ്റ്റ് നാട്ടിൽ എന്തു മതം; എന്തു ദൈവം, എന്തു ധർമ്മം, എന്തു ചങ്ങാതം? ഒക്കെ ചെട്ടി പറഞ്ഞതുപോലെ “സമസമ” അല്ലേ സാർ.

“ഇതാ വരുന്നൂ” എന്ന് വിളിച്ചറിയിച്ചുകൊണ്ട് ഞങ്ങൾ ഇരുന്നു നിരങ്ങി കുഞ്ഞമ്പുവെ സമീപിച്ചു. അവന്റെ തോക്ക് നിലത്തു വീണു കിടക്കുന്നു. അവൻ മുട്ടുകുത്തി ഇരുന്ന് രണ്ടു കൈകളും പന്നിയുടെ നെറ്റിമേൽവെച്ച് അതിനെ പിന്നോക്കം ഉന്തിത്തള്ളുകയാണ്. നല്ല ഒരുന്തുപോരാട്ടം നടക്കുന്നു. ജയാപജയങ്ങൾ ഊഹാതീതവും. എനിക്കും കൃഷ്ണനും നോക്കിയിരിക്കുകയല്ലാതെ ഒന്നും ചെയ്യാൻ സാദ്ധ്യമല്ല. എഴുന്നേറ്റു നിൽക്കാൻ സാധിച്ചെങ്കിൽ കുഞ്ഞമ്പുവിന്റെ തലയ്ക്കു മീതെ തോക്കുചൂണ്ടി വെടിവെക്കാമായിരുന്നു. പക്ഷെ ഉയർച്ചയെ തടസ്സപ്പെടുത്തുന്ന സോഷ്യലിസ്റ്റ് “മുള്ളന്മാരാ”യിരുന്നു അവിടെ ഉള്ളതു മുഴുവനും. ഉയർന്നാൽ ക്രൂശിന്മേൽ തറയ്ക്കപ്പെടും. ഞാൻ ഇഴഞ്ഞുചെന്ന് കുഞ്ഞമ്പുവിന്റെ പുറത്ത് കൈവെച്ച് അവനൊരു താങ്ങ് കൊടുത്തു. കൃഷ്ണൻ എനിക്കും. പന്നി കുഞ്ഞ

മ്പുവെ തള്ളിവീഴ്ത്തിയാൽ ഞങ്ങൾ മൂന്നുപേരുടെയും ഗതി യെന്താവുമെന്ന് ഒരു സംശയത്തിനും വഴിയുണ്ടായിരുന്നില്ല. “വരാതവണ്ണം പോയാനവർ തെക്കോട്ടേക്ക്” എന്ന് സ്വ.ലേ.ക്ക് ധൈര്യമായി റിപ്പോർട്ടാക്കാം. പക്ഷെ പന്നിയും തുലോം അവ ശനാണ്. വലിയ “ഹാജിയാരു”മല്ല. ഇടത്തരം. ആ ഘട്ടത്തിൽ പന്നിയെ വെടിവെക്കുന്നതും കുറച്ചു സൂക്ഷിച്ചുവേണം. വേദന യേൽക്കുന്നേടത്തോളം അരിശം കൂടിക്കൂടിവരുന്ന നാൽക്കാ ലികളിൽ ഗവർണ്ണരല്ലെങ്കിൽ മുഖ്യമന്ത്രിയെങ്കിലുമാണ് അങ്ങോർ. വെടിവെച്ചാൽ “കമാന്നെന്നൊരുയിടാതെ” പുള്ളി സിദ്ധികൂടണം. അല്ലെങ്കിൽ ഉണ്ടകൊള്ളുമ്പോൾ അങ്ങോർ ഒര വസാനക്കളി കളിക്കും. കുഞ്ഞമ്പുവെ തള്ളിയിടും. “പിന്നെയു ള്ളത് യോഗമാണതു വൃഥാ ബന്ധുക്കൾ ചിന്തിക്കണോ.”

കുഞ്ഞപ്പയും എത്തി. കൃഷ്ണന്റെ പിന്നിൽ ആസനസ്ഥ നായി. തെളിക്കാർ സംഗതി വിളിച്ചുചോദിച്ചു. സംഭവ വിവരം ഞങ്ങളവരെ അറിയിച്ചു. ഞങ്ങളുടെ വിലക്കനുസരിച്ച് അവർ കാട്ടിൽ അനക്കമുണ്ടാക്കുകയോ പിന്നാലെ വരികയോ ചെയ്തി ല്ല. ഉന്തുമത്സരം മുറയ്ക്കു നടക്കുന്നു. തടിക്കും ധാടിക്കും ഒരു കുറവുമില്ലാത്ത മൂന്നു വിശിഷ്ട ഇരുക്കാലികളെ മുഖത്തോടു മുഖം കണ്ടിട്ടും അവരിലൊരാളുടെ കരസ്പർശം അൽപം ഭേദ പ്പെട്ട നിലയിൽ അനുഭവിച്ചിട്ടും ആ നാൽക്കാലിക്ക് ഒരു കുലു ക്കവും കണ്ടില്ല. അങ്ങോർ ഒരു കൈ നോക്കാൻ ഉറച്ച മട്ടാണ്. വിജയം അല്ലെങ്കിൽ മരണം. അത്രതന്നെ.

അന്യോന്യമാലോചിച്ച് ഞങ്ങൾ ഒരു പ്ലാൻ തയ്യാറാക്കി. ഞാൻ മെല്ലെമെല്ലെ കാൽനീട്ടി കമിഴ്ന്നുകിടന്ന് കുഞ്ഞമ്പുവിന്റെ വലത്തുഭാഗത്തുകൂടി മുന്നോട്ടു നീങ്ങി. കൃഷ്ണൻ ഇടത്തുഭാഗ ത്തു കൂടെയും ഇഴഞ്ഞു. ഓരോരുത്തരും ഒഴിയുമ്പോൾ അടു

ത്ത ആൾ കുഞ്ഞമ്പുവിന് പിന്തുണ നൽകി. വളരെ സാഹസപ്പെട്ടാണെങ്കിലും തോക്കിന്റെ കുഴൽ മുന്നോട്ടു നീട്ടി ഏതു നിമിഷത്തിലും വെടി വെക്കാനുള്ള തയ്യാറെടുപ്പോടുകൂടി ഇഞ്ചിഞ്ചായി ഞങ്ങൾ ആവശ്യത്തിനു പിടിപ്പതുമാത്രം ഇഴഞ്ഞ് മുന്നേറി. ഞാൻ പന്നിയുടെ ഇടത്തു കയ്യും കൃഷ്ണൻ വലത്തു കാലും ലക്ഷ്യംവെച്ചു. തലയ്ക്ക് വെടിവെക്കാൻ കുഞ്ഞമ്പുവിന്റെ കൈ തടസ്സമുണ്ടല്ലോ. വെടി പൊട്ടുമ്പോൾ ആവുന്നത്ര ഊക്കോടെ പന്നിയെ പിറകോട്ടു തള്ളാൻ പ്രധാന വേഷക്കാരനെയും സഹനടൻ കുഞ്ഞപ്പയെയും ശട്ടംകെട്ടി ഞങ്ങളും തയ്യാറെടുത്തു.

സിഗ്നൽ. ഒരു മൂളൽ. രണ്ടു വെടിയും ഒപ്പം പൊട്ടി. കുഞ്ഞമ്പുവും കുഞ്ഞപ്പയും തള്ളി. പന്നി ചെരിഞ്ഞു വീണത് കൃഷ്ണന്റെ തോക്കിന്മേൽ. വിദ്വാൻ വീണ്ടും എഴുന്നേൽക്കാൻ ശ്രമിക്കവെ ഞാൻ എന്റെ മറ്റേക്കുഴലും ഒഴിച്ച് അതിന്റെ ഗളനാളം തുളച്ചു. തെളിക്കാർ കാടു വെട്ടിത്തെളിയിച്ച് എത്തി പന്നിയെ വലിച്ചു പുറത്തിട്ടു. ഞങ്ങൾ കുഞ്ഞപ്പ വെടിവെച്ച സ്ഥാനത്തേക്ക് ചെന്നു. ശരീരമെല്ലാം വാർന്നുപൊട്ടി പുകയുന്നുണ്ടായിരുന്നെങ്കിലും ആ "സ്പിരിറ്റ്" ഞങ്ങളെ ഒഴിഞ്ഞുനിൽക്കാൻ വിടുമായിരുന്നില്ല. കൂടാതെ "ഇൻവിറ്റേഷൻ കാർഡോ" "കോപ്ലിമെന്ററി ടിക്കറ്റോ" ഇല്ലാതെ അപകടങ്ങളുള്ളേടത്ത് വലിഞ്ഞുകേറി എത്താനുള്ള എന്റെയും കൃഷ്ണന്റെയും വാസനയെ നായാട്ടുകാർ എന്നും പ്രോത്സാഹിപ്പിച്ചിട്ടേ ഉള്ളുതാനും.

കുഞ്ഞപ്പയുടെ വെടി കുഞ്ഞമ്പുവിന്റെ അത്രതന്നെ മാരകമായിരുന്നില്ലെന്ന് സ്ഥല പരിശോധന വെളിപ്പെടുത്തി. എന്നാലും പന്നിയല്ലേ? ഉണ്ട വാങ്ങീട്ടുമുണ്ട്. ഏതിലെയെങ്കിലും കാട്ടിൽ നിന്ന് പുറത്തു പോയിട്ടുണ്ടെങ്കിൽ വെടി പൊട്ടേണ്ടതുമാണ്. ഏതായാലും സൂക്ഷിക്കുന്നത് നല്ലതാണ്. ഞങ്ങൾ നാലുപേരും

പന്നിയുടെ കാൽപാടുകൾ പിന്തുടർന്ന് കാടുകേറി. അൽപം കഴിഞ്ഞ് നിർദ്ദേശപ്രകാരം തെളി തുടങ്ങി. ഞങ്ങൾ പന്നിയുടെ പിന്നാലെ പോകുന്നുണ്ടെന്ന് മറ്റു വെടിക്കാരെ തെളിക്കാർ കൂവിപ്പറഞ്ഞറിയിക്കുകയും ചെയ്തു.

തോടു മുതൽ ക്രമേണ ഉയരുന്ന ഒരു കുന്നാണ് തോട്ടിന്റെ വടക്കേക്കര. കുന്നിന്റെ മുകൾത്തട്ടിൽ നിന്ന് നിരത്തു കാണാം. പടിഞ്ഞാറെ അറ്റം മറ്റൊരു തോടും ആ തോട്ടിനിപ്പുറം അരനാഴികയോളം നെൽവയലുമായതുകൊണ്ട് മൃഗങ്ങൾ അങ്ങോട്ടോടാറില്ല. അവിടെ വെടിക്കാർ നിൽക്കാറുമില്ല. നിരത്തിന് വടക്കു നിരത്തുമുതൽ തന്നെ നല്ല കാടാണ്. പന്നിയുടെ യാത്ര കുന്നിൻചെരുവിൽ കൂടി തോട്ടിലേക്കാണെന്ന് കാൽപാടുകൾ സൂചിപ്പിച്ചു. കുഞ്ഞമ്പു കുന്നിന്റെ മുകൾത്തട്ടിൽ കയറി തോടു ഭാഗത്തേക്ക് രണ്ടോ മൂന്നോ വെടിക്കാർ നീങ്ങിനിൽക്കണമെന്ന് ഒരറിയിപ്പ് പ്രക്ഷേപണം ചെയ്ത് വീണ്ടും ഞങ്ങളുടെ ഒപ്പം ചേർന്നു.

പലപ്പോഴും പ്രത്യക്ഷമോ സയുക്തികമോ ആയ കാരണങ്ങളൊന്നുമില്ലാതെ എന്റെ മനസ്സ് ഒരു വിലക്ക് – നിരോധനാജ്ഞ – പുറപ്പെടീക്കാറുണ്ട്. ആദ്യമാദ്യം ഞാനതിനെ വില വെക്കാറുണ്ടായിരുന്നില്ല. പക്ഷെ അങ്ങനെ ആ വിലക്ക് അല്ലെങ്കിൽ ആപൽസൂചന ഗണ്യമാക്കാതെ മുന്നോട്ടുപോയ അവസരങ്ങളിലെല്ലാം ചെന്നുചാടിയത് ഗൗരവതരമായ ആപത്തുകളിലായിരുന്നു. എങ്ങനെയോ ആയുർബ്ബലം കൊണ്ട് ഈ ബോറടി നടത്താൻ ബാക്കിയായെന്നുമാത്രം. അത്തരം അപകടഘട്ടങ്ങളിലെ അനുഭവം ക്രമേണ ആ വിലക്കിനെ മാനിക്കാൻ എന്നെ പഠിപ്പിച്ചു. തന്നിമിത്തം ആപത്തുകളെ വിജയപ്രദമായി നേരിടാനുള്ള കരുത്തും കരുതലും മുൻകൂട്ടി ആർജ്ജിച്ചൊരുക്കിനിർത്താൻ പിൽക്കാലങ്ങളിൽ എനിക്ക് സാധിച്ചിട്ടുമുണ്ട്.

ഞങ്ങൾ പന്നിയുടെ കാൽപാടുകൾ നോക്കി വഴിതെറ്റാതെ പോവുകയായിരുന്നു. കൃഷ്ണൻ, ഞാൻ, കുഞ്ഞപ്പ, കുഞ്ഞമ്പു എന്ന ക്രമത്തിൽ. ഞങ്ങളുടെ മുമ്പിൽ ഏതാണ്ട് മുപ്പതുവാര ദൂരെ വെട്ടിനീക്കിയ ഇരൂൾ മരക്കുറ്റികൾ വീണ്ടും തെഴുത്ത് പന്തലിച്ചു നിൽക്കുന്ന ഒരു ചെറിയ വട്ടക്കാട് എന്റെ ശ്രദ്ധ ആകർഷിച്ചു. അതിനപ്പുറം വലത്തുഭാഗത്ത് വള്ളിക്കെട്ടും ഉരുളൻ പാറക്കല്ലും ധാരാളമുള്ള മറ്റൊരു കഷണം കാടുമുണ്ടായിരുന്നു. പന്നി പാറക്കെട്ടിലേക്കാണ് പോയതെന്ന് കാൽപാടുകൾ സൂചിപ്പിക്കുന്നതിനു പുറമെ യുക്തിയും പൂർവ്വകാലാനുഭവങ്ങളും ആ സൂചനയ്ക്കുപോൽബലകങ്ങളുമായിരുന്നു. എന്നാലും എന്തോ ഏതോ ഒരദൃശ്യശക്തി അങ്ങട്ട് ചെല്ലുന്നതിൽനിന്ന് എന്നെ തടസ്സപ്പെടുത്തി. ഞാൻ കൃഷ്ണന്റെ പുറത്തു തട്ടി. അവൻ നിന്നു. ഞങ്ങളെല്ലാവരും അനക്കമില്ലാതെ നിന്ന് ഒരു രഹസ്യസംഭാഷണം നടത്തി. ഒട്ടും മുമ്പോട്ടു പോകരുതെന്ന് ഒരടി പോലും ഇനി വെക്കരുതെന്ന് ഞാൻ അവരെ വിലക്കി. ആപത്തിനെ മണത്തറിയുവാനുള്ള കഴിവിന്റെ കാര്യത്തിൽ എന്റെ മൂക്ക് ആനയുടെ തുമ്പിക്കൈയെക്കാളും നീണ്ടതാണെന്ന് കൃഷ്ണൻ പലപ്പോഴും പറയാറുണ്ടായിരുന്നു. പലപ്പോഴും അനുഭവപ്പെട്ടിട്ടുള്ളതായതുകൊണ്ട് എന്റെ വിലക്ക് യുക്തിക്കും സംഭാവ്യതയ്ക്കും എതിരായിരുന്നുവെങ്കിലും നിർവ്വാദം അവരനുസരിച്ചു.

തെളിക്കാർ ആർത്തുവിളിച്ചു മുന്നേറുകയാണ്. അവരടുത്തെത്തട്ടെ എന്ന് കൂട്ടുകാരോട് പറഞ്ഞ് ഇരൂൾക്കാട്ടിൽ മുഴുവൻ ശ്രദ്ധയും ചെലുത്തിക്കൊണ്ട് ഞാനവരെ പിടിച്ചുനിർത്തി. സംസാരിക്കുമ്പോഴും എന്റെ കണ്ണുകൾ ആ കാട്ടിൽ നിന്ന് ഒരിഞ്ചു പോലും വ്യതിചലിച്ചിരുന്നില്ല. ക്രമേണ കൂട്ടുകാരുടെ കണ്ണുകളും ശ്രദ്ധയും അങ്ങട്ടാകർഷിക്കപ്പെട്ടു. മുമ്പിലും പിമ്പിലുമായി

അന്യോന്യം വെടിവെക്കുന്നതിന് തടസ്സം സൃഷ്ടിക്കാതിരിക്കാൻ ഞാനവരെ മൂന്നു സ്ഥാനങ്ങളിലായി നിർത്തി. കാട്ടുകാരടുത്തെത്തിയപ്പോൾ അവരെ അവരുണ്ടായിരുന്ന സ്ഥാനങ്ങളിൽ തന്നെ ഒട്ടും മുമ്പോട്ടുവരാതെ നിർത്തി, നിന്ന ദിക്കിൽ നിന്ന് കൂവി ത്തെളിക്കാൻ നിർദ്ദേശിച്ചു. തോക്കുകൾ കൊത്തി പറിച്ച് ഏതു നിമിഷത്തിലും വെടിവെക്കാൻ തയ്യാറായി ഞങ്ങൾ നാലുപേരും ഓരോ അടിയായി മുന്നോട്ടു നടന്നു. ഒരു പത്തടി വെച്ചില്ല. അത്യുഗ്ര ശബ്ദത്തോടെ ആ ഇരൂൾക്കാട്ടിൽനിന്ന് പന്നി പുറത്തുചാടി എന്റെ നേരെ ചീറിയടുത്തു. വിദ്വാൻ ഞങ്ങളെ ശ്രദ്ധിച്ചു നോക്കിയും കൊണ്ട് ആക്രമണത്തിനൊത്ത മുഹൂർത്തം കാത്ത് നിൽക്കുകയായിരുന്നു. തെളിക്കാരു വന്നുചേർന്ന ഭാഗത്തേക്ക് തിരിഞ്ഞുനിന്ന് അവരടുത്തെത്തുമ്പോൾ ആക്രമിക്കാൻ സന്നദ്ധനായി അടങ്ങാത്ത കോപവും ഒടുങ്ങാത്ത പകയും ഉള്ളിൽ കൊള്ളുന്നത്ര സംഭരിച്ച് രണ്ടുംകൽപിച്ച് കാത്തിരിക്കുകയായിരുന്നു അങ്ങോർ.

വെടി ആദ്യം കുഞ്ഞപ്പയുടേത് പൊട്ടി. പിന്നെ കുഞ്ഞമ്പു, കൃഷ്ണൻ എന്ന ക്രമത്തിലും പൊട്ടി. പക്ഷെ ഏതെങ്കിലും ഒരുണ്ടയെങ്കിലും മേൽവിലാസക്കാരൻ കൈപ്പറ്റിയതായ ഒരു സൂചനയും കണ്ടില്ല. അങ്ങോർക്കൊരു ചുക്കുമില്ല. നേരെ അടിപതറാതെ, വഴി വളയാതെ പുള്ളി എന്നെ സമീപിക്കുകയാണ്. ഏതാണ്ട് പതിനഞ്ചടി അടുത്തെത്തിയപ്പോൾ ഞാനും നല്ല സ്ഥാനം നോക്കി ഒന്നു കൊടുത്തു. ഊ...ഹും. എടടാ ഇതെന്തൊരു മറിമായം! പട്ടർ പറഞ്ഞപോലെ "ആനാലും വരവ് താനേ." താളപ്പിഴയോ അപസ്വരമോ ഒന്നുമില്ലാതെ അങ്ങോർ വൈരിനിര്യാതന രാഗം ആലപിക്കുകയാണ്. ഞാനത് പ്രതീക്ഷിച്ചതല്ല. അത്രയും ശ്രദ്ധ ചെലുത്തിയാണ് ഞാൻ വെടിവെച്ചത്. പക്ഷെ

പറഞ്ഞിട്ടെന്തു കാര്യം. തോക്കിന്റെ മറ്റേക്കുഴൽ ഒഴിക്കാൻ എനി ക്കവസരം കിട്ടുന്നതിനു മുമ്പ് പന്നി എന്റെ കാൽക്കീഴിൽ എത്തി ക്കഴിഞ്ഞിരുന്നു. ഞാൻ വലത്തോട്ട് എടുത്തുചാടിത്തുള്ളി. പന്നി യുടെ തേറ്റയും എന്റെ കാലും തമ്മിൽ അഞ്ചോ ആറോ ഇഞ്ച് മാത്രമേ ഞാൻ “ഏർ ബോൺ” ആയപ്പോൾ വ്യത്യാസമുണ്ടാ യിരുന്നുള്ളു. “ലോങ്ങ്ജംപ്” പാർശ്വഭാഗത്തേക്കനുവദനീയമാ യിരുന്നെങ്കിൽ ഞാനന്ന് സ്ഥാപിച്ച റിക്കാർഡ് ഇന്നല്ല എന്നും ഒരു നരജീവിക്കും ഭേദിക്കാൻ സാദ്ധ്യമാവുകയുമില്ല.

ഞാൻ ആ ലഘു വ്യോമയാനം സാധിച്ച് വീണ്ടും ഭൂസ്പർശം ചെയ്തത് “വ്യോമമാം നീല മേലാപ്പ് തീർത്ത” വിരുതൻ ഇരി ക്കാനുള്ള സൗകര്യം മാത്രം പ്രമാണിച്ചു നിർമ്മിച്ച “മാംസക്കു ഷ്യന്മേ”ലായിരുന്നു. പക്ഷെ വ്യോമയാന വേളയിൽ ഒ“രിമ്മി റ്റേഷൻ” സർക്കസ്സു കളിച്ച് പന്നി പോയ ഭാഗത്ത് മുഖം തിരി ച്ചാണ് ആസനസ്ഥനായത്. എന്നെയും കടന്ന് അഞ്ചെട്ടുവാര പോയപ്പോഴേക്കും പന്നി മൂക്കു കുത്തി വീണു. അങ്ങോർ അനു ശോചനയോഗ വിഷയമായെന്ന് ഞാൻ സമാധാനം കൊള്ളാൻ ഭാവിക്കുകയായിരുന്നു. പക്ഷെ അതിനൊത്തില്ല. പുള്ളി തപ്പി പ്പിടഞ്ഞെഴുന്നേറ്റ് വീണ്ടും എന്റെ നേരെ തിരിഞ്ഞു. തിര മാറ്റി ക്കൊണ്ട് എന്നെ പിടിച്ചെഴുന്നേൽപിക്കുവാൻ ഓടി വരികയാ യിരുന്ന കൃഷ്ണൻ ഓട്ടത്തിലും ഞാൻ ആ ഇരുന്ന ഇരിപ്പിലും രണ്ടുണ്ടകൾ കൂടി വരാഹാസുരന് സമ്മാനം കിട്ടി. എന്നിട്ടും അവസാന ശ്വാസം വലിക്കുന്നതു വരെ തോൽവി സമ്മതിക്കാൻ വിമുഖനായ പന്നിപ്രവരൻ ഏതാണ്ട് നാലുവാര എന്റെ അടുത്തെ ത്തിയ ശേഷമേ വീണുള്ളു. ആ വീഴ്ച ‘‘ഉയിർത്തെഴു ന്നേൽപി”ല്ലാത്ത വീഴ്ചയുമായിരുന്നു. ശവം പരിശോധിച്ചതിൽ അയച്ച ഉണ്ടകൾ ഒന്നൊഴിയാതെ അങ്ങോർ കൈപ്പറ്റിയിരുന്നു

വെന്ന് തെളിയുകയും ചെയ്തു. അങ്ങോരുടെ ആത്മാവിനെ നിങ്ങളുടെ വളരെ സ്വന്തം എ.കെ.യുടെ ആത്മാവ് അകമ്പടി സേവിച്ചില്ല. അതൊരു "ബഹള"കഷ്ടവുമായിപ്പോയി അല്ലേ? വള്ളത്തോൾ പറയുമ്പോലെ "ഗുണംതൊടാ ക്ഷുദ്രകവിപ്രബന്ധ"ങ്ങളായ ഇത്തരം കഥകൾ "ശാന്തിസമ്പൂർണ്ണ വിശ്രമദിന"മായ ഞായറാഴ്ച തോറും കാശുകൊടുത്ത് വാങ്ങി വായിക്കേണ്ടി വരികയെന്നത് ഒരു വല്ലാത്ത ശിക്ഷ തന്നെയാണെന്ന് ഞാൻ സമ്മതിച്ചേക്കാം. പക്ഷെ നമ്മുടെയൊക്കെ വളരെ ഇഷ്ടൻ കുതിരവണ്ടിക്കാരൻ കണ്ണൻ അർജ്ജുനൻ സാറോട് പറഞ്ഞ "മാ ഫലേഷു കദാചന"യുടെ മറവിൽ ഞാൻ പോയൊളിക്കുകയും ചെയ്യും. ഞാനും എളിയ നിലയിലെങ്കിലും "അധികാരസ്ഥനായതു കൊണ്ട്" കർമ്മിക്കുന്നു, എഴുതുന്നു. അത് നിങ്ങളുടെ ദുര്യോഗത്തിനായിക്കൊണ്ട് ഭവിക്കുകയും ചെയ്യുന്നു. ഞാനാണോ ഉത്തരവാദി? "പേർപെടുമാര്യന്മാർതൻ വംശജാദ്ധ്യേതാക്കളെ- മാതൃഭൂ പത്രാധിപാ തല്ക്കാലം നമസ്ക്കാരം."

10

ആന വരാഹം

"വീരഭദ്രൻ പണ്ട് ദക്ഷനെ കൊല്ലുവാൻ വീറോടുകൂടി"യിരുന്നതിലും ഒട്ടും കുറയാത്ത വീറോടുകൂടി ഞാൻ വൃക്ഷാസനസ്ഥനായിരിക്കുകയാണ്. എന്തായാലും എത്ര ശിവരാത്രി നോമ്പുനോറ്റാലും അവനെ കാച്ചണം. പേരും പെരുമയുമുള്ള പല നായാട്ട് വൃദ്ധന്മാരും തോറ്റ് അടിയറവു പറഞ്ഞ് സധൈര്യം പിൻവാങ്ങിയ രംഗത്താണ് ഞാനിറങ്ങീട്ടുള്ളത്. ആപത്ത് മണത്തറിയാനും - രണ്ടർത്ഥത്തിലും - രക്ഷപ്പെടാനും ഉള്ള നൈസർഗ്ഗിക ശക്തി കാട്ടുമൃഗങ്ങൾക്ക് കൂടുമെന്നത് സർവ്വസമ്മതമായ ഒരു പരമാർത്ഥമാണ്. എന്നാൽ ആ ശക്തി ഇത്രയധികം വളർത്തിയെടുത്ത മറ്റൊരു മൃഗമൊ പന്നിയോ ഇല്ലെന്ന് സർവ്വരും തലകുലുക്കി സമ്മതിച്ച ഒരു മഹാഭയങ്കരൻ പന്നിയായിരുന്നു എന്റെ പ്രതിയോഗി. കാഴ്ചയിൽ "ആന"മാർക്കാണ്. അനുഭവത്തിൽ "നരി"മാർക്കും. എത്ര സാഹസപ്പെട്ട് ഒളിച്ചിരുന്നാലും അങ്ങോർ ആ വഴിക്ക് അന്ന് സവാരിക്കിറങ്ങുകയില്ല. നിരായുധനോ, സായുധനോ ആരാണ് വഴിമുടക്കുന്നതെന്ന് മനസ്സിലാക്കുന്ന വിദ്യ പുള്ളി എവിടുന്ന് പഠിച്ചുവെന്ന് നിശ്ചയമില്ല. നിരായുധരെ എപ്പോഴും എവിടെ കണ്ടാലും തുരത്തിയോടിക്കും. സായുധന്റെ കണ്ണിൽപ്പെടാതെ എങ്ങനെയെങ്കിലും ഒഴിഞ്ഞുമാറും. എന്നാൽ കൂട്ടിമുട്ടാതെ നിവൃത്തിയില്ലെന്നു വന്നാൽ യാതൊരു ദാക്ഷിണ്യവും കൂടാതെ ആ ശനിപ്പിഴക്കാരന്റെ മേൽ ചാടിവീഴുകയും ചെയ്യും. പഠിച്ച അടവ് പതിനെട്ടും

സമർത്ഥമായി പയറ്റീട്ടും അങ്ങോർക്കൊരുണ്ട സമ്മാനിക്കാൻ ആർക്കും സാധിച്ചിരുന്നുമില്ല. അങ്ങോരുടെ പാഞ്ഞുകേറ്റത്തിൽ ഭയപ്പെട്ട് തിരിഞ്ഞോടിയ സായുധരും നിരായുധരുമായ ഒരു ഡസനിലധികം ധൈര്യവാന്മാർ ആ “മാരത്തോൺ” ഓട്ടത്തിൽ ഉരുണ്ടുവീണ് പറ്റിയ പരിക്കിന്റെ “കിഞ്ചിശ്ശേഷം” തെളിവായി ഹാജരാക്കിക്കൊണ്ട് എന്നോട് ആവലാതി പറഞ്ഞിരുന്നു. എന്തോ ഈശ്വര കാരുണ്യം കൊണ്ട് ആർക്കും അങ്ങോരുടെ തേറ്റപ്രയോഗം അനുഭവിക്കേണ്ട ഗതികേടുണ്ടായിട്ടുമില്ല. എങ്ങനെയെങ്കിലും കാട്ടിൽനിന്ന് പുറത്തുചാടിച്ച് വെടിവെച്ചു വീഴ്ത്തണമെന്ന വാശിയോടെ സർവ്വസന്നാഹങ്ങളുമൊത്ത് ഞാൻ ഒടുവിൽ നടത്തിയ നായാട്ടിൽ എനിക്കാണ് നികത്താനാവാത്ത നഷ്ടം പറ്റിയത്. ഞാനത്യധികം ഇഷ്ടപ്പെട്ടിരുന്ന എന്റെ ഒരു നായ അന്ന് പുള്ളി പോകുന്ന വഴി വിളംബരം ചെയ്തുകൊണ്ട് വിടാതെ പിന്നാലെ കൂടി. കുപിതനായ മൂപ്പിലാൻ പെട്ടെന്ന് തിരിഞ്ഞ് ആ സാധുവിനെ കശാപ്പുചെയ്ത് ഉറുപ്പികത്തൂക്കക്കണക്കിൽ ചെറുചെറു പാർസലുകളാക്കി കാടുനീളെ വിതരണം ചെയ്തശേഷം നായയുടെ ദീനരോദനം കേട്ടേടത്തേക്ക് പാഞ്ഞടുക്കുകയായിരുന്ന എന്റെ ഒഴിഞ്ഞ കടവിൽക്കൂടി തടിതപ്പുകയും ചെയ്തു. അന്നത്തെ ദിവസം ജന്മംകൊണ്ട് കട്ടപിടിച്ചുറച്ച് കട്ടിയായി അനവരതം പുകഞ്ഞുകൊണ്ടിരുന്ന ഒരു കുടിപ്പകയും ഭേസി ഞാൻ ഒരു മാസം നീണ്ടുനിന്ന അഖണ്ഡ പകപോക്കൽ യജ്ഞം നടത്തി. പക്ഷെ അതിനിടയിൽ നാലഞ്ചുതവണ അങ്ങോരുടെ പിന്നണിപ്രദേശം കണ്ടു തൊഴാനും ഒരു പ്രാവശ്യം അതിവിസ്തൃതവും മാംസളവുമായ ആ പടിഞ്ഞാറുഭാഗം ലക്ഷ്യമാക്കി ഒരുണ്ട അയയ്ക്കാനും മാത്രമെ സാധിച്ചുള്ളൂ. ആ പോയ ഉണ്ട എത്തേണ്ട ദിക്കിൽ എത്തിയോ എന്നറിയാൻ കൂടി സാഹചര്യങ്ങൾ സമ്മതിച്ചതുമില്ല. അങ്ങനെ “അവനെ കാച്ചണം. എന്തായാലും കാച്ചണം” എന്ന് തന്നത്താനറിയാതെ ഉരുവിട്ടുകൊണ്ട് പൂർവ്വാനുഭവങ്ങൾ തികച്ചും കണക്കിലെടുത്ത് അതി

സമർത്ഥമായും സൂക്ഷ്മമായും കെട്ടിയൊരുക്കിയ ഒരു "പറ"ത്തിന്മേൽ ഞാൻ ഇരിക്കുകയായിരുന്നു. തൊട്ടടുത്ത മറ്റൊരു മരത്തിന്മേൽ "മാനോടൊത്തു വളർന്നവന"ല്ലെങ്കിലും "സൂകര കഥാഗന്ധം ഗ്രഹിക്കാത്ത" ഒരു വെളുത്ത അർദ്ധപാശ്ചാത്യനായ ഷിക്കാർ യശഃപ്രാർത്ഥിയുമുണ്ട്.

രണ്ടുമൂന്നു പ്രാവശ്യം അൽപമകലെ വരെ ഏതോ എന്തോ ഒരു ജന്തു ശങ്കിച്ച് "കൊണ്ടു ദർഭമുന കാലിലെന്നു വെറുതെ നടിച്ച്" അവിടവിടെ നിന്നും നീങ്ങിയും വന്നിരുന്നു. പന്നിയോ മറ്റു വല്ലതുമോ എന്നറിയാൻ മാത്രം പദവിന്യാസം വ്യക്തമായിരുന്നില്ല. എന്റെ ഇടത്തുഭാഗത്ത് ഇരുപതുവാര ദൂരെ ഒരു മുപ്പതുവാരവട്ടം ഒഴിവു സ്ഥലമാണ്. മൃഗം ആ സ്ഥലം കടന്നു ചാടുന്നതിനു മുമ്പിൽ വെടി പൊട്ടിക്കണം. ഇക്കഥയിലെ "വില്ലൻ" പതിവായി അതിലേ അത്താഴാർത്ഥം കടന്നുപോകാറുണ്ടെന്ന് സൂക്ഷ്മവിവരം കിട്ടിയതിനനുസരിച്ച് തയ്യാറാക്കിയ "പറ"മാണ്. ഞാൻ ആ ഒഴിവുസ്ഥലത്ത് കണ്ണുനട്ട് ചെവി വട്ടംപിടിച്ച് ദത്തശ്രദ്ധനായി കാത്തുനിന്നു. നാലാമത്തെ പ്രാവശ്യവും അവ്യക്തമായ കാൽപെരുമാറ്റം കേട്ടു. ഞാൻ തോക്കു കയ്യിലെടുത്ത് "റഡിലൈക്കെവടി" ആയി. അതാ വരുന്നു. പന്നി തന്നെ "അഭിമത പുരുഷൻ" തന്നെ. വിദ്വാൻ സാവധാനത്തിൽ നടന്നുനടന്ന് ഒഴിവുസ്ഥലത്തിന്റെ ഏതാണ്ട് നടുവിലെത്തി നിന്നു. ശ്രദ്ധിച്ചു. അല്പം കൂടി, രണ്ടടി കൂടി മുന്നോട്ടു വരണം. എന്നാൽ ആഗതന്റെ ആത്മാവ് മടങ്ങിപ്പോയേക്കാം. തടി അവിടെ കിടക്കും. ആ സഹായം അങ്ങോർ ചെയ്തില്ല. ആ നിൽപിൽതന്നെ നിന്ന് തല വെട്ടിച്ച് ഇരുപാർശ്വങ്ങളും വിദ്വാൻ മാറിമാറി നോക്കി. എന്നിട്ട് നിലവിളക്കിന്റെ അടിഭാഗം പോലുള്ള ആ വിസ്തീർണ്ണത്തിരുമൂക്കുകൊണ്ട് "ഹ്ലും" എന്ന് മന്ത്രോച്ചാരണം ചെയ്ത് "എന്നോടൊരു വാക്കുപോലും പൊന്തീടാതെ" തിരിഞ്ഞോടി. എന്റെ കൂട്ടുകാരന്റെ വെടിയും പൊട്ടി. എത്ര ചവിട്ടിയാലും കുത്തിയാലും കൊത്തിയാലും പരിഭവിക്കാത്ത, അരിശപ്പെടാത്ത

ഭൂമീദേവി ആ അർദ്ധസായ്‌വിന്റെ ഉണ്ടയേറ്റപ്പോൾ അൽപമൊന്ന് അരിശപ്പെട്ടുവെന്നു തോന്നുന്നു. ഒരുപിടി ചരലും മണ്ണും തന്റെ അപ്രീതി സൂചിപ്പിക്കാനായി ആ അനന്ത കരുണാമൂർത്തി കൂട്ടുകാരന്റെ മുഖം ലക്ഷ്യമാക്കിയാണെന്നു തോന്നുന്നു വാരിവലിച്ചെറിഞ്ഞത്. "കത്തിരി സിഗരറ്റിന്റെ" പുക തന്റെ ഭാര്യയ്ക്ക് നിരന്തര സമ്പർക്കം ഹേതുവായി സുഗന്ധമോ നിർഗ്ഗന്ധമോ ആയി അനുഭവപ്പെട്ടിരിക്കാമെങ്കിലും വരാഹ പുംഗവന് അത് വല്ലാത്ത ദുർഗ്ഗന്ധമാണെന്ന് ആ മാന്യദേഹം ഓർത്തില്ല. പറഞ്ഞു കൊടുക്കാത്ത കുറ്റം ഇങ്ങുണ്ടായിരുന്നുമില്ല.

അന്ന് പിന്നെയും അവിടെ ചടഞ്ഞുകൂടിയിരിക്കുന്നത് "യൂക്കാലിപ്ടസ്" തൈലത്തിന് വിലയും പ്രചാരവും കൂട്ടാനേ ഉതകുമായിരുന്നുള്ളു. ഞങ്ങൾ മടങ്ങിപ്പോന്നു. മടക്കയാത്രയിൽ രണ്ടു മുയലുകളും ഒരു കൂരനും സ്നേഹിതന്റെ മാംസദാഹത്തിനും വെടിക്കമ്പത്തിനും ഉപശാന്തി വരുത്തി. അടുത്ത ദിവസം അദ്ദേഹം ഒരാഴ്ചത്തെ കൽപനയിൽ വന്ന് എന്റെ സംഹാര പരിപാടിയിൽ പങ്കുചേരാമെന്ന വാഗ്ദാനത്തോടെ ഉദ്യോഗസ്ഥലത്തേക്കു മടങ്ങിപ്പോവുകയും ചെയ്തു.

ആ വരാഹാസുരന്റെ സമകാലീനനായി ജീവിക്കുക എന്നത് തീരെ ദുർവ്വഹമായ ഒരപമാനഭാരമായിക്കഴിഞ്ഞിരുന്നു എനിക്ക്. അടുത്ത ഒരാഴ്ച മുഴുവനും ഉറക്കമിളച്ച് പല സ്ഥലത്തും സ്ഥാനത്തും രീതിയിലും ഞാൻ കാവലിരുന്നു. മൂന്നു പ്രാവശ്യം ഗംഭീരമായ നായാട്ടു നടത്തി. മേപ്പടി വരാഹകുല മകുടമണിയെ ഉചിതമായ വിധത്തിൽ സ്വീകരിച്ചഭിവദിക്കാൻ സാധിച്ചില്ല. കൺകുളിർക്കെ കാണാൻ പോലും ഒത്തില്ല. എന്നാൽ ഏതാണ്ട് രണ്ടേക്ര സ്ഥലത്തുള്ള നെല്ലു മുഴുവൻ അങ്ങോരുടെ "ഡിന്നർ" വകയിലും വിനോദം വകയിലും എഴുതിത്തള്ളേണ്ടി വരികയും ചെയ്തിരുന്നു. നല്ല വിളയാവുന്നതിനു മുമ്പുതന്നെ നെല്ല് കൊയ്യാൻ ഞാൻ ഒർഡർ കൊടുത്തു. തന്നിമിത്തം കുറഞ്ഞ തോതിലെങ്കിലും എന്റെ വിഹിതം എനിക്കും കിട്ടി. "കൃഷിഭൂമി കൃഷി

ക്കാരന്" കൊടുക്കണമെന്ന് നിർബ്ബന്ധം പിടിക്കുന്ന സോഷ്യ ലിസ്റ്റാചാര്യന്മാർ കൂടി കൃഷിചെയ്തത് പന്നിക്ക് കൊടുക്കണ മെന്ന് കൽപിക്കുകയുമില്ലല്ലൊ. ഒരാഴ്ചത്തെ തീവ്ര പരിശ്രമം കൊണ്ട് കുരുമുളകുവെള്ളത്തെയും "അമൃതാഞ്ജനെ"യും മലർത്തിയടിച്ച "ജഡദോസം" മാത്രമേ ഒട്ടുകണക്കിൽ വരവു ചേർക്കാൻ എനിക്ക് സാധിച്ചുള്ളൂ.

നെല്ല് കളത്തിലെത്തിയതിനു ശേഷവും "പന്നി മൂർദ്ദാ ബാദ്" പ്രസ്ഥാനം ഞാൻ തുടർന്നു നടത്തി. അങ്ങനെ തൊവ രയുടെ കാലം വന്നു. വൃശ്ചികം പകുതി കഴിഞ്ഞിട്ടുണ്ട്. "മഞ്ഞ പ്പട്ടടയാട" അണിയാൻ തുടങ്ങിയതു മുതൽ തൊവരച്ചെടി "മൂർദ്ദാബാദ്" പ്രസ്ഥാനം ആ അസുരജീവി തുടങ്ങിയതാണ്. അങ്ങോർ അൽപംകൂടി ആക്രമണോത്സുകനായി സന്നദ്ധനായി ക്ലാസ്സ്കയറ്റം നേടീട്ടുണ്ട്. കാവൽപന്തലിന്റെ തൊട്ടടുത്ത് കീഴ് ഭാഗം വരെ കാവൽക്കാരെ നിസ്സങ്കോചം അവഗണിച്ചു വന്ന് പുള്ളി മൃഷ്ടാന്നം ശാപ്പിടും. കാവൽക്കാർ കൂവിയാലോ കവി ണയെറിഞ്ഞാലോ അങ്ങോർക്കൊരു ചുക്കുമില്ല. അവരിലാരെ ങ്കിലും പന്തലിൽ നിന്നിറങ്ങിയെങ്കിൽ അവനെ മുക്കുറയിട്ടു പാ ഞ്ഞടുത്ത് വീണ്ടും ഉന്നതസ്ഥാനത്തേക്ക് ഉന്തിക്കയറ്റും. എന്നാൽ അതേസമയത്ത് ഏതെങ്കിലും പന്തലിൽ തോക്കുണ്ടെങ്കിൽ ആ പന്തലിനടുത്തുകൂടി വഴിപോവുകയുമില്ല. ഏതെങ്കിലും ഒരു പ്രത്യേക പന്തലിൽ പന്തികേടുണ്ടെന്ന് അതെങ്ങനെ മനസ്സി ലാക്കുന്നു എന്നത് അസാമാന്യ ബുദ്ധിക്കും അതീതമായ ഒരു വസ്തുതയുമായിരുന്നു.

എന്റെ വാശി ദുർവ്വാശിയായി മാറി. "നിന്നെ വധിച്ചേ കൃഷ്ണനടങ്ങൂ" എന്നിടത്തോളമെത്തി. ഷിക്കാർ സ്നേഹിത ന്മാരും ബന്ധുക്കളും ബഹുമാനിക്കപ്പെടേണ്ട നരച്ച തലക്കാരും എല്ലാം പൊഴിച്ച ഉപദേശവർഷം പാടേ അവഗണിച്ച് ഞാൻ ആ വരാഹാസുരന്റെ ആക്രമണം ക്ഷണിച്ചുവരുത്താനോ ചൂണ്ടലിട്ട്

പിടിക്കാനോ കിണഞ്ഞു പരിശ്രമിച്ചു. "അവനെന്തെങ്കിലും അപകടം പിണയാൻ മാത്രം പാപമൊന്നും ഞാൻ ചെയ്തിട്ടില്ല. അവന്റെ വാശി പറഞ്ഞു തീർത്താൽ തീരുന്ന മാതിരിയാണെന്ന് തോന്നുന്നില്ല. വളരെ കരുതലോടെ മാത്രമേ എന്തും ചെയ്യാവൂ എന്ന് ഞാൻ പ്രത്യേകം പറഞ്ഞേൽപിച്ചിട്ടുണ്ട്. അതവനനുസരിക്കും. മറിച്ച് വല്ലതും സംഭവിച്ചാൽ അതവന്റെയും എന്റെയും തലയിലെഴുത്താണെന്ന് സമാധിക്കാനേ നിവൃത്തിയുള്ളു." എന്ന് എന്നെ ആ ആത്മഹത്യാപരമായ ഉദ്യമത്തിൽ നിന്ന് തടയണമെന്നാവശ്യപ്പെട്ട് ബന്ധുക്കളോട് പറഞ്ഞുകൊണ്ട് അച്ഛൻ എന്നെ കടിഞ്ഞാണഴിച്ചുവിട്ടു. രാപ്പകൽ ഭേദമില്ലാതെ ഊണും ഉറക്കവും അപ്രധാനമായ പാഴ്ചര്യകളെപ്പോലെ അവഗണിച്ച് ഞാൻ ആ പന്നിയുടെ പിന്നാലെ ചടഞ്ഞുകൂടി. ഒരു ഫലവുമുണ്ടായില്ല.

ഈ ഘട്ടത്തിൽ ഒരു നായാട്ടുവൃദ്ധൻ പുത്തൻ സമ്പ്രദായം നിർദ്ദേശിച്ചു. "റീസണബിൾ" ആയതുകൊണ്ട് ഞാനത് പരിശോധിക്കാനും ഉറച്ചു. എഴുന്നേറ്റു നിന്നാൽ തോക്ക് ചൂണ്ടാൻ സൗകര്യപ്പെടുന്ന അത്ര ആഴത്തിൽ ഒരു കുഴി കുഴിക്കുക. കുഴിക്ക് അധികം വിസ്താരം പാടില്ല. പന്നി വെടിയേറ്റോ അല്ലാതെയോ പാഞ്ഞടുത്ത് ആ കുഴിയിൽ വീഴാനിടവന്നാൽ പിന്നെ അവിടെ നടക്കുന്ന "ദുര്യോധനവധം" ആട്ടക്കഥയിലെ ദുര്യോധനന്റെ വേഷം ആർക്കും ആരോഗ്യകരമോ അഭിമാനകരമോ ആവാൻ വഴിയില്ലല്ലോ.

അങ്ങനെ പന്നിയുടെ ശല്യം അധികമുണ്ടാവാറുള്ള ഒരു കുന്നിൻചെരുവിലെ പുനക്കൃഷിസ്ഥലത്ത് അഞ്ചടിയിൽ അൽപമധികം ആഴമുള്ള ഞാൻ കുഴിപ്പിച്ച കുഴിയിൽ ഒരു ദിവസം സന്ധ്യയ്ക്കുമുമ്പേ പൂർണ്ണബോധത്തോടെ ഞാൻ തന്നെ വീണു. കുഴിയിൽ നിന്നെടുത്ത മണ്ണു മുഴുവൻ ദൂരത്തുമാറ്റി ഉണക്കിലയും ചുള്ളിയും വാരിവിതറി സമർത്ഥമായി "കാമഫ്ളോജ്" ചെയ്തിട്ടുണ്ട്. വള്ളത്തോൾ പാടിയപോലെ "അനർത്ഥ

ഗർത്തി(ങ്ങളി)ലാണ്ടു തന്നെ-കിടന്നു ഞാനന്നൊരു കീടതുല്യ മായി." വരാഹാസുരൻ പാതിരയ്ക്കു മുമ്പേ സ്ഥലത്തെത്തിയി രുന്നു. പക്ഷെ ആ "സ്പന്ദിക്കുന്ന" ഗർത്തത്തിനടുത്ത് സമ്മാ നം വാങ്ങാൻ പാകത്തിൽ വന്നണഞ്ഞില്ല. എന്നാൽ "മരണദി വസവും ശിരസ്സിലാക്കി-ദ്ധരണിതലം പ്രവിശന്തി" എന്ന് പറ ഞ്ഞതു പോലെയാണ് അന്നത്തെ "ഡിന്നർ" കഴിച്ചതെന്ന് അങ്ങോരൊട്ടറിഞ്ഞതുമില്ല.

അടുത്ത ദിവസവും ഞാനാ "അനർത്ഥഗർത്ത"വാസം തുടർന്നു. രാത്രി ഒരു മണിക്കു ശേഷം തൊവരച്ചെടികൾ ഒരോ ന്നോരാന്നായി ഒടിച്ചുകൊണ്ട് വിദ്വാൻ എന്നെ സമീപിച്ചു. പേർവി ളി നടത്താൻ പ്രയാസമായ ഒരു ദുര്യോഗാസനത്തിൽ ചെവി ക ണ്ണാക്കി മാറ്റി ഞാനും കാത്തിരുന്നു. ഒരു പ്രാവശ്യം മാത്രം ഉത്തമാംഗം കഷ്ടിച്ച് പുറത്തു നീട്ടി "എങ്ങുന്നു വരുന്നതിപ്പോൾ, എങ്ങോട്ടേക്കിനി യാത്ര" എന്ന രണ്ടു ചോദ്യങ്ങൾക്ക് ഉത്തരം കണ്ടുപിടിച്ചു. പിന്നെ ശബ്ദത്തിനനുസരിച്ച് കുഴിയിൽ പമ്പരം തിരിഞ്ഞു.

പന്നി നടന്നുനടന്നടുക്കുകയാണ്. ശബ്ദം കൊണ്ടു മാത്രം വേണം ദൂരവും ഭാഗവും മനസ്സിലാക്കാൻ. ഏതാണ്ട് കണക്കാ യെന്ന് തോന്നിയപ്പോൾ ഞാനെഴുന്നേറ്റു. എഴുന്നേൽക്കലും തോക്കു ചൂണ്ടലും വെടി പൊട്ടിക്കലും എല്ലാം "ഏകയോഗ ക്ഷേമമായി" കഴിച്ചുകൂട്ടി. എന്റെ തല കുഴിക്കുള്ളിൽ ഒതുങ്ങി അമർന്നതേ ഉള്ളു പന്നി കുഴി കടന്നുചാടി പലായനം ചെയ്യു മ്പോൾ. കാര്യം കുഴപ്പത്തിലായി. കരയ്ക്കു കേറുന്നത് വളരെ സൂക്ഷിച്ചു വേണം. നല്ല നിലാവിന്റെ പ്രകാശമുണ്ട്. പക്ഷെ നി ലത്ത് അങ്ങിങ്ങായി കാണുന്ന കരിമ്പടക്കെട്ടുകൾ പന്നിയോ നിഴലോ എന്ന് വേർതിരിച്ചറിയാൻ വളരെ പ്രയാസമാണ്. വെടി എത്രത്തോളം മാരകമായിരുന്നുവെന്നറിയാൻ ഒരു മാർഗ്ഗവുമി ല്ല. വെടിയൊച്ച കേൾക്കാവുന്നിടത്ത് സഹായത്തിനാളുണ്ട്. പക്ഷെ രണ്ടു വെടി കേട്ടെങ്കിലേ അവരടുത്തു വരികയുള്ളു.

അപകട സാദ്ധ്യത തീരെയില്ലെന്നുള്ള "സിഗ്നൽ" ആണ് രണ്ടാമത്തെ വെടി. കൂട്ടുകാർ അതു കേട്ടാൽ യാതൊരു ഭയാശങ്കകളും കൂടാതെ ചിരിച്ചുകളിച്ചുകൊണ്ടടുത്തുവരും. അതാപത്തായും തീർന്നേക്കും. പന്നി നമോവാകം പറഞ്ഞത് മുതുമുത്തച്ഛന്റെ ചരണാരവിന്ദം പ്രാപിച്ചുവെന്നോ, ആചാരവെടി കേട്ട് അൽപമൊന്ന് പരിഭ്രമിച്ച് "മാരത്തോൺ" ഓട്ടം ഓടി പശ്ചിമഘട്ടാരോഹണം സാധിച്ചുവെന്നോ തീർച്ചപ്പെടുത്താൻ എനിക്കൊരു നിവൃത്തിയുമുണ്ടായിരുന്നില്ല. അന്നത്തെ രാത്രിയുടെ അന്ത്യഭാഗം മുഴുവനും "കീടതുല്യമായി"ത്തന്നെ കഴിക്കുവാൻ ഞാൻ തീർച്ചപ്പെടുത്തി.

നേരം പുലർന്നു പുലർന്നില്ല എന്നായപ്പോൾ ഞാൻ തല പൊന്തിച്ച് നാലുപാടും ശ്രദ്ധിച്ചുനോക്കി. കണ്ട കരിമ്പാറക്കെട്ടുകളിൽ രണ്ടെണ്ണമൊഴിച്ച് ബാക്കി എല്ലാം നിഴലുകളാണെന്ന് തീർച്ചപ്പെടുത്തി. "മിന്നിയും മങ്ങിയും മാറിമാറി" പിള്ളേർകളി കളിക്കുകയായിരുന്ന ദിനകരൻ ദിനകൃത്യങ്ങൾ കഴിച്ച് പുറത്തിറങ്ങാൻ കാണിക്കുന്ന കാതര സ്വഭാവത്തിൽ എനിക്കുള്ള അമർഷവും പ്രതിഷേധവും "അൺപാർല്യമെണ്ടറി"പദങ്ങളിൽ റിക്കാട്ടാക്കിക്കൊണ്ട് അൽപസമയംകൂടി കാത്തതിനുശേഷം ഞാൻ മെല്ലെ പുറത്തിറങ്ങി. സംശയം തോന്നിയതിൽ ഏറ്റവും അടുത്തുള്ള നിഴലിനെ സമീപിക്കാനൊരുങ്ങി പുറപ്പെട്ടു. അഞ്ചടി നടന്നില്ല മറ്റേ നിഴൽ ഒരുഗ്ര "ബബ്ബബ്ബ"യോടെ എന്റെ നേരെ ചീറിപ്പാഞ്ഞു. എന്റെ തോക്കിന്റെ രണ്ടു കുഴലുകളിലെയും ഉള്ളടക്കം അങ്ങോരെ സ്വീകരിച്ചു. അങ്ങോർക്കൊരു ഭാവഭേദവുമുണ്ടായില്ല. യാതൊരു തടസ്സവും ആ പാഞ്ഞുകേറ്റത്തിനുണ്ടായതായി തോന്നിയില്ല. ഞാൻ കുഴിയിലേക്ക് എടുത്തുചാടി. പന്നി തലയ്ക്കുമീതെ തുള്ളിക്കടന്നു പോവുകയും ചെയ്തു.

രക്ഷാഭടന്മാർ എത്തി. രണ്ട് സായുധരും മൂന്ന് നിരായുധരും. ഞാൻ കരയ്ക്കു കയറി. ഞങ്ങളെല്ലാവരും വളരെ സൂക്ഷിച്ചും ശ്രദ്ധിച്ചും അങ്ങോർ പോയ വഴിക്കു പോയി. വെടി മൂന്നും

വിദ്വാൻ വാങ്ങി സൂക്ഷിച്ചിട്ടുണ്ട്. ആ ഓട്ടത്തിന് അകലുന്തോറും അൽപസ്വൽപം ദൃഢതക്കുറവുണ്ട്. ഞങ്ങൾ പുനക്കൃഷിയുടെ വക്കിലുള്ള കാടുവരെ പിന്തുടർന്നു പോയി. അവിടെവച്ച് അനന്തരകരണീയത്തെക്കുറിച്ച് ചിന്തിച്ചു. അൽപദൂരത്തോളം കാട്ടിൽ കയറി ഗവേഷണം നടത്താൻ ഞങ്ങളുടെ കൂട്ടായ വിലക്കിനെ ധിക്കരിച്ച് ഒരു യുവസാഹസികൻ പുറപ്പെട്ടു. പത്തുവാര ഉള്ളിൽ കടന്നില്ല, ഭയങ്കര നിലവിളിയോടെ ആ ശൂരൻ ജെറ്റ് വിമാനത്തേക്കാളും വേഗതയിൽ കാട്ടിൽനിന്ന് മടങ്ങിയെത്തി. രണ്ടു സെക്കന്റിനുള്ളിൽ വരാഹാസുരനും പുറത്തു ചാടി. നാലു വെടി ഒപ്പം പൊട്ടി. അങ്ങോർ ചെരിഞ്ഞുവീണു. ഉടനെ വീണ്ടും എഴുന്നേറ്റു. കൂട്ടുകാർ ഹനുമാരുടെ മരുമക്കളായി സ്വയം തരംതാണു. പക്ഷെ ഫലത്തിൽ ധരാതലത്തിൽ നിന്നും ഉയർന്നുപൊങ്ങി. ഇച്ഛക്കൊത്ത് മരംചാടിയായി മാറുന്നതിൽ നിന്നും "ബ്രീച്ചസ്സും ബൂട്ട്സും" എന്നെ വിലക്കി. എങ്കിലും പന്നി അപകടകരമായത്ര അടുത്തെത്തുന്നതിനു മുമ്പ് രണ്ടു വെടികൂടി പൊട്ടിക്കാൻ എനിക്ക് സാധിച്ചു. ഫലം വട്ടപൂജ്യം. പന്നി പിന്നെയും അൽപം കുറഞ്ഞ വേഗതയിലാണെങ്കിലും നേരെ പാഞ്ഞടുക്കുകയാണ്. ഞാൻ ഒരു ലഘുത്വവും വിചാരിക്കാതെ ഭാവിക്കാതെ തിരിഞ്ഞോടി. ഓടുന്നതിനിടയിൽ തിര മാറ്റിവെച്ചു. മരത്തിന്മേലുള്ള ഒരു കൂട്ടുകാരൻ അപകടം മനസ്സിലാക്കി തുള്ളിയിറങ്ങി ഒരു ഭാഗത്തേക്കോടിമാറി വെടി പൊട്ടിച്ചു. പന്നിക്ക് ഒരു "നമ്പൂരിശങ്കയുടെ" രോഗം പിടിപെട്ടു. വെടി കേട്ട് ഞാൻ ഓട്ടം നിർത്തി തിരിഞ്ഞുനിന്നു. ഏതാണ്ട് മുപ്പതുവാര അകലത്തിൽ ഞങ്ങൾ രണ്ടുപേരും കൂടുതൽ എന്നോടടുത്തു പന്നിയും നിൽപായി. രണ്ടു പ്രതിയോഗികളിൽ ആരാണ് കൂടുതൽ ആക്രമണാർഹൻ, യോഗ്യൻ എന്നൊരു കുഴഞ്ഞ പ്രശ്നവും കൊണ്ട് അങ്ങോർ അൽപം വിമ്മിഷ്ടപ്പെട്ടുവെന്നു തോന്നുന്നു. ആ ഒരു സെക്കണ്ടിന്റെ ആദ്യാർദ്ധത്തിൽ എന്റെ വെടി ഒന്ന് പൊട്ടി. തുടർന്ന് കൂട്ടുകാരന്റെയും. പന്നി ചെരിഞ്ഞുവീണു.

പിന്നത്തെ ഉയിർത്തെഴുന്നേൽപിൽ എന്റെ രണ്ടാമത്തെ കുഴലും കാലിയായി. അങ്ങോർ "ഗുഡ്ബൈ" പറഞ്ഞില്ലെങ്കിലും ശയ്യാവലംബിയായി. ആകെ പതിനാല് ഉണ്ടകൾ സംഭരിച്ചുവെച്ചതിനു ശേഷമേ അങ്ങോരുടെ കുറുമ്പും ജീവനും യാത്രപറഞ്ഞ് പിരിഞ്ഞുള്ളൂ. ഞങ്ങൾ അടുത്തുപോയതുമുള്ളു. ഭയങ്കരൻ. അതിഭയങ്കരൻ. തേറ്റ നീളം ഏഴേമുക്കാലിഞ്ച്. മുപ്പത്തിഒന്നേകാൽ കുറ്റി നെയ്യാണ് പുള്ളി കരുതിസൂക്ഷിച്ചിരുന്നത്. ഇത്രയും പറഞ്ഞ് "എന്നാൽ പോയിവരട്ടെ" എന്ന് വിടവാങ്ങി പോകുന്ന എന്നോട് "എന്നിഹ തിരിച്ചെത്തീടും" എന്നൊരു ചോദ്യം നിങ്ങളെക്കൊണ്ട് ചോദിപ്പിക്കാൻ മാത്രം കഥനം നന്നായിട്ടുണ്ടെന്ന് എനിക്കഭിപ്രായമില്ല. പക്ഷെ നിങ്ങളുടെ സഹൃദയത്വത്തിന്റെ ഗുരുത്വം കൊണ്ട് അങ്ങനെയൊരു ചോദ്യം ഉത്ഭവിക്കുകയാണെങ്കിൽ അതിനു സമാധാനം പറയേണ്ടത് ഞാനല്ല. പത്രാധിപർ സാറാണ്. കൊച്ചിക്കാർക്ക് പെരുക്കാലും പത്രക്കാർക്ക് സ്ഥലക്കുറവും പടച്ചവൻതാൻ തന്നെ കൽപിച്ചുകൊടുത്തിട്ടുള്ള മഹാരോഗങ്ങളാണല്ലോ. എല്ലാവർക്കും നമസ്ക്കാരം.

11

നന്തനാരുടെ പതനം

ഞാൻ ഒരു "ജാംബവാൻ" മരുത് മരത്തിന്റെ ചുവട്ടിൽ അതോടു പറ്റിച്ചേർന്ന് മറഞ്ഞിരിക്കുകയാണ്. മരത്തിന്റെ മുകളിൽ ഏതാണ്ട് പത്തടി ഉയരത്തിൽ എന്റെ നിർല്ലോഭമായ സഹായത്തോടെ പറ്റിപ്പിടിച്ചു കയറിയ "നന്തനാരും" ഇരിക്കുന്നുണ്ട്. "നന്തനാരെന്ന്" കേട്ട് പരിഭ്രമിക്കേണ്ട. ആ "നന്തനാരും" ഈ "നന്തനാരും" തമ്മിൽ രക്തബന്ധമോ പുലബന്ധമോ ഒന്നും ഇല്ല. മുതൽമുടക്കില്ലാതെ പഞ്ചസാര ഉൽപാദിപ്പിക്കുന്ന ധന്യ - ധനിക - ഭാഗ്യവാന്മാരുടെ സംഘത്തിൽ പ്രമുഖസ്ഥാനം വഹിച്ചുകൊണ്ട് ഈ "നന്തനാർ" ഇന്നും ജീവിച്ചിരിപ്പുണ്ട്. എന്റെ ബന്ധുവാണ്. സ്നേഹിതനുമാണ്. അനന്തൻനായർ നന്തനാരായതെങ്ങനെയെന്ന കഥ ഇവിടെ പ്രസക്തമല്ല. ധനസ്ഥിതിയിലുള്ള വ്യത്യാസം ഞങ്ങളുടെ മനഃസ്ഥിതിയെ അന്നും ഇന്നും ബാധിച്ചിട്ടില്ല. അപ്പുറം മുൻശുണ്ഠി. ഇപ്പുറം കുസൃതി. ഫലം കൂടെക്കൂടെ കശപിശ. പക്ഷെ യാതൊരു ദുരുദ്ദേശവുമില്ലാത്ത എന്റെ കുസൃതി ഒരിക്കൽപോലും അങ്ങോരുടെ നിഷ്ക്കളങ്ക ഹൃദയത്തിൽ പോറലുകളുണ്ടാക്കിയിരുന്നില്ല. പണ്ടത്തെ പാഠപുസ്തകത്തിലെ "ചെട്ടി മാനിനെ വെടിവെച്ചു" എന്ന ശുദ്ധമേ അസംഭാവ്യ പ്രസ്താവം ചെറുപ്പത്തിൽ ഉരുവിട്ട് പഠിച്ചതാണ് വെടിയെക്കുറിച്ചും മാനിനെക്കുറിച്ചും അങ്ങോർക്കുള്ള അഗാധ വിജ്ഞാനത്തിന്റെ ആകെത്തുക. തമാശ കാണാൻവേണ്ടി കൂടെക്കൂടിയതാണ്. ഇടത്തും വലത്തുമുള്ള കടവുകളിൽ

നിൽക്കുന്നവരുടെ ഉന്നം പിഴച്ചാൽ സംഭവിച്ചേക്കാവുന്ന അപകടം കണക്കിലെടുത്ത് അങ്ങോരെ മരംചാടിയാക്കി മാറ്റിയതാണ്. കൂട്ടത്തിൽ ഒന്നുകൂടി പറഞ്ഞുകൊള്ളട്ടെ. അങ്ങോർ വായിച്ച് പാസ്സാക്കിയതിനുശേഷമാണ് ഈ കഥ പത്രത്തിനയക്കുന്നത്. കഥയിലെ അവസാന ഭാഗത്തെക്കുറിച്ച് ഞങ്ങൾ തമ്മിലുള്ള തർക്കം ഇന്നും തീർന്നിട്ടില്ല. ഒരൊത്തുരാജിത്തീർപ്പിനുംകൂടി രണ്ടാളും ഒരുക്കവുമില്ല. എന്നാലും ആ സ്നേഹധനൻ ഇക്കഥ വായിച്ച് മടക്കി അയക്കുമ്പോൾ എഴുതിയ കത്തിലെ ചില വാചകങ്ങൾ ഉദ്ധരിച്ചുകൊള്ളട്ടെ. "ഇക്കാലമത്രയും കഴിഞ്ഞിട്ടും നിന്റെ കുസൃതിക്ക് ഒരു ബലഹാനിയും സംഭവിച്ചിട്ടില്ലെന്നറിയാൻ കഴിഞ്ഞതിൽ എനിക്ക് സന്തോഷമുണ്ട്. അന്ന് ആ പുലി നിന്നെ "ടിഫീനാ"ക്കാഞ്ഞതിൽ കലശലായി ഖേദിക്കുകയും ചെയ്യുന്നു. ആദ്യത്തെ നായാട്ടുകഥ വായിച്ചപ്പോൾ തന്നെ നീ എന്നെ കടന്നുപിടികൂടുമെന്ന് ഞാൻ തീർച്ചപ്പെടുത്തിയിരുന്നു. ഇത്രയും താമസിച്ചതിലേ ആശ്ചര്യമുള്ളൂ. വീട്ടുപേരും തറവാട്ടുപേരും ജാതകപ്പേരും തിരുത്തിച്ചേർത്തേക്കല്ലെ. മാതൃഭൂമി പത്രാധിപരുടെ കണ്ണിൽ പൊടിയിട്ട് ഇതൊക്കെ പ്രസിദ്ധപ്പെടുത്താൻ നിനക്കെങ്ങനെ സാധിക്കുന്നു എന്ന് എന്താലോചിച്ചിട്ടും എനിക്ക് മനസ്സിലാവുന്നില്ല." ഇത്യാദി.

തെളിക്കുന്നവർ എനിക്കഭിമുഖമായി വടക്കുനിന്നു തെക്കോട്ട് കാടിളക്കിക്കൊണ്ട് കുന്നിറങ്ങി വരികയാണ്. തെളി തുടങ്ങി കഷ്ടിച്ച് പത്തുമിനുട്ടു കഴിഞ്ഞിട്ടേ ഉള്ളൂ. എന്തോ ഒരനക്കം – ഇളക്കം – പത്രമർമ്മരം മുമ്പിൽനിന്ന് കേട്ടോ എന്നൊരു ശങ്ക. കണ്ണും കാതും അങ്ങട്ട് നട്ട് ശ്വാസമടക്കിപ്പിടിച്ച് ഞാൻ ശ്രദ്ധിക്കുകയാണ്. പെട്ടെന്ന് തലയ്ക്കു മുകളിൽനിന്നുണ്ടായ നന്തനാരുടെ അരുളപ്പാട് അപ്പടി പകർത്താം. "എടടാ ഇതാ ബെരിന്നാ! മാൻ. മലാൻ (മലമാൻ). കൊമ്പൻ. ഊക്കൻ കൊമ്പൻ. വെക്കെടാ വെക്ക്. ഉംംംം. പൊട്ടട്ടെ." മുഴുവൻ അരുളപ്പാടും

കേൾക്കാൻ മലമാൻ കാത്തുനിന്നില്ല. അത് ഒരു "സമ്മർസാൾട്ട്"ടിച്ച് വന്നവഴിയേ തിരിഞ്ഞ് കാട്ടിലേക്ക് പറപറന്നു. നന്തനാർ തുടർന്നോതി. "ഫൂ കഴുതെ ഇത്ര അടുത്തെത്തീട്ടും വെച്ചൂടെന്നോ? എടാ വങ്കാ, എന്തിനാണെടാ തോക്ക്?" പിന്നെയും പലതും ഒക്കെ "അൺപാർല്ല്യമെന്ററി." "നോട്ട് പ്രിന്റബിൾ." നന്തനാരുടെ ശകാര "വൊക്കാബുലരി" അത്രയും വിപുലമാണെന്ന് ഞാൻ ധരിച്ചിരുന്നില്ല. അതികൗശലക്കാരായ ചില മൃഗങ്ങൾ നായാട്ടു തുടങ്ങുന്ന ആദ്യത്തെ "സിഗ്നൽ" കൂവൽ കേൾക്കുമ്പോൾത്തന്നെ സ്വസങ്കേതത്തിൽ നിന്ന് പൊടിതട്ടിയെഴുന്നേറ്റ് ഒളിച്ച് തടിതപ്പാനുദ്ദേശിച്ച് യാത്ര പുറപ്പെടും. എത്രയും സാവധാനത്തിലും നിശ്ശബ്ദമായും ചുറ്റുപാടുകൾ അതിസൂക്ഷ്മമായി ശ്രദ്ധിച്ചുകൊണ്ടും കാട്ടിന്റെ ഏതെങ്കിലും മൂലയിൽക്കൂടി അടുത്ത കാട്ടിലേക്കു കടക്കാൻ അവ പരിശ്രമിക്കും. തെളിക്കാൻ തുടങ്ങുന്നതിന്റെ എതിർഭാഗത്തെ അറ്റത്തുള്ള കടവിൽ നിൽക്കുന്ന വെടിക്കാർ അത്യധികം ശ്രദ്ധാലുക്കളല്ലെങ്കിൽ മാനുകൾ പ്രത്യേകിച്ചും അവരെ ബ്ളീച്ചടിപ്പിക്കും. ബ്ളീച്ചടിപ്പിക്കുന്നത് സാധാരണമാണ്. കടവിനടുത്ത് പതുങ്ങിപ്പതുങ്ങി എത്തി ഒന്ന് തഞ്ചിനിന്ന് ഒരൊറ്റ എടുത്തുചാട്ടം. വെടിക്കാരൻ അങ്ങട്ട് നോക്കുമ്പോഴേക്ക് മാൻ ഒരു ഫർലാങ്ങപ്പുറമെത്തീട്ടുണ്ടാവും. അങ്ങനെ ഒളിച്ചുപോവാൻ വന്നതായിരുന്നു പ്രസ്തുത മാനും. ഏതാണ്ട് കടവിനടുത്തെത്തിയപ്പോൾ മരത്തിന്മേൽ നിൽക്കുന്ന നന്തനാർക്ക് അതിനെ വ്യക്തമായി കാണാമായിരുന്നു. പക്ഷെ നിലത്തിരിക്കുന്ന എനിക്ക് അത് തീരെ സാദ്ധ്യവുമായിരുന്നില്ല. കാട്ടിലെ മൈനർ അചരങ്ങൾ നിബിഡമായി തഴച്ചുവളർന്ന ചതുപ്പുസ്ഥലമാണ് എന്നെ ചുഴ്ന്നു നിൽക്കുന്നത്. അതിന്റെ മദ്ധ്യത്തിൽ കിഴക്കുപടിഞ്ഞാറായി നീണ്ടുകിടക്കുന്ന കന്നുകാലികൾ മേച്ചിലിനു പോകുന്ന ഒരിടുങ്ങിയ വഴിയിലാണ് ഞാനിരിക്കുന്നത്. സുബ്ബലക്ഷ്മിയുടെ പാട്ടു

കച്ചേരികൂടി ഭയാശങ്കകളോടെയല്ലാതെ കേൾക്കാൻ സാധിക്കാത്ത മലമാൻ നന്തനാരുടെ കട്ടപിടിച്ച കണ്ഠ്യസ്വരംകേട്ട് സർവ്വ ലോകറിക്കാർഡുകളും ഭേദിച്ച് പറപറന്നതിൽ എന്തുണ്ടാശ്ചര്യപ്പെടാൻ! പതിഞ്ഞ സ്വരത്തിൽ നന്തനാരെ "ശകാരമൊരു പാട് കഴിച്ച്" മേലിൽ ആ വങ്കത്തമാവർത്തിക്കുകയില്ലെന്ന് ഞാൻ ഉറപ്പുവരുത്തി. വീണ്ടും പഴയപടി മരത്തിന്റെ മറവിൽ ഇരിപ്പുറപ്പിച്ചു.

സരസവും പ്രൗഢവും സാരഗർഭവും ഒക്കെ ആയിരുന്ന ശകാരത്തിന്റെ മുമ്പിൽ "വെൺചന്ദ്രികയ്ക്ക് നിറംകൂട്ടുമാറൊന്നു - പുഞ്ചിരി തൂകുക മാത്രം" ചെയ്ത നന്തനാരോട് ഈ നായർക്കുള്ള അരിശം തീർന്നതേ ഇല്ല. കൂടെക്കൂടെ മേലോട്ട് നോക്കി കൊഞ്ഞനം കാട്ടുകയും ശബ്ദമില്ലാത്ത "ഫ"കാരം സമ്മാനിക്കുകയും ചെയ്യുകയായിരുന്നു അധഃസ്ഥിതനായ ഈ നായർ. "കെട്ടിയ പെണ്ണൊന്നു"മല്ലെങ്കിലും നന്തനാർക്ക് "കിട്ടിയ വടി കൊണ്ടൊന്നു കൊടുക്കാൻ" ഞാനത്യധികം ആശിച്ചു. ആ അരിശക്കോലാഹലത്തിനിടയിൽ എന്തോ ഒന്ന് ഒരു ചെറിയ സാധനം എന്റെ മുമ്പിലുള്ള കാട്ടിൽക്കൂടി കിഴക്കോട്ട് പാഞ്ഞുപോയി. ഒരു നിഴലാട്ടം കണ്ടുവെന്നല്ലാതെ വിവരം തലച്ചോറിലെത്തി അനന്തരനടപടികൾ വിധിയാംവണ്ണം നടക്കുവാൻ മാത്രം വ്യക്തമായിരുന്നില്ല ആ ദൃശ്യം. നന്തനാരുടെ കണ്ണിൽ അത് പെട്ടിരുന്നുവോ എന്നറിയാൻ ഞാൻ മേലോട്ടുനോക്കി. ആ മാന്യദേഹം വടക്കുപടിഞ്ഞാറോട്ട് ദൃഷ്ടിയുറപ്പിച്ച് യാതൊരു ചലനവുമില്ലാതെ നിൽക്കുകയാണ്. നെഞ്ചിന് സമമായി പടിഞ്ഞാറോട്ടു നീണ്ടുപോകുന്ന ഒരു മരക്കൊമ്പ് അങ്ങോർ പിടിച്ചിട്ടുണ്ട്. രണ്ടു കൈകൊണ്ടും മുറുകെമുറുകെ പിടിച്ചിട്ടുണ്ട്. ആ നോട്ടത്തിലും നിൽപിലും ഭാവത്തിലും എന്തോ ഒരു പന്തികേടുണ്ടെന്ന് വിശേഷിച്ചൊരു തെളിവുമില്ലെങ്കിലും എനിക്ക് തോന്നി. കണ്ണുകൾ രണ്ടും എനിക്കദൃശ്യമായ ഒരു സ്ഥാനത്തോട്

കയറിട്ട് പിടിച്ചുവലിച്ചു മുറുക്കിക്കെട്ടീട്ടുണ്ടെന്ന പ്രതീതിയുള വാക്കാൻ മാത്രം നിശ്ചലവും സൂക്ഷ്മവും ഏകാഗ്രവും ആയിരുന്നു ആ നോട്ടം. പുള്ളിയുടെ ശരീരമാകെ വിയർപ്പിൽ മുങ്ങിക്കുളിച്ചിട്ടുണ്ട്. ഇടയ്ക്കിടെ കാലുകൾക്കൊരു ചെറിയ വിറയലുണ്ടാവുന്നുണ്ടോ എന്നും ഞാൻ ശങ്കിച്ചു. എന്തത്യാപത്താണ് വന്നത്, വരാൻ പോകുന്നത് എന്ന പരിഭ്രമം എന്നെ ഒട്ടൊന്ന് പിടിച്ചുകുലുക്കി. "ക്വിന്റൽ" കണക്കിൽ തൂക്കം കണക്കാക്കപ്പെടാനർഹതയുള്ള നന്തനാരുടെ "തിരുമ്പി വരവ്" ഏറ്റവും കുറുകിയ വഴിക്കും സ്വൽപം ബദ്ധപ്പെട്ടും ആണെങ്കിൽ പരിക്ക് അധികം പറ്റുക ഭാരതാംബയ്ക്കോ മകനോ എന്നൊരു കുസൃതി പ്രശ്നം എന്റെ മനസ്സിൽക്കൂടി മിന്നൽപര്യടനം നടത്തി. ഒന്നുരണ്ട് ചെറിയ കല്ലുകൾ പെറുക്കി അൽപം ശക്തിയിൽതന്നെ ഞാനങ്ങോരെ എറിഞ്ഞു. ഏറു കൊണ്ടെങ്കിലും ആ ഹിമാലയൻ മാംസപിണ്ഡത്തിൽ ഒരു പ്രതികരണവും ആ കല്ലുകളുണ്ടാക്കിയില്ല. അങ്ങോരുടെ കണ്ണുകൾ പോയ വഴിക്ക്, പോകുന്ന വഴിക്ക് എന്റെ കണ്ണുകളും പാളിനോക്കി. ഒന്നും കാണുന്നില്ല. ഉൾക്കണ്ണുകൾക്കല്ലാതെ പുറംകണ്ണുകൾക്ക് ആ "പച്ച വില്ലീസ് പുതച്ചാമട്ടിൽ വിളങ്ങുന്ന" തിരശ്ശീല ഭേദിക്കാൻ കെൽപുണ്ടായിരുന്നില്ല. ഞാൻ വീണ്ടും നന്തനാരെ നോക്കി. അങ്ങോർ തന്റെ "ബ്രഹ്മനിശ്ചലധ്യാനം" അവിച്ഛിന്നമായി തുടരുകയാണ്. പക്ഷെ കാലുകൾക്ക് വിറയൽ അൽപം കൂടുതലാവുന്നുണ്ടോ എന്നൊരു "നമ്പൂരിശങ്ക"ക്ക് ആ നോട്ടം വഴിതെളിയിച്ചു. തെളിക്കാരുടെ ആർപ്പുവിളി കാതുകളിൽ ആഞ്ഞുതറച്ച് തുളച്ചു കയറുകയാണ്. താങ്ങാൻ വളരെയധികം വിഷമമുള്ള ഭാരം പുറത്തു കയറ്റിയ ഒരു നാൽക്കാലിയായി സ്വയംമാറി നന്തനാരുടെ കണ്ണുകൾ പോകുന്ന വഴിക്ക് ആ കാട്ടിനുള്ളിലേക്ക് ഞാൻ ഇഴഞ്ഞുകയറി. നാലഞ്ചുവാര ഉള്ളിൽ കടന്ന് സർവ്വസാക്ഷിയെക്കൂടി കബളിപ്പിക്കുന്നത്ര രഹസ്യമായി വായുഭഗവാനിൽ ഒരു നേരിയ സംശയം

പോലുമുൽപാദിപ്പിക്കാത്തത്ര സാവധാനത്തിൽ മുമ്പിലുള്ള ഇല കൾ നീക്കിനോക്കി. നന്തനാർ കാണുന്നത് ഞാനും കണ്ടു. പക്ഷെ പ്രതികരണങ്ങൾ അമ്പേ വ്യത്യസ്തമായിരുന്നുവെന്നു മാത്രം. മേടച്ചൂടിൽ നട്ടുച്ചനേരത്ത് ഒരു നാഴിക പദയാത്രയ്ക്കുശേഷം കിട്ടിയ "ഐസ്ക്രീ"മിൽ നിന്ന് ആദ്യത്തെ സ്പൂൺ അകത്തു ചെല്ലുമ്പോളുണ്ടാവുന്ന അത്രതന്നെ ക്ലോശാപഹമായ, ശാന്തി ദമായ ഒരു കുളുർമ എന്നെ ആപാദചൂഡം പുളകംകൊള്ളിച്ചു. ആറൗൺസും തിങ്കളാഴ്ചവ്രതവും ക്രമപ്രവൃദ്ധമായ വളർച്ചയെ മന്ദീഭവിപ്പിച്ചിട്ടില്ലാത്ത, സന്ദർഭമതായതുകൊണ്ട് രൗദ്രഭാവ ത്തിന്റെ ലാഞ്ചനപോലുമില്ലാത്ത ഒരു മധുരപ്പതിനേഴുകാരി മിസ്സിസ്സ് നരിയമ്മാമൻ രണ്ടു കൈകളും നിലത്തുറപ്പിച്ചൂന്നി ആസ നസ്ഥയായി, തല അൽപമൊന്ന് വലത്തോട്ട് ചെരിച്ചു പൊന്തിച്ച് നന്തനാരുടെ സൗകുമാര്യം നോക്കി നുകരുകയാണ്. കുടവയറും "അത്രതന്നെ വേണോ" എന്ന് ചോദിപ്പിക്കുന്ന പിന്നണിപ്രദേ ശവും ഒഴിച്ചുനിർത്തി നോക്കിയാൽ "കാലിൽ ദർഭമുന കൊ ള്ളിക്കുന്നതിന്റെ"യും "മാറിൽ പുഷ്പശരമേൽപിക്കുന്ന തിന്റെ"യും ഏതാണ്ടടുത്ത അയൽവക്കത്താണ് നന്തനാരുടെ താമസം. "മാൻ തുള്ളും മലയോരത്തിലെ" "സ്റ്റാന്റേർഡ്" മാന ദണ്ഡം വെച്ചു നോക്കിയാണിപ്പറയുന്നതെന്നറിയുകയും വേണം.

കേട്ടോ കൂട്ടരെ നരിയേയും നാരിയേയും അവരിങ്ങട്ട് കാണാത്തപ്പോൾ അങ്ങോട്ട് കാണണം. തനിനിറം കാണണമെ ങ്കിൽ അങ്ങനെതന്നെ വേണം. എന്നാലേ കറുപ്പ് വെളുപ്പാവാ തെയും വെളുപ്പ് കറുപ്പാവാതേയുമുള്ള യഥാർത്ഥ സ്വരൂപഭാവ ങ്ങൾ കാണാനൊക്കൂ. ഞാൻ സൗഭാഗ്യവതി വ്യാഘ്രാംബാളെ അല്പസമയം നോക്കിനിന്നുപോയി. എന്തൊരു ചന്തം! ആ മു ഖവടിവിനൊത്ത മൂക്കും ചുണ്ടും മെനഞ്ഞെടുത്ത ബ്രഹ്മാവിന്റെ കരവിരുതും കലാബോധവും അനുപമമാണ്. ഏതാണ്ട് വൃത്ത മൊത്ത് അൽപം ചെമ്പിച്ച ലജ്ജയും ഭയവും അനവദ്യതയും

മാറിമാറി നൃത്തമാടുന്ന ആ കണ്ണുകൾക്കു വേണ്ടി, ഭഗവാനാണെ, ഈ കണ്ണു രണ്ടാണെ, സാക്ഷാൽ കണ്ണനും കൂടി ബ്രഹ്മാവിന് അപേക്ഷാഹർജി സമർപ്പിച്ചിരുന്നുവെന്ന് ഞാൻ, ഈ ഞാൻ നിങ്ങളോടു പറയുന്നു. എനിക്കറിയാം നിങ്ങൾ വിശ്വസിക്കുകയില്ലെന്ന്. എന്നുവെച്ച് "പറയബിൾ" ആയത് പറയാതിരിക്കുന്ന, പറയാൻ ഭയപ്പെടുന്ന, ഭീരുവല്ല ഞാനെന്ന് "ധരിച്ചോണ്ടേച്ചാൽ മതി." ഇല്ല. ഞാൻ ആ നരിപ്പെണ്ണിന്റെ സൗകുമാര്യം വർണ്ണിക്കുന്നില്ല. ഒത്തെങ്കിൽ കണ്ടറിഞ്ഞോളൂ. കേട്ടറിവ് "എവിഡൻസ് ആക്ട്" പ്രകാരം തെളിവുമല്ലല്ലൊ. നമുക്ക് കഥ തുടരുക. സൗഭാഗ്യവതിയുടെ ഒപ്പം രണ്ടു പേരക്കിടാങ്ങളുമുണ്ട്. പിൻഭാഗത്തു നീട്ടിയിട്ട വാലുകൊണ്ട് അമ്മ പല അഭ്യാസങ്ങളും കാണിക്കുന്നുണ്ട്. കൊച്ചോമനകൾ ആ അധികപ്രസംഗി വാലിനെ പിടികൂടാനും നിലയ്ക്കുനിർത്താനും കൊണ്ടുപിടിച്ച് പരിശ്രമിക്കുകയാണ്. സർവ്വാംഗം കോരിത്തരിപ്പിക്കുന്ന ആ രംഗം ഞാനല്ല നിങ്ങളല്ല സാക്ഷാൽ ഉദ്ദണ്ഡശാസ്ത്രികൾ താൻ പോലും ഇമവെട്ടാതെ നോക്കി നിന്നുപോകും.

എന്നിലുള്ള ശിക്കാർകമ്പവും ഭൂതദയയും തമ്മിൽ ഒരു ചില്ലറ കശപിശ നടന്നു. എന്നുമെന്നും സംഭവിക്കാറുള്ളതുപോലെ ഭൂതദയ തോറ്റമ്പി എവിടെയോ പോയൊളിച്ചു. അക്കണ്ട കാഴ്ചയിൽ വെടിവെക്കാൻ ഒരു സൗകര്യവുമില്ലായിരുന്നു. കരുതലോടെ മാത്രമേ വെടിവെക്കാൻ പാടുള്ളൂ. അരിശവും പകയും പരാക്രമവും അമ്മാമനെക്കാൾ ഗണ്യമായ തോതിൽ കൂടുതൽ സ്റ്റോക്കു ചെയ്യുക അമ്മായിയാണ്. സന്താനങ്ങളൊപ്പമുള്ളപ്പോൾ ആനയേക്കാൾ കായബലവും പാമ്പിനേക്കാൾ വേഗതയും അയൂബിനെക്കാൾ പകയും ചൗവിനെക്കാൾ വിദ്വേഷവും അമ്മായി എടുത്ത് പെരുമാറും. ഞാൻ ഇഴഞ്ഞു പിന്മാറി മുൻപറഞ്ഞ കാട്ടുവഴിയിലിറങ്ങി. നന്തനാരെ ഒന്നുനോക്കി. അങ്ങോരുടെ പരിഭ്രമം ഒന്നു വർദ്ധിച്ചിട്ടുണ്ട്. വർദ്ധിക്കുന്നുമുണ്ട്. തെളി

ക്കാരുടെ കൂക്കും വിളിയും അൽപനേരം കേട്ടു സഹിച്ചതിനു ശേഷമായിരിക്കണം അമ്മായി മക്കളെയും കൂട്ടി യാത്ര പുറപ്പെട്ടത്. വടക്കുനിന്ന് കുന്നിറങ്ങി വരുന്ന അമ്മായി ഏതാണ്ട് നന്തനാരുടെ അതേ "ലവലിൽ" ആദ്യം മലമാനിനെ കണ്ട ഒഴിവു സ്ഥലത്തെത്തിയപ്പോൾ ഏകദേശം ഒരേസമയത്ത് നരന്റെയും നരിയുടെയും കണ്ണുകൾ പരസ്പരം ഇടഞ്ഞു. കവിഞ്ഞാൽ ഇരുപതുവാര അകലമേ രണ്ടു ജീവികളും തമ്മിലുള്ളു. നരന് "ബലുങ്ങനെ ബയ ബന്നു." നരിക്ക് ആപച്ഛങ്കയും. നന്തനാരിൽ നിന്ന് വല്ല അനക്കമോ ശബ്ദമോ ഉണ്ടായെങ്കിൽ ആ ക്ഷണം നരി മിന്നൽവേഗത്തിൽ ഓടി മറയുമായിരുന്നു. എനിക്ക് വെടിവെക്കാൻ കഴിയുന്ന കാര്യം വളരെ കഷ്ടിയുമാവും നന്തനാർ നരിയെ കാണുന്നത് അതാദ്യത്തെ പ്രാവശ്യമാണ്. അതും മുഖത്തോടുമുഖം. വളരെ അടുത്ത്. കണ്ട മാത്രയിൽ ഞെട്ടി സ്തംഭിച്ച് സർവ്വാംഗം മരവിച്ച് തിക്കൊടി ദീപസ്തംഭം പോലെ അങ്ങോർ ആട്ടവും അനക്കവുമില്ലാതെ ഒറ്റ നിൽപിൽ നിന്നുപോയതാണ്. ആ നിശ്ചലത കൊണ്ട് മുന്നിൽ കാണുന്നത് ബന്ധുവോ, ശത്രുവോ, നിരുപദ്രവിയായ മരത്തിന്റെ ഭാഗമോ എന്നൊന്നും അമ്മായിക്കൊരെത്തുംപിടിയും കിട്ടിയില്ല. മുന്നോട്ടു പോകാൻ മൂപ്പത്ത്യാരുടെ നമ്പൂരിശങ്ക സമ്മതിക്കുന്നില്ല. പിന്നോട്ടു പോകാൻ അടുത്തടുത്തു വരുന്ന തെളിക്കാരുടെ ആർപ്പുവിളിയും. ആകെ കുഴഞ്ഞ പ്രശ്നം. കാണുന്നതിനെ കണക്കിലെടുക്കാനും കേൾക്കുന്നതിനെ അവഗണിക്കാനും അമ്മായി തീരുമാനിച്ചു. "ബറുമ്പോലെ ബർട്ടെ" എന്നുറച്ച് അവിടെയങ്ങിരുന്നു. നന്തനാരാണെങ്കിൽ മരുതുമരവുമായി താദാത്മ്യം പ്രാപിച്ച് "ഇരുമെയ്യാണെങ്കിലും നമ്മളൊറ്റക്കരളല്ലെ" എന്ന് രമണൻസാർ പാടിയതനുഭവത്തിൽ പ്രവർത്തിച്ചു കാണിച്ചുകൊണ്ട് സ്ഥലകാലബോധമില്ലാതെ അന്തംവിട്ട് കമ്പിത്തൂണുപോലെ നിശ്ചലമായി നിൽക്കുകയുമാണ്.

പടിഞ്ഞാറോട്ട് അൽപദൂരം ആ വഴിയിൽകൂടിത്തന്നെ ഞാൻ നീങ്ങി. വീണ്ടും നാൽക്കാലിയായിമാറി കാട്ടിലേക്കിഴ ഞ്ഞു കടന്നു. മനസ്സുകൊണ്ട് ദിക്കും ദൂരവും കണക്കാക്കി അമ്മാ യിയുടെ തിരുനെറ്റിയിൽ ഉണ്ടത്തിലകം ചാർത്താൻ പറ്റുന്ന സ്ഥാനം നിർണ്ണയിച്ച് അവിടേക്ക് ഇഴഞ്ഞെത്തി. വളരെയധികം സൂക്ഷിച്ച് കാഴ്ചത്തടസ്സം നീക്കി നോക്കി. അമ്മായിയുടെ ദൃഷ്ടി നന്തനാരുടെ അഴകിലൂന്നിത്തന്നെ നിൽക്കുന്നു. വാൽപയറ്റ് നിർബ്ബാധം തുടർന്ന് നടത്തപ്പെടുകയാണ്. പിള്ളരുടെ പിള്ളർക ളിക്ക് മൂപ്പും വാശിയും കൂടീട്ടുണ്ട്. മൃഗം ഉയർന്ന നിലവാരത്തിലും മനുഷ്യൻ താഴ്ന്ന നിലവാരത്തിലും സ്ഥിതിചെയ്യുമ്പോൾ വെടിവെക്കാൻ കൂടുതൽ എളുപ്പവും സൗകര്യവുമുണ്ടെങ്കിലും അത്രതന്നെ അപകട സാദ്ധ്യതയും കൂടുതലാണ്. ആ ബോധ ത്തോടുകൂടി ഇഞ്ചിഞ്ചായി എന്റെ തോക്ക് നീണ്ടു. വ്യാഘ്രാ ംബാളുടെ "ആഡംസ് ആപ്പിളും" - കണ്ഠനാളത്തിലെ മുഴ - തോക്കിന്റെ കാണിയും എന്റെ കണ്ണും ഒരു നേർവരയിലായി കിട്ടിയപ്പോൾ ഞാൻ കാഞ്ചിയമർത്തി. വെടി പൊട്ടി.

ഹൂ!!! എന്റെ പാറമേക്കാവിലമ്മേ, ഇങ്ങനെയുമുണ്ടാവുമോ ഒരു "കൺഫ്യൂഷൻ." ഒരു ബഹളം. കോലാഹലം. കെട്ടിമറിച്ചിൽ. വെടിയുടെ ശബ്ദത്തോടൊപ്പം സ്ത്രീവർഗ്ഗസഹജമല്ലാത്ത സ്വ രത്തിൽ ഒരു ഭയങ്കര ഗർജ്ജനം മുഴക്കിക്കൊണ്ട് ആ നരിനാരി ഒരൊറ്റ ചാട്ടം. മനുഷ്യസഹജമല്ലാത്ത ഒരു ദീനാക്രന്ദനം പുറ പ്പെടുവിച്ചുകൊണ്ട് നന്തനാരെന്ന നരപുംഗവൻ ചക്ക പറച്ചിട്ട പോലെ താഴെ. രണ്ടു ജീവികൾക്കും നടുവിൽ കൂടുതൽ നരി യോടടുത്ത് ഈയുള്ളവനും. പുലി നിലം തൊട്ടുതൊട്ടില്ല എന്നാ വുമ്പോഴേക്ക് ഗുരുകാരണവന്മാരുടെ സന്തത സഹചാര്യവും കരുണാകടാക്ഷവും ആ അതിസന്നിദ്ധഘട്ടത്തിൽ വെച്ചിട്ട് പോകരുതേ എന്ന 110 ഡിഗ്രി ടെമ്പറേച്ചറുള്ള പൊരിയുന്ന പ്രാർത്ഥനയോടെ, മനസ്സും കണ്ണും കൈകളും അവരുടെ കൂട്ടു

ത്തരവാദിത്തം അണുപോലും പിഴക്കാതെ, “ഉൾക്കമ്പത്താലാകുലമാവാതെ” നിറവേറ്റിയില്ലെങ്കിൽ കാര്യം കുന്തത്തിന്മേൽ കുന്തമാണെന്ന പരിപൂർണ്ണബോധത്തോടെ, ഞാൻ തോക്കിലെ മറ്റേ കുഴലും ഒഴിച്ചു. മരണഭയം പിടിച്ചുതള്ളിയാൽ “മുതലക്കൂപ്പ്” പിന്നോട്ടും ആവാമെന്നും വേഗതയ്ക്കൊരു കുറവും വരികയില്ലെന്നും നിങ്ങളെ തെര്യപ്പെടുത്തുന്നതിൽ എനിക്ക് യാതൊരു ലാഘവവും തോന്നുന്നില്ല. നിങ്ങളെന്തു വിചാരിച്ചാലും ഇങ്ങൊരു ചുക്കുമില്ല. വെടിയേറ്റു പിടയുന്ന പുലിയുടെ സാമീപ്യം ദേഹാരോഗ്യങ്ങൾക്ക് “ബുഷ്ടികര”മല്ലെന്നറിയേണ്ടവൻ ഞാനാണ്. നിങ്ങളല്ല.

രാഗം, താനം, പല്ലവി പൊടിപാറ്റുന്ന നന്തനാരുടെ അടുത്തേക്കോടിചെല്ലാൻ ഞാനൽപം താമസിച്ചു. നാലഞ്ചുവാര മാത്രം അകലെ തുള്ളി നിലംപതിച്ച അമ്മായിയുടെ അനന്തര പരിപാടി അറിയാതെ പിൻതിരിഞ്ഞാൽ എടുത്തുപറയാൻ മാത്രം പരിപുഷ്ടമല്ലാത്ത, കഷ്ടിച്ച് കൃത്യം കഴിച്ച് കൃതകൃത്യതയടയുന്ന എന്റെ പിന്നണിപ്രദേശത്തിന്റെ കാര്യം അവതാളത്തിലായേക്കുമെന്ന് ഭയപ്പെടേണ്ടതില്ലെ സാർ? വീരചരമമടയുകയോ വൈരിവധം നടത്തുകയോ ഏതാണ് വ്യാഘ്രാംബാൾ അനുഷ്ഠിക്കുന്ന അടുത്ത കർമ്മമെന്നറിയാൻ ഞാനൽപനേരം ശ്രീമതിയെ ശ്രദ്ധിച്ചു നോക്കിനിന്നു. ഇല്ല. അമ്മായി തലയണമന്ത്രം കൊണ്ട് ഇനി ഒരമ്മാമനെയും വഴിതെറ്റിക്കില്ല. പോകുന്ന പോക്ക് ഇങ്ങിനിവരാതവണ്ണമുള്ള പോക്കു തന്നെയാണ്. അവൾ കിടന്നു പിടയ്ക്കുകയാണ്. കിടന്നു പിടയ്ക്കട്ടെ. എത്ര കാമധേനുക്കളെ പച്ചയോടെ കശാപ്പുചെയ്തു കാർന്നുതിന്ന സാമാനമാണ്! അവിടെക്കിടന്ന് അങ്ങനെ പിടയ്ക്കട്ടെ അല്ലെ സാർ?

നന്തനാർ പാട്ടുകച്ചേരി തകർക്കുകയാണ്. ഞാനങ്ങോട്ടോടിച്ചെന്നു. പ്രത്യക്ഷമായി കാണാവുന്ന പരിക്കുകളൊന്നും അങ്ങോർക്കില്ല. വേഷഭൂഷാദികൾ രക്തപങ്കിലവുമല്ല. “ശുഭസ്യ

ശീഘ്രം" എന്ന പ്രമാണമനുസരിച്ച് അത്രവേഗം അനന്തതയിലേക്കാനയിക്കുന്ന പരിക്കുകളൊന്നും ഉള്ളിലും പറ്റിയതായി തോന്നിയില്ല. പുള്ളിയുടെ ഇടത്തെ ചെകിട്ടത്ത് മലമാനിന്റെ കഥ തെല്ലൊരു പരിഭവത്തോടെ ഓർത്തുകൊണ്ട് ഞാനൊന്നു പൊട്ടിച്ചു. നിലവിളി ഫുൾസ്റ്റോപ്പ്. അങ്ങോർക്ക് ബോധംവീണു. ഞാനാ ചങ്ങാതിയോട് അൽപസമയം "ഞായം" പറഞ്ഞു. ഒന്ന് ആകെ തടവി മിനുക്കി. അങ്ങോർ സ്വസ്ഥനാവുകയും ചെയ്തു. പുലി തുള്ളിവീണത് എന്റെ മേലാണെന്നും ഞാൻ അതിന്റെ "ടിഫീനാ"യിപ്പോയെന്നും തെറ്റിദ്ധരിച്ചാണ് താൻ വിലപിച്ചതെന്നും വല്ല സഹായവും ചെയ്യാനൊത്തെങ്കിൽ എന്ന ആശയോടെ ഉന്നതപദവി സ്വയം ഉപേക്ഷിച്ച് താഴോട്ടു ചാടിയതാണെന്നും നന്തനാർ തീരെ അനാവശ്യമായ രൂക്ഷതയോടെ - "വെഹിമെന്റായി" - വാദിക്കാൻ തുടങ്ങിയത് രണ്ടുദിവസം കഴിഞ്ഞിട്ടാണ്. ആ വാദം നിലനിൽക്കുന്നു. ഇന്നും തുടരുന്നു. ഭയപ്പെട്ട് സ്വബോധമറ്റ് "കിടുകിടാ" വിറച്ച് നിൽപുറയ്ക്കാതെ "ചടപട" വീണതാണെന്നുള്ള എന്റെ ഉറച്ച അഭിപ്രായം തുറന്നുപറയാൻ ഞാനൊരിക്കലും ഒരു സങ്കോചവും കാണിക്കാറുമില്ല. വളരെ സാഹസപ്പെട്ട് പിടിച്ചു വലിച്ചിഴച്ച് ഇവിടെ, ഇന്നാട്ടിൽ ചുവപ്പുനിറസഹിതം കൊണ്ടുവന്നു പ്രതിഷ്ഠിച്ചിട്ടുള്ള സോഷ്യലിസത്തിന്റെ ആദ്യ നേട്ടം ആർക്കും ആരെക്കൊണ്ടും എന്തും പറയാമെന്നുള്ള ഒരു പൊതുലൈസൻസ് വിതരണമാണെന്നും ആ നിലയ്ക്ക് ഒരു സോഷ്യലിസകാമുകനായ താൻ ഇക്കഥയുടെ തലക്കെട്ട് അങ്ങനെയെഴുതിയതിലുള്ള പ്രതിഷേധവും അമർഷവും പാദരക്ഷാപ്രയോഗം കൊണ്ട് രേഖപ്പെടുത്തുന്നത് സോഷ്യലിസ്റ്റാദർശങ്ങൾക്ക് നിരക്കാത്തതാകയാൽ തൽക്കാലം ക്ഷമിച്ചിരിക്കുന്നുവെന്നും ശ്രീനന്തനാർ നടേപ്പറഞ്ഞ കത്തിൽ എഴുതിയ വിവരം വായനക്കാരെ അറിയിച്ചുകൊള്ളുന്നു.

പുലിയുടെ മരണഗോഷ്ഠി അധികം നീണ്ടുനിന്നില്ല. എന്റെ വിളിച്ചറിയിപ്പനുസരിച്ച് നായാട്ടുകാരെല്ലാവരും എത്തിച്ചേർന്നു. പുലിക്കു പുറമെ രണ്ടു പന്നികൾ കൂടി അന്നത്തെ നാൾവഴിക്കണക്കിൽ വരവു ചേർക്കാനുണ്ടായിരുന്നു. നരിക്കുട്ടികളുടെ രോമം പോലും ആ കാടുമുഴുവൻ സശ്രദ്ധം രണ്ടുവട്ടം പരിശോധിച്ചിട്ടും കണ്ടുകിട്ടിയതുമില്ല. നന്തനാർ പിന്നീട് എത്ര നിർബ്ബന്ധമായി ക്ഷണിച്ചാലും നായാട്ടിൽ പങ്കുചേരാറില്ല.

പത്രാധിപർ "ആസ്പ്രൊ" അന്വേഷിച്ച് "ലാസ്റ്റ്ഗ്രേഡി നെ" തിരക്കിട്ടയച്ചിരിക്കയാണ്. അതുകൊണ്ട് തൽക്കാലം നിർത്തുന്നു. എല്ലാവർക്കും ഭാരതീകരിച്ച സലാം. അതായത് കൂപ്പുകൈ.

12

പാണ്ടോദന്തം – 1

അങ്ങനെ മീനശ്ശനി ചിങ്ങവ്യാഴം കൊല്ലവർഷം 1143-ാമാണ്ട് കുംഭമാസം 8-ാം തീയതി അഷ്ടമിതിഥി അനിഴം നക്ഷത്രാദ്യ പാദത്തിൽ "പാണ്ടൻ" "ക്ളോസ്." അല്ല ദിവംഗതനായി എന്നാണ് പറയേണ്ടത്. എന്നുതന്നെ പറയണം. അങ്ങനെ തറപ്പിച്ച് ഉറപ്പിച്ചു പറയുന്നതിൽ യുക്തിവാദികളെന്ന് സ്വയം അഭിമാനിക്കുന്ന പരമയോഗ്യന്മാർ അരിശപ്പെടും. അച്ചരക്ക് - യുക്തിവാദം - അവരുടെ കുത്തകയാണെന്നാണ് പാവങ്ങളുടെ വിശ്വാസം. അവരുടെ വാദങ്ങൾക്ക് യുക്തിപൂർവ്വം എതിർവാദങ്ങൾ ഹാജരാക്കിയാൽ അവർക്ക് ഭയങ്കര ശുണ്ഠിയും വരും. അവരുടെ ശുണ്ഠിയോടാണ് "തടുപ്പോറി"ല്ലാത്തത്. യുക്തിയോടല്ല. ഒരുപക്ഷെ ദിവംഗതനായെന്ന് പറയുന്നതിൽ കോൺഗ്രസ്സുകാരും പ്രതിഷേധിച്ചേക്കും. ദിവംഗതരാവാൻ അവർക്കേ അർഹതയുള്ളുവെന്ന ഒരു ഭാവമാണ് അവർക്ക്. പൂർവ്വം "മാവിലാക്കാവി"ലെ ആഘോഷം ക്ഷണിച്ചുവരുത്തുന്നു അഹന്തയുടെ ദുർഭഗസന്തതി. ഉത്തരം "കൊടുങ്ങല്ലൂർ ഭരണി"യാഘോഷപ്പാട്ട് ക്ഷണിച്ചു വരുത്തുന്ന നൂറാം ക്ലാസ്സ് പൊങ്ങച്ചത്തിന്റെയും. ടിയാന്മാർ എന്തു വിചാരിച്ചാലും പറഞ്ഞാലും അസ്തു. പാണ്ടന് പണ്ടേപ്പോഴോ പടച്ചവൻ നല്ല "ഏ ക്ലാസ്സ്" സോഫ ഒരെണ്ണം റിസർവ്വ്ചെയ്തു വെച്ചിരിക്കുന്നു. ടിക്കറ്റു വാങ്ങി "കോന്തല" യിൽ ഭദ്രമായി കെട്ടിവെച്ച് വണ്ടി "ലെയിറ്റാ"യതിലുള്ള പ്രതി

ഷേധം പലതരത്തിൽ നിറത്തിൽ പ്രകടിപ്പിച്ചുകൊണ്ട് "പ്ലാറ്റ് ഫോമി"ന്റെ ഒരു മൂലയിൽ കാത്ത് കുത്തിരിക്കുകയായിരുന്നു പാണ്ടൻ. ഒടുവിൽ "ബെറ്റർ ലെയിറ്റ് ദാൻ നെവർ" എന്ന് പിറുപിറുത്തുംകൊണ്ട് സുസ്മേരവദനനായി ആവലാതിയോ വേവലാതിയോ ഒന്നുമില്ലാതെ ടിയാൻ പോത്താരൂഢന്റെ കൂടെ "ഗമയാഞ്ചകാര." അതായത് പാണ്ടൻ എന്ന പ്രതിഭാസം ഇപ്പോൾ "നിൽ"; "നഹി"; "നക്കാ"; പച്ചമലയാളത്തിൽ ഇല്ല എന്നർത്ഥം. അംശം അധികാരി പ്രസക്ത രജിസ്തറിലെ "സ്വാഹാം ഗുരുവിനാണ" കോളത്തിൽ ആ പേർ രേഖപ്പെടുത്തിയിരിക്കുന്നു. അതിന് പിന്നെ "ഇന്ദ്രാലും ചന്ദ്രാലും" അപ്പീലില്ലാത്തതുമാണല്ലൊ.

ഞാൻ മേപ്പടി പാണ്ടന്റെ അപദാനങ്ങളെ കീർത്തിക്കുവാൻ പോകുന്നു. "ആരാണീ പാണ്ടൻ" എന്ന് നിങ്ങൾ ചോദിക്കും തീർച്ച. അല്ലെങ്കിൽ നിങ്ങളല്ലാതിരിക്കണം. വി.സി.യുടെ "സാരാനർഘ പ്രകാശ പ്രചുരിമ തിരളും ദിവ്യരത്നങ്ങളേറെ-പ്പാരാവാരത്തിനുള്ളിൽ പരമിരുൾ നിറയും കന്ദരത്തിൽ കിടപ്പൂ" എന്ന ശ്ലോകാർദ്ധം മറുപടിയായി ഞാൻ നിങ്ങളുടെ മുഖത്തിനുനേരെ വലിച്ചെറിയുകയും ചെയ്യും. എന്നിട്ടും നിങ്ങളുടെ വിജ്ഞാന തൃഷ്ണ അടങ്ങിയിരിക്കാനല്ല ഭാവമെങ്കിൽ ടി ശ്ലോകത്തിന്റെ ഉത്തരാർദ്ധവും അല്പംകൂടി സ്പീഡിൽ, ശക്തിയിൽ അങ്ങട്ടെത്തും (കുറിപ്പ്. മേപ്പടി കന്ദര ശബ്ദത്തിനേക്കാൾ കൂടുതൽ മൂലത്തോട് യോജിക്കുക ഗഹ്വര ശബ്ദമാണെന്ന് എനിക്കന്നും ഇന്നും അഭിപ്രായമുണ്ട്. രണ്ടും സൂചിപ്പിക്കുന്നത് ഏതാണ്ട് ഒരേ അർത്ഥമാണെങ്കിലും ഗഹ്വരത്തിന് കൂടുതൽ അർത്ഥവ്യാപ്തിയുണ്ട്. ഓർമ്മ "കന്ദരാ"നുകൂലമായതുകൊണ്ട് അങ്ങനെ ചെല്ലട്ടെ എന്നുവെച്ച് അതെഴുതി. അധികപ്രസംഗം കൊണ്ട് ഈ

കുറിപ്പും എഴുതി). "തേത്രാപ്പീത്തിന്റെ" തൃപ്തിക്ക് വേണ്ടുന്ന എല്ലാ വിവരങ്ങൾക്കും ഒരു മുട്ടുമുണ്ടായിട്ടല്ല പാണ്ടൻ എന്ന പേര് അങ്ങോർക്ക് സിദ്ധിച്ചത്. അങ്ങോരുടെ ശരീരമാകെ പല വലുപ്പത്തിലും ആകൃതിയിലുമുള്ള വെള്ളപ്പാണ്ടാണ് ആ പേരിന്റെ തന്ത. പക്ഷെ പാണ്ടൻ എന്നാൽ "പണ്ടേയുള്ളവൻ" എന്നാണർത്ഥമെന്നത്രെ പുള്ളിയുടെ വ്യാഖ്യാനം. ആനയുമായി ഉടമയുടെ നിലയിലോ പാപ്പാന്റെ നിലയിലോ ബന്ധപ്പെട്ട ഒട്ടേറെ വടക്കർക്ക് പുള്ളിയെ നേരിട്ടറിയും. അതിലുമധികം ആൾക്കാർക്ക് കേട്ടറിവുമുണ്ടായിരിക്കും. രണ്ടു വകുപ്പിലും പെടാത്തവർക്കു വേണ്ടി ഒരു ലഘുചിത്രം ഇതാ വരയ്ക്കുന്നു. പശ്യ.

പൊക്കം കുറഞ്ഞ് വടിവൊത്ത ശരീരം. സ്വയംകൃതാനർത്ഥമായ – മാത്രമായ – ഒരു കെട്ട് തലയിൽ വെക്കാൻ മാത്രം നീളത്തിൽ ചെവിക്കു മുകളിലായി വട്ടമൊപ്പിച്ച് മുറിച്ച അൽപം ചുരുണ്ട തലമുടി. വിടർന്ന നെറ്റി. കറുത്ത കണ്ണ്. വൃത്തമൊത്ത ചെറിയ വട്ടമുഖം. മുഖത്തിന്റെ വലുപ്പത്തിനും ആകൃതിക്കും "തൊടുകുറി"യായി അധികപ്രസംഗമോ അപ്രഗത്ഭതയോ രണ്ടുമില്ലാത്ത "അക്വിലൈൻ" മൂക്ക് (അക്വിലൈൻ മൂക്കാണത്രെ മൂക്കുകളിൽ വെച്ച് ശ്രേഷ്ഠം. "അക്വിലൈൻ" എന്നാൽ കഴുകന്റെ ചുണ്ടിന് സമമായ എന്നാണുപോലർത്ഥം. എന്തൊ പടച്ചവൻ കണ്ടു. "മഹാജനം പോംവഴിതന്നെമാർഗ്ഗം." അല്ലെ സാർ?) "വെ ഇൻ" (WAY IN) വ്യക്തമായി അടയാളപ്പെടുത്തുന്നതിൽ കവിഞ്ഞ് പോക്കിരിത്തമൊന്നും കാണിക്കാത്ത ചുണ്ടുകൾ. കീഴെ മേലാളരുടെ വിനയവും ഒതുക്കവും പരിരക്ഷിച്ച് നിലനിർത്തുന്ന ഒതുങ്ങിയ താടി. അക്ഷരാർത്ഥത്തിൽ ആജാനബാഹു. ചുകപ്പോട് അടിയറവു പറയേണ്ടിവന്ന പരാജയബോധത്തിൽ മ്ലാനമായ വെളുപ്പുനിറത്തിലുള്ള ശരീരത്തിൽ പണ്ടത്തെ ഭാരതഭൂപടത്തിൽ

നാട്ടുരാജ്യങ്ങൾ എന്നപോലെ അവിടവിടെ പാണ്ട്. അതവിടെ കളങ്കമായിരുന്നെങ്കിൽ ഇതിവിടെയും കളങ്കം തന്നെ. അല്ലെങ്കിൽ അല്ല. യഥാർത്ഥ, കറകളഞ്ഞ, ഉറച്ച മദ്യപാനി. ഒത്തെങ്കിൽ "എതിരെ കുതിരവനുയരും മുമ്പെ" പുള്ളി തുടങ്ങും. ഒത്തില്ലെങ്കിൽ എപ്പോളെപ്പോൾ തഞ്ചം കിട്ടുന്നുവോ അപ്പോളപ്പോൾ. തലശ്ശേരിക്കാർ പറയുമ്പോലെ "കേളപ്പനോ" (കുടിൽവ്യവസായം), ഇ.എം.എസ്സോ (ലേലവസ്തു), സാക്ഷാൽ "ഫോറിനോ" ഏതായാലും "കിടച്ചത് കല്ല്യാണം" എന്നതാണങ്ങോരുടെ മുദ്രാവാക്യം. എത്രയും ചെല്ലും. ചെലുത്താം. ആമാശയം "ഡോൺട് വാൺട്" പറയുകയില്ല. പ്രതിഷേധിക്കുകയുമില്ല. "എ ക്ലാസ്സ്" ശിക്കാറിയാണ്. ഉന്നം ഒരിക്കലും പിഴക്കാത്ത വെടിക്കാരൻ. വിശ്വസനീയത, സത്യസന്ധത, സമസൃഷ്ടിസ്നേഹം മുതലായവ ദാനമായോ "ലെൻസ്ലീസ്സ്" അടിസ്ഥാനത്തിലോ എത്ര വേണമെങ്കിലും "സപ്ലൈ" ആക്കിയാലും സ്വന്താവശ്യത്തിനുള്ളത് കയ്യിൽ ബാക്കിയിരിപ്പുണ്ടാവും. ആർക്കും തിടുങ്ങിയ ഘട്ടത്തിൽ ഉപകരിക്കും. "കർമ്മണ്യേവാധികാരസ്തെ" എന്നതാണ് വിശ്വാസപ്രമാണം. ഇങ്ങനെയെല്ലാമിരിക്കുന്ന ശ്രീമാൻ പാണ്ടന്റെ ഉദന്തമാണ് ഇവിടെ ആഖ്യാസ്യേയാവാൻ പോകുന്നത്. അഷ്ടദിക്ക്പാലകന്മാർകൂടി സ്ഥലമാറ്റക്കൽപന ഭയന്ന് "കമാ"ന്നൊരക്ഷരമുരിയാടാതെ അന്തംവിട്ട് തരിച്ചിരിക്കുന്ന ഇന്നത്തെ "സോഷ്യലിസ്റ്റ് വ്യവസ്ഥിതിയിൽ" അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിന്റെ അരിശം കണക്കിലെടുക്കേണ്ടതുള്ളതുകൊണ്ട് ശ്രീപതിയെ അഹം പ്രണിപതിച്ച വിവരം "പബ്ലിക്കായി" പറയാത്തതുമാണ് (എന്റെ രക്തചാമുണ്ഡീ ഈ എഴുതിയതിന് ഞാനുദ്ദേശിച്ച അർത്ഥംതന്നെ ഉണ്ടാക്കണേ!).

അച്ഛന്റെ വക ആനകളുടെ പാപ്പാന്മാരിൽ പ്രധാനിയും ഏറ്റവും വിശ്വസ്തനുമായിരുന്നു ചരിത്രപുരുഷൻ. യജമാനനും

– പണ്ടത്തെ കഥയല്ലേ? തെറ്റിദ്ധരിക്കരുത്. വിപ്ലവിക്കാൻ വന്നേക്കരുത്. നിങ്ങളെ പേടിച്ച് മറ്റേ വാക്കുപയോഗിക്കുന്നില്ല – കീഴ്ജീവനക്കാരനുമെന്ന നിലപാടേ വിസ്മരിച്ച, നാലു ദശകത്തോളം "വിഘ്നംകൂടാതൊഴുകിയ" മമതാബന്ധമാണ് ഞങ്ങൾ തമ്മിലുണ്ടായിരുന്നത്. നല്ല ആരോഗ്യവും മേൽപൊടിയായി അധികപ്രസംഗവും സാഹസികതയും ചേർത്ത നൂറ്റിപ്പത്തുഡിഗ്രി ശിക്കാർപനിയും നിമിത്തം പരേതനായ ശ്രീമാനോ അല്ലാത്തവനോ ആവുമായിരുന്ന പല സന്ദർഭങ്ങളിലും ശ്രീപാണ്ടൻ എന്നെ രക്ഷിച്ചിട്ടുണ്ടെന്ന വസ്തുത – "ആയാതമായാതമപേക്ഷണീയം-ഗതംഗതം സർവ്വമുപേക്ഷണീയം" എന്ന ചൊല്ലിൽ വിശ്വാസം പോരാഞ്ഞിട്ടല്ല. എന്നാലും കണ്ണ് നിറയുന്നൂ പത്രാധിപരെ – നന്ദിപൂർവ്വം സ്മരിച്ചുകൊള്ളട്ടെ. അത്തരം മൂന്നു സംഭവങ്ങളെങ്കിലും റിപ്പോർട്ടാക്കണമെന്നാഗ്രഹമുണ്ടായിരുന്നു. പക്ഷെ ഈ പത്രേശ "മത്തേഭൻ പ്രേമോദന്തം കൊണ്ടല്ലോ സന്തോഷിപ്പൂ – നിത്യവും സത്യോദന്തം മേശയിൽ നിറഞ്ഞാലും." എന്തുചെയ്യാം. യോഗം കൂട്ടരെ. എന്റെയും നിങ്ങളുടെയും യോഗം. ഏതായാലും എഴുതുക തന്നെ. ആയാലായി. "ഗതംഗതം സർവ്വമുപേക്ഷണീയം" അല്ലേ?

താരതമ്യേന ഒരു ചെറിയ സംഭവംകൊണ്ട് തുടങ്ങാം. അച്ഛനും അതിഥികളും ഞാനും ഉണ്ണാനിരുന്നു. അതിഥികളുടെ കൂട്ടത്തിൽ കേളുഏട്ടനും ഉണ്ടെന്നോർമ്മിക്കുന്നു. അദ്ദേഹം അന്നേ ജ്ഞാനവൃദ്ധനാണ്. ഇന്ന് വയോവൃദ്ധനും കൂടിയായി. "യൂനിവേർസൽ" കേളുഏട്ടനായി സ്രഷ്ടാവുമായി കൂടുതൽക്കൂടുതൽ അടുത്തുകൊണ്ട് ആയുരാരോഗ്യപുത്രമിത്രകളത്രപൗത്രസമ്പത്താൽ അനുഗ്രഹീതനായി അദ്ദേഹം ഇന്നും ജീവിച്ചിരിപ്പുണ്ട്. വെപ്പുകാരൻ അനന്തൻ ചോറു വിളമ്പുകയാണ്. എന്റെ

ഇലയിൽ വിളമ്പുന്നതോടൊപ്പം എനിക്കു മാത്രമായി എന്റെ ചെവിട്ടിൽ ഒരു വാർത്തയും അവൻ വിളമ്പി. "ഒരൂക്കൻ പാമ്പ്. ബങ്കളാവിൽ. പൂമോത്ത് (പൂമുഖത്ത്). ബല്ല്യ ബയങ്കര നാപോലും." ബങ്കളാവെന്നു പറഞ്ഞാൽ അതിഥിമന്ദിരം. ഞങ്ങ ളുണ്ണാനിരുന്നിട്ടുള്ളത് താമസിക്കുന്ന വീട്ടിലും. രണ്ടും തമ്മിൽ ദൂരം ഏതാണ്ടറുപതുവാര. ഞാൻ പെട്ടെന്നെഴുന്നേറ്റു. "ഉംംം? എന്താ?" എന്ന് ഘനഗംഭീരസ്വരത്തിൽ അച്ഛൻ. "കൈകഴുകാൻ മറന്നു" എന്ന് ഭയാശങ്കകളോടെ പതിഞ്ഞ സ്വരത്തിൽ ഞാൻ. "കേർലസ്സ് ഫെലൊ" എന്ന അച്ഛന്റെ അടുത്ത "കമന്റ്" എന്റെ പിടലിയിൽ വന്നുതറച്ചത് ഞാൻ വാതിൽപ്പടി കടന്നുകഴിഞ്ഞ ശേഷമാണ്. അന്നത്തെ മുറപ്പെണ്ണും ഇന്നത്തെ ഭാര്യയുമായി എട്ടു കിടാങ്ങളെ സമ്മാനിച്ചിട്ടും വിശേഷിച്ചൊന്നും സംഭവിച്ചി ട്ടില്ലെന്ന മട്ടിൽ, അമ്പത്തഞ്ചോടടുത്താൽ ആൺപിറന്നോരെ അൽപസ്വൽപം ശകാരിക്കാനുള്ള അധികാരാവകാശങ്ങൾ നേടി ക്കഴിഞ്ഞു എന്ന തെറ്റിദ്ധാരണയോടെ "പൗഡർ"പ്രായം കഴിഞ്ഞ് ഭസ്മപ്രായത്തിലെത്തിപ്പോയതിൽ കാണത്തക്ക കേൾക്കത്തക്ക പ്രതിഷേധ പ്രകടനങ്ങളൊന്നുമില്ലാതെ, ചന്ദ്രനോളം വലുപ്പ ത്തിൽ ചന്ദനക്കുറിയും തൊട്ട് ഉരുണ്ടുരുണ്ടു നീങ്ങുന്ന സ്ഥൂല ശരീരിണിയുടെ ആനയെ അബദ്ധത്തിൽ വെടിവെച്ചു മുറിയേ ൽപിച്ച കുറ്റത്തിന്, വീണ്ടും അനുവാദം കിട്ടുന്നതിനിടെ തോ ക്കെടുത്ത് വെടിവെക്കരുതെന്ന അച്ഛന്റെ നിരോധനാജ്ഞ, കുറെ യൊക്കെ ശക്തി കുറഞ്ഞിരുന്നെങ്കിലും പാടെ പിൻവലിക്കപ്പെട്ട് കഴിഞ്ഞിട്ടില്ലാത്ത കാലമാണ് (ഹാവൂ. എന്റെ പത്രാധിപരെ ഈ വാചകം എന്നെ അൽപമൊന്നുമല്ല കുഴക്കിലാക്കിയത്. കർത്താവ് കർമ്മക്രിയാദികൾ വേണ്ടപോലെ വേണ്ട സ്ഥാനത്ത് ആ ഭയങ്ക രനിലില്ലെ എന്ന് പ്രസ്സിലയക്കുന്നതിനുമുമ്പ് ഒന്ന് ശ്രദ്ധിച്ചേക്ക

ണം. എന്നെ സംബന്ധിച്ചേടത്തോളം ഒരു മുട്ടൻ ചമ്പൂപ്രബന്ധത്തിനോ അല്ലെങ്കിൽ ചുരുങ്ങിയ മട്ടിൽ ഒരു മഹാകാവ്യത്തിനോ വേണ്ട വക ആ വാചകത്തിൽ ഞാനുൾക്കൊള്ളിച്ചിട്ടുണ്ട്. കാണാൻ കണ്ണുള്ളവർ കാണട്ടെ. മനസ്സിലാക്കാൻ മനസ്സുള്ളവർ മനസ്സിലാക്കട്ടെ. നമുക്ക് കഥതുടരുക). പ്രസ്തുത നിരോധനാജ്ഞ റദ്ദാവണമെങ്കിൽ ഉശിരും ചുണയും വേണ്ടുവോളമുണ്ടെന്ന് വ്യക്തമാക്കുന്ന മറ്റെന്തെങ്കിലും സാഹസം ഒപ്പിക്കണം. എപ്പോഴും അങ്ങനെയാണ് പതിവ്. ധൃതിയിലെഴുന്നേറ്റു പോകുന്നതു കണ്ട് കാരണമാരാഞ്ഞ, വാതിലിന്റെ മറവിൽ നിൽപുറപ്പിച്ച് "വിളമ്പൽ സൂപ്പർവിഷൻ" നടത്തുന്ന അമ്മയോട് "താഴെ ആരോ വിശേഷവിധിയായി വന്നിട്ടുണ്ടുപോലും. ആരാണെന്ന് നോക്കാൻ അച്ഛൻ പറഞ്ഞു" എന്ന് മന്ത്രിച്ചുകൊണ്ട് ആ വേലിയും കടന്നുചാടി താഴെ ഇറങ്ങി. "ഗൺറാക്കി"ന്മേൽ നിന്ന് ആദ്യം കിട്ടിയ തോക്കും മേശക്കള്ളിയിലുണ്ടായിരുന്ന ഒരെട്ടാംനമ്പ്ര ചില്ല് തിരയുമെടുത്ത് ഞാൻ ബങ്കളാവിലേക്കോടി.

തെക്കുഭാഗത്തെ നടകയറി പടിഞ്ഞാറോട്ട് നീണ്ടുകിടക്കുന്ന പൂമുഖത്തിന്റെ കിഴക്കെ അറ്റത്ത് ചുമരരുകിൽ ഞാൻ ചെന്നുനിന്നു. പിന്നിൽനിന്ന് ഒരു കരസ്പർശം. തിരിഞ്ഞു നോക്കിയപ്പോളുണ്ട് കഥാനായകൻ മഹാമഹിമശ്രീ പാണ്ടൻ "കത്ത്യാൾ" സമേതം പിന്നിൽ നിൽക്കുന്നു. "വെൺചന്ദ്രികയ്ക്ക് നിറംകൂട്ടുമാറുള്ള" ഒരു പുഞ്ചിരി ആ മുഖത്ത് കളിയാടുന്നുണ്ട്. കർണ്ണാകർണ്ണികയാ "ലാസ്റ്റ്ഗ്രേയിഡു"കാരുടെ മണ്ഡലത്തിൽ പ്രചരിച്ച വിവരമറിഞ്ഞ് എന്റെ ഒപ്പം ഓടിയെത്തിയതാണ്. രണ്ടു കണ്ണുകളും രണ്ടു കൈകളും എന്നത് ഒന്നിരട്ടിച്ചപ്പോൾ എന്റെ ഉള്ളിൽ ഏതോ ഒരുമൂലയിൽ സ്പന്ദിച്ചുകൊണ്ടിരുന്ന സംശയശിശു സ്വസ്ഥനായി. ബങ്കളാവിലുണ്ടായിരുന്ന നാലഞ്ച് അതിധൈര്യവാ

ന്മാർ വാതിൽ ഏതാണ്ട് മുഴുക്കെ അടച്ച് ബാക്കിയായ വിള്ള ലിൽക്കൂടി നിന്നും വണങ്ങിയും ഇരുന്നും ഒറ്റക്കണ്ണന്മാരായി പുറത്തേക്ക് നോക്കുകയുമായിരുന്നു.

ആദ്യത്തെ നോട്ടത്തിൽ ഞാനൊന്നുംതന്നെ കണ്ടില്ല. തിരി ഞ്ഞു നോക്കിയപ്പോൾ പാണ്ടനും ഒന്നും കണ്ട ലക്ഷണമില്ല. കാര്യസ്ഥൻ രാമൻനായർ അകത്തുനിന്ന് കസാലയുടെ അടിയി ലുണ്ടെന്ന് മന്ത്രോപദേശം ചെയ്തു. ഞങ്ങൾ അങ്ങട്ട് നോക്കി. എന്തോ അവിടെയുണ്ടെന്നു തോന്നി. "ക്വിൽട്ട്കുഷ്യ"നാദി അല ങ്കാരവസ്തുക്കളണിഞ്ഞ് "വി.ഐ.പി"ഗമയിൽ പൂമുഖത്തിന്റെ പടിഞ്ഞാറേ അറ്റത്ത് വടക്കുതെക്കായി അച്ഛൻ സാധാരണ ഉപ യോഗിക്കുന്ന ഒരു വലിയ ചൂരൽ മെടഞ്ഞ ചാരുകസാല സ്ഥിതി ചെയ്യുന്നുണ്ട്. മകന്റെ സ്വാതന്ത്ര്യവും ചെറുപ്പത്തിന്റെ അധിക പ്രസംഗവും പ്രേരിപ്പിക്കുകയാൽ എന്റെ അനുജൻ അൽപനേരം ആ കസാലമേൽ ആസനസ്ഥനായിരുന്നു. എന്തോ ഒരു ഭൂതോ ദയത്താൽ സംശയം തോന്നി അവൻ താഴെ കസാലയ്ക്കടി യിൽ കുനിഞ്ഞു നോക്കിയത് ഉരഗപ്രവരന്റെ മുഖത്തായിരുന്നു. കവിണയിൽനിന്ന് കല്ലെന്നപോലെ അവൻ ഇരുപ്പിൽ നിന്നും തെറിച്ചു. അവനാണ് "എഫ്.ഐ.ആർ" തദ്ദേശവാസികൾക്ക് സമർപ്പിച്ചത്. "റോയിറ്റർ" സ്ഥാപനം കൂടി തലകുലുക്കി അഭി വാദ്യം ചെയ്യുന്ന വേഗതയിൽ ചെവിക്കുചെവി ആ റിപ്പോർട്ട് പരന്നു. ഒടുവിൽ അനന്തൻ മുഖേന എനിക്കും കിട്ടി.

ഞാനും പാണ്ടനും താണുവണങ്ങി നോക്കി. ഉണ്ട്. സാധനം അവിടെയുണ്ട്. "എഫ്.ഐ.ആർ" ശരിയാണ്. സത്യമാണ്. പോലീ സല്ലല്ലോ അത് തയ്യാറാക്കിയത്. പക്ഷെ ഒരേകദേശ സ്വരൂപമേ കാണുന്നുള്ളൂ. മേലേക്കുമേലെ വെച്ച തൂക്കക്കട്ടികളുടെ ഒരു കൂമ്പാരത്തിന്റെ ഛായ. ചക്ഷുശ്രവണൻ ചുരുണ്ടുകൂടി വിശ്രമി

ക്കുകയാണ്. മൂപ്പർക്ക് ആ സ്ഥാനം "നന്നാ" പിടിച്ച മട്ടുണ്ട്. അവിടുന്നിളകേണ്ട വട്ടമേ ഇല്ല. പാണ്ടൻ കൈകൊട്ടി ശബ്ദമുണ്ടാക്കി. വിദ്വാൻ ഫണം ഉയർത്തി വിരുത്തി നോക്കുന്നതായി തോന്നി. ഞാൻ തോക്ക് നീട്ടി. പാണ്ടൻ പിടിച്ചുതാഴ്ത്തി വിലക്കി. വിരുത്തിയ ഫണം അങ്ങോർ വീണ്ടും ചുരുക്കി താഴ്ത്തി വെച്ചു. പാണ്ടൻ ബദ്ധപ്പെടാതെ "വെരി നോർമ്മൽ" ആയി വടക്കോട്ടു നീങ്ങി. പൂമുഖം വരാന്തയിലവസാനിക്കുന്ന കോണിൽ ചെന്നുനിന്നു. അവിടുന്ന് നല്ല ശക്തിയിൽതന്നെ "ശ"കാരിച്ചു. ഒപ്പം ഒരു തുള്ളൽക്കളിയും കൈകൊട്ടിക്കളിയും സമർത്ഥമായി പാസ്സാക്കി. പാമ്പ് മെല്ലെമെല്ലെ ചുരുൾ നിവർത്തി തെക്കോട്ട് നീങ്ങേണ്ടുന്ന വട്ടമുണ്ടെന്ന് ഞാൻ ആംഗ്യഭാഷയിൽ അവനെ അറിയിച്ചു. അവൻ പോയപോലെ സാവധാനത്തിൽ മടങ്ങിവന്ന് വീണ്ടും എന്റെ പിന്നിൽ നിൽപുറപ്പിച്ചു.

സർപ്പശ്രേഷ്ഠൻ സാവധാനത്തിൽ നമ്മുടെ പഞ്ചവത്സര പദ്ധതികളെപ്പോലെ തെക്കോട്ട് പൂമുഖത്തിന്റെ മുറിച്ചുമരോട് പറ്റിച്ചേർന്ന് യാത്രയാരംഭിച്ചു. ആ ചുമരോടൊപ്പം കിഴക്കോട്ടു തിരിഞ്ഞ് രണ്ടുമൂന്നടി പുരോഗമിച്ച് ഫണം വിരുത്തി എന്നെ നോക്കി ഒരു ലഘു "ജമാബന്തി" നടത്തി. ഫണം ചുരുക്കി വീണ്ടും മുന്നോട്ടുവന്നു. പൂമുഖവും കോലായും തമ്മിൽ ബന്ധിക്കുന്ന കോണിൽ പൂമുഖത്തിന്റെ തെക്കുഭാഗം കിഴക്കെ അറ്റത്താണ് ഞാൻ ശ്രീപാണ്ടന്റെ പിന്തുണയോടെ നിൽക്കുന്നത്. രണ്ടുമൂന്നടി കൂടി ആ ശ്രീഅനന്തന്റെ "മീഡിയം സൈസ്സ്" ഭാഗിനേയൻ മുന്നോട്ടെഴുന്നള്ളി. എന്നിട്ട് ഫണം വിരുത്തി മുറിച്ചുമരോടു ചേർന്നുപറ്റി ഉയരാൻ തുടങ്ങി. ഞാൻ തോക്ക് നീട്ടി. ഫണം ഉയരുന്നതിനനുസരിച്ച് എന്റെ തോക്കും ഉയരുകയാണ്.

എന്തേ പാമ്പ് ഇത്ര അടുത്തെത്തീട്ടും വെടിവെക്കാഞ്ഞതെന്ന് വിജിജ്ഞാസുക്കളും കുസൃതിക്കുടുക്കകളുമായ പലരും

ചോദിച്ചേക്കും. മറുപടി "അഡ്വാൺസായി" കൊടുക്കുന്നതാണ് നല്ലതെന്നു തോന്നുന്നു. നടന്നു പോകുന്ന ഞാനും ഇഴഞ്ഞു നീങ്ങുന്ന അവനും തമ്മിലുള്ള സംഘട്ടനം ഇരുകക്ഷികളെ സംബന്ധിച്ചിടത്തോളവും സ്വയംകൃതാനർത്ഥമാണെങ്കിലും അതിൽ ഏതെങ്കിലുമൊന്ന് "കിംകരോമി"യാവുമെന്നത് തീർച്ച യാണ്. പരമപദം പൂകുന്നത് ഞാനാവരുതെന്ന നിർബ്ബന്ധബുദ്ധി എനിക്കുണ്ടായിരുന്നുവെന്ന് ബുദ്ധിജീവികളായ നിങ്ങളെ പറ ഞ്ഞറിയിക്കേണ്ടതുമില്ല. ഞാൻ രക്ഷപ്പെടണമെങ്കിൽ വെടി മാ രകമായിരിക്കണം. ഉത്തമാംഗം തന്നെ പണയത്തിലാവുകയും വേണം. മറ്റ് എവിടെക്കൊണ്ടാലും മിക്ക പാമ്പുകളും, ഫണമു ള്ളവയാണെങ്കിൽ പ്രത്യേകിച്ചും ഒരു "ബ്ലിറ്റ്സ്" നടത്തും. മിന്നൽവേഗതയിൽ ഒരു പാഞ്ഞുകേറി ആക്രമണം. പാമ്പുക ളെ സംബന്ധിച്ചിടത്തോളം അടിയും വെടിയും തമ്മിൽ അജഗ ജാന്തരമുണ്ട്. അടി ചതയ്ക്കും. മുറിക്കുകയില്ല. വെടി മുറിക്കും. ചതയ്ക്കുകയില്ല. ചതവേറ്റാൽ പാമ്പിന്റെ വേഗത മുക്കാൽഭാ ഗവും കുറയും. മുറിഞ്ഞു കഷണമായാൽ "വാസാംസി ജീർണാ നിയഥാ" വേർപെട്ടുപോയ വാഗൺ അവിടെ ഇട്ടേച്ചുംവെച്ച് ബാക്കി വാഗണകളുംകൊണ്ട് എൻജിൻ ഒരുപക്ഷെ മംഗലാപു രംവരെ തന്നെ പാഞ്ഞേക്കും. ഇപ്പോൾ കള്ളി തിരിഞ്ഞോ കൂട്ടരെ? "ഗൊത്തായിത്തോ?"

പാമ്പ് ഉയരുന്നു. ഒപ്പം തോക്കും. മൂപ്പരുടെ നോട്ടം എന്റെ മുഖത്താണ്. തോക്കിന് ഒരു ബീഡിക്കുറ്റിയുടെ വിലപോലും അങ്ങോർ കൽപിച്ചുകൊടുത്തതായി തോന്നിയില്ല. ഞാനും നല്ല "ഏ ക്ലാസ്സ്" കസവുനോട്ടം അങ്ങട്ടും നോക്കുന്നുണ്ട്. അവസാന ഫലം എന്തുതന്നെയായാലും നോട്ടമത്സരത്തിൽ തോറ്റുപോ യെന്ന അപഖ്യാതി എന്റെ തറവാട്ടിനുണ്ടാക്കരുതല്ലോ. കടും

ചുവപ്പ് ഗോട്ടികൾ പോലുള്ള കൃഷ്ണമിഴികൾ ഉരുട്ടിക്കൊണ്ട് തലനാരിഴ പോലും പിഴയ്ക്കാതെ എന്റെ മുഖത്തുതന്നെ നട്ടു കൊണ്ട് ആ സർപ്പശ്രേഷ്ഠൻ സാവധാനം ഉയരുകയാണ്. ഒന്നു രണ്ടു തവണ ആ ഊർദ്ധ്വഗതിയുടെ ഇടയിൽ വെടി പൊട്ടി ക്കാൻ ഞാൻ മുതിരായ്കയല്ല. പക്ഷെ എന്റെ കൈവണ്ണയിന്മേ ലുള്ള പാണ്ടന്റെ പിടിമുറുക്കത്തിന് ഒട്ടും അയവുള്ളതായി തോന്നിയില്ല. മുമ്പിൽ ഉയരുന്ന മുഖത്തിൽ നിന്ന് കണ്ണ് പറിച്ചെ ടുത്ത് എന്റെ മറവിൽ നിന്നെത്തിനോക്കുന്ന പാണ്ടനെ നോക്കി നയനങ്ങൾ വഴി ആശയം കൈമാറാമെന്നു വെച്ചാൽ അത് ഒരു പക്ഷെ ആത്മഹത്യാപരമായ ആദ്യത്തെ കാൽവെപ്പാവാനാണ് സാദ്ധ്യത. മഹാത്മജിയുടെ പ്രശാന്തമായ, സമചിത്തതയും അനു കമ്പാർദ്രതകളും സ്ഫുരിക്കുന്ന കള്ളപ്പുഞ്ചിരിയല്ല മുമ്പിൽ. ഹിറ്റ്ലറുടെ ധാർഷ്ട്യവും ക്രൗര്യവും കലർന്ന രൗദ്രതയാണ്. സർപ്പശ്രേഷ്ഠന്റെ മേലോട്ടുള്ള പോക്ക് അവസാനിച്ചു. ഒന്ന മർന്നു. തോക്ക് "ഹൊറിസോൺടലായി" (സമനിരപ്പായി എന്ന് തർജ്ജമിക്കാമോ സാറെ?). ഏതാണ്ടഞ്ചടി ഉയരത്തിലാണ് ചൂണ്ടുന്നത്. ആ ഫണം ഒന്നു മെല്ലെ പിന്നോട്ടാഞ്ഞു. വീണ്ടും കുത്തനെ വന്നുനിന്നു. അതാ പിന്നെയും അത് പിന്നോട്ടു ചാ യുന്നു. പാണ്ടന്റെ പിടി ഒന്നുകൂടി മുറുകി. ആദ്യത്തേതിലും അൽപം ഒരിഞ്ചെങ്കിലും അധികം ആ ഫണം പിന്നോട്ടു ചാ ഞ്ഞു. മടങ്ങി. വീണ്ടും പൂർവ്വസ്ഥാനത്തെത്തി. തല മുതൽ പുച്ഛാ ഗ്രഭാഗം വരെ ഒരു കിടുകിടുപ്പ്. സഹജമായ സുഖനമ്യത ഒരു കെട്ടുറപ്പാർജ്ജിച്ചപോലെ തോന്നി. കയർപോലെ വളഞ്ഞുപുള യുന്ന സാധനം വടിപോലെ കട്ടികൂടി സാന്ദ്രമായി. വെള്ളം ഐസായപോലെ. അതാ ആ ഫണം പിന്നേയും പിന്നോട്ടായു ന്നു. മുമ്പേത്തേതിലും സാവധാനത്തിലാണ്. കുറച്ചുകൂടി അധി

കം പിന്നോട്ടു പോകുന്നുണ്ടെന്ന് തോന്നുന്നു. അ; അ; ശരി, ശരി. ആ പോക്ക് നിന്നു. എന്തേ ഒരു ശങ്ക? ഇല്ല. ഒരു ശങ്കയുമില്ല. അതാ വരുന്നു. നേരെ, നേരെ. എന്റെ മുഖത്തേക്കുതന്നെ. ഇങ്ങെത്തിപ്പോയി. ഭഗവാൻ സഹായം. ഗവർണ്ണറങ്ങുന്നല്ല. മറ്റേ സാക്ഷാൽ അനന്തകുസൃതിക്കാരൻ പുള്ളി.

പാണ്ടന്റെ പിടി വിട്ടു. നൂറ് കുതിരശക്തിയുള്ള ഒരു മൂളൽ എന്റെ ചെകിട്ടിൽ തുളച്ചുകയറി. കൈവിരൽ കാഞ്ചിയിന്മേൽ അമർന്നു. വെടിപൊട്ടി. ഒരിഞ്ചിന്റെ നൂറിലൊരംശം പോലും വഴിപിഴയ്ക്കാതെ വളയ്ക്കാതെ ആ ഫണം ശരിക്ക് എന്റെ നേരെ ചീറിയടുക്കുകയാണ്. ആകെ അന്തംവിട്ട്, മനസ്സും ശരീരവും തരിച്ച്, നീങ്ങിനിൽക്കാനെന്നല്ല, ഒന്നനങ്ങാനുള്ള കഴിവുകൂടി നിശ്ശേഷം നശിച്ച്, തോക്ക് താഴ്ത്താൻ മറന്ന്, ആ അത്യുഗ്രമായി ജ്വലിക്കുന്ന കണ്ണുകളും ഫണവും എന്റെ നേരെ വരുന്നത് നോക്കി "കുലവെട്ടീടിന കുറ്റിവാഴ" പോലെ നിന്നുപോയി പത്രാധിപരെ ഞാൻ. ഈ ഞാൻ. ആത്മരക്ഷയെക്കുറിച്ചുള്ള ബോധമോ, ചിന്തയോ, ഒന്നും തൽക്കാലം സഹായത്തിനെത്തിയില്ല. പെട്ടെന്ന് ഞാൻ വലത്തോട്ടു തെറിച്ചുവീണു. ബോധോദയമുണ്ടായി. ഒപ്പം സർപ്പശ്രേഷ്ഠനും പിടലിക്കു വീഴുന്നുണ്ടോ എന്നു നോക്കാൻ എന്തോ ഏതോ ഒരു ശക്തി എന്നെ പ്രേരിപ്പിച്ചു. ഞാൻ നോക്കി. കണ്ടത് ഇടത്തുകാൽ ഒരടി മുന്നോട്ടു കേറ്റിവെച്ച്, അമർത്തിച്ചവിട്ടിവെച്ച് ഇടത്തെ കൈമുട്ടു മടക്കി വയറോട് ചേർത്ത്, കാണാൻ മാത്രം ശരീരം വലത്ത് പിന്നോട്ടുചായ്ച്ച് കത്തിയാൾ കൊണ്ട് ആഞ്ഞുവെട്ടുന്ന പാണ്ടനെയാണ്.

പാമ്പ് അതിന്റെ വലത്തുഭാഗം മുറിച്ചുമരിന്മേൽകൂടി കുഴഞ്ഞുവീണു. സസ്നേഹം അകമ്പടി സേവിക്കുന്ന രണ്ടടി ശരീരത്തോടൊപ്പം തല മുറ്റത്ത് തൂങ്ങിനിൽക്കുകയായിരുന്നു. ഉത്ത

മാംഗത്തിന് "ശീലായ്മ" അൽപം കലശലാണെങ്കിലും "ഭൂമൗ" വസിക്കുന്ന ബാക്കിഭാഗം ചില കോപ്പിരാട്ടികളും സർക്കസ്സുകളുമെല്ലാം കളിക്കുന്നുണ്ട്. സാരമില്ല. തലയില്ലാത്ത ഒന്നിനേയും തലയുള്ളവർ ഭയപ്പെടേണ്ട കാര്യമില്ല. ഉള്ള സത്യം തുറന്നുപറഞ്ഞേക്കാം. ഞാനാകെ വിയർത്തു കുളിച്ചിരുന്നു. ഒരു ചെറിയ വിറയൽ നഖശിഖാന്തം എന്നെ അലോസരപ്പെടുത്തുന്നുമുണ്ടായിരുന്നു.

പാമ്പിനെ നോക്കിനിൽക്കുന്ന എന്നോട് പാണ്ടൻ പറഞ്ഞതാവിത്. "മരക്കുറ്റി പോലെ നിർക്കനെതിന്തിന്!! എന്താ കാലുമ്മല് ബേര് മുളച്ചിനേനൊ? ഇക്കണക്കിന് തോക്കുംകൊണ്ട് പെരുത്ത് കാലോന്നും നടക്കൂല്ലാന്നാ തോന്ന്." പാണ്ടാത്മാവെ അങ്ങയ്ക്ക് കൂപ്പുകൈ. സ്തുതി. തലോടാനുള്ള ചട്ടവട്ടങ്ങളല്ലെ അങ്ങുപേക്ഷിച്ചിട്ടുള്ളൂ. തടയാനുള്ള കോപ്പ് ഇപ്പഴും അങ്ങയിലുണ്ടല്ലൊ. എനിക്കതു മതി.

വെടിയും വെട്ടും രണ്ടും ഒരുപോലെ മാരകമായിരുന്നു. പക്ഷെ ഞാൻ കവണയിലെ കല്ലുപോലെ എറിയപ്പെട്ടിരുന്നില്ലെങ്കിൽ എന്നെ ഒന്നു രുചിച്ചുനോക്കാതെ സർപ്പപ്രവരൻ "ഗുഡ്ബൈ" പറയുമായിരുന്നില്ല. രുചിച്ചു നോക്കാനിടവന്നെങ്കിൽ ഞാൻ പുള്ളിക്ക് അകമ്പടി സേവിക്കുകയും ചെയ്യുമായിരുന്നു. "പോസ്റ്റ്മോർട്ട"ത്തിന് അച്ഛനും അതിഥികളും എല്ലാം ഓടിയെത്തി. അച്ഛൻ പാമ്പിനെ നോക്കി. ശേഷം എന്നെയും. ഒന്നും ഒരക്ഷരംപോലും പറഞ്ഞില്ല. ആ കരുണാമൂർത്തിയുടെ കരളിൽ നാമ്പെടുത്ത വികാരങ്ങളെന്തായിരുന്നുവോ ആവോ. കേളുഏട്ടൻ "ഇത്ഥം ബഭാണഃ" – "കൊല്ലാനുള്ള ദുർവ്വാശികൊണ്ടു മാത്രം ഇത്തരം അബദ്ധങ്ങളിൽ ചെന്നുചാടണോ? ഇങ്ങട്ടെതിർക്കുമ്പോൾ ഓടരുത്. അങ്ങട്ടെതിർക്കുകതന്നെ വേണം.

അതിൽ തെറ്റില്ല. ശരിയുണ്ടുതാനും. പക്ഷെ ആ എതിർപ്പ് നമ്മളായിട്ട് എന്തിന് സൃഷ്ടിക്കണം. ഉം! ചെറുപ്പമല്ലെ? അങ്ങനെയൊക്കെ തോന്നും. എന്നാലും സൂക്ഷിക്കണം. കേട്ടോ." മറ്റുള്ളവർ പറഞ്ഞതിനൊന്നും പുനഃപ്രസ്താവനയ്ക്കു മാത്രം ഘനമില്ല.

അപ്പോൾ എന്തേ പറഞ്ഞത്? ആ "ക്രൈസിസ്സിൽ" – സന്നിഗ്ദ്ധഘട്ടത്തിൽ – എന്നെ തള്ളിമാറ്റാനും കേറിനിന്ന് വെട്ടാനുമൊക്കെ എന്തൊക്കെയോ വികാരങ്ങളും ഗുണങ്ങളും വേണം. അതൊക്കെ പാണ്ടന് വേണ്ടുവോളമുണ്ടായിരുന്നു. ഇന്ന് പിണ്ണാക്കിന്റെ കമ്പോളനിലവാരമന്വേഷിച്ചു നടക്കുമ്പോൾ ഏതെങ്കിലും മാർക്കറ്റിൽ മേപ്പടി ഗുണങ്ങളെയും വികാരങ്ങളെയും പറ്റിയുള്ള വല്ല വിവരവുമുണ്ടോ എന്നൊന്നന്വേഷിച്ചേക്കണം. അഭിനവ സോഷ്യലിസം ആവക പഴഞ്ചൻ ചരക്കുകളെയൊക്കെ ആട്ടിപ്പായിച്ചുകഴിഞ്ഞുവെന്നാണ് എനിക്കു തോന്നുന്നത്. പിന്തിരിപ്പന്മാർക്ക് അങ്ങനെയൊക്കെ തോന്നും. അല്ലെ കൂട്ടരെ? എല്ലാവർക്കും സലാം.

13

പാണ്ടോദന്തം - 2

വത്രാധിപരെ "താങ്ക്സ്". ഉദന്തം നമ്പർ ടു അങ്ങട്ടയക്കുന്നു. അഖിലവിഘ്നങ്ങളുടെയും ഈശ്വരനായ ഗണപതിഭഗവാന് കൊട്ടത്തേങ്ങയാണത്രെ ഏറ്റവും ഇഷ്ടപ്പെട്ട നൈവേദ്യം. നേരിട്ടറിവില്ല. പഴയ പഴഞ്ചൻ "താടിവാലകൾ" പറഞ്ഞുകേട്ടതാണ്. ആ കേട്ടറവിനെ അടിസ്ഥാനമാക്കി "മാ.ഭൂ. വിഘ്നേശ്വരനായ" അങ്ങക്കും ടി സാധനം രണ്ടെണ്ണം ഇക്കഥയോടൊപ്പം പാസ്സാക്കിയാലോ എന്നു ഞാനാലോചിക്കായ്കയില്ല - എണ്ണത്തെപ്പറ്റി ലാഘവം തോന്നരുത്. അത് വർദ്ധിപ്പിക്കാനും വേണ്ടത്ര ശർക്കര ചേർത്തയക്കാനും ഈയുള്ളവൻ സന്നദ്ധനാണെന്ന് സവിനയം ബോധിപ്പിച്ചുകൊള്ളുന്നു. - പക്ഷെ ആ നൈവേദ്യസമർപ്പണം എന്നെ സംബന്ധിച്ചിടത്തോളം മാനനഷ്ടകേസിലും സമർപ്പണച്ചുമതല ഏറ്റെടുത്ത് നേരിൽ ഹാജരാവുന്ന പരമഭാഗ്യവാനെ സംബന്ധിച്ചിടത്തോളം തലനഷ്ടകേസിലും ചെന്നെത്തിയേക്കുമോ എന്ന് ഭയപ്പെട്ട് ഉദന്തം നമ്പർ വണ്ണിനുള്ള കലർപ്പില്ലാത്ത - പരംപരിശുദ്ധ - താങ്ക്സ് മാത്രം അയയ്ക്കുന്നതാണ്. അങ്ങുന്ന് "വില എപ്പോഴും മുങ്കൂർ" കമ്പനിക്കാരനാണെങ്കിൽ "നമ്പർ ടു"വിനുള്ള "താങ്ക്സ്" മുങ്കൂറായി ഇതുസഹിതം അയച്ചിട്ടുമുണ്ട്. അങ്ങയുടെ ഇഷ്ടാനിഷ്ടങ്ങൾ വല്ല വിധേനയും അറിഞ്ഞതിനുശേഷം കൊട്ടത്തേങ്ങാപരമായ ഒരു പരിപാടി ആസൂത്രണം ചെയ്യുന്നതും അത് മംഗളകരമായി

നിർവ്വിഘ്നം നടത്തുന്നതും ആണ്. നാന്ദി എങ്ങനെ കൂട്ടരെ? "റമ്പം ജിൽജിൽ" ആയില്ലെ? കാളിദാസനെപ്പോലെ "യാസൃഷ്ടി സ്രഷ്ഠുരാദ്യാ" - ഏതോ സൃഷ്ടിച്ചതാദ്യം വിധി. തർജ്ജമആറ്റൂർ - എന്ന ചോദ്യംകൊണ്ട് ഇക്കാലത്ത് ഒരു കഥ തുടങ്ങുകയാണെങ്കിൽ അക്കഥ അറബിക്കടലിനിക്കരെ ഭൂസ്പർശം ചെയ്യില്ലെന്നാണ് എനിക്കു തോന്നുന്നത്. അതാണ് കാലത്തിനൊത്ത കോലം കെട്ടിയത്. കഥ തുടങ്ങുകയാണ്, വായിച്ചോളിൻ.

നല്ല തകർപ്പൻ നായാട്ടു കഴിഞ്ഞ് സംഘം പിരിഞ്ഞു. താമസസ്ഥലത്ത് ഞാനും പാണ്ടനും മാത്രം ബാക്കിയായി. "മദ്യം ശ്ലേഷ്മഹരം വിദ്യാൽ-മാംസം പിത്തഹരം വിദുഃ" എന്ന ശ്രീബകാചാര്യമതത്തോട് "രണ്ടുംകൂട്ടിയടിച്ചെന്നാൽ-സർവ്വദോഷഘ്നമാണെടോ" എന്ന ശ്രീപാണ്ടാചാര്യവിധിയും കൂട്ടിച്ചേർത്ത് തദനുഷ്ഠാനത്തിൽ ഞങ്ങൾ മുഴുകി. കൂട്ടത്തിൽ അന്നത്തെ നായാട്ടിന്റെ വിവിധ വശങ്ങളെക്കുറിച്ച് ക്രമേണ കൊഞ്ഞിച്ചുപോയ ഭാഷയിൽ വിശദമായ ചർച്ചയും നടത്തി. മാനും പന്നിയും ഓരോന്ന് അന്നത്തെ കണക്കിൽ വരവുചേർത്തിട്ടുണ്ട്. പക്ഷെ ചർച്ചാവിഷയം പ്രധാനമായും അതായിരുന്നില്ല. ഉണ്ട വാങ്ങിയും വാങ്ങാതെയും ഓടിമറഞ്ഞ നാലഞ്ചു വിരുതന്മാരെക്കുറിച്ചാണ് കൂടുതൽ സംസാരിച്ചത്. പാണ്ടൻ അന്ന് ഒരു സൂകരകുല മകുടമണിയെ വെടിവെച്ചിരുന്നു. വകസ്ഥലത്ത് എടുത്തുപറയത്തക്ക തെളിവുകളൊന്നുമുണ്ടായിരുന്നില്ലെങ്കിലും വെടി കൊണ്ടിട്ടുണ്ടെന്ന് പാണ്ടൻ തീർത്തുപറഞ്ഞു. ചില്ലറഗ്രാം തൂക്കംവരുന്ന ഒരുണ്ട പോയിട്ട് കിലോക്കണക്കിൽ ഈയ്യം ഉരുക്കിമൂർദ്ധാവിൽ വാർത്താലും ആ സൂകരശ്രേഷ്ഠന് ഒരു തലദോഷവും വരാനിടയില്ലെന്ന് ഉറപ്പിച്ചു പറഞ്ഞ് പാണ്ടനെ സമാധാനിപ്പിക്കാൻ ഞാൻ കിണഞ്ഞു പരിശ്രമിച്ചു. പക്ഷെ അതുകൊണ്ടൊന്നും അന്നായ

രുടെ അരിശം തീർന്നില്ല. "അപ്പുരചുറ്റും മണ്ടിനടന്നില്ലെ"ന്നു മാത്രം. അങ്ങനെ "യാമം പോയതറിഞ്ഞിടാത്തവിധമായ്ത്തന്നെ കഴിഞ്ഞ നിശ"യുടെ അന്ത്യപാദത്തിൽ നിരത്തിന്റെ വീതി ബഹു കൃത്യമായി ചാഞ്ഞും ചെരിഞ്ഞും അളന്നുകൊണ്ട് പാണ്ടൻ സ്വഗൃഹത്തിലേക്ക് "ഗമയാഞ്ചകാര". അവിടെ ചൂടുവെള്ളവും തയ്യാറാക്കി പാണ്ടപത്നി ശ്രീമതി അമ്മാളു കാത്തിരിപ്പുണ്ടാവും. എന്നും അതാണ് പതിവ്. എത്ര രാത്രിയായാലും ശിഖപുച്ഛങ്ങൾ വേർതിരിച്ചറിയാൻകൂടി വയ്യാത്ത ലഹരിയോടുകൂടിയാണ് "തിരുമ്പി"യെത്തുന്നതെങ്കിലും പാണ്ടന് വീട്ടിലെത്തിയാലുടൻ ചൂടുവെള്ളത്തിൽ കുളിക്കണം. ആ പതിവ് നിർവ്വഹിച്ച് ഭക്ഷണം വിളമ്പിക്കൊടുത്ത് ഉച്ഛിഷ്ട ഭോജനവും കഴിച്ചേ ശ്രീമതി "റിട്ടയർ" ചെയ്യുകയുള്ളൂ. പാണ്ടനെ എപ്പോഴും ശുണ്ഠി പിടിപ്പിച്ചിരുന്ന ഒരു ശ്ലോകം തന്നത്താൻ നീട്ടിച്ചൊല്ലിക്കൊണ്ടായിരുന്നു അന്നത്തെ യാത്രയെന്ന് ഞാനിപ്പഴും ഓർക്കുന്നു. ശ്ലോകമിതാ (തൽക്കർത്താവ് കവികുലഗുരു മാപ്പാക്കണം).

> കരംപിടിച്ച നാൾ മുതൽ ഗൃഹത്തിലും പുനത്തിലും
> നിറഞ്ഞ നൽതൊഴുത്തിലും തഥൈവ നെൽക്കള
> ത്തിലും
> പരം നിനക്കലോസരം വരാതെ സർവ്വജോലിയും
> പരാതിയെന്യെ പാണ്ട ചെയ്വതാര് മാളുവല്ലയോ?

(പകർപ്പവകാശം. ആർക്കും അനുമതിയില്ലാതെ പബ്ലിക്കായി ചൊല്ലാൻ പാടില്ല).

രാവിലെ എട്ടുമണിയോടുകൂടി, തന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ ഗജപോക്കിരിയായി വളരുകയായിരുന്ന, അച്ഛൻ വളരെയധികം ഇഷ്ടപ്പെട്ടിരുന്ന ഗജബാലനെ മുന്നിൽ നടത്തിക്കൊണ്ട് സ്വന്തം ഒറ്റക്കുഴൽ നിറത്തോക്ക് സഹിതം പാണ്ടൻ ഹാജരായി. ഞാൻ ഒരത്യാവശ്യകാര്യത്തിന് പത്തുമണിക്ക്

സ്ഥലംവിടണമെന്ന് പ്രോഗ്രാമിട്ടതായിരുന്നു. ആനക്കുട്ടിയെ കണ്ടപ്പോൾ കുറേനേരം അതുമായി സല്ലപിച്ചു ചെറിയ തോതിൽ ഒരു കുംഭോദരപൂജയും നടത്തി ഞാൻ കുളിക്കാൻ പുറപ്പെട്ടു. പാണ്ടൻ വിലക്കി. കുളി വൈകുന്നേരമാവാമെന്നും തലേദിവസത്തെ പന്നിയുടെ രോഗവിവരമൊന്നന്വേഷിക്കണമെന്നുമുള്ള ഒരടിയന്തരപ്രമേയം അവനവതരിപ്പിച്ചു. ഞാൻ പല തടസ്സവാദങ്ങളും ഭേദഗതികളും ഉന്നയിച്ചെങ്കിലും ഒന്നും സ്വീകരിക്കപ്പെട്ടില്ല. ക്രമേണ, എന്റെ ഉള്ളിൽ, കുടികിടപ്പവകാശം ബലമായി സോഷ്യലിസ്റ്റാചാരപ്രകാരം പിടിച്ചെടുത്ത് പഴയ ജന്മിയെ നശിപ്പിച്ച പുത്തൻ ജന്മിയായിവാണരുളുകയായിരുന്ന ശിക്കാറി എനിക്കെതിരായി പാണ്ടന്റെ പക്ഷക്കാരനായി മാറി. പിന്താങ്ങാനാളില്ലാതെ ഉഴലൂരമ്പലവാസിയായി കഴിയുകയായിരുന്ന അവന്റെ പ്രമേയം സ.സ.പാ. അത്യാവശ്യ കാര്യങ്ങൾ അനാവശ്യ ഗുലുമാലിന് വഴിമാറിക്കൊടുത്തു. ആനക്കുട്ടിയെ അടുത്തുള്ള തോട്ടിന്റെ വക്കത്ത് കെട്ടി പാണ്ടൻ വരുമ്പോഴേക്ക് ഞാൻ ഉടുപ്പു മാറ്റി പ്രാതൽ കഴിച്ച് തയ്യാറായി. പരിപാടി മാറ്റിയതുകൊണ്ട് ഡ്രൈവർ വെറുതെയിരുന്ന് ബോറടിക്കേണ്ടെന്നു കരുതി ഞാനവനെ ക്ഷണിച്ചു. ഒന്നിച്ച് വരാനൊരുക്കം കൂട്ടുകയായിരുന്ന കാര്യസ്ഥനെ വിലക്കി "ചതുശ്ശൂദ്രാന ഗച്ഛായു-നഗച്ഛേൻ ബ്രാഹ്മണത്രയം" (ശൂദ്രന്മാർ നാലു പേരൊരുമിച്ചോ ബ്രാഹ്മണർ മൂന്നു പേരൊരുമിച്ചോ യാത്രചെയ്യരുത്. ഇത്യർത്ഥം. ആർക്കറിയാം പത്രാധിപരെ, ആ പഴേ താടിക്കാരുടെ ജ്ഞാനവിജ്ഞാനങ്ങളുടെ ആഴവും പരപ്പും?) എന്ന പ്രമാണവുമുണ്ടല്ലൊ. ഡ്രൈവർ ഉരഗത്തെ ഭയന്ന് ഊടുവഴി വിട്ട് പെരുവഴി സ്വീകരിച്ച് ഊരുചുറ്റി നടക്കുന്ന പതിവുകാരനായിരുന്നു. അന്നേക്ക് ഏതാണ്ടൊരു കൊല്ലം എന്റെ ഡ്രൈവറായിരുന്നിട്ടും ആ ഭയങ്കര പട്ടണവാസി സർപ്പഭയത്തിൽ നിന്നും തികച്ചും മുക്തനായിരുന്നില്ല. പക്ഷെ

പാമ്പിനെ ഒഴിച്ച് മറ്റൊരു പടർപ്പും - ഇന്ത ഉലഹത്തിലെ യാ-തോ-രു ദേവാസുരസൃഷ്ടിയും - അങ്ങോരുടെ മനസ്സമാധാനത്തിന് ഉലച്ചിൽ തട്ടിക്കാൻ മാത്രം ശക്തിയുള്ളതുമായിരുന്നില്ല.

ഞങ്ങൾ തലേദിവസത്തെ വെടിവെപ്പു രംഗത്തെത്തി പരിശോധിച്ചു. കുളമ്പടി പിന്തുടർന്ന് അമ്പതുവാര കാട്ടിനുള്ളിൽ കടന്നപ്പോൾ പാണ്ടന്റെ വാദത്തിനുപോൽബലകമായ തെളിവുകൾ കിട്ടി. "കൈപ്പലക്ക"വെച്ച വെടി അൽപമൊന്ന് പിന്നോട്ട് അതിന്റെ അരു ഛേദിച്ചുകൊണ്ട് ഏറ്റിട്ടുണ്ടെന്ന് ആ കുളമ്പിന്റെ നിലതെറ്റിയ പാടുകൊണ്ട് മനസ്സിലാക്കാൻ സാധിച്ചു. പന്നിശ്രേഷ്ഠൻ തീർച്ചയായും തന്റെ ഇടത്തുകൈ സംബന്ധിച്ച് ഒരു ചൂണ്ടിപ്പണായാധാരമെങ്കിലും രജിസ്ത്ര ചെയ്തിട്ടുണ്ട്. അവിടവിടെ മണ്ണിലും ഉരസിപ്പോയ ചെടികളുടെ ഇലകളിലും ഉണങ്ങിക്കട്ടപിടിച്ച രക്തം "കാമാനുണ്ട്." പ്രശ്നക്കാരൻ "കാമാനുണ്ടെ"ന്ന് പറയുന്നതു പോലെയല്ല. യഥാർത്ഥത്തിൽ "ഗാല്ലപ്പ്" നിർത്തി "ട്രോട്ട്" ചെയ്താണ് അങ്ങോർ അൽപദൂരത്തിനുശേഷം യാത്ര തുടർന്നത്. പിന്തുടർന്നാൽ കണ്ടുപിടിക്കാം, തീർച്ച. "പിന്നേയുള്ളത് യോഗമാണതു വെടിപ്രാന്തന്മാർ ചിന്തിച്ചിടാ." (ചില്ലറ മുഴയുള്ളത് മിനുക്കി വായിച്ചേക്കണം. കേരള കാളിദാസനെവിടെ, ഈ ശിക്കാർ ദാസനെവിടെ).

കുറച്ചുദൂരം കൂടി കുളമ്പടി പിന്തുടർന്നശേഷം ഞങ്ങൾ അടവൊന്നു മാറ്റി. പുതുശ്ശേരിക്കരിയെന്നു നാമധേയമായ അന്നത്തെ ചളിസ്ഥലവും ഇന്നത്തെ നെൽക്കൃഷിസ്ഥലമെന്ന "ഗസറ്റഡ് റാങ്ക്" നേടിയെടുത്തതുമായ ചതുപ്പ്കരിയുടെ വടക്കെ ചെരിവായിരുന്നു തലേന്ന് നായാടിയ കാട്. ടി കരിയുടെ വടക്കുപടിഞ്ഞാറെ കോണിൽ "മെയിൻ കരിയിൽ നിന്ന് അൽപം മാത്രം വിട്ടുമാറി നാലുപാടും മുട്ടൻ കാടുള്ള ഒരു മൈനർ കരി

സ്ഥലമുണ്ട്. ചവിട്ടുകൊണ്ടാൽ മാത്രം ഉള്ളടക്കം പുറത്തുവിടുന്ന നാളതുവരെ അചരങ്ങളിലെ മൈനർമാരെക്കൂടി പ്രസവിക്കാത്ത പ്രസവിത്രി. പന്നിയുടെ പോക്ക് അവിടുത്തേക്കായിരിക്കണമെന്ന പാണ്ടന്റെ അഭിപ്രായം ഞാനും എന്റെ "ശ്രീകൃഷ്ണനും" തലകുലുക്കി ആരോഗ്യപരമായ കാരണങ്ങളാൽ ഹസ്തതാഡനമൊഴിവാക്കി സമ്മതിച്ച് സ്വീകരിച്ചു - കേട്ടോ കൂട്ടരെ, ഡ്രൈവറെ ശ്രീകൃഷ്ണൻ എന്നു വിളിക്കുന്നതുകൊണ്ട് എന്നിലോ സഹനടൻ പാണ്ടജിയിലോ അർജ്ജുനത്വം ആരോപിക്കപ്പെട്ടിട്ടുണ്ടെന്ന് ധരിച്ചേക്കരുത്. പ്രസ്തുത ശ്രീകൃഷ്ണനു നന്നെ വിമ്മിഷ്ടപ്പെട്ടാൽതന്നെ പ.ന. പന, ത.റ. തറ, പ.ശു. പശു, എന്ന മട്ടിലേ ഗീത വായിക്കാനാവൂ. എനിക്കും പാണ്ടനുമാണെങ്കിൽ അമ്പത്തൊന്നക്ഷരങ്ങൾ തമ്മിലുള്ള കടിപിടിയും, അടിപിടിയും, കശപിശയും, തെറ്റിപ്പിരിയലും, കൂടിച്ചേരലും, കയറിക്കൂടലും, മറ്റുംമറ്റും മാത്രമായിരുന്നു ഗീത അന്ന് - കുളമ്പടി പിന്തുടർന്നു പോകുന്നത് നിർത്തി ഞങ്ങൾ നേരെ മേപ്പടി മൈനർ കരിസ്ഥലം ലക്ഷ്യമാക്കി നീങ്ങി. താണുവണങ്ങി നീങ്ങി.

വളരെ സാവധാനത്തിലും സൂക്ഷിച്ചും ഉള്ള ആ പതുങ്ങിപ്പോക്കിൽ ശ്രീകൃഷ്ണനെ ഒപ്പം കൂട്ടിയത് അൽപം അവിവേകമായിപ്പോയോ എന്നു തോന്നാതിരുന്നില്ല. ഏതു നിമിഷവും സ്റ്റെയിറ്റ് ബസ്സിനെപ്പോലെ ആർത്തിരമ്പി പിടലിക്ക് വന്നുചാടാനിടയുള്ള ഏഴര ടൺ പന്നിപ്രമുഖന്റെ കൊടുംപകയെക്കുറിച്ച് അനുഭവജ്ഞാനവും വനസഞ്ചാരത്തിലുള്ള ചിരപരിചയവും നിമിത്തം "ഇരുകാൽത്തളിർ വെപ്പിലും ധരിത്രിത്തിരുമാറിൽ പുളകോദ്ഗമം പരത്തി" കൊണ്ടാണ് ഞാനും പാണ്ടനും നീങ്ങുന്നത്. മേപ്പടി രണ്ടുകൂട്ടത്തിലും തനി "ബ്ലാങ്കീസ്" പാമരനാണ് ഡ്രൈവർ. പോരാത്തത് "ഫ്ളാസ്ക്ക് ഹാവർസാക്കാദി" പലചരക്കുകളാൽ അലങ്കൃതനും അനുഗൃഹീതനുമാണ് പുള്ളി.

"നോക്കെടാ നമ്മുടെ മാർഗ്ഗേ കിടക്കുന്ന മർക്കടാ നീയങ്ങു മാറിക്കിടാ ശഠാ" എന്നാജ്ഞാപിച്ചുകൊണ്ടാണ് അങ്ങോരുടെ യാത്ര. എന്നിരുന്നാലും അപകടമൊന്നും കൂടാതെ അചിരേണ ഞങ്ങൾ മുൻപറഞ്ഞ സ്ഥലത്തിന്റെ കിഴക്കതിരു ചേർന്ന ഉയർന്ന സ്ഥലത്തെത്തി നോക്കി. ഒരു കൂറ്റൻ പന്നിയുണ്ട് കരിയുടെ പടിഞ്ഞാറെ കരയ്ക്കടുത്ത് തെക്കോട്ടു മാറി "താന്താൻ കുഴിച്ച കുഴിയിൽ" കിടക്കുന്നു. വെടിയേറ്റ വിദ്വാൻ തന്നെയാണോ അല്ല പൂർണ്ണാരോഗ്യവാനായ മറ്റൊന്നാണോ എന്ന് തിരിച്ചറിയാൻ ഞങ്ങൾക്ക് സാദ്ധ്യമായില്ല. ഒന്നുകിൽ സമ്പൂർണ്ണ സുഖസുഷുപ്തിയിൽ പരിസരബോധമറ്റു കിടക്കുകയാവണം. അല്ലെങ്കിൽ ജീവാത്മാവ് സ്വദേശ പര്യടനത്തിനിറങ്ങിത്തിരിച്ചതാവണം എന്നേ അക്കിടപ്പു കണ്ടാൽ ശിക്കാർ യശഃപ്രാർത്ഥികൾക്ക് തോന്നൂ. ഒരു മറവുമില്ലാത്ത വെറും വെളിസ്ഥലത്ത് മുറിവേൽക്കാത്ത പന്നി ഒരു കാരണവശാലും കിടക്കുകയില്ല. പലതവണ അനുഭവപ്പെട്ടിട്ടുള്ള ഒരു പരമാർത്ഥമാണത്. മരക്കുട്ടപോലെ കിടക്കുന്ന പന്നിയുടെ ഉള്ളിൽ തീക്കട്ടപോലെ ജ്വലിക്കുന്ന പ്രതികാരവാഞ്ഛയുണ്ടാവുമെന്ന് എപ്പോഴും ഓർത്തുകൊണ്ടു മാത്രമേ എത്ര വലിയ ശിക്കാറിയും അങ്ങട്ടടുക്കാവൂ. ഇതോർത്തു പ്രവർത്തിച്ചിരുന്നെങ്കിൽ അന്നത്തെ പല പുത്തൻവെടിക്കാരും ഇന്നത്തെ അംഗഭംഗം വരാത്ത പഴയവെടിക്കാരായി ഇന്നും ജീവിച്ചിരിപ്പുണ്ടാവുമായിരുന്നു.

ഞങ്ങൾ ഒരു ചെറിയ "മൂശായിര" നടത്തി. സിംഹഭാഗവും ആംഗ്യഭാഷയിൽ. പാണ്ടൻ വടക്കോട്ട് നീങ്ങി കരിസ്ഥലം ചുറ്റി വരാഹപ്രവരന്റെ ഉറക്കറയ്ക്ക് നേരേ ഇറങ്ങിവരിക. ഞാൻ അൽപംകൂടി തെക്കോട്ടുപോയി ഉറങ്ങുന്ന പന്നിയേയും ഇറങ്ങിവരുന്ന പാണ്ടനെയും കാണാൻ പാകത്തിൽ ഒരു സ്ഥാനം കണ്ടുപിടിച്ച് അവിടെ നിലയുറപ്പിച്ച് പാണ്ടനെ കയ്യാംഗ്യം കൊണ്ട്

സ്ഥാനനിർണ്ണയം ചെയ്യാൻ സഹായിക്കുക. രണ്ടുപേരും അന്യോന്യം കണ്ട് തയ്യാറെടുത്തതിനു ശേഷം ഒപ്പം കരിസ്ഥല ത്തേക്കിറങ്ങുക. ശരിക്കും ഫലപ്രദമായ വെടിപൊട്ടിക്കാൻ പറ്റു ന്നത്ര അടുത്തെത്തിയാൽ പാണ്ടൻ "ഠോ". ആ "ഠോ" മാരകമാ യില്ലെങ്കിൽ പന്നി ഉണർ ന്നെഴുന്നേറ്റ് പാണ്ടന്റെ നേരെയോ മറ്റേതെങ്കിലും ഭാഗത്തേ ക്കോ ഓടുകയാണെങ്കിൽ ഞാൻ എന്റെ ഇരട്ടക്കുഴൽ തോക്കിലെ രണ്ടു നിറയും ഒഴിച്ച് അതിനെ ധനാ ശി പാടിക്കുക. ഈ കർമ്മപരിപാടി സ്വീകരിക്കാനുള്ള കാരണ ങ്ങളും പറഞ്ഞേക്കാം. അല്ലെങ്കിൽ ജ്ഞാനവിജ്ഞാനകോവിദ ന്മാരായ നിങ്ങളിൽ പലരും പലതും വിചാരിച്ചേക്കും, പറഞ്ഞേ ക്കും. യുക്തിലഹരി തലയിൽ കേറിയവർ മറ്റാർക്കും അച്ചരക്ക് കൈകാര്യം ചെയ്യാനാവില്ലെന്ന - അർഹതയില്ലെന്ന - യുക്തി "റൊമ്പം" കമ്മിയായ വിശ്വാസത്തിൽ മറ്റു വഴികൾ നിർദ്ദേശി ച്ചേക്കും. അതിനൊന്നും ഞാൻ ഇടവരുത്തുന്നില്ല. ഒന്നാമത് തോക്കുകളിലുള്ള വ്യത്യാസം. എന്റേത് ഇരട്ടക്കുഴലാണ്. തിര ത്തോക്കും. പാണ്ടന്റേത് ഒറ്റക്കുഴൽ നിറത്തോക്കും. തന്നിമിത്തം ദൂരം എനിക്കൊരു പ്രശ്നമല്ല. പോരാത്തത് രണ്ടു വെടി പൊട്ടി ക്കഴിഞ്ഞാലും വീണ്ടും തിരവെച്ച് പൊട്ടിക്കാൻ എനിക്ക് ചുരു ങ്ങിയ സമയമേ വേണ്ടൂ. അപ്പോൾ "ഫീൽഡ് ഓഫ് ഫയർ" - കാഴ്ചപ്പുറം, കണ്ണുകൊണ്ട് കണ്ടുവെടിവെക്കാൻ പറ്റുന്ന സ്ഥല ത്തിന്റെ വിസ്തൃതി - എനിക്കുപയോഗപ്രദവും പാണ്ടന് ഉപ യോഗശൂന്യവുമാണ്. പടിഞ്ഞാറുഭാഗത്തുകൂടി സമീപിക്കുന്നവന് അവൻ ഒരാവറേജ് സമർത്ഥൻ മാത്രമായാൽ കൂടി പന്നിയുടെ വളരെ അടുത്തെത്താൻ സാധിക്കും. ആ ഭാഗം വൃക്ഷനിബിഡ മായ കുത്തനെയുള്ള കുന്നാണ്. പാണ്ടന്റെ വെടിയേറ്റ് പന്നി അവന്റെ നേരെ പാഞ്ഞുകേറുകയാണെങ്കിൽതന്നെ, എനിക്ക തിനെ വെടിവെച്ചു വീഴ്ത്താനൊത്തില്ലെങ്കിലും "തന്നില്ലം കണ്ടു

മരിക്കാനുള്ള" ചാൻസ് നിർല്ലോഭം കിട്ടുന്ന തരത്തിലാണ് അപ്പുറത്തെ ഭൂസ്ഥിതി. രക്ഷാകവചങ്ങളൊന്നും എനിക്കില്ല. പക്ഷെ ദൂരക്കൂടുതലും ഇരട്ടക്കുഴൽ തോക്കും എന്റെ രക്ഷയ്ക്ക് തികച്ചും പര്യാപ്തമാണെന്ന അധികപ്രസംഗം ഇങ്ങുണ്ടായിരുന്നുതാനും. അതിപ്പോഴും അറുപതുകഴിഞ്ഞ ഈ സായാഹ്നവേളയിലും എന്നെ വിട്ടുപോയിട്ടില്ലെന്നല്ലെ സാർ നിങ്ങൾ അഭിപ്രായപ്പെടുന്നത്? ശരി. ഞാൻ സമ്മതിച്ചിരിക്കുന്നു. ഈ പർവ്വതപ്രസംഗത്തിന്റെയൊക്കെ അടിയിലുള്ളത് മറ്റെന്തു മരമുരിങ്ങയാണ് സാറെ?

മേപ്പടി പരിപാടി നിർവിഘ്നം നടത്തപ്പെടുകയാണ്. പാണ്ടനും ഞാനും തമ്മിൽ കണ്ടു. മെല്ലെമെല്ലെ കരിസ്ഥലത്തിന്റെ അരികിലേക്ക് ഞങ്ങൾ അടിവെച്ചടുക്കുകയാണ്. വരാഹപ്രമുഖൻ അക്കിടന്ന കിടപ്പിൽ നിന്നനങ്ങീട്ടേ ഇല്ല. വെടി പൊട്ടിക്കാൻ ഏറ്റവും സൗകര്യമുള്ള സ്ഥലത്ത് പാണ്ടൻ എത്തി എത്തിയില്ല എന്ന ഘട്ടമായി. അവൻ തോക്ക് നീട്ടി ചൂണ്ടിപ്പിടിച്ച് ഒച്ചിനെപ്പോലെ നീങ്ങിയടുക്കുന്നത് ഞാൻ കാണുന്നുണ്ട്. അൽപം കൂടി ഒന്നോ രണ്ടോ വാര കൂടി മുന്നോട്ടു വന്നാൽ അവൻ വെടി പൊട്ടിക്കുമെന്ന് എനിക്കു തോന്നി. അപ്പോഴേക്കും അത്രതന്നെ നല്ല ഒരു സ്ഥാനത്ത് ഞാൻ നിലയുറപ്പിക്കേണ്ടതുണ്ട്. അഭിനവ "കുടുകുടുപ്പാണ്ടി" എന്റെ പിന്നിൽ അഞ്ചടി ദൂരെ ഞാൻ കാണിച്ചുകൊടുത്ത സ്ഥാനത്ത് നിർന്നിമേഷനായി പന്നിയെത്തന്നെ നോക്കിക്കൊണ്ട് നിൽക്കുകയാണ്. "പങ്കത്തിലാണ്ട ബഹുവരാഹത്തി"നാവട്ടെ ഒരിളക്കവുമില്ല. ഭാവഭേദമില്ല. ഒരൊറ്റ കിടപ്പ്. ശുഷ്ക്കകാഷ്ഠംപോലെ.

നിശ്ശബ്ദമെങ്കിലും അൽപം ബദ്ധപ്പെട്ട് രണ്ടടി ഞാൻ ഇടത്തോട്ടുവെച്ചു. അവിടുന്ന് ഒരടി മുന്നോട്ടു വെച്ചാൽ നല്ല കാഴ്ചപ്പുറം കിട്ടുമെന്നു തോന്നി. ഞാൻ വലത്തുകാൽ പൊന്തിച്ചു

താഴ്ത്തിവെച്ചു. പക്ഷെ തളിപ്പറമ്പ് താലൂക്ക് ആ കാലിനെ സ്വീകരിക്കാൻ വിസമ്മതിച്ചു. അവൾ – ടി താലൂക്ക് ദേവി – എന്നോട് പിണങ്ങിയോ എന്നെ ബഹുമാനിച്ചോ അമർന്നു കളഞ്ഞതായനുഭവപ്പെട്ടു. വലതുകാൽ താഴ്ന്നുതാഴ്ന്ന് പോവുകയാണ്. കൂട്ടുകാരനെ തീരെ ഉപേക്ഷിച്ചു പോവാനൊരുങ്ങിയ വലതനെ പിടിച്ചുനിർത്തുവാൻ ഇടതന് സാദ്ധ്യമല്ലാത്ത നിലവന്നു. "ബാലൻസ്" വല്ലാത്ത അപകടത്തിലായിക്കഴിഞ്ഞു. താഴെ കണ്ടറിയാൻ നിവൃത്തിയില്ലാത്ത ആപത്തേക്കാൾ കാമ്യം മുമ്പിൽ കണ്ടറിഞ്ഞു കഴിഞ്ഞ അത്യാപത്താണെന്ന് എന്റെ ഉപബോധമനസ്സ് എന്നെ തെര്യപ്പെടുത്തി. വലതന്റെ പിന്നാലെ പോവുകയാണ് ശ്രേയസ്ക്കരമെന്ന് ആ അൽപം വൈകിപ്പോയ വേളയിലെങ്കിലും ഇടതൻ തീരുമാനിച്ചു. ഞാൻ മുമ്പോട്ട് എടുത്തുചാടിത്തുള്ളി. കമിഴ്ന്നടിച്ചു വീണു. പ്രകൃതത്തോട് പുലബന്ധം പോലുമില്ലാത്ത ഭയങ്കരമായ ഒരു പൊട്ടിച്ചിരി എന്നിൽ നിന്നും ഉയർന്ന് ആ കാടാകെ പിടിച്ചുകുലുക്കി. ടി ചിരി എങ്ങനെ എവിടെ നിന്ന് വന്നുവെന്നോ, അതിന്റെ കാരണവും ഉദ്ദേശ്യവും എന്തായിരുന്നുവെന്നോ എനിക്ക് ഇതുവരെ ഒരെത്തുംപിടിയും കിട്ടീട്ടില്ല. ഞാനങ്ങ് ചിരിച്ചു. ചിരിച്ചുപോയി എന്നു മാത്രം. ചിരിയുടെ ആദ്യപാദം മുഴുവനും ചൊല്ലിക്കഴിഞ്ഞില്ല. പന്നിശ്രേഷ്ഠന്റെ "ബ്ബബ്ബബ്ബാ"ട്ടഹാസം ഉയർന്ന് അതിനെ മുക്കിമൂടി കവച്ചുവെച്ചു. അവസാനത്തെ "ബ്ബാ" ശബ്ദം പൊട്ടിത്തെറിച്ചത് കൂടുതൽ അടുത്തുനിന്നാണെന്നതുകൊണ്ട് പന്നിവര്യൻ എന്റെ നേരെയാണ് ചീറിയടുക്കുന്നതെന്ന് ഞാൻ മനസ്സിലാക്കാതിരുന്നുമില്ല. വീഴ്ചയിൽ കയ്യെത്താത്തത്ര ദൂരെ തോക്കു തെറിച്ചു പോയിരുന്നു. വല്ലാത്ത പ്രതിസന്ധി. ശുദ്ധ മലയാണ്മയിൽ "കുടുക്ക് മസാല" അല്ലേ സാർ?

ആപാദ വികൃതവും ആപാത കഠിനവും ആയ എന്റെ "എ ക്ലാസ്സ്" ചെകിടടപ്പൻ ചിരിക്കിടയിൽ മർമ്മപ്രധാനങ്ങളായ പലതും സംഭവിച്ചു. കുടുകുടുപ്പാണ്ടിസ്സഖാവ് ശ്രീകൃഷ്ണൻ ഹനുമാനമ്മാമൻ കൂടി തോറ്റ് പാളിസായിപ്പോവുന്ന ഒന്നോ ഒന്നരയോ ചാട്ടം ചാടി - രണ്ടില്ല തീർച്ച - എന്റെ വലത്തുഭാഗത്ത് വന്നു വീണു. ആ വീഴ്ചയിൽ വീണ ദിക്കിൽ നിന്ന് തോക്കു വാരിയെടുത്ത് എന്റെ നേരെ നീട്ടി. കടന്നൽ സമൂഹത്തിൽ നിന്ന് രക്ഷപ്പെടാൻ പരിശ്രമിക്കുന്നവനെപ്പോലെ "മുള്ള് മുരട് മൂർഖപ്പാമ്പാ"ദി വിശ്വാമിത്ര സൃഷ്ടികളുടെ വിലക്കു ധിക്കരിച്ച് പരാജയപ്പെടുത്തി പാണ്ടൻ തുള്ളിച്ചാടിയോടി "ആപാദചൂഡം കണ്ടകാഭിരാമനായി" കരിസ്ഥലത്ത് - ഒരു മറവുമില്ലാത്ത വെളിസ്ഥലത്ത് - പ്രത്യക്ഷപ്പെട്ടു. ചെകിടടപ്പിക്കുമാറ് കൂവി. ആർപ്പുവിളിച്ചു. കുരവയിട്ടു. സാധുകർമ്മസാക്ഷിയുടെ നേരെ തോക്കു ചൂണ്ടി ഒരു വെടിയും പൊട്ടിച്ചു.

അരയ്ക്കുതാഴെ കുഴിയിലിറങ്ങിയ ഈ മരമണ്ടൂസന്റെ കാലുകൾ തളിപ്പറമ്പ് താലൂക്കിനെ അന്വേഷിച്ചു, പരതി. കണ്ടെത്തിയില്ല. സമുള്ളൻ, നിർമ്മുള്ളൻ, ഒഴുക്കൻ വഴുവഴുപ്പൻ, ചുറ്റിച്ചുറയൻ എന്നിത്യാദി അചരസാമ്രാജ്യത്തിലെ "ലാസ്റ്റ്ഗ്രെയിഡ്" ജീവനക്കാരും ഞാനും തമ്മിൽ വാശിയേറിയ മൽപിടുത്തം നടക്കുകയായിരുന്നു. അതിൽ വിജയിച്ചിട്ടുവേണം തോക്കു വാങ്ങാൻ. അചിരേണ അത് സാധിച്ചു. ഒരു സെക്കന്റെന്നതുകൊണ്ട് വിവക്ഷിക്കപ്പെടുന്ന കാലയളവിന് അത്രയും ദൈർഘ്യമുണ്ടെന്ന് അതിനു മുമ്പോപിമ്പോ "ഇബ്ബയസ്സിലിടെ" എനിക്കനുഭവപ്പെട്ടിട്ടുമില്ല.

അകൃത്രിമ സ്നേഹനിർഭരവും സ്വാമിഭക്തി പൂരിതവും പരാപരപ്പൊരുൾപോലെ പരിശുദ്ധവും ആയ പാണ്ടഹൃദയത്തിൽ നിന്നു പുറപ്പെട്ട് കണ്ഠംവഴി നിർഗ്ഗമിച്ച ശബ്ദകോലാഹലം പട

ച്ചവന്റെ ചെകിടുകൂടി താൽക്കാലികമായെങ്കിലും "യൂസ്‌ലസ്സാ" ക്കുവാൻ മാത്രം കഠോരമായിരുന്നു. പോരാത്തത് വെടിയും. അതും പിന്നിൽ നിന്ന്. വേദനയൊന്നും എവിടെയും അനുഭവ പ്പെട്ടതുമില്ല. മുന്നിൽ നിന്ന് മനുഷ്യശബ്ദം കേട്ട മാത്രയിൽ അതിനുനേരെ കുതിച്ചുപാടിയ പന്നിക്ക് പിന്നിൽ നിന്നുയർന്ന കൂടുതൽ കട്ടിയും വൈവിദ്ധ്യവുമുള്ള ശബ്ദസന്നിപാതവും വെടിയും കൊണ്ട് ഒരു ചെറിയ "നമ്പൂരിശങ്ക"യുണ്ടായി. സംഹാ രതാണ്ഡവമാടാനുള്ള - പകരം വീട്ടാനുള്ള - ഉഗ്രനിശ്ചയവും പുറപ്പാടും ആ നമ്പൂരിശങ്ക കൊണ്ട് അല്പം "ഡിം" ആയി. അകപ്പെട്ടുപോയ നാദബ്രഹ്മവലയത്തെ സംബന്ധിച്ച "തത്ത്വ ചിന്തോദ്രേകത്താൽ" ആ "വിസ്തീർണ്ണത്തിരുനെറ്റി" ഒന്നു വി യർത്തു. പന്നി ഒന്നു പതുങ്ങി. തഞ്ചി, നിന്നു.

ഞാൻ വിഡ്ഢിചക്രമർഹിക്കുന്ന വിമുക്തഭടനായി എഴു ന്നേറ്റു നിന്നത് ശ്രീകൃഷ്ണൻ നീട്ടിക്കാണിച്ച തോക്ക് പിടിച്ചുപ റിച്ചെടുത്തുകൊണ്ടാണ്. പരുങ്ങിത്തഞ്ചിനിന്ന പന്നിപ്രവരൻ പിന്നിലെ കോലാഹലം തീരെ അവഗണിച്ച് ചിരിച്ച് മക്കാറാ ക്കിയ തണ്ടുതപ്പിയെ വകവരുത്താൻ തീരുമാനിച്ച് തടയപ്പെട്ട ആക്രമണം പുനരാരംഭിച്ച ശുഭമുഹൂർത്തത്തിലും അങ്ങോരുടെ ഒന്നാംചാട്ടം കഴിഞ്ഞ് കാലുകൾ നാലും ഭൂസ്പർശം ചെയ്ത ഗുളികോദയ സമയത്ത് എന്റെ ഒരു വെടി പൊട്ടി. പുള്ളി ഒരു സമ്മർസോൾട്ടടിച്ച് വീണ്ടും മുന്നേറാനുള്ള വട്ടമാണ്. കൊടു ത്തു ഒന്നുകൂടി. അങ്ങോർ അടിയറവു സമ്മതിച്ചു. മൂടി തുറന്ന് "ഫ്ളാസ്ക്" നീട്ടിക്കാണിച്ച സഖാവ് കൃഷ്ണന്റെ കൈ കിടു കിടാ വിറയ്ക്കുന്നുണ്ടായിരുന്നു.

അത്യന്തം ഭീകരമായ അട്ടഹാസവും വെടിയും തക്ക സമ യത്ത് നിർവ്വിഘ്നം നടത്തപ്പെട്ടിരുന്നില്ലെങ്കിൽ ഇന്നിതെഴുതു

വാൻ ആളുണ്ടാവുമായിരുന്നില്ല. കർമ്മസാക്ഷിയെ വെടിവെക്കുന്നതിനു പകരം പന്നിയെയാണ് വെടിവെച്ചതെങ്കിലും ഫലം തഥൈവ. പിന്നിൽ നിന്നായതുകൊണ്ട് ആ വെടികൊണ്ട് കൊല്ലാനോ വീഴ്ത്താനോ സാദ്ധ്യമല്ല. വീണ്ടും മുറിവേൽക്കുകയാണെങ്കിൽ പന്നിയുടെ വേഗതയ്ക്കും ക്രൗര്യ ത്തിനും മാറ്റുകൂട്ടുകയേ ഉള്ളൂ. തലേന്നാൾ വെടിയേറ്റതു തന്നെയായിരുന്നു സാധനം. പാണ്ടന്റെ അന്നത്തെ ശകാരം - ചിരിവിഷയകമായ - ഞാൻ മറന്നിട്ടില്ല. മറക്കുകയുമില്ല. പക്ഷെ അത് അപ്പടി "അൺപ്രിന്റബിളാ"ണ്. "ദേർ ഫോർ" ഇവിടെ പകർത്തുന്നുമില്ല.

അപ്പോൾ എന്തേ പറഞ്ഞത്? ആ ഘട്ടത്തിൽ മറ നീക്കി സ്റ്റേജിന്മേൽ പ്രത്യക്ഷപ്പെട്ട് കലികയറിത്തുള്ളുന്ന പന്നിയുടെ ശ്രദ്ധ തന്നിലേക്കാകർഷിക്കുക; തന്റെ സമീപ സാന്നിദ്ധ്യം ആ മൃഗദുർവ്വാസാവിനെ കൂവിയാർത്തറിയിക്കുക; തന്റെ ഏക രക്ഷോപായമായ തോക്കു കൂടി ആ ഉദ്ദേശ്യത്തിനുവേണ്ടി വിനിയോഗിച്ച് സ്വയം നിരായുധനാവുക! എന്റീശ്വരാ ഇതൊക്കെ എന്തിനുവേണ്ടി? എനിക്കു വേണ്ടിയോ? ഞാനത്രയ്ക്കുണ്ടോ? സമാരാദ്ധ്യമായ ആത്മത്യാഗ സന്നദ്ധത, ആ അളവിൽ അത്രത്തോളം ഞാനർഹിക്കുന്നുണ്ടോ? നഃമന്യേ. ഞാൻ വിചാരിക്കുന്നില്ല.

ഞാൻ വീഴുന്നത് വ്യക്തമായിട്ടല്ലെങ്കിലും പാണ്ടൻ കണ്ടിരുന്നു. ആ വെപ്രാളം കൊണ്ടാണ്, വീണതിനു ശേഷമുള്ള എന്റെ "കണ്ടിഷ്യൻ" എന്താണെന്ന് പിടികിട്ടാത്തതു കൊണ്ടാണ് ആത്മഹത്യയുടെ വക്കത്തെത്തുന്ന വെല്ലുവിളി അവൻ നടത്തിയത്. പന്നി പാണ്ടന്റെ നേരെ തിരിഞ്ഞോടിയിരുന്നുവെങ്കിൽ അക്കഥ ഇക്കൈ വിറയ്ക്കാതെ എഴുതാൻ എന്നെക്കൊണ്ടാവുമായിരുന്നില്ല. ഇതാ പിടിച്ചോളിൻ. ഉദന്തം നമ്പർ വണ്ണിൽ ചേർത്ത വി.സി.യുടെ ശ്ലോകത്തിന്റെ ഉത്തരാർദ്ധം.

"ഘോരാരണ്യച്ചുഴൽകാറ്റടിയതിലിളകിത്തൂമണം
വ്യർത്ഥമാക്കു-
ന്നോരാപ്പൂവെത്രയുണ്ടാമവയിലൊരുനാളൊന്നു
കേളിപ്പെടുന്നു."

സലാം ശ്രീമൻ. നമസ്ക്കാരം ശ്രീമതി. മൂന്നാംഭാഗം പ്രതീക്ഷിക്കുക.

കുറിപ്പ്:

ഇക്കഥ ഏതാണ്ടൊരുകൊല്ലക്കാലം "മാതൃഭൂമി" ഞായറാഴ്ചപ്പതിപ്പിന്റെ പത്രാധിപരുടെ മേശവലിപ്പിൽ "ഹൈബർനേറ്റ്" ചെയ്തശേഷം അപേക്ഷയനുസരിച്ച് തന്തയുടെ അടുക്കലേക്ക് തിരിച്ചെത്തിയതാണ് (അങ്ങോർക്കൊരു മേശവലിപ്പെങ്കിലും പത്രമാപ്പീസിലുണ്ടാവുമെന്ന ശുഭപ്രതീക്ഷ കൊണ്ടെഴുതിയതാണ്. സൂക്ഷ്മമായ അറിവൊന്നുമില്ല. അതും ഇല്ലെങ്കിൽ മാപ്പ്). പന്ത്രണ്ട് കഥകൾക്ക് പച്ചക്കൊടി വീശിയ ആ മഹാത്മാവിന് ഇക്കഥയോട് ഇത്ര വൈരാഗ്യം തോന്നാനുള്ള കാരണം ഇതിലെ കൊട്ടത്തേങ്ങാ പ്രസ്താവമായിരിക്കുമോ എന്ന് ഞാൻ ബലമായി ശങ്കിക്കുന്നു. എങ്കിൽ ആ ഉപഹാരത്തിന്റെ "സെക്കന്ററി പ്രോഡക്ടായ" സാധനം തുല്യമൂല്യത്തിൽ അയയ്ക്കാനൊരുക്കമുണ്ടെന്ന് അങ്ങോരെ അറിയിച്ചുകൊള്ളുന്നു. പ്രധാന പ്രോഡക്ടിന് വില അൽപം കൂടുതലാണ്. സാമ്പത്തികശേഷി കുറവും. ഇക്കഥയോടുകൂടി അക്കഥ അവസാനിക്കുന്നു. ഇനിയുള്ളത് എനിക്ക് തോന്നുന്നപോലെ എനിക്കുവേണ്ടി ഇപ്പുസ്തകത്തിനുവേണ്ടി എഴുതിയതാണ്. തൊപ്പിക്ക് പാകമാവാൻ വേണ്ടി തല ചെത്തി മിനുസപ്പെടുത്തേണ്ട ഗതികേട് ഇനിയില്ലെന്ന മെച്ചവുമുണ്ടല്ലോ.